# എടവണ്ണ ഗ്രാമപഞ്ചായത്ത്



# വികസനരേഖ

# വികസന രേഖ
# എടവണ്ണ ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ
വികസന സെമിനാർ
1996 നവംബർ 21
എസ്.എച്ച്.എം.ജി.വി.എച്ച്.എസ്.എസ്,
എടവണ്ണ


"എന്റെ ഭാവനയിലുള്ള ഗ്രാമത്തിൽ ഒന്നാമനും രണ്ടാമനുമില്ല.
എല്ലാവരും സമന്മാരാണ്; അവസാനക്കാരനും അവിടെയില്ല."
–ഗാന്ധിജി

# എടവണ്ണ ഗ്രാമപഞ്ചായത്ത് ഭരണസാരഥികൾ



എം. ഭാസ്കരൻ (പ്രസിഡണ്ട്)



ഡോ. വി. പി. മുഹമ്മത് അഷ്റഫ്

(വൈസ് പ്രസിഡണ്ട്)



എ. ജമാൽമുഹമ്മത്

(സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ)

**അംഗങ്ങൾ**

പി. കെ. മുഹമ്മത്ബഷീർ
കെ. ഉമ്മർഹാജി
ബി. സതീദേവി
പറമ്പാടൻ വിമല
പി. ശംസുദ്ദീൻ
സി. പി. ഫാത്തിമ സുഹറ
കെ. മുഹമ്മത്കുട്ടി
പി. ഷാഹിത
കെ. എം. മുസ്തഫ


എടവണ്ണ
മലപ്പുറം ജില്ല

എഡിറ്റോറിയൽ ബോർഡ്

എം. ഭാസ്കരൻ
കെ. മുഹമ്മദ്കുട്ടി
കെ. മുസ്തഫ
എം. അബ്ദുൾ അക്ബർ
ടി. പി. സുൽഫിക്കർഅലി
വി. പി. മുഹമ്മദ്ഹനീഫ
ടി. പി. ഹമീദ് ഷർവാനി
അബ്ദുൾ റഷീദ് അറഞ്ഞിക്കൽ
പി. എം. എ ലത്തീഫ്
വി. വി. വിനോദ്കുമാർ
സതീഷ് ചളിപ്പാടം
പി. അബ്ദുള്ളക്കുട്ടി

ലേ ഔട്ട്, ഡിസൈനിങ്ങ്

സതീഷ് ചളിപ്പാടം
പി. അബ്ദുള്ളക്കുട്ടി

ഇല്ലസ്ട്രേഷൻ

സതീഷ് ചളിപ്പാടം

മുഖചിത്രം

ഫോട്ടോ: അബ്ദുള്ളക്കുട്ടി
ഡിസൈൻ: സതീഷ് ചളിപ്പാടം

പിൻകവർ

ശ്രീനി

ടൈപ്പ് സെറ്റിങ്ങ് ആൻറ് പ്രിൻറിങ്ങ്
ദേശാഭിമാനി കോഴിക്കോട്

# വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

ചെയർമാൻ: എം. ഭാസ്കരൻ

കൺവീനർ: അബ്ദുൾറഷീദ് അറബിക്കൽ

## 1. കൃഷി-ജലസേചനം

കെ.ഉമ്മർഹാജി
മുഹമ്മതാലി എം.
മാമുക്കോയ വി. പി.
അബ്ദുൾസത്താർ എം.
സുൽഫിക്കറലി ടി. പി.
അബൂബക്കർ പി. പി.
കളത്തിൽ അലവിഹാജി
മുഹമ്മത് ഇ.

## 2. വ്യവസായം

പി. ശംസുദ്ദീൻ
എ. ജമാൽ മുഹമ്മദ്
എൻ. ഉസ്മാൻ മദനി
പി. എം. എ. ലത്തീഫ്
സി. കെ. അബൂബക്കർ
എം. അബ്ദുൾഅക്ബർ
വി. പി. മരക്കാർ
എം. എ. കരീം

## 3. മൃഗപരിപാലനം-മത്സ്യമേഖല

ഡോ. എ. അയൂബ്
അബ്ദുൾറസാക്ക് വി. പി.
സി. കെ. ദേവരാജൻ
കെ. രാമൻ
എം. അപ്പുക്കുട്ടൻ

## 4. വിദ്യാഭ്യാസം

സി. പി. ഫാത്തിമസുഹറ
പി. മുഹമ്മതാലിമാസ്റ്റർ
വി. വി. വിനോദ്കുമാർ
ടി. പി. അബ്ദുൾമജീദ്
പി. കെ. അബ്ദുൾഖാദർമാസ്റ്റർ
സി. പി. ഹസ്സൻ
ഇ. ഗോവിന്ദൻ
പി. എൻ. ഉണ്ണിക്കുട്ടൻ

## 5. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

ഡോ. വി. പി. മുഹമ്മദ്അഷ്റഫ്
ഡോ. സി. പി. ഉമ്മർകോയ
ഡോ. സി. പി. കുഞ്ഞീൻ
ഡോ. വി. പി. ഹൈദർഅക്ബർ
ഡോ. കെ. ബാലകൃഷ്ണൻ
ഡോ. അജിസുരേന്ദ്രൻ
ഉസ്മാൻ പരപ്പൻ
ടി. ഗോപിനാഥന
കെ. ആത്തിക
അബ്ദുൾറഷീദ് അറഞ്ഞിക്കൽ

## 6. റോഡുകൾ-ഊർജം

കെ. മുഹമ്മദ്കുട്ടി
ശശി ചെമ്പക്കുത്ത്
കെ. മുസ്തഫ
എം. ടി. അബ്ദുൾമജീദ്
ടി. പി. ഹൈദരലി
പി. മുഹമ്മദ്
ടി. കൃഷ്ണൻ
ലുഖ്മാൻ

## 7. ഭവനനിർമ്മാണം -ക്ഷേമപ്രവർത്തനം

എം. ഭാസ്കരൻ
പി. ടി. അബ്ദുറഹിമാന
പി. വാസുദേവൻ
ഗൗരി കെ. വി.
അബ്ദുറഹിമാൻ പി. പി.
അയ്യപ്പൻ വി.
മൂസ പി. കെ.

## 8. സംസ്കാരം

പി. സതീദേവി
എ. അഹമ്മദ്കുട്ടി
വി. പി. മുഹമ്മദ്ഹനീഫ
പി. വി. അബ്ദുസ്സമദ്
സി. സുരേന്ദ്രൻമാസ്റ്റർ

## 9. വനിത

പി. വിമില
കെ. സീനത്ത്
ഹമീദ് ഷർവാനി
സുധ. പി. ആർ
ശോഭ ഇ.
പി. സി. റംലാബീഗം

## 10. സഹകരണമേഖല

കെ. എം. മുസ്തഫ
പി. കെ. അലവിക്കുട്ടി
എം. അബ്ദുൽജലീൽ
പി. പി. ദാമോദരൻ
വി. പി. മത്തായിമാസ്റ്റർ

## 11. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

പി. ഷാഹിത
വി. ടി. വീരാനുണ്ണി
പി. സുകുമാരൻ, പൊറ്റക്കാട്
ശങ്കരൻ വെള്ളാറപുറം
ഐ. ദിനേശ്കുമാർ
പി കെ മുഹമ്മദാലി

## 12. സഹകരണമേഖല

കെ. എം. മുസ്തഫ
പി. കെ. അലവിക്കുട്ടി
എം. അബ്ദുൾജലീൽ
പി. പി. ദാമോദരൻ
വി. പി. മത്തായിമാസ്റ്റർ

## 13. വിഭവസമാഹരണം

പി. കെ. ബഷീർ
കെ. എം. എ. റഹിമാൻ
ഇ. ജമാൽ മുഹമ്മദ്ഹാജി
കാഞ്ഞിരാല അബൂബക്കർ

## 14. നാട്ടറിവ്, ചരിത്രം

ഡോ. വി. കുഞ്ഞാലി
പി. വി. കോയ
പി. അബ്ദുള്ളക്കുട്ടി
ടി. പി. അബ്ദുറഹിമാൻ

# താളുകളിൽ

1. മുഖക്കുറിപ്പ്
2. പഞ്ചായത്ത്: പൊതുവിവരങ്ങൾ
3. ചരിത്ര പശ്ചാത്തലം.
4. സാമൂഹിക സാമ്പത്തിക മേഖലകൾ
   I) കൃഷി - ജലസേചനം
   II) മൃഗസംരക്ഷണവും മൽസ്യബന്ധനവും
   III) വ്യവസായം
   IV) വിദ്യാഭ്യാസം
   V) ആരോഗ്യം, പരിസരസുശുചിത്വം, കുടിവെള്ളം
   VI) ഗതാഗതം, ഊർജ്ജം
   VII) പാർപ്പിടവും സാമൂഹ്യക്ഷേമവും
   VIII) സാംസ്കാരികരംഗം
   IX) വനിത
   X) സഹകരണം
   XI) പട്ടികജാതി- പട്ടികവർഗ്ഗക്ഷേമം
   XII) വിഭവസമാഹരണം
5. ഉപസംഹാരം


ഇടവണ്ണ
പഞ്ചായത്ത്

# മുഖക്കുറിപ്പ്

*കേരളം വീണ്ടും ലോകത്തിന് മുമ്പിൽ ശ്രദ്ധേയമാവുകയാണ്. മുഴുവൻ കേരളീയരെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ പുതിയൊരു വികസന സംസ്കാരം രൂപംകൊള്ളുകയാണ്.*

*പിന്നിട്ട പഞ്ചവത്സര പദ്ധതികളിലൂടെ നമുക്ക് ഏറെ നേട്ടങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും പങ്കാളികളാവാൻ മഹാഭൂരിപക്ഷം ജനങ്ങൾക്കും അവസരം ലഭിച്ചിരുന്നില്ല.*

*ഈ കുറവ് നികത്താൻ കേരളീയർക്ക് ഒമ്പതാം പദ്ധതിയിലൂടെ അവസരം ലഭിക്കുകയാണ്. ഈ പദ്ധതിയുടെ സംസ്ഥാന വിഹിതത്തിൽ 35-40 ശതമാനംവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയാണ്.*

*ഇതുവഴി നാട്ടിലെ വികസന പ്രവർത്തനങ്ങൾ എന്തായിരിക്കണമെന്നും എങ്ങനെയായിരിക്കണമെന്നും തീരുമാനിക്കാനുള്ള അവകാശം ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ജനങ്ങളിലേക്കെത്തുകയാണ്.*

*എടവണ്ണ ഗ്രാമപഞ്ചായത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഒന്നാംഘട്ടത്തിൽ നടന്ന വിശേഷാൽ ഗ്രാമസഭകളിലെ ജനപങ്കാളിത്തവും ചർച്ചകളിൽ പ്രകടമാക്കിയ ക്രിയാത്മകതയും ശ്രദ്ധേയമായിരുന്നു. പരിശീലന-പഠന പ്രവർത്തനങ്ങളിലും ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിലും പഞ്ചായത്തിലെ വിവിധ തുറകളിലുള്ളവരുടെ സഹകരണവും ഐക്യബോധവും അർപ്പണ മനോഭാവവും മാതൃകാപരമായിരുന്നു.*

*നമ്മുടെ വിഭവങ്ങളും മാനവശേഷിയും ഐക്യവും നമുക്കുള്ള പദ്ധതി വിഹിതവും പരമാവധി പ്രയോജനപ്പെടുത്തി വികസന പ്രവർത്തനങ്ങൾ മുൻഗണനാക്രമത്തിൽ നിർവഹിക്കാൻ നമുക്ക് കഴിയും.*

*ഇതിന്റെ ആദ്യ കാൽവെപ്പായിരുന്നു ഇക്കഴിഞ്ഞ നവംബർ ഒന്നിന് പുനരർപ്പണദിനത്തിൽ ജനപങ്കാളിത്തത്തോടെ പഞ്ചായത്തിലാകെ നടന്ന വികസന പ്രവർത്തനങ്ങൾ.*

*ഈ ദിശയിലുള്ള പ്രവർത്തനങ്ങൾക്ക് ഒരു മാർഗരേഖയായി പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് വികസന സെമിനാർ മുമ്പാകെ സമർപ്പിക്കുന്നു.*

# പഞ്ചായത്ത് പൊതുവിവരങ്ങൾ

| | |
|---|---|
| പേര് | എടവണ്ണ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | എടവണ്ണ, പെരകമണ്ണ |
| ബ്ലോക്ക് പഞ്ചായത്ത് | വണ്ടൂർ |
| താലൂക്ക് | ഏറനാട് |
| അസംബ്ലി മണ്ഡലം | വണ്ടൂർ |
| പാർലമെൻറ് മണ്ഡലം | മഞ്ചേരി |
| വിസ്തീർണ്ണം | 49.14 ച. കി. മീ. |
| ജനസംഖ്യ | 32087 (സെൻസസ് റിപ്പോർട്ട്: 1991) |
| പുരുഷൻ | 15764 |
| സ്ത്രീകൾ | 16323 |
| ജനസാന്ദ്രത | 653 |
| വാർഡുകൾ | 12 |

## അതിരുകൾ

| | |
|---|---|
| വടക്ക് | ; ഊർങ്ങാട്ടിരി, മമ്പാട് പഞ്ചായത്തുകൾ |
| തെക്ക് | : തൃക്കലങ്ങോട്, തിരുവാലി പഞ്ചായത്തുകൾ |
| കിഴക്ക് | : മമ്പാട്, തിരുവാലി പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : കാവനൂർ, ഊർങ്ങാട്ടിരി പഞ്ചായത്തുകൾ |

| | |
|---|---|
| പ്രസിഡണ്ട് | എം. ഭാസ്കരൻ |
| വൈസ് പ്രസിഡണ്ട് | ഡോ. വി പി മുഹമ്മത് അഷ്റഫ് |
| സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | എ. ജമാൽമുഹമ്മത് |



പുതിയൊരു വികസന സംസ്ക്കാരം ഉണരുകയായി



- പകുതി പട്ടിണി കിടക്കുന്ന രാജ്യത്ത്, കലയുമില്ല, മതവുമില്ല, സംഘടനയുമില്ല.

- നഗരവൽക്കരണം പതുക്കെ മാത്രം നടക്കുന്നു. എന്നാൽ ഗ്രാമങ്ങൾ മരിക്കുന്നത് അതിവേഗത്തിലാണ്.

- ഗ്രാമങ്ങളെ അവയുടെ ദാരിദ്ര്യത്തിൽനിന്നും മോചിപ്പിക്കുന്നതിൽ ഞാൻ വിജയിക്കുമ്പോൾ ഞാൻ സ്വാതന്ത്ര്യം കൈവരിച്ചിരിക്കും.

- ഇന്ത്യൻ ഗ്രാമീണന്റെ കാര്യത്തിൽ അതിപ്രാചീനമായ സംസ്കാരം അസംസ്കൃതിയാൽ മൂടപ്പെട്ട് ഒളിഞ്ഞുകിടക്കുന്നു. ആ മൂടൽ മാറ്റി അവന്റെ ദാരിദ്ര്യവും നിരക്ഷരത്വവും ഇല്ലാതാക്കിയാൽ ഒരു സ്വതന്ത്രപൗരന്റെ ഏറ്റവും നല്ല മാതൃക നിങ്ങൾക്ക് കാണാൻ കഴിയും.

ഗാന്ധിജി

# ചരിത്രപശ്ചാത്തലം



ഏതൊരു നാടിനും ഉള്ളതുപോലെ എടവണ്ണക്കും സംഭവബഹുലമായ ഒരു ഭൂതകാലമുണ്ട്. അതിൻെറ ഉയർച്ചയും പരിണമാവും സംഭവിച്ചുകൊണ്ട് പിന്നിട്ട വഴിത്താരകളിലൂടെ ഒന്നു കണ്ണുപായിക്കുകയാണ് ഇവിടെ ചെയ്യുന്നത്.

പശ്ചിമഘട്ട മലമടക്കുകളിൽനിന്നും ഉത്ഭവിച്ചൊഴുകുന്ന ചാലിയാറിൻെറ തീരത്തുള്ള ഇടമണ്ണാണ് എടവണ്ണയായി തീർന്നത്. ചാലിയാറിലൂടെ ഒഴികിപ്പോയ വെള്ളത്തിന് കണക്കില്ല, കാലമില്ല. ചാലിയാറോളം പഴക്കമുണ്ട് എടവണ്ണയുടെ ചരിത്രത്തിനും.

പ്രാചീന കാലംതൊട്ടേ ഇവിടെ മനുഷ്യവാസമുണ്ടായിരുന്നു. എടവണ്ണയുടെ പരിസരങ്ങളിൽനിന്നും പലപ്പോഴായി കിട്ടിയ ചരിത്രാവശിഷ്ടങ്ങൾ അത്തരമൊരു സൂചന നൽകുന്നു.

ഇവിടത്തെ യാഥാർഥ സന്തതികൾ എന്ന് അവകാശപ്പെടാൻ കഴിയുക ആദിവാസികൾക്കാണ്. ചോലാർ, ചെക്കുന്ന്, കൊളപ്പാട് തുടങ്ങിയ മലമുകളിൽ താമസിക്കുന്ന 'മുതുവാൻ' ആണ് ഇവിടത്തെ യഥാർഥ ജനത. പിന്നെ ഇന്നുള്ള വിവിധ ഹരിജൻ വിഭാഗങ്ങളുടെ മുൻ ഗാമികളും. ബാക്കിയുള്ള എടവണ്ണക്കാർ 15-ാം നൂറ്റാണ്ടിലും മറ്റും കുടിയേറിയവരാണ്. 15-ാം നൂറ്റാണ്ടിൻെറ അവസാനത്തിൽ മലബാറിലെ തീരപ്രദേശങ്ങളിൽ ആധിപത്യം സ്ഥാപിച്ചു തുടങ്ങിയ പോർച്ചുഗീസുകാരുടെ കടന്നാക്രമണം നിമിത്തം ഭൂരിപക്ഷം മുസ്ലിംങ്ങൾ ഉൾപ്പെടുന്ന മലബാർ ജനതയിൽ ചില കുടുംബങ്ങൾ എടവണ്ണപോലുള്ള പ്രദേശങ്ങളിലേക്ക് കുടിയേറുകയായിരുന്നു. ചാലിയാർ ഇതിന് സുഗമമായ പാതയുമായി. ചാലിയാറിൻെറ തീരപ്രദേത്തെ വളക്കൂറുള്ള മണ്ണും വിലമതിക്കാനാവാത്ത ജൈവസമ്പത്തും വനപ്രദേശങ്ങളും കുടിയേറ്റത്തെ ത്വരിതപ്പെടുത്തി.

ഈ കുടിയേറ്റം വ്യാപകമാകുന്നതിന് മുമ്പ് ഹൈന്ദവ നാഗരികത തഴച്ചുനിന്നിരുന്ന ഒരു പ്രദേശമായിരുന്നു എടവണ്ണ എന്ന് വേണം കരുതാൻ. പറങ്ങോടൻപാറ, കൊങ്ങൻപാറ, പീലികണ്ണൻപാറ തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന കുന്നുകളെ ഹൈന്ദവ പ്രതീകങ്ങളായി കാണാം. എടവണ്ണ പുഴയുടെ വക്കത്തുള്ള കോലോത്തും പാറക്ക് ചേർന്നുള്ള സ്ഥലത്തുണ്ടായിരുന്ന കോവിലകവും, ക്ഷേത്രവും, ഒതായി പ്രദേശത്ത് നിലവിലുണ്ടായിരുന്ന ക്ഷേത്രവും എല്ലാം

നാല് നൂറ്റാണ്ട് മുമ്പ്.ഉണ്ടായിരുന്ന ഹൈന്ദവ നാഗരികതയുടെ അവശിഷ്ടങ്ങളാണ്. ചരിത്രത്തിന്റെ മുമ്പോട്ടുള്ള പ്രയാണത്തിനിടയിൽ ജനനം, വളർച്ച, നാശം എന്നിവ ഓരോ നാഗരികതക്കും സംഭവിച്ചുകൊണ്ടിരിക്കുമെന്നത് ഒരു സത്യമാണ്. ഈ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെയുണ്ടായ മാറ്റങ്ങൾ കൂടുതൽ ഗവേഷണത്തിനും പഠനത്തിനും വിധേയമാക്കേണ്ടതാണ്.

തലശ്ശേരി, വടകര, കോഴിക്കോട് തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും കുടിയേറിയവരെന്ന കരുതപ്പെടുന്ന പുത്തൻ വീട്ടുകാരും വലിയ പീടികക്കാരുമാണ് ഇവിടത്തെ ആദ്യകാല മുസ്ലിം കുടുംബങ്ങൾ. കല്ലിവെട്ടി തറവാട്ടുകാരായിരുന്നു ഇവിടത്തെ മറ്റൊരു പ്രബല കുടുംബം. ശേഷിക്കുന്ന എടവണ്ണയിലെ വിവിധ കുടുംബങ്ങൾ പിൽക്കാലത്ത് വിവിധ പ്രദേശങ്ങളിൽനിന്നായി എടവണ്ണയിലേക്കെത്തിയവരാണ്.

കോഴിക്കോട് സാമൂതിരി കോവിലകവും അതിന്റെ കൈവഴികളായ നിലമ്പൂർ, അമരമ്പലം, മഞ്ചേരി, കോട്ടക്കൽ കോവിലകങ്ങളും, തൃക്കളൂർ ദേവസ്വവുമായിരുന്നു ഈ പ്രദേശം കയ്യടക്കിവെച്ചിരുന്നത്. ബ്രിട്ടീഷ് ഗവർമെണ്ട് ഈ പ്രദേശങ്ങളെ വിവിധ ഭാഗങ്ങളായി തിരിച്ച് വിവിധ തറവാടുകൾക്ക് മേക്കാണം ചാർത്തിക്കൊടുത്തു. ആ കുടുംബങ്ങളിൽ പലരും 'അധികാരി'കളായി അവരോധിക്കപ്പെട്ടു.

ഈ ഭാഗത്തെ ആളുകൾക്ക് ഏറ്റവുമടുത്ത വാണിജ്യ കേന്ദ്രം കോഴിക്കോടായിരുന്നു. ചാലിയാർ അക്കാലത്തെ പ്രധാന വാണിജ്യ-യാത്രമാർഗമായിരുന്നു. വരൾച്ചയുടെ മൂർധ്യതയിൽപോലും ചെറുകിട വഞ്ചികൾക്ക് പ്രസിദ്ധമായ ഒട്ടകമുതുക് (കേമൽഹമ്പ്) നിഴൽ വിരിക്കുന്ന മമ്പാട് വരെ സുഗമമായി സഞ്ചരിക്കാൻ കഴിഞ്ഞിരുന്ന മാർഗ്ഗമായിരുന്നു ചാലിയാർ എന്ന് വില്യം ലോഗൻ തന്റെ മലബാർ മാന്വലിൽ വിവരിക്കുന്നുണ്ട്. (ലോഗൻ പരമർശിച്ച ഒട്ടകമുതുക് ചെക്കുന്നൻ മലയാണ്. 1975 അടിയാണ് ലോഗൻ ഇതിന് ഉയരമുള്ളതായി പറയുന്നത്.)

കോഴിക്കോട് നിന്ന് ചരക്കുകൾ പായ്വഞ്ചികളിലും വലിയ വള്ളങ്ങളിലും സ്റ്റീം ബോട്ടുകളിലുമായി എടവണ്ണയിലെത്തിക്കും. എടവണ്ണക്ക് മുകളിലേക്ക് പുഴക്ക് ആഴം കുറവായതിനാൽ യാത്ര ദുർഘടമായിരുന്നു. അതുകൊണ്ട് ചരക്കുകൾ എടവണ്ണയിലിറക്കി സംഭരിക്കുകയും ഇവിടെനിന്ന് കരമാർഗം കാള്വണ്ടികളിൽ ഗൂഡല്ലൂർ ഉൾപ്പെടെയുള്ള വിവിധ പ്രദേശങ്ങളിലേക്ക് കൊണ്ടുപോവുകയും ചെയ്യും. എടവണ്ണ അക്കാലത്ത് ലക്ഷണമൊത്ത ഒരു കൊച്ചു തുറമുഖം തന്നെയായിരുന്നു.

വിദൂരസ്ഥലങ്ങളിലേക്കുപോലും ചരക്കുകൾ കൊണ്ടുപോകാനായി വന്നെത്തുന്ന കാളവണ്ടികൾ നിരന്നു കിടക്കുന്നത് പതിവ് കാഴ്ചയായിരുന്നുവത്രെ! എടവണ്ണയിൽ വിദഗ്ദ്ധന്മാരായ കാളവണ്ടിക്കാരും ഉണ്ടായിരുന്നു. അറുപതുകളുടെ അവസാനംവരെ എടവണ്ണക്ക് ഈ പ്രൗഢി നിലനിർത്താനായി. രണ്ടാം ലോകമഹായുദ്ധ കാലത്താണ് നിലമ്പൂർ കാടുകളിലെ മരങ്ങൾ വ്യാപകമായി മുറിച്ച് കോഴിക്കോട്ടെ വിപണിയിലെത്തിക്കാൻ തുടങ്ങിയത്. അങ്ങനെ മരം മുറിക്കുകയും തെരപ്പംവഴി പുഴയിലൂടെ മരം കോഴിക്കോട്ടെത്തിക്കുകയും ചെയ്യുന്ന 'പുഴമ്പണി' എടവണ്ണക്കാരിൽ പലരുടെയും ഉപജീവനമാർഗമായി മാറി.

ശ്രീരംഗപട്ടണത്തെ കേന്ദ്രമാക്കി ടിപ്പു നിർമ്മിച്ച റോഡുകളുടെ ശൃംഖല പ്രസിദ്ധമാണ്. അതിലെ പ്രധാന റോഡുകൾ എടവണ്ണയിലൂടെ കടന്നുപോവുന്നുണ്ട്. എടവണ്ണ അങ്ങാടിയിൽനിന്ന് കുന്നുമ്പുറംവഴി വണ്ടൂർ റോഡിൽ ചേരുന്ന റോഡ് ടിപ്പുസുൽത്താൻ റോഡ് എന്ന പേരിലാണ് അറിയപ്പെടുന്നത്. മുണ്ടേങ്ങരയിൽ നിന്നും ഒതായി വഴി അരീക്കോട്ടേക്ക് പോകുന്ന റോഡും, എടവണ്ണ-അരീക്കോട് റോഡും എടവണ്ണ-മഞ്ചേരി റോഡും ടിപ്പുവിന്റെ നിർമ്മിതികളാണ്. ടിപ്പുവിന്റെ പടയോട്ടത്തിന് സാക്ഷികളായ ഈ പാതകൾ ടിപ്പുവിന്റെ സൈന്യത്തിന്റെ കുതിര കുളമ്പടികളെയും രഥചക്രങ്ങളെയും നെഞ്ചിൽ ഏറ്റുവാങ്ങിയിട്ടുണ്ട്.

ദേശീയ പ്രസ്ഥാനത്തിന്റെ അലയടികൾ എടവണ്ണയിലും എത്തിയിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ സമുന്നത നേതാവായ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് എടവണ്ണയുമായി അടുത്ത ബന്ധം പുലർത്തിയിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും സ്വാധീനവുമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആദ്യകാലത്ത് പഞ്ചായത്തിൽ ഒരു ശക്തിയായി മാറാൻ കാരണം. ഒതായിൽ ഒരു ഖാദിപ്രസ്ഥാനം തുടങ്ങിയതോടെയാണ് എടവണ്ണയിൽ ദേശീയ പ്രസ്ഥാനത്തിന് മുളപൊട്ടുന്നത്. അറക്കൽ മുഹമ്മദ്, എ അലവി മൗലവി, പി വി മുഹമ്മദ്ഹാജി, പി വി ഉമ്മർകുട്ടി ഹാജി, പി വി ഷൗക്കത്തലി, പി വി അബ്ദുള്ളക്കുട്ടി, വി പി മുഹമ്മദ്കുട്ടി, മീമ്പറ്റ മോയിൻകുട്ടി, പുളി





ക്കൽ മമ്മത് തുടങ്ങിയവരാണ് ദേശീയ പ്രസ്ഥാനത്തിന്റെ നേതൃനിരയിൽ എടവണ്ണയിലുണ്ടായിരുന്നത്. എടുത്തുപറയത്തക്ക പ്രക്ഷോഭങ്ങളോ ജനകീയ മുന്നേറ്റങ്ങളോ ദേശീയ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഇവിടെ നടന്നിട്ടില്ല. നിസ്സഹകരണ പ്രസ്ഥാനം, അയിത്തോച്ചാടന സമരങ്ങൾ, മദ്യവിരുദ്ധ സമരങ്ങൾ തുടങ്ങിയ സമരങ്ങൾ കാര്യമായി ഇവിടെ നടന്നില്ല. എടവണ്ണയുടെ പ്രത്യേക പരിതസ്ഥിതി കണക്കിലെടുത്താവണം ഖാദിപ്രസ്ഥാനം, വയോജന വിദ്യാഭ്യാസം, വിദ്യാഭ്യാസ-മതപരിഷ്കരണ പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇവിടെ ഉണ്ടാവാനിടയായത്.

ഖിലാഫത്ത് പ്രസ്ഥാനം മലബാറിലാകമാനം ഉണ്ടാക്കിയ ചലനത്തിന്റെ ചെറുവീചികൾ എടവണ്ണയിലുമെത്തിയിരുന്നു. എന്നാൽ നേതൃരംഗത്ത് എടുത്തുപറയത്തക്ക ആളുകളോ സംഭവങ്ങളോ എടവണ്ണയിൽ ഉണ്ടായിട്ടില്ല. വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ്ഹാജിയുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭകാരികൾ നിരന്തരം ഈ വഴിക്ക് സഞ്ചരിച്ചിരുന്നു.

ഖിലാഫത്ത് സമരക്കാലത്ത് നടന്ന ഒരു പ്രധാന സംഭവമാണ് ഒതായിൽ നടന്ന കൂട്ടക്കൊല. ഒതായിൽ തമ്പടിച്ച കലാപകാരികളെ നേരിടാൻ ബ്രിട്ടീഷ് പട്ടാളമെത്തി. ബ്രിട്ടീഷ് പട്ടാളക്കാരെ നാടൻ തോക്കുമായി കലാപകാരികൾ നേരിടുകയും ഒരു പട്ടാള ഉദ്യോഗസ്ഥൻ കൊല്ലപ്പെടുകയും ചെയ്തു. കലാപകാരികൾ ഓടിയൊളിക്കുകയും ശേഷിക്കുന്നവർ ഒതായി പള്ളിയിൽ അഭയംതേടുകയും ചെയ്തു. പട്ടാളം പള്ളിക്കുനേരെ നിറയൊഴിക്കുകയും പള്ളിക്കുള്ളിലേക്ക് ബോംബിടുകയും ചെയ്തു. 33 ആളുകൾ പള്ളിക്കുള്ളിൽ പിടഞ്ഞുമരിച്ചു. ഇന്നും പള്ളിയുടെ ഭിത്തിയിലും ജനലഴികളിലും വെടിയുണ്ടകൾ തുറഞ്ഞുകയറിയ പാടുകൾ കാണാം. ഈ 33 മൃതദേഹങ്ങളും ഒരുമിച്ചാണ് മറവുചെയ്തത്. കൊല്ലപ്പെട്ട പട്ടാളക്കാരന്റെ മൃതദേഹം എടവണ്ണ ചോലക്കൽ കുന്നിൻമുകളിലും അടക്കം ചെയ്തു.

കലാപകാരികളെന്ന് മുദ്രകുത്തി ബ്രിട്ടീഷ് ഗവർമെണ്ട് ബില്ലാരി ജയിലിൽ പതിനാല് കൊല്ലക്കാലംവരെ തടവിലിട്ട ആളുകളുമുണ്ട്. കണ്ടംകുളത്ത് മമ്മത്, കടൂരൻ മുഹമ്മദ്, ചെറുതൊടി കമ്മതാജി, ആലുങ്ങൽ മമ്മത് തുടങ്ങിയവരാണ് അവരിൽ ചിലർ. പള്ളിമുക്കിലുള്ള വി എം മുത്തുക്കോയ തങ്ങളെ തൂക്കിലേറ്റി. പന്നിപ്പാറയിൽ ഉള്ള ചിലർ ബ്രിട്ടീഷ് പട്ടാളത്തിന്റെ വെടിയേറ്റു മരണപ്പെട്ടിട്ടുണ്ട്.

മുപ്പതുകളിൽ കേരളത്തിൽ ജന്മിത്തത്തിനെതിരെ കർഷകരുടെ നേതൃത്വത്തിൽ ആഞ്ഞടിച്ച കൊടുങ്കാറ്റിന്റെ അലകളെ എടവണ്ണയും ഏറ്റുവാങ്ങി. കമ്യൂണിസ്റ്റ് പാർടിയുടെ ഏറനാടിലെ പ്രധാന കേന്ദ്രങ്ങളിലൊന്നായിരുന്നു ചളിപ്പാടം. ചളിപ്പാടത്തെ കുഞ്ഞൻ, ടൈലർ ഖാദർ തുടങ്ങിയവർ നേതൃത്വംകൊടുത്തുകൊണ്ട് ചെമ്പക്കുത്ത് കർഷകസംഘം രൂപീകരിക്കുന്നതോടെയാണ് തൊഴിലാളിവർഗ രാഷ്ട്രീയം എടവണ്ണയിൽ ആരംഭിക്കുന്നത് കമ്യൂണിസ്റ്റ് നേതാക്കളായ സഖാവ് കുഞ്ഞാലി, സാധു അഹമ്മദ്കുട്ടി തുടങ്ങിയവർ കമ്യൂണിസ്റ്റ് പാർടി നിരോധിച്ച കാലത്ത് ചളിപ്പാടത്ത് ഒളവിൽ താമസിച്ചിട്ടുണ്ട്. ഒളിവുജീവിതകാലത്ത് കുഞ്ഞാലിക്ക് ചോറുകൊടുത്തു എന്ന കുറ്റം ചുമത്തി ചളിപ്പാടത്തെ കുഞ്ഞനെ പൊലീസ് അറസ്റ്റുചെയ്തു ജയിലിലടച്ചു. കമ്യൂണിസ്റ്റുകാരെ സംരക്ഷിച്ചാൽ രണ്ടുകൊല്ലം തടവും രണ്ടായിരം രൂപ പിഴയുമായിരുന്നു അന്നത്തെ ശിക്ഷ. പാട്ടപ്രശ്നം ഉയർത്തിപ്പിടിച്ച് ഒട്ടേറെ കർഷകസമരങ്ങളും, മിച്ചഭൂമി സമരങ്ങളും ഉണ്ടായി. ഒരു മിച്ചഭൂമി സമരം പത്തപ്പിരിയത്ത് നടന്നു. മഞ്ചേരി കിഴക്കെ കോവിലകം വക എൺപത് ഏക്കർ സ്ഥലം പിടിച്ചെടുത്തു പാവങ്ങൾക്ക് വിതരണം ചെയ്യാൻ കഴിഞ്ഞു. പത്തപ്പിരിയത്തെ മുസ്ലിം ലീഗുകാരിൽ പലരും ഈ പ്രക്ഷോഭത്തിൽ സഹകരിച്ചിട്ടുണ്ട്. 1948-ൽ മേത്തലയിൽ ഉണ്ണിഹസ്സന്റെ ഉടമയിലുള്ള സിലോൺ ബീഡി കമ്പനിയിലുണ്ടായ മിനിമം വേതനത്തെ ചൊല്ലിയുള്ള പ്രക്ഷോഭമാണ് മറ്റൊന്ന്. ബീഡി കെട്ടുകൾക്ക് തീകൊളുത്തിക്കൊണ്ട് നടത്തിയ ആ പ്രക്ഷോഭം തൊഴിലാളികൾക്കിടയിൽ ഉണർവുണ്ടാക്കി. അക്കാലത്ത് ഏറെ കോളിളക്കമുണ്ടാക്കിയ ഇ കെ അയമു രചിച്ച 'ജജ് നല്ല മനുസനാകാൻ നോക്ക്' എന്ന നാടകം ഇ കെ അയമുവിന്റെയും ഡോ. എം ഉസ്മാന്റെയും നേതൃത്വത്തിൽ എടവണ്ണ പൂന്തുരുത്തിയിൽ നടത്തി.

1936-വരെ എടവണ്ണയിൽ മുസ്ലിം ലീഗിന് സംഘടനാ രൂപം ഉണ്ടായിരുന്നതായി അറിയുന്നു. പരൂൽ അഹമ്മദ് സാഹിബ് മുസ്ലിംലീഗിൽ ചേർന്നതിന് ശേഷമാണ് എടവണ്ണ അങ്ങാടി കേന്ദ്രീകരിച്ച് മുസ്ലിം ലീഗിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. എരഞ്ഞിയിൽ കാദർ, പുത്തൻ പീടീക അബ്ദുള്ള, അറിയിലകത്ത് കുഞ്ഞിപ്പെരി,

പി ടി വീരാൻകുട്ടി മൗലവി എന്നിവരായിരുന്നു ആദ്യകാല സംഘാടകർ. 1948-ൽ ലീഗിൻെറ വളണ്ടിയർ കോർ കേപ്റ്റനായിരുന്നു എ വീരാൻ സാഹിബ്. ഇദ്ദേഹത്തിന് ഇതിൻെറ പേരിൽ ജയിൽവാസം അനുഷ്ഠിക്കേണ്ടിവന്നു. ജയിൽമോചിതനായി എടവണ്ണയിൽ എത്തുമ്പോൾ അദ്ദേഹത്തിന് നൽകിയ സ്വീകരണത്തിൽ ഇസ്മായിൽ സാഹിബ് സന്നിഹിതനായിരുന്നു. എടവണ്ണയിൽനിന്ന് മുസ്ലിംലീഗ് നേതൃനിരയിലേക്ക് ഉയർന്നുവരികയും സംസ്ഥാന തലത്തിൽതന്നെ അറിയപ്പെടുകയും ചെയ്ത പ്രമുഖ നേതാവാണ് പരേതനായ പി സീതിഹാജി.

മുജാഹിദ് പ്രസ്ഥാനത്തിൻെറ ആരംഭം എടവണ്ണയുടെ സാമൂഹ്യ-വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾക്കിടയാക്കിയിട്ടുണ്ട്. ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഉത്പതിഷ്ണുക്കളായ പണ്ഡിതന്മാരുടെ നേതൃത്വത്തിൽ എടവണ്ണ, ഒതായി പ്രദേശങ്ങളിൽ മുജാഹിദ് പ്രസ്ഥാനത്തിന് ആദ്യകാലങ്ങളിൽ തന്നെ തുടക്കംകുറിച്ചു. മുസ്ലിം സ്ത്രീകളുടെ വ്യാപകമായ വിദ്യാഭ്യാസത്തിന് സാഹചര്യമൊരുക്കിയത് ഈ പ്രസ്ഥാനത്തിൻെറ സ്വാധീനമായിരുന്നു. എ അലവിമൗലവി, കൂട്ടായി അബ്ദുള്ള ഹാജി തുടങ്ങിയവരായിരുന്നു ഈ മുസ്ലിം പരിഷ്കരണ പ്രസ്ഥാനത്തിൻെറ സ്ഥാപക നേതാക്കൾ.

1961 നവംബർ 20-ന് ആണ് പെരകമണ്ണ, എടവണ്ണ വില്ലേജുകൾ കൂട്ടിച്ചേർത്ത് എടവണ്ണ പഞ്ചായത്ത് നിലവിൽ വരുന്നത്.

1963 ഡിസംബർ ആറിന് നടന്ന ജനറൽ ഇലക്ഷനിലൂടെ എടവണ്ണ പഞ്ചായത്തിൻെറ ആദ്യ ഭരണസമിതി നിലവിൽ വന്നു.

മെമ്പർമാർ: 1. പി വി ഷൗക്കത്തലി, 2. ടി പി മുഹമ്മദ്ഹാജി, 3. പി വി അലവിക്കുട്ടി, 4. എം മുഹമ്മദ്, 5. പി അലവിഹാജി, 6. വി ചാത്തൻ, 7. പി വി കോയ.

പിന്നിട് വനിതാ മെമ്പറായി തുണ്ടത്തിൽ മീനാക്ഷിയമ്മ നാമനിർദേശം ചെയ്യപ്പെട്ടു.

പി വി അവലിക്കുട്ടിയായിരുന്നു പ്രഥമ പഞ്ചായത്ത് പ്രസിഡണ്ട്. മൊടമംഗലം മുഹമ്മദ് വൈസ് പ്രസിഡണ്ടും.

തുടർന്ന് 1979 സപ്തംബർ 28-നാണ് പുതിയ ഭരണ സമിതി നിലവിൽ വരുന്നത്.

മെമ്പർമാർ: (1) വി പി തൃമതി (2) പി മുഹമ്മദ് (3) പി സീതിഹാജി (4) പി വി സുലൈഖ (5) സി എച്ച് മൂസക്കോ (6) ഇ ജമാൽ മുഹമ്മദ്ഹാജി (7) കെ ഉണ്ണിമമ്മത് (8) പി കെ അബ്ദുല്ല (9) വി ചാത്തൻ.

പ്രസിഡണ്ട് ഇ ജമാൽ മുഹമ്മദ്ഹാജി. വൈസ് പ്രസിഡണ്ട്: സി എച്ച് മൂസക്കോയ.

3-12-83ൽ ജമാൽ മുഹമ്മദ് ഹാജി പ്രസിഡണ്ട് സ്ഥാനം രാജിവെച്ചപ്പോൾ ആക്ടിങ്ങ് പ്രസിഡണ്ടായി പി കെ അബ്ദുള്ള അധികാരമേറ്റു.

30-12-83ന് പി സീതിഹാജി പ്രസിഡണ്ടായി. വി ചാത്തൻ വൈസ് പ്രസിഡണ്ടും.

10-8-84-ന് സീതിഹാജി പ്രസിഡണ്ട് പദവിയൊഴിഞ്ഞു. ഇ ജമാൽ മുഹമ്മദ്ഹാജി വീണ്ടും പ്രസിഡണ്ട് സ്ഥാനമേറ്റെടുത്തു.

20-10-84ന് സർകാർ പഞ്ചായത്ത് ഭരണസമിതികൾ പിരിച്ചുവിട്ടു. താലൂക്ക് പഞ്ചായത്ത് ആപ്പീസർ ഭരണാധികാരം ഏറ്റെടുക്കുകയും ചെയ്തു.

കുറച്ചുകാലത്തെ ഇടവേളക്കുശേഷം 5-2-88നാണ് ജനാധിപത്യ ഭരണസമിതി വീണ്ടും അധികാരത്തിൽ വരുന്നത്.

മെമ്പർമാർ: (1) പി വി ഷൗക്കത്തലി (2) പി കെ മുഹമ്മദ് ബഷീർ (3) എം പി നാസർഖാൻ (4) വി പി അബ്ദുൽ സാലം (5) കെ മുഹമ്മദ്കുട്ടി (6) ഇ ആയിഷ (7) എ പി സലീമ (8) ടി പി മുഹമ്മദ് (9) വി ചാത്തുട്ടി (10) കെ എം മുസ്തഫ (11) ഇ ജമാൽ മുഹമ്മദ്ഹാജി.

പ്രസിഡണ്ട്: പി കെ മുഹമ്മദ്ബീഷീർ. വൈസ് പ്രസിഡണ്ട്: ടി പി മുഹമ്മദ്.

14-3-90ന് പി കെ മുഹമ്മദ് ബഷീർ പ്രസിഡണ്ട് സ്ഥാനം ഒഴിഞ്ഞപ്പോൾ പി വി ഷൗക്കത്തലി പ്രസിഡണ്ടായി.

8-6-95ന് ഗവർമെണ്ട് ഉത്തരവ് പ്രകാരം പി കെ മുഹമ്മദ് ബഷീർ പ്രസിഡണ്ട് സ്ഥാനം ഏറ്റെടുത്തു. 13-6-95ന് കോടതി ഉത്തരവിൻ പ്രകാരം പി വി ഷൗക്കത്തലി തന്നെ വീണ്ടും പ്രസിഡണ്ട് സ്ഥാനം ഏൽക്കുകയും ചെയ്തു.

30-9-95ന് നിലവിൽ വന്ന പുതിയ ഭരണസമിതിയാണ് ഇപ്പോൾ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്.

മെമ്പർമാർ: (1) പി കെ മുഹമ്മത് ബഷീർ (2) കെ ഉമ്മർഹാജി (3) ബി സതീദേവി (4) പി വിമല (5) പി ശംസുദ്ദീൻ (6) സി പി ഫാത്തിമ സുഹറ (7) എം ഭാസ്കരൻ (8) കെ മുഹമ്മദ്കുട്ടി (9) പി സാഹിദ (10) ഡോ. വി പി മുഹമ്മദ് അഷ്റഫ് (11) കെ എം മുസ്തഫ (12) എ ജമാൽ മുഹമ്മദ്.

പ്രസിഡണ്ട്: എം ഭാസ്കരൻ. വൈസ് പ്രസിഡണ്ട്: ഡോ. വി പി മുഹമ്മത് അഷറഫ്. സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ: എ ജമാൽ മുഹമ്മദ്.

ചരിത്രം മുമ്പോട്ടൊഴുകുകയാണ്. ഒഴുകിവന്ന ചാലുകൾ പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന ഒരു പൊതുസത്യമുണ്ട്. എടവണ്ണയുടെ സംസ്കാരം എതിർപ്പിൻേറയോ പ്രതിരോധത്തിൻെറയോ അല്ല. മറിച്ച് സഹിഷ്ണുതയുടെയും കീഴൊതുങ്ങലിൻെറയുമാണ്. ഒരു കാലത്തും ഒരു മാറ്റത്തിനും എതിര് നിൽക്കാതെ, ഒരു തടസ്സവുമില്ലാതെ, ഒഴുകുന്ന ചാലിയാർ പുഴ പോലെ എടവണ്ണ മുന്നോട്ട് ഒഴുകുന്നു. പ്രശാന്തതയോടെ...





## കൃഷി-ജലസേചനം

എടവണ്ണ പഞ്ചായത്ത് പരമ്പരാഗതമായുള്ള ഒരു കാർഷിക ഗ്രാമമാണ്. പ്രദേശം മലയും കുന്നുകളും താഴ്വരകളും വയലുകളും പുഴയും തോടുകളുംകൊണ്ട് അനുഗ്രഹീതുമായ പ്രദേശമാണ്. ഇവിടെ പരമ്പരാഗതമായി നെൽകൃഷി വ്യാപകമായി ചെയ്തിരുന്നു. പഴയ കാലങ്ങളിൽ ഇവിടത്തെ മറ്റു പ്രധാന വിളകൾ റാഗി, ചോളം, എള്ള്, മുതിര, വാഴ, പച്ചക്കറി, ഇഞ്ചി, കമുക് എന്നിവയായിരുന്നു. തെങ്ങ്, കുരുമുളക് എന്നിവ നാമമാത്രമായും കൃഷിചെയ്തിരുന്നു. റബ്ബർ, കശുമാവ്, എന്നീ കൃഷികൾ 1930കളിൽ ഈ പ്രദേശത്തിന് അജ്ഞാതമായിരുന്നു. അക്കാലങ്ങളിൽ 998.32 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പഞ്ചായത്തിലുണ്ടായിരുന്നു. 1930ലെ സെറ്റിൽമെൻറ് രജിസ്റ്റർപ്രകാരം മൊത്തം കാർഷിക ഏരിയ 1608 ഹെക്ടറും ആളോഹരി ഭൂമി 0.69 ഹെക്ടറുമായിരുന്നു. ഈ കൃഷിഭൂമി ഉപയോഗിച്ചിരുന്ന ആകെ ജനസംഖ്യ 7403ഉം, വീടുകളുടെ എണ്ണം 1521ഉം ആയിരുന്നു. ജനസാന്ദ്രത 150 ആയിരുന്നു എന്നു കാണാം. ഇക്കാര്യങ്ങൾ സൂചിപ്പിക്കുന്ന പട്ടിക 1, 2 എന്നിവ പരിശോധിക്കുക.

പട്ടിക -1 1930 കളിലെ ജനസംഖ്യാനിരക്ക്

| | |
|---|---|
| മൊത്തം വീടുകളുടെ എണ്ണം | 1521 |
| ജനസംഖ്യ | 7403 |
| പുരുഷന്മാർ | 3579 |
| സ്ത്രീകൾ | 3824 |
| ജനസാന്ദ്രത | 150 |
| ആളോഹരി ഭൂമി | 0.69 ഹെക്ടർ |

പട്ടിക –2 1930 കളിലെ വിളക്രമം

| | |
|---|---|
| നെല്ല് | 998.32 ഹെക്ടർ |
| റാഗി | 7.04 ,, |
| ചാമ | 24.3 ,, |
| മുതിര | 12.15 ,, |
| മറ്റു പയർവർഗ്ഗങ്ങൾ | 11.34 ,, |
| എള്ള് | 64.80 ,, |
| തെങ്ങ് | 17.41 ,, |
| മഞ്ഞൾ | 5.26 ,, |
| പുളി | 3.24 ,, |
| കുരുമുളക് | 5.26 ,, |
| ഇഞ്ചി | 30.78 ,, |
| വെറ്റില | 3.64 ,, |
| കമുക് | 76.95 ,, |
| പച്ചക്കറി | 88.70 ,, |
| വാഴ | 117.59 ,, |
| മാവ് | 1.63 ,, |
| മേച്ചിൽപ്പുല്ലുകൾ | 10.53 ,, |
| മറ്റു വിളകൾ | 112.52 ,, |
| റബ്ബർ | 00.00 ,, |
| കശുമാവ് | 00.00 ,, |
| മരച്ചീനി | 00.00 ,, |
| ആകെ | 1608.46 ഹെക്ടർ |

(അവലംബം: 1930 ലെ സെറ്റിൽമെൻറ് രജിസ്റ്റർ)

പഞ്ചായത്തിൽ കൃഷിഭൂമിയുടെ ഉടമസ്ഥർ മഞ്ചേരി കോവിലകം, നിലമ്പൂർ കോവിലകം, അമരമ്പലം കോവിലകം, കോട്ടക്കൽ കോവിലകം മുതലായവ ജന്മിമാരായിരുന്നു. ഇക്കാലത്ത് ആകെ 220 കൈവശകൃഷിക്കാർ മാത്രമായിരുന്നു പഞ്ചായത്തിലുണ്ടായിരുന്നത്. പാട്ടകൃഷി സമ്പ്രദായമായിരുന്നു നിലവിലുണ്ടായിരുന്നത്.

മഴയെ ആശ്രയിച്ചും തോടുകളിൽ മൺചിറപോലുള്ള താൽക്കാലിക ബണ്ടുകളും നിർമ്മിച്ചായിരുന്നു ജലസേചന രീതി. കൂടാതെ ഏത്തം, ചക്രം, കയറ്റുകൊട്ട, പാള എന്നിവയും ജലസേചനത്തിനായി ഉപയോഗിച്ചിരുന്നു. തീർത്തും ജൈവവളങ്ങൾ ഉപയോഗിച്ചായിരുന്നു കൃഷിചെയ്തിരുന്നത്. കീടനിയന്ത്രണത്തിനായി മുറംവീശൽ, വെണ്ണീർവിതറൽ മുതലായ മാർഗ്ഗങ്ങളായിരുന്നു സ്വീകരിച്ചിരുന്നത്.

മറ്റു തൊഴിൽമേഖലകളൊന്നും ഇല്ലാതിരുന്നതിനാൽ കാർഷികവൃത്തിയിൽ കുടുംബാംഗങ്ങളുടെ പങ്കാളിത്തവും കാർഷികതൊഴിലാളികളുടെ ലഭ്യതയും വളരെ കൂടുതലായിരുന്നു. ജന്മി, കർഷകർ, കാർഷികതൊഴിലാളിബന്ധം ഫ്യൂഡൽ വ്യവസ്ഥിതിയിൽ അധിഷ്ഠിതമായിരുന്നു. നെല്ല്, അരി, മറ്റു കാർഷികവിളകൾ എന്നിവയായിരുന്നു കൂലിയായി തൊഴിലാളികൾക്ക് നൽകിപ്പോന്നിരുന്നത്. ഉഴവുകാളകൾ, നാടൻ പശുക്കൾ എന്നിവ കാർഷികമേഖലയിലെ വളരെ പ്രധാനപ്പെട്ട ഘടകങ്ങളായിരുന്നു.

1950കളിൽ കൃഷിഭൂമിയുടെ കൈവശാവകാശത്തിനായി മലബാറിൽ ആകെ നടന്ന കർഷകപ്രക്ഷോഭങ്ങളുടെ അലയൊലി ഈ പ്രദേശത്തുമെത്തിയിരുന്നു. അതിൻെറ ഭാഗമായി ചളിപ്പാടം ചെമ്പക്കുത്ത് ഭാഗങ്ങളിൽ കർഷകസംഘങ്ങളുടെ പ്രവർത്തനം ഉണ്ടായിരുന്നതായി അറിയുന്നു.

സംസ്ഥാന രൂപീകരണത്തെ തുടർന്ന് ഭൂപരിഷ്കരണ നടപടികൾ ത്വരിതപ്പെടുകയും ഭൂവുടമാവകാശത്തിൽ പ്രകടമായ മാറ്റങ്ങൾ സംജാതമാവുകയും ചെയ്തു. അതോടൊപ്പംതന്നെ മറ്റു തൊഴിൽമേഖലകളും നാണ്യവിളകൃഷികളുടെ കടന്നുവരവും കാരണം വിളക്രമത്തിലും തൊഴിൽബന്ധങ്ങളിലും വീണ്ടും മാറ്റങ്ങൾ ഉണ്ടായി. കൂടുതൽ വിസ്തൃതിയിലേക്ക് കശുമാവ്, തെങ്ങ്, കമുക്, റബ്ബർ തുടങ്ങിയ നാണ്യവിളകൃഷികൾ വ്യാപകമാവാൻ തുടങ്ങി. കാർഷിക ശാസ്ത്രസാങ്കേതിക രംഗത്തുണ്ടായ മാറ്റങ്ങൾ ഈ പ്രദേശത്തേയും സ്വാധീനിച്ചു. ക്രമേണ വിളക്രമങ്ങളിലും പ്രകടമായ മാറ്റങ്ങൾ വന്നു.

പട്ടിക - 3 നിലവിലുള്ള ഭൂവിനിയോഗരീതി.

| | |
|---|---|
| പറമ്പുകൾ | 3727 ഹെക്ടർ |
| വയലുകൾ | 577.77 ,, |
| പുറമ്പോക്കുകളും റോഡുകളും | 511.86 ,, |
| തരിശ് | 276.80 ,, |
| ആകെ | 5093 ഹെക്ടർ |

1995ലെ ജനസംഖ്യാ, ജനസാന്ദ്രതാ ആളോഹരി ഭൂമി

| വീടുകൾ | ജനസംഖ്യ | ജനസാന്ദ്രത | ആളോഹരി ഭൂമി |
|---|---|---|---|
| 5073 | 32087 | 653 | 0.15 ഹെക്ടർ |

# നിലവിലുള്ള കൃഷിയുടെ അവസ്ഥ

**നെൽകൃഷി**

1970 കൾക്കുശേഷം രാസവളത്തിൻെറ ഉപയോഗത്തെ സംബന്ധിച്ച് കർഷകർക്കിടയിൽ പ്രചാരണം ലഭിച്ചതോടെ കാര്യമായ മാറ്റങ്ങൾ വന്നു. ശാസ്ത്രീയമായ കൃഷിരീതികളെ സംബന്ധിച്ച് കർഷകർക്ക് ബോധവൽക്കരണം ലഭിച്ചു തുടങ്ങിയതോടെ ആധുനിക കൃഷിരീതികൾ വ്യാപകമാവുകയും പുതിയ ഇനങ്ങളായ ജ്യോതി, അന്നപൂർണ്ണ, ത്രിവേണി, ഐ ആർ എട്ട് എന്നീ വിത്തിനങ്ങളുടെ ഉപയോഗം ബോധ്യപ്പെടുകയും ചെയ്തു. എന്നാൽ ഏട്ടാം പദ്ധതിയുടെ അവസാനമായപ്പോഴേക്കും കർഷകർക്ക് പുതിയ വിത്തിനങ്ങളോട് താൽപര്യക്കുറവ് വന്നു. ഇപ്പോൾ 60% ത്തോളം കർഷകരും നാടൻ വിത്തിനങ്ങൾ ഉപയോഗിക്കുന്നതിനാണ് താൽപര്യം കാണിക്കുന്നത്. ആധുനിക കൃഷിസമ്പ്രദായങ്ങളിലൂടെ നെൽകൃഷിയുടെ ഉൽപാദനക്ഷമത കൂടിയിട്ടുണ്ടെങ്കിലും നെൽകൃഷിയുടെ വിസ്തീർണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ തൊഴിലാളികളുടെ എണ്ണക്കുറവും കാർഷികമേഖലയിലേക്ക് പുതിയ തലമുറ കടന്നുവരാതെ മറ്റു അധികവരുമാനം കാണുന്ന തൊഴിലിലേക്കുള്ള ആകർഷണവും പുതിയ തലമുറയുടെ ഗൾഫ്മേഖലയിലേക്കുള്ള ആകർഷണവും നിലവിലുള്ള നെൽവയലുകളിൽ ആധുനികവീടുകൾ നിർമ്മിക്കുക, മറ്റു വരുമാനം കൂടിയ തെങ്ങ്, കമുക്, തുടങ്ങിയ നാണ്യവിളകൾ കൃഷിചെയ്യുന്നതിൽ കർഷകർക്കുള്ള താൽപര്യവും ഇതിനുള്ള കാരണങ്ങളായി കാണുന്നു. ഇതിന്നാധാരമായ വിവരങ്ങൾ താഴെപട്ടികയിൽ ശ്രദ്ധിക്കുക.

പട്ടിക - 4

| | |
|---|---|
| വില്ലേജ് രേഖകൾപ്രകാരം മൊത്തം നെൽവയലുകളുടെ വിസ്തീർണ്ണം | 577 ഹെക്ടർ |
| നെൽകൃഷിചെയ്യുന്ന സ്ഥലം | 300 ,, |
| വയലിൽ വാഴ, കപ്പ എന്നിവ കൃഷിചെയ്യുന്ന സ്ഥലവിസ്തീർണ്ണം | 120 ,, |
| തെങ്ങ്, കമുക് എന്നിവക്കായി സ്ഥിരമായി മാറ്റപ്പെട്ട വയലുകളുടെ വിസ്തീർണ്ണം | 157 ,, |
| ആകെ | 577 ഹെക്ടർ |

നിലവിലുള്ള 300 ഹെക്ടർ നെൽവയലിൽ പ്രധാനമായും ഒന്നും രണ്ടും വിളകളായാണ് നെൽകൃഷിചെയതുകൊണ്ടിരിക്കുന്നത്. ജലസേചനത്തിൻെറയും ജല ലഭ്യതയുടെയും കുറവുകാരണം 10 ഹെക്ടർ മാത്രമാണ് മൂന്നാംവിള കൃഷിചെയ്യുന്നത്. ഒന്നും രണ്ടും മൂന്നും വിളകളായി മൊത്തം 475 ഹെക്ടർ നെൽകൃഷി ചെയ്തുകൊണ്ടിരിക്കുന്നു. ഇതിന്നാധാരമായ പട്ടിക താഴെ ചേർക്കുന്നു.

| | |
|---|---|
| നിലവിലുള്ള കൃഷിഏരിയ | 300 ഹെക്ടർ |
| ഒന്നാംവിള | 175 ,, |
| രണ്ടാംവിള | 290 ,, |
| മൂന്നാംവിള | ,, |
| ആകെ | 475 ഹെക്ടർ |

രാസവളപ്രയോഗത്തിന്റെ ഉപയോഗം മൊത്തത്തിൽ വർദ്ധിച്ചിട്ടുണ്ടെങ്കിലും നെൽകൃഷിയിൽ ഈ വളപ്രയോഗം വേണ്ടതോതിലല്ല. ജൈവ വളപ്രയോഗം ഉണ്ടെങ്കിലും ആവശ്യാനുസരണം ഉപയോഗിച്ചുകാണുന്നില്ല.

മേൽപട്ടികയിൽ പറഞ്ഞ നെൽവയലുകളിൽ നെൽകൃഷിയുടെ വികസനത്തിനായി ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം അവലംബിച്ചുവെങ്കിലും അത് വേണ്ടതോതിൽ വിജയപ്രദമല്ല. ഇതിനുള്ള പ്രധാന കാരണങ്ങളിൽ ഒന്ന് ഗ്രൂപ്പ്ഫാമിങ്ങിന്റെ വിപുലമായ പ്രയോജനത്തെ സംബന്ധിച്ച് കർഷകർ ബോധവാന്മാരല്ല എന്നതാണ്.

മേൽപറഞ്ഞ വയലുകളുടെയും നെൽകൃഷിയുടെയും വികസന പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിൽ ഇപ്പോൾ നിലവിൽ നാലു പാടശേഖര സമിതികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

പട്ടിക – 5

| പാടശേഖരസമിതിയുടെ പേര് | ഏരിയ | ഉൾക്കൊള്ളുന്ന വാർഡുകൾ |
|---|---|---|
| പത്തപ്പിരിയം പാടശേഖര സമിതി | 140 ഹെക്ടർ | 10–12 |
| തുവ്വക്കാട് പാടശേഖരസമിതി | 50 ഹെക്ടർ | 6–7–8–9 |
| ഒതായി ചാത്തല്ലൂർ പാടശേഖര സമിതി | 60 ഹെക്ടർ | 1–2–3 |
| ചളിപ്പാടം പാടശേഖര സമതി | 50 ഹെക്ടർ | 4–11 |

ഈ പാടശേഖരസമതികളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ മാത്രമായി പ്രവർത്തനം ചുരുങ്ങിപ്പോകുന്നു. നൂതന ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിലും കൃഷിക്കാർക്കിടയിൽ കൂട്ടായ്മ വളർത്തിയെടുക്കുന്നതിലും ഇനിയും പാടശേഖര സമിതികൾ വളരെയേറെ മുന്നേറേണ്ടതായിട്ടുണ്ട്. എന്നാൽ ഇതിൽ അൽപമൊക്കെ ഭേദമായി പ്രവർത്തിക്കുന്നത് പത്തപ്പിരിയം പാടശേഖരസമിതിയാണ്.

## തെങ്ങ്

തെങ്ങുകൃഷിയിൽ എട്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് കാര്യമായ വർധനവ് കാണുന്നില്ല. ഇതിനു കാരണം കേരോൽപ്പന്നങ്ങളുടെ വിലയിടിവും വിലയിലുള്ള അസ്ഥിരതയുമാണ്. തെങ്ങുകൃഷി ഇപ്പോഴും ചിന്നിച്ചിതറിക്കിടക്കുന്ന പരമ്പരാഗത പുരയിടകൃഷിയാണ്. ശാസ്ത്രീയമായ കൃഷിപരിചരണത്തിന്റെ അഭാവവും, ജലസേചനസൗകര്യത്തിനുള്ള കുറവും തെങ്ങുകൃഷിവ്യാപനത്തിനുള്ള തടസ്സമായി നിൽക്കുന്നു. തന്മൂലം തെങ്ങുകൃഷിയുടെ ഉൽപ്പാദനക്ഷമതയിലും കാര്യമായ വർധനവ് ഉണ്ടാവുന്നില്ല. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ തെങ്ങ്കൃഷിയുടെ ഉൽപ്പാദനക്ഷമത ഹെക്ടറിൽ 5460ൽനിന്ന് 5850 വരെ ഉയർന്നുകാണുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ജലസേചനസൗകര്യങ്ങൾ കൂട്ടുന്നതിനായി കൃഷിവകുപ്പിന്റെ കീഴിൽ കിണർ, പമ്പുസെറ്റ്, ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിങ്ങ്ളർ എന്നിവക്ക് ആവശ്യാനുസരണ സഹായധനങ്ങൾ നൽകുന്നതിനാൽ ഉൽപ്പാദനക്ഷമതയിൽ വർദധനവും പ്രതീക്ഷിക്കാവുന്നതാണ്. ജലസേചന സൗകര്യങ്ങൾക്ക് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ കൃഷിഭവൻ മുഖേന നടപ്പാക്കിയ പദ്ധതികൾ താഴെ ചേർക്കുന്നു.

| വർഷം | കിണർ | പമ്പ്സെറ്റ് | ഡ്രിപ്പ് |
|---|---|---|---|
| 1994–95 | 30 | 29 | ഇല്ല |
| 95–96 | 54 | 57 | 4–ഹെ. |

## റബ്ബർ

1980 കൾക്കുശേഷമാണ് പഞ്ചായത്തിൽ റബ്ബർകൃഷി വ്യാപകമാകാൻ തുടങ്ങിയത്. ആരംഭത്തിൽ കർഷകർ വിമുഖതയോടെയായിരുന്നു ഈ കൃഷി ആരംഭിച്ചതെങ്കിലും ഇപ്പോൾ റബ്ബർകൃഷി ഏരിയയിലുള്ള ഗണ്യമായ വർദ്ധനവ് കാണുമ്പോൾ ഈ മേഖലയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കുന്നു എന്നു കാണാം. റബ്ബർകൃഷി സാമ്പത്തികമായി ലാഭകരമാണെന്നതും ഈ രംഗത്തേക്ക് കൂടുതൽ കർഷകരെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ റബ്ബർകൃഷി കേന്ദ്രീകരിച്ചിരിക്കുന്നത് ചാത്തല്ലൂർ മേഖലയിലാണ്. ഇവിടെ ഉൽപ്പാദനക്ഷമത ഹെക്ടറിൽ 3000 കിലോ വരെ കാണുന്നുവെങ്കിലും പഞ്ചായത്തിന്റെ ശരാശരി ഉൽപ്പാദനം 2500 കിലോഗ്രാമാണ്. റബ്ബർകൃഷി കൂടുതൽ വ്യാപിക്കുന്നതിന്നും ഉൽപ്പാദനക്ഷമത കൂടുന്നതിനും ശാസ്ത്രീയകൃഷി, വളപ്രയോഗം എന്നിവയെക്കുറിച്ചൊക്കെ കർഷകർക്കിടയിൽ കൂടുതലായി ബോധവൽകരണം നടത്തുന്നതിനായി റബ്ബർബോഡിന്റെ ഉപദേശനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പഞ്ചായത്തിൽ രണ്ട് റബ്ബർ ഉൽപ്പാദകസംഘങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എങ്കിലും റബ്ബർ നടീൽവസ്തുക്കളുടെ ലഭ്യതക്കുറവ് ഈ മേഖലയിലെ കർഷകരെ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്.

## കശുമാവ്കൃഷി

കശുമാവ്കൃഷി ചെയ്തിരുന്ന സ്ഥലങ്ങൾ റബ്ബർതോട്ടങ്ങളായി മാറിക്കൊണ്ടിരിക്കുന്നതിനാൽ കശുമാവ്കൃഷിയുടെ വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. എട്ടാം പദ്ധതിയുടെ ആരംഭത്തിൽ 300 ഹെക്ടറോളം ഉണ്ടായിരുന്ന കശുമാവ്കൃഷി ഇപ്പോൾ 194 ഹെക്ടറായി കുറഞ്ഞിരിക്കുന്നുവെങ്കിലും ഉൽപ്പാദനക്ഷമതയിൽ നേരിയ വർദ്ധനവ് കാണുന്നുണ്ട്. കശുമാവ്കൃഷിയിൽ പരമ്പരാഗതരീതികളാണ് ഇപ്പോഴും തുടരുന്നത്. മേൽതരം നടീൽ വസ്തുക്കളോ സംരക്ഷണ രീതികളോ അവലംബിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ മലമ്പ്രദേശങ്ങളിലും കുന്നിൽപ്രദേശങ്ങളിലുമായി 511 ഹെക്ടറോളം തരിശുഭൂമി ഉള്ളതിനാൽ അവിടങ്ങളിൽ കശുമാവ്കൃഷി വ്യാപനത്തിന് സാധ്യതയുണ്ട്.

## കമുക്കൃഷി

അടക്കക്ക് അൽപകാലമായി മെച്ചപ്പെട്ട വില ലഭിക്കുന്നതിനാൽ കമുക്കൃഷിക്ക് കൃഷിക്കാരിൽ താൽപര്യം കൂടി വരുന്നു. നെൽകൃഷി അനാകർഷകമായതിനാൽ നെൽവയലുകളിലേക്ക് കമുക്കൃഷി വ്യാപിക്കുന്ന പ്രവണതയുണ്ട്. എട്ടാംപദ്ധതി ആരംഭത്തിൽ 150 ഹെക്ടർ സ്ഥലത്ത് ഉണ്ടായിരുന്ന കമുക്കൃഷി 180 ഹെക്ടറായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഉൽപ്പാദനക്ഷമതയിലും ഉൽപ്പാദനത്തിലും വർദ്ധനവ് രേഖപ്പെടുത്തുന്നുണ്ട്. സംസ്ഥാന ശരാശരിയേക്കാൾ അൽപം ഉയർന്ന ഉൽപ്പാനനക്ഷമതയാണ് നമ്മുടെ പഞ്ചായത്തിലു[illegible]്. ആദ്യകാലംതൊട്ടുതന്നെ ചാലിയാർപുഴയുടെ തീരപ്രദേശങ്ങളിൽ മുണ്ടേങ്ങര, കൊളപ്പാട്, ഒതായി, പന്നിപ്പാറ എന്നിവിടങ്ങളിൽ കമുക്കൃഷി പരമ്പരാഗതമായി ചെയ്തുവന്നിരുന്നു. മെച്ചപ്പെട്ട നടീൽവസ്തുക്കൾ ഇപ്പോൾ കൃഷിചെയ്തുവരുന്നുണ്ട്.

## കുരുമുളക്കൃഷി

കുരുമുളക്തോട്ടങ്ങളായി നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല. പുരയിടങ്ങളിലെ വൃക്ഷങ്ങളിൽ പരമ്പരാഗതമായി കൃഷിചെയ്തുവരുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. 25 ഹെക്ടറിൽ കുരുമുളക്കൃഷി ഉണ്ടായിരുന്നത് 20 ഹെക്ടറായി ചുരുങ്ങിയിട്ടുണ്ട്. ഇടക്കാലത്ത് രൂക്ഷമായ ദ്രുതവാട്ടരോഗം വേണ്ടവിധം നിയന്ത്രിക്കാൻ കഴിയാതെപോയതാണ് ഇതിനുള്ള കാരണം. കുരുമുളക്കൃഷി പുനരുദ്ധാരണത്തിനുള്ള പദ്ധതി കൃഷിഭവൻവഴി നടപ്പിലാക്കുന്നുണ്ടെങ്കിലും ഇത് അപര്യാപ്തമാണ്.

## പച്ചക്കറികൃഷി

പച്ചക്കറികൃഷിയിൽ സമീപകാലങ്ങളിൽ കൃഷിക്കാർക്ക് താൽപര്യം വർദ്ധിച്ചുവരുന്നുണ്ട്. പച്ചക്കറികൃഷിചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിച്ചിട്ടുണ്ട്. മെച്ചപ്പെട്ട വിത്തിനങ്ങളും ജലസേചന സൗകര്യങ്ങളും ലഭ്യമായാൽ ഈ രംഗത്ത് നേട്ടമുണ്ടാക്കാൻ കഴിയും. വിപണമേഖലയിലാണ് ഇപ്പോൾ പ്രധാനപ്രശ്നം നിലനിൽക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ കോഴിക്കോട്, മഞ്ചേരി, അരീക്കോട് എന്നിവിടങ്ങളിലെ മാർക്കറ്റുകളിലാണ് വിറ്റഴിക്കുന്നത്. പഞ്ചായത്തടിസ്ഥാനത്തിൽ പച്ചക്കറി വിപണനത്തിന് സംവിധാനമുണ്ടാക്കിയാൽ കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കാൻ സാധിക്കും. സ്വന്തം വീട്ടാവശ്യത്തിന് പച്ചക്കറി കൃഷിചെയ്തുവന്നിരുന്ന പ്രവണത ഇപ്പോൾ കുറഞ്ഞുവരുന്നുണ്ട്. ഈ പ്രവണതക്ക് മാറ്റംവരുത്തേണ്ടതുണ്ട്.

## വാഴക്കൃഷി

പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഹ്രസ്വകാല വിളയാണ് വാഴക്കൃഷി. വാഴകൃഷിയുടെ വിസ്തൃതിയും ഉൽപാദനവും വർദ്ധിച്ചുവരുന്നുണ്ട്. ഒരു ഇടവിള എന്ന നിലയിൽ വാഴക്കൃഷിക്ക് മികച്ച സാധ്യതയുണ്ട്. മാർക്കറ്റിങ്ങ്തന്നെയാണ് വാഴകൃഷിയും നേരിടുന്ന പ്രധാന പ്രശ്നം. പ്രകൃതിക്ഷോഭത്തിൽ ഏറ്റവും അധികം നഷ്ടം അപ്രതീക്ഷിതമായി സംഭവിക്കുന്നത് വാഴകൃഷിയിലാണ്. ഇതിനുപരിഹാരമായി നിലവിലുള്ള വിള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കേണ്ടിയിരിക്കുന്നു.

## കൈതച്ചക്ക

സമീപവർഷങ്ങളിലായി കൈതച്ചക്ക പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ ശാസ്ത്രീയമായി കൃഷിചെയ്തുവരുന്നുണ്ട്. തെങ്ങിൻതോപ്പുകളിലും റബ്ബർകൃഷിയിടങ്ങളിൽ ആരംഭത്തിലും ഇടവിളയായി കൈതച്ചക്കകൃഷി പ്രോൽസാഹിപ്പിക്കേണ്ടതാണ്.



### പട്ടിക – 7
നിലവിലുള്ള വിളക്രമം ഹെക്ടറിൽ

| വിളകൾ | വർഷം 93–94 | 94–95 | 95–96 |
|---|---|---|---|
| റബ്ബർ | 740 | 870 | 1060 |
| തെങ്ങ് | 627 | 632 | 640 |
| കമുക് | 166 | 171 | 180 |
| കശുമാവ് | 230 | 210 | 194 |
| നെല്ല് (3 വിളയും ഉൾപ്പെടെ) | 495 | 485 | 475 |
| കുരുമുളക് | 25 | 22 | 20 |
| വാഴ | 165 | 175 | 180 |
| പച്ചക്കറികൾ | 20 | 22 | 25 |
| വൃക്ഷവിളകൾ | 20 | 18 | 17 |
| ഇഞ്ചി | 25 | 22 | 2 |

### പട്ടിക – 8
ഉൽപാദനക്ഷമത ഹെക്ടറിൽ

| വിളകൾ | വർഷം 93–94 | 94–95 | 95–96 |
|---|---|---|---|
| റബ്ബർ | 2150 | 2640 | 3000 കി.ഗ്രാം. |
| നെല്ല് | 1350 | 2040 | 2160 |
| തെങ്ങ് | 5460 എണ്ണം | 5550 | 5850 |
| കമുക് | 196000 എണ്ണം | 20700 | 214000 |
| കശുമാവ് | 640 | 760 | 830 |
| കുരുമുളക് | 300 | 4120 | 4600 |
| പച്ചക്കറികൾ | 3560 | 4120 | 4600 |
| മരച്ചീനി | 7060 | 7200 | 7650 |

(അവലംബം: കൃഷിഭവൻ രേഖകൾ)

## മണ്ണിൻെറ സ്വഭാവം

പഞ്ചായത്തിൽ പ്രധാനമായും വെട്ടുകൽ (ലാറ്ററൈറ്റ്) മണ്ണാണ്. മലയോരപ്രദേശങ്ങളിൽ വനമണ്ണും പുഴയോരങ്ങളിൽ അലൂവിയൽ മണ്ണും കാണപ്പെടുന്നു. വെട്ടുകൽ മണ്ണിൽ ശരാശരി 5.3 അലൂവിയൽ സോയിൽ 4.8–ഉം വനമണ്ണിൽ 5.9–ഉം പഞ്ചായത്തിലെ മണ്ണിൻെറ പി. എച്ച്. കാണപ്പെടുന്നു. അമ്ലത്വം കൂടുതലായ ഈ മണ്ണിൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ആവശ്യാനുസരണം കുമ്മായവസ്തുക്കൾ ചേർക്കേണ്ടിയിരിക്കുന്നു. ഓരോ വിളകൾക്കും ആവശ്യമായ ഈ പ്രയോഗം നടത്തുന്നതിന് കർഷകരെ ഇനിയും ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ കൃഷിഭവനുകളിൽ മണ്ണ് പരിശോധനക്ക് ടാർജറ്റ് നൽകുകയാണ്. ഇതുമൂലം കർഷകരിൽ നിർബന്ധംചെലുത്തേണ്ടിവരുന്നു. മാത്രവുമല്ല, നിർദ്ദേശാനുസരണം വളപ്രയോഗം നടത്തുന്നതിൽ വിമുഖത കാണിക്കുന്ന കർഷകരെ മണ്ണ് പരിശോധനയുടെ പ്രയോജനത്തെപ്പറ്റി കർഷകരെ ബോധവൽക്കരിക്കുകയും സംഭരിക്കുന്ന മണ്ണ് പരിശോധനാ ലാബുകൾ വഴി അപ്പപ്പോൾ പരിശോധന നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## രാസവള വിതരണം

നിലവിൽ പഞ്ചായത്തിൽ നാല് രാസവള വിൽപനശാലകളും മൂന്ന് കീടനാശിനി വിതരണ കേന്ദ്രങ്ങളുമാണുള്ളത്. ഇവ മുഴുവൻ സ്വകാര്യമേഖലയിലാണ്. എടവണ്ണ സർവ്വീസ് സഹകരണ ബാങ്കിന് നേരത്തെ വളവിൽപ്പനക്ക് ലൈസൻസ് ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ നിലവിലില്ല. സർവ്വീസ് സഹകരണ സംഘങ്ങൾ കൂടി ഈ രംഗത്തേക്ക് സജീവമായി കടന്നുവരേണ്ടിയിരിക്കുന്നു. പ്രതിവർഷം നമ്മുടെ പഞ്ചായത്തിൽ 740 ടൺ രാസവളവും 2640 ലിറ്റർ ദ്രവകീടനാശിനികളും 1610 കിലോ ഖരകീടനാശിനികളും ഉപയോഗിക്കുന്നു. ഭക്ഷ്യവിളകളെ അപേക്ഷിച്ച് നാണ്യവിളകൾക്ക് പ്രത്യേകിച്ചും റബ്ബറിനും വാഴക്കും കൂടുതൽ രാസവളങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ശാസ്ത്രീയ വിള കീടനാശിനപ്രയോഗം അവലംബിക്കാത്തതുകൊണ്ട് മണ്ണിനും പരിസ്ഥിതിക്കും നാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ മേഖലയിൽ ശരിയായ ബോധവൽക്കരണം ആവശ്യമാണ്.

## ജൈവവളപ്രയോഗം

പരമ്പരാഗതമായി ജൈവളപ്രയോഗം നിലവിലുണ്ടെങ്കിലും ശാസ്ത്രീയമായ രീതിയിൽ ആവശ്യാനുസരണം ജൈവവളപ്രയോഗം ഇപ്പോൾ നടക്കുന്നില്ല. ജൈവവളങ്ങളുടെ ലഭ്യതയിലുള്ള കുറവും വമ്പിച്ച കൂലിച്ചെലവും ഇതിന് ഒരു കാരണമാണ്. പച്ചിലവളത്തിൻെറയും ജീവാണുവളത്തിൻെറയും മണ്ണിരകമ്പോസ്റ്റിൻെറയും കാലിവളത്തിൻെറയും ഉപയോഗത്തെ സംബന്ധിച്ച് ഈ മേഖലയിൽ ബോധവൽക്കരണവും പ്രോത്സാഹനങ്ങവും ആവശ്യമാണ്. കന്നുകാലി വളർത്തൽ, കോഴിവളർത്തൽ മുതലായവ നിർബന്ധമായും കാർഷികമേഖലയുമായി ബന്ധപ്പെടുത്തേണ്ടതാണ്. ഒരു സന്തുലിതരാസവള ജൈവവളപ്രയോഗരീതി കർഷകർ അവലംബിക്കേണ്ടിയിരിക്കുന്നു.

## വായ്പാസൗകര്യങ്ങൾ

വായ്പാരംഗത്ത് കർഷകർക്ക് ആശ്രയിക്കാൻ പ്രധാനമായും നാല് ബാങ്കുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഈ രംഗത്ത് സൗത്ത് മലബാർ ഗ്രാമീണബാങ്കിൻെറ സേവനം സ്തുത്യർഹമാണ്. മറ്റു ബാങ്കുകളും സാധാരണ കർഷകരെ സഹായിക്കുന്നതിൽ ഇനിയും മുന്നോട്ട് വരേണ്ടിയിരിക്കുന്നു.

## ബാങ്കുകൾ

1) സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്.
2) എടവണ്ണ സർവ്വീസ് സഹകരണ ബാങ്ക്.
3) ഫെഡറൽ ബാങ്ക്.
4) കനറാ ബാങ്ക്.

കഴിഞ്ഞ വർഷം നൽകിയ വായ്പ : 44.39 ലക്ഷം.

## ജലസേചനം

പഞ്ചായത്തിൽ ചാലിയാർ പുഴ, വെള്ളം ലഭ്യമാകുന്ന ധാരാളം തോടുകൾ, ചോലകൾ, പഴയ കുളങ്ങൾ എന്നിവയുണ്ടെങ്കിലും ഇവയെ ശരിയായി ഉപയോഗപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യാത്തതുകൊണ്ട് ഇപ്പോൾ 80% കൃഷിയും മഴയെ ആശ്രയിച്ചാണ് നടത്തപ്പെടുന്നത്. പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തുകൂടി ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഒഴുകിക്കൊണ്ടിരിക്കുന്ന ചാലിയാർ പുഴ ഒരു വലിയ ജലസ്രോതസ്സാണ്. ഇതിലേക്ക് ചേരുന്ന എരഞ്ഞിത്തോട്, കേലേംതോട്, എടവണ്ണ വലിയതോട്, പത്തപ്പിരിയം തോട്, തുവ്വക്കാട്തോട് എന്നിവയും മറ്റു ഉപതോടുകളും ജലമേഖലയെ സമ്പുഷ്ടമാക്കുന്നു. കൂടാതെ പഞ്ചായത്തിൽ പൊതുകുളങ്ങളടക്കം 105 കുളങ്ങളുമുണ്ട്. മലയോരങ്ങളിൽ ചോലവെള്ളവും ലഭ്യമാണ്. ചാലിയാർ പുഴയിൽ ലിഫ്റ്റ് ഇറിഗേഷനുകൾ സ്ഥാപിച്ചും തോടുകളിലും ചോലകളിലും തടയണകൾ കെട്ടിയും പഴയ കുളങ്ങളും കിണറുകളും പുനരുദ്ധരിച്ചും പുതിയവ നിർമ്മിച്ചും അനുഗ്രഹീതമായ ഈ ജലസമ്പത്ത് പരമാവധി ഉപയോഗപ്പെടുത്തിയാൽ നമ്മുടെ കാർഷികരംഗത്തിൻെറ മുഖഛായ തന്നെ മാറ്റിയെടുക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ നിലവിൽ ആറ് വി. സി. ബി.കളാണ് ഉള്ളത്. മുണ്ടേങ്ങര ലിഫ്റ്റ് ഇറിഗേഷൻ നിർമ്മാണ പ്രവർത്തനം കഴിഞ്ഞുവെങ്കിലും ഇതേവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. 3 വി. സി. ബി.കളുടെ ടെണ്ടറും 4 വി. സി. ബി.കളുടെ എസ്റ്റിമേറ്റും നടന്നുകഴിഞ്ഞു. ഇനിയും ഈ മേഖലകളിൽ ധാരാളം പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

പഞ്ചായത്തിലെ പ്രധാന വിളകളായിട്ടുള്ള നെല്ല്, തെങ്ങ്, കമുക്, പച്ചക്കറി, മറ്റു ഹ്രസ്വകാലവിളകൾ എന്നിവക്കാണ് ജലദൗർലഭ്യം പ്രധാനമായും ബാധിക്കുന്നത്. പഞ്ചായത്തിലെ മൊത്തം നെൽകൃഷിയും ജലസേചനസൗകര്യമില്ലാത്തതിനാൽ ഒരുപൂ കൃഷി മാത്രമാണ് ചെയ്യുന്നത്. രണ്ടാംവിള കൃഷിക്ക് ആവശ്യത്തിന് വെള്ളം കിട്ടാതെ വിഷമിക്കുന്നുണ്ട്. പച്ചക്കറികൃഷിയുടെ വ്യാപനത്തിനും ജലദൗർലഭ്യം പ്രധാന തടസ്സമാണ്.

## നിലവിലുള്ള ചെറുകിട ജലസേചന സൗകര്യങ്ങൾ

### പൂർത്തീകരിച്ചത്:

| | വി.സി.ബി.യുടെപേര് | വർഷം | പ്രയോജനം ലഭിക്കുന്ന ഏരിയ |
|---|---|---|---|
| 1. | പട്ടരാൻ വി.സി.ബി. കം ബ്രിഡ്ജ് | 1988 | 20 ഹെക്ടർ |
| 2. | മണ്ണാത്തിപ്പാറ വി.സി.ബി. | – | 20 ഹെക്ടർ |
| 3. | പാറക്കൽ വി.സി.ബി. | 1991 | 15 ഹെക്ടർ |
| 4. | കിഴ്ക്കല്ല് വി.സി.ബി. | – | 20 ഹെക്ടർ |
| 5. | ചേമ്പുംകണ്ടി വി.സി.ബി. കം ബ്രിഡ്ജ് | – | 30 ഹെക്ടർ |
| 6. | മുണ്ടേങ്ങര ലിഫ്റ്റ് ഇറിഗേഷൻ | 1988-90 | 50 ഹെക്ടർ |

### ടെണ്ടർ കഴിഞ്ഞത്

1) പാല്പ്പെറ്റ മഞ്ചേരികുന്ന് വലിയകുളം.
2) ഏഴംകളരി കൈതക്കുളം.
3) ആര്യൻതൊടിക കമ്പനിതോട് വി. സി. ബി.

### എസ്റ്റിമേറ്റ് എടുത്തത്

1) പള്ളിമുക്ക് മണ്ണാറക്കൽതോട് വി.സി.ബി.
2) കടുങ്ങൻകുഴി വി. സി. ബി.
3) വി. സി. ബി.
4) അരിമംഗലം വി. സി. ബി.

(അവലംബം: ചെറുകിട ജലസേചന വകുപ്പ്, എ. ഇ. ഒ. ഓഫീസ്, മഞ്ചേരി)

പഞ്ചായത്തിലെ വാർഷിക വർഷപാതം

| | |
|---|---|
| 1987-88 | 741 മി.മീ. |
| 1988-89 | 2260 ,, |
| 1989-90 | 2670 ,, |
| 1990-91 | 2599 ,, |
| 1991-92 | 2818 ,, |
| 1992-93 | 2910 ,, |
| 1993-94 | 3100 ,, |
| 1994-95 | 3360 ,, |

### കാർഷകോപകരണങ്ങൾ

പഞ്ചായത്തിൽ വൈദ്യുതി, മണ്ണെണ്ണ, ഡീസൽ എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന മുന്നൂറോളം ജലസേചന പമ്പുസെറ്റുകളുണ്ട്. 72 റോക്കർ സ്പ്രെയറുകളും 94 നാപ്സാക് സ്പ്രെയറുകളും അഞ്ച് ട്രാക്ടറുകളുമുണ്ട്. കാർഷിക മേഖലയിൽ ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യത്തിൽ യന്ത്രവൽക്കരണത്തിൽ നാം പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടിയിരിക്കുന്നു. ട്രാക്ടറുകൾ, ടില്ലറുകൾ, മെതിയന്ത്രം, കൊയ്ത്തുയന്ത്രം, പവർസ്പ്രയറുകൾ എന്നിവയുടെ ഉപയോഗം വഴി ഈ രംഗത്തെ തൊഴിലാളികളുടെ കുറവുമൂലം അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്. കൃഷിഭവൻ വഴി പാടശേഖരസമിതികൾക്ക് 50% സബ്സിഡി നിരക്കിൽ കാർഷികോപകരണങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയിപ്പോൾ നിലവിലുണ്ട്.

### കൃഷിഭവൻ

നമ്മുടെ പഞ്ചായത്തിൽ 1987 മുതൽ കൃഷിഭവൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. മൂന്ന് കൃഷി അസിസ്റ്റൻറ്മാരും ഒരു കൃഷി ഓഫീസറുമാണ് കൃഷിഭവനിൽ ജോലിചെയ്യുന്നത്. എല്ലാവർക്കും എത്തിപ്പെടാവുന്ന വിധം പഞ്ചായ

ത്തിൻെറ ഏകദേശം മദ്ധ്യഭാഗത്ത് തന്നെ ഓഫീസ് പ്രവർത്തിക്കുന്നു. കൃഷിഭവൻ വഴി നടത്തപ്പെടുന്ന പദ്ധതികൾ കർഷകർ അറിയുന്നില്ലെന്നും പദ്ധതിയുടെ ആനുകൂല്യങ്ങൾ പലർക്കും ലഭിക്കാതെപോകുന്നുവെന്നും പരാതികൾ ഉണ്ടാകാറുണ്ട്. കൃഷിഭവനുകൾ വഴി അനുവദിക്കുന്ന ആനുകൂല്യങ്ങളുടെ അളവും ആനുകൂല്യങ്ങൾ ആവശ്യമായ കർഷകരുടെ എണ്ണവും തമ്മിലുള്ള വലിയ അന്തരം ഒരു പരിധിവരെ ഇതിന് കാരണമാണെന്ന് പറയാം. കൃഷിഭവൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൽ ഉദ്യോഗസ്ഥരും കൃഷിഭവൻെറ സേവനം ഉപയോഗപ്പെടുത്തുന്നതിൽ കർഷകരും ഉണർന്നു പ്രവർത്തിച്ചാൽ സർക്കാരിൽനിന്നും കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയും.

എട്ടാം പദ്ധതികാലങ്ങളിൽ കൃഷിഭവൻ വഴി നടത്തിക്കൊണ്ടിരിക്കുന്ന ചില പ്രധാന പദ്ധതികൾ താഴെ കൊടുക്കുന്നു.

1) സമഗ്ര നാളികേര വികസന പദ്ധതി പ്രകാരം കിണർ, പമ്പുസെറ്റ് എന്നിവക്ക് 2500 രൂപ വീതവും റോക്കർ സ്പ്രെയർ, തെങ്ങുകയറ്റ യന്ത്രം എന്നിവക്ക് യഥാക്രമം 1000 രൂപയും 500 രൂപ വീതവും ധനസഹായം നൽകുന്നുണ്ട്.

2) നെൽകൃഷിക്ക് ഹെക്ടറിന് 250 രൂപ ഉൽപാദനബോണസ് കൊടുക്കുന്നുണ്ട്.

3) കശുമാവ് കൃഷി വികസന പദ്ധതി പ്രകാരം കശുമാവ് ഗ്രാഫ്റ്റുകളും അവ നട്ടുപിടിപ്പിക്കുന്നതിനുള്ള സഹായവും നൽകുന്നുണ്ട്.

4) കശുമാവ് വികസനപദ്ധതി പ്രകാരം കശുമാവ് സംരക്ഷണത്തിന് മരുന്ന് തളിക്കുന്നതിന് നിലവിലുള്ള തോട്ടങ്ങളുടെ ഉൽപാദനക്ഷമത വർദ്ധനവിനുള്ള സഹായം നൽകുന്നുണ്ട്.

5) സമഗ്ര സുഗന്ധവിള വികസനപദ്ധതി പ്രകാരം കുരുമുളക് കൃഷയുടെ വ്യാപനം, പുനരുദ്ധാരണം, പ്രദർശനപ്ലോട്ടുകൾ എന്നിവക്ക് സഹായം ലഭിക്കുന്നുണ്ട്.

6) സമഗ്ര കുരുമുളക് പദ്ധതി പ്രകാരം കമുകിൻെറ മഹാളിരോഗത്തിനെതിരെ മരുന്ന് തളിക്കുന്നതിനുള്ള സഹായം നൽകുന്നു.

7) കാർഷികരംഗത്തെ യന്ത്രവലക്കരണ പദ്ധതി പ്രകാരം പാടശേഖരസമിതികൾക്ക് ട്രാക്ടർ, ടില്ലർ, മെതിയന്ത്രം, കൊയ്ത്തുയന്ത്രം, പവർ സ്പ്രെയർ എന്നിവ 50 ശതമാനം സബ്സിഡി നിരക്കിൽ നൽകുന്നു.

8) ലക്ഷം യുവജനങ്ങൾക്ക് കാർഷികമേഖലയിൽ തൊഴിൽ എന്ന പദ്ധതി പ്രകാരമുള്ള സഹായധനങ്ങൾ നൽകിവരുന്നു.

9) സംസ്ഥാന വിള ഇൻഷൂറൻസ് പദ്ധതി പ്രകാരം 25 വിളകൾ ഇൻഷൂർ ചെയ്യുന്നതിനും നഷ്ടപരിഹാരം ലഭിക്കുന്നതിനുമുള്ള സൗകര്യ ലഭിക്കുന്നു.

10) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം വിള നഷ്ടപ്പെട്ടവർക്കുള്ള ആശ്വാസം നൽകിവരുന്നു.

11) കണികജലസേചന പദ്ധതി പ്രകാരം ഹെക്ടറിന് 50% ധനസഹായം നൽകുന്നുണ്ട്.

(അവലംബം: കൃഷിഭവൻ, എടവണ്ണ)

## പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിലെ പന്ത്രണ്ട് ഗ്രാമസഭകളിൽനിന്നുമായി ഉയർന്നുവന്ന അഭിപ്രായങ്ങളും ദ്വിതീയ വിവരണ ശേഖരണത്തിലൂടെയും പഠനപര്യടനത്തിലൂടെയും ലഭ്യമായ വിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് താഴെ പറയുന്ന പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും വികസനസെമിനാറിൻെറ പരിഗണനക്കായി സമർപ്പിക്കുന്നു.

1) തുണ്ടവൽക്കരിക്കപ്പെട്ട കൃഷിയിടങ്ങളിലാണ് പ്രധാനമായും നമ്മുടെ കൃഷി നടന്നുവരുന്നത്. കൃഷിക്കാർ മഹാഭൂരിപക്ഷവും ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള നാമമാത്ര ചെറുകിട കർഷകരാണ്. ആയതിനാൽ ഈ മേഖലയിൽ നവീന കൃഷി സമ്പ്രദായങ്ങളും യന്ത്രവൽക്കൃത കൃഷിരീതികളും നടപ്പിൽവരുത്താൻ കഴിയുന്നില്ല.

2) അശാസ്ത്രീയമായ രാസവള കീടനാശിനി പ്രയോഗരീതിയും ജൈവവളത്തിൻെറ ഉപയോഗത്തിൽ വന്ന കുറവുംമൂലം അതിവേഗം മണ്ണിൻെറ ഫലഭൂയിഷ്ഠത നഷ്ടമാവുകയും പുതിയ പരിസ്ഥിതിപ്രശ്നങ്ങൾ സംജാതമാകുകയും ചെയ്തുകൊണ്ടിരിക്കുന്നു.

3) കാർഷികമേഖലയിൽ ആവശ്യാനുസരണം തൊഴിലാളികളെ ലഭ്യമല്ലാത്ത സ്ഥിതി നിലനിൽക്കുന്നു.

4) ലഭ്യമായ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്താൻ കഴിയാതെ ഈ മേഖലയിൽ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു.

5) ന്യായമായ വിലയുടെയും മെച്ചപ്പെട്ട പ്രാദേശിക വിപണനസംസ്കരണ സൗകര്യങ്ങളുടെയും അഭാവം കർഷകരെ പ്രതികൂലമായി ബാധിക്കുന്നു.

6) മണ്ണൊലിപ്പ്മൂലം മണ്ണിൻെറ ഫലബൂയിഷ്ഠത നഷ്ടമാകുന്നതും കൃഷിനാശം സംഭവിക്കുന്നതും ആവശ്യമായ മണ്ണ്പരിശോധനാ സൗകര്യങ്ങൾ ഇല്ലാത്തതും ഒരു പ്രധാന പ്രശ്നമാണ്.

7) നൂതനമായ കൃഷിരീതിയെക്കുറിച്ച് കർഷകർക്കിടയിൽ യഥാസമയം ബോധവൽക്കരണപ്രവർത്തനത്തിൻെറ അപര്യാപ്തതയും നിലനിൽക്കുന്നു.

## പരിഹാരനിർദ്ദേശങ്ങൾ

1) പഞ്ചായത്തിലെ മുഖ്യ ജലസ്രോതസ്സായ ചാലിയാർ പുഴക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിൽ തടയണ (ചെക്ക് ഡാം) നിർമ്മിച്ച് പുഴയിലെ ജലവിതാനം ഉയർത്തുക.

2) കുണ്ടുതോട് പിലികണ്ണൻപാറയുടെ ഭാഗത്ത് ചള്ളിപ്പാടം, കുണ്ടുതോട്, അയിന്തൂർ, എഴുകളരി എന്നീ ഭാഗങ്ങളിലെ കൃഷിഭൂമിയെ ലക്ഷ്യമാക്കി ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുക.

3) മുണ്ടേങ്ങര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് വൈദ്യുതി ലഭ്യമാക്കി ഉടൻ കമ്മീഷൻ ചെയ്യുക.

4) ചാത്തല്ലൂർ, ഒതായി ഭാഗങ്ങളെ ലക്ഷ്യമാക്കി ചാലിയാർ പുഴയിൽ അനുയോജ്യമായ സ്ഥലത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

5) ആര്യൻതൊടിക, കല്ലിടുമ്പ്, പാലപ്പറ്റ, പള്ളിമുക്ക് ഭാഗങ്ങളിലേക്ക് പ്രയോഗജനം ലഭിക്കുന്ന രൂപത്തിൽ ചാലിയാർ പുഴയിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആരംഭിക്കുക.

6) എടവണ്ണ പഞ്ചായത്തിലെ 9, 12 വാർഡുകളിലെ കൃഷിക്കാർക്കും സമീപ പഞ്ചായത്തായ തൃക്കലങ്ങോട് പഞ്ചായത്തിലെ കർഷകർക്കും സഹായകമാകുന്ന രൂപത്തിൽ പുത്തൻതോട് സമഗ്ര ജലവിനിയോഗ പദ്ധതി നടപ്പിലാക്കുക.

7) കേലേംതോടിന് ഒതായി, വേരുപാലത്തിന് സമീപം ഒരു വി. സി. ബി. നിർമ്മിക്കുക. കേലേംതോടിന് ചാത്തല്ലൂർ, ചളിമ്പറ്റ ഭാഗത്ത് ഒരു വി. സി. ബി. നിർമ്മിക്കുക.

8) മുണ്ടേങ്ങര മൂന്നാം വാർഡിൽ നടുക്കരമ്പ്, മുതിരോട്ടി എന്നി തോടുകൾക്ക് വി. സി. ബി. നിർമ്മിക്കുക.

10) കുണ്ടുതോട്, എരഞ്ഞിതോടിന് ഒരു വി. സി. ബി. നിർമ്മിക്കുക.

11) ചളിപ്പാടം, കിടക്കൻ തോടിന് ഒരു വി. സി. ബി. നിർമ്മിക്കുക.

12) ചെമ്പക്കുത്ത്, നൈതൽ തോടിന് ഒരു വി. സി. ബി. നിർമ്മിക്കുക.

13) പള്ളിമുക്ക്, മണ്ണാറക്കൽ തോടിന് വി. സി. ബി. നിർമ്മിക്കുക.

## കുളങ്ങൾ

14) ഒന്നാം വാർഡിൽ കിഴക്കനൊടി പാടശേഖരത്തെ ലക്ഷ്യമാക്കി ഒരു പൊതുകുളം നിർമ്മിക്കുക.

15) ഒതായി, തുമ്പെട്ടിച്ചാൽ പട്ടികജാതി കോളനിക്ക് മുകളിലായി സ്ഥിതിചെയ്യുന്ന കൊടുഞ്ചിറക്കുളം പുനരുദ്ധരിക്കുക.

16) ഒതായി, പുത്തൻകുളം പുനരുദ്ധരിക്കുക.

17) ബീമ്പുംകുഴി ഗിരിജൻ കോളനിയിലെ കുളം പുനരുദ്ധാരണം നടത്തുക.

18) നാലാം വാർഡിൽ പുതുവായി പട്ടികജാതി കോളനിയിലെ പൊതുകുളം പുനരുദ്ധരിക്കുക.

19) കുറുക്കേമൂച്ചിയിൽ പൊതുകുളം നിർമ്മിക്കുക.

20) വാർഡ് പതിനൊന്നിലെ പൊന്നാങ്കുന്ന് പൊതുകുളം പുനരുദ്ധരിക്കുക.

21) വാർഡ് 11-ലെ ചെമ്പക്കുത്ത്, ഒറവങ്കോട് കുളം, കരുവാരക്കോട് കുളം, കോരിക്കുളം എന്നിവ പുനരുദ്ധരിക്കുക.

22) താഴെചളിപ്പാടം കുളം പുനരുദ്ധരിക്കുക.

23) വാർഡ് അഞ്ചിലെ വയലൂലിലെ കുളവും, കുണ്ടേങ്ങാടൻ കുളവും, ഒറുവുങ്കുണ്ടും പുനരുദ്ധരിക്കുക.

24) വാർഡ് ആറിൽ കല്ലിടുമ്പ്, ശീലക്കുന്ന് ഭാഗത്ത് പൊതുകുളം നിർമ്മിക്കുക.

25) വാർഡ് ഏഴിൽ പാലപ്പറ്റ, വള്ളിക്കാട് കുളം, അയനിക്കോട് കുളം എന്നിവ പുനരുദ്ധരിക്കുക.

26) വാർഡ് എട്ടിൽ തെക്കുംപുറം കുളം, ചെവിടിക്കുഴി കുളം, പുതിയത്തുകുളം, പള്ളിയാളം കുളം എന്നിവ പുനരുദ്ധരിക്കുക.

27) തുവ്വക്കാട് വാർഡ് ഒമ്പതിൽ ചെറുങ്കുളം പുനരുദ്ധരിക്കുക.

28) വാർഡ് പത്തിൽ വട്ടംകണ്ടം കുളം, കളപ്പുരകുളം, മതിലുംകണ്ടി കുളം, നൂഞ്ഞിയാറ്റിൽ കുളം, ചിറ്ററഞ്ഞിക്കുളം, കണ്ടംകുളങ്ങര കുളം എന്നിവ വികസിപ്പിക്കുക.

29) വാർഡ് 12-ൽ കൈതക്കുളം, വില്ലത്തൂർ കുളം എന്നിവ പുനരുദ്ധരിക്കുക.

## നീർമറിപ്രദേശ വികസനപ്രവർത്തനങ്ങൾ

### (വാട്ടർഷെഡ് ഡവലപ്മെൻറ് പ്രോഗ്രാം)

സമുദ്രനിരപ്പിൽനിന്നും ശരാശരി 45 മീറ്റർ ഉയരത്തിൽ തുടങ്ങി ഏകദേശം 200 മീറ്ററോളം ഉയരത്തിൽ മലമ്പ്രദേശങ്ങളും കുന്നിൻപ്രദേശങ്ങളും താഴ്വരകളും വയലേലകളുമായി സ്ഥിതിചെയ്യുന്ന പ്രദേശമാണ് എടവണ്ണ പഞ്ചായത്ത്. ഭൂഘടനയുടെ സവിശേഷത അനുസരിച്ച് ധാരാളം പ്രകൃതിദത്തമായ നീരുറവകളുള്ള പ്രദേശമാണിത്. മഴക്കാലത്ത് കനത്ത കുത്തിയൊഴുക്കുമൂലം മണ്ണൊലിപ്പ് കൂടുതലാണ്. ആയതുകൊണ്ട് ഈ പഞ്ചായത്തിനെ ഒരു യൂണിറ്റായി പരിഗണിച്ചുകൊണ്ട് ദേശീയ നീർമറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ ഏറ്റവും ഉയരംകൂടിയതും ആദിവാസികൾ താമസിക്കുന്ന പ്രദേശങ്ങളുമായ ചോലാർമല, ഓടണ്ടപ്പാറ, കൊളപ്പാട്, വീമ്പുംകുഴി, കഴുങ്ങിൻചോല, അങ്ങാടിമല എന്നീ പ്രദേശങ്ങളിൽ പ്രകൃതിദത്തമായ ധാരാളം നീരുറവകളും ചോലകളുമുണ്ട്. ഈ ജലസമ്പത്തിനെ ശാസ്ത്രീയമായി സംരക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്താൽ ഈ ഭാഗങ്ങളിലെ കൃഷി, കുടിവെള്ളം, മണ്ണ്സംരക്ഷണം എന്നീ മേഖലകളിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.

കനത്ത മണ്ണൊലിപ്പ് ഭീഷണി നേരിടുന്ന ഈ പ്രദേശത്ത് പുഴ, തോടുകൾ എന്നിവയുടെ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കൽ, കയ്യാല കെട്ടി സംരക്ഷണം, വയലേലകളുടെ പാർശ്വഭാഗങ്ങൾ കെട്ടി സംരക്ഷണം, ആവശ്യമായ ജലനിർഗ

മന മാർഗങ്ങൾ ഉണ്ടാക്കൽ എന്നിവ നടപ്പാക്കേണ്ടതാണ്.

ചാത്തല്ലൂർ, ഒതായി പ്രദേശങ്ങളിലെ കേലേംതോട്, ചാലിയാർ പുഴയുടെ തീരമായ കുണ്ടുതോട്, പള്ളിപ്പടി മോഴിക്കൽപാറ മുതൽ വട്ടപ്പാറ വരെയുള്ള ഭാഗം, മുണ്ടേങ്ങര തലപ്പാറ മുതൽ ചട്ടിപ്പാറ വരെയുള്ള ഭാഗം, ഏഴുകളരിയിൽ ചെറുതോടിൻെറ പാർശ്വഭാഗം കെട്ടി സംരക്ഷിക്കുക എന്നിവ ഈ പ്രവൃത്തിയിൽ പ്രാധാന്യമർഹിക്കുന്നവയാണ്.

പൊതിലാടുകുന്ന്, പാണരുകുന്ന് പട്ടികജാതി കോളനികൾ, ഒതായിയിലെ കൂരിത്തുകുന്ന് എന്നീ ഭാഗങ്ങൾ, കല്ലിടുമ്പ്, ഇരുമ്പുത്താല, പണിക്കരുപള്ള്യാളി, പൊതുവാൻകുന്ന്, കമ്പനിപ്പറമ്പ് ഭാഗം തുടങ്ങിയ സ്ഥലങ്ങളിലെ മണ്ണ്സംരക്ഷണ പ്രവർത്തനങ്ങളും പ്രാധാന്യമർഹിക്കുന്നവയാണ്.

## ഫാം റോഡുകൾ

ഒറ്റപ്പെട്ടുകിടക്കുന്ന കൃഷിയിടങ്ങളെ സംയോജിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങൾ കമ്പോളത്തിലെത്തിക്കുന്നതിനും അസംസ്കൃതവസ്തുക്കൾ കൃഷിയിടങ്ങളിലെത്തിക്കുന്നതിനും ആവശ്യാനുസരണം ഫാം റോഡുകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിർമ്മിക്കേണ്ടതാണ്.

നെൽകൃഷി വികസനത്തിനായി ഒരു വയലേലയെ ഒരു യൂണിറ്റായി പരിഗണിച്ച് കൃഷിക്കാരുടെ കൂട്ടായ്മയിലൂടെ ഒരേയിനം വിത്ത് നടീൽ, സസ്യസമരക്ഷണ മാർഗങ്ങൾ, വളപ്രയോഗം, കൊയ്ത്ത്, മെതി എന്നിവ ഏകീകരിച്ച് നടപ്പിലാക്കിയാൽ കൃഷിച്ചെലവ് ഗണ്യമായി കുറക്കാൻ സാധിക്കുന്നതും ഉൽപാദനം വർദ്ധിപ്പിക്കാവുന്നതുമാണ്.

നടീൽ, കൊയ്ത്ത്, മെതി യന്ത്രങ്ങൾ, ട്രാക്ടർ, ടില്ലർ, പവർസ്പ്രെയർ മുതലായവ കർഷകർക്ക് യഥാസമയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

തെങ്ങിൻതോപ്പുകളിൽ വാഴ, പൈനാപ്പിൾ, പച്ചക്കറി തുടങ്ങിയ ഇടകൃഷികളും ജാതി, ഗ്രാമ്പൂ, കുരുമുളക് തുടങ്ങിയ സുഗന്ധവിളകളും വ്യാപിപ്പിക്കുക.

കൃഷിഭവൻെറയും, റബ്ബർബോർഡിൻെറയും മേൽനോട്ടത്തിൽ മേഖലാ നഴ്സറികൾ ആരംഭിച്ച് മെച്ചപ്പെട്ട നടീൽവസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുക.

കർഷകകുടുംബങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കി കൃഷിവകുപ്പ്, മൃഗസംരക്ഷണവകുപ്പ്, ക്ഷീരവികസനവകുപ്പ്, സാമൂഹ്യവികസന വകുപ്പിൻെറ ഐ. ആർ. ഡി. പി. പദ്ധതികൾ എന്നിവ സമന്വയിപ്പിച്ച് പരീക്ഷണാർത്ഥം ഓരോ വാർഡിലും പത്ത് കുടുംബങ്ങളെ വീതം തെരഞ്ഞെടുത്ത് സംയുക്ത കൃഷിരീതി (Mixed Farming) നടപ്പിലാക്കുക.

ജൈവവളത്തിൻെറ ഉപയോഗവും ഉൽപാദനവും വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി മണ്ണിരകമ്പോസ്റ്റ്, പച്ചിലവളകൃഷിരീതി എന്നിവക്ക് ആവശ്യമായ പ്രോത്സാഹനം നൽകുകയും ജീവാണുവളത്തിൻെറ ഉപയോഗം വ്യാപകമാക്കുകയും ചെയ്യുക. ഇതിനാവശ്യമായ ബോധവൽക്കരണം നടത്തുകയും സമഗ്രസസ്യസംരക്ഷണ മാർഗങ്ങൾ അവലംബിക്കുകയും ചെയ്യുക.

കാർഷികാവശ്യത്തിനുള്ള ഊർജം ലഭിക്കുന്നതിന് പ്രതിസന്ധി നേരിടുന്ന ഈ ഘട്ടത്തിൽ കാറ്റാടിയന്ത്രം (Wind Mill), ബയോഗ്യാസ് പദ്ധതി എന്നിവയെ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ ഉൽപാദിപ്പിക്കുന്നതിനായി വീട്ടമ്മമാർക്ക് അടുക്കളത്തോട്ട നിർമ്മാണവും പ്രദർശനമത്സരവും സംഘടിപ്പിക്കാവുന്നതാണ്.

പഞ്ചായത്തിൽ നിലവിലില്ലാത്ത പൂകൃഷി, കുറ്റിമുല്ല, കൂൺകൃഷി, തേനീച്ചവളർത്തൽ, ഔഷധസസ്യകൃഷി എന്നിവ ആരംഭിക്കുക.

ഇപ്പോൾ തെങ്ങ്കൃഷിക്ക് മാത്രമായുള്ള ജലസേചനകിണറുകൾ, പമ്പുസെറ്റ്, കണികജലസേചനം, സ്പ്രിംഗ്ളർ ജലസേചനം എന്നിവ മറ്റു വിളകൾക്കും ബാധകമാക്കുക.

കർഷകർക്ക് കാലവർഷക്കെടുതിയിൽ നേരിടുന്ന വിളനാശങ്ങൾക്ക് യഥാസമയം നഷ്ടപരിഹാരം നൽകുക. വിള ഇൻഷൂറൻസ് വ്യാപകമാക്കുക.

വിദ്യാർത്ഥികൾ, മഹിളാ സംഘടനകൾ, യുവജനസംഘടനകൾ എന്നിവയെ കാർഷിക-വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്താനുള്ള പരിപാടികൾ സംഘടിപ്പിക്കുക.

പഞ്ചായത്തിലെ കർഷകരുടെ സാംസ്കാരികവും മാനസികവും വൈജ്ഞാനികവുമായ വളർച്ചക്ക് സഹായകമാവുന്ന ക്രിയാത്മകമായ മത്സരങ്ങളും ഉത്സവങ്ങളും വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുക.

കർഷകർക്ക് മികച്ചയിനം ഫലവൃക്ഷതൈകൾ, പഴവർഗചെടികൾ എന്നിവ വിതരണംചെയ്ത് വീട്ടുവളപ്പിൽ ഇവയുടെ കൃഷി വ്യാപകമാക്കുക.

പുതിയ തലമുറക്ക് കൃഷിയുമായി ബന്ധപ്പെട്ട അറിവ് നൽകുന്നതിനായി സ്കൂൾതല പാഠ്യപദ്ധതിയിൽ കൃഷിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾപ്പെടുത്തുകയും സ്കൂൾവളപ്പിൽ മാതൃകാകൃഷിത്തോട്ടം വെച്ചുപിടിപ്പിക്കുകയും ചെയ്യുക.

മേൽനിർദ്ദേശിച്ച പരിഹാരനിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുമ്പോൾ നടത്തിപ്പ് വ്യവസ്ഥകൾ സുതാര്യമാക്കേണ്ടതാണ്.

കൃഷിഭവനും കർഷകരും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായി പഞ്ചായത്തിൻെറ നാല് മേഖലകളിൽ എക്സ്റ്റൻഷൻ സെൻററുകൾ സ്ഥാപിക്കുക. ഇവ പാടശേഖരസമിതികളുടെ ഓഫീസായും കൃഷിവിജ്ഞാനവ്യാപന കേന്ദ്രങ്ങളായും ഉപയോഗിക്കാവുന്നതാണ്.

എടവണ്ണ പഞ്ചായത്തിലെ സമഗ്രമായ കാർഷിക പുരോഗതിക്ക് ആവശ്യമായ പല നിർദ്ദേശങ്ങളും സൂചനകളും ഈ റിപ്പോർട്ടിലുൾപ്പെടുത്തിയിട്ടുണ്ട്. ഇവ പരമാവധി പ്രാവർത്തികമാക്കാനും അതിലൂടെ കർഷകരുടെ കൂട്ടായ്മ വളർത്താനും കാർഷികാഭിവൃദ്ധി കൈവരിക്കാനും നമുക്ക് സാദ്ധ്യമാകേണ്ടിയിരിക്കുന്നു.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും



എടവണ്ണ പഞ്ചായത്ത് കർഷകരും കർഷകതൊഴിലാളികളും ധാരാളമായി നിവസിക്കുന്ന പ്രദേശമാണ്. പശു, ആട് എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തുപക്ഷികളിൽ പ്രധാനം കോഴികളാണ്. ചെറിയ തോതിൽ താറാവ് വളർത്തലുമുണ്ട്. ഇപ്പോൾ 2132 പശുക്കളും 123 ഉഴവുകാളും 290 ആടുകളും 185 എരുമകളുമാണ് പഞ്ചായത്തിലുള്ളത്. പതിനായിരത്തിലധികം കോഴികളാണ് പഞ്ചായത്തിലുള്ളത്. മാംസത്തിനുവേണ്ടിയല്ലെങ്കിലും മുയലുകളെയും വളർത്തുന്നുണ്ട്.

ഇരുപതിലധികം വർഷങ്ങൾക്കു മുമ്പ് നാടൻ ഇനത്തിൽപെട്ട ധാരാളം പശുക്കളെയും ഉഴവുകാളകളെയും പഞ്ചായത്തിൻെറ വിവധ ഭാഗങ്ങളിൽ വളർത്തിയിരുന്നു. എന്നാൽ ഇന്ന് പശുക്കളുടെയും ഉഴവുകാളകളുടെയും എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു. എന്നിരുന്നാലും പാലുല്പാദനരംഗത്ത് ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. സാങ്കേതികവിദ്യയുടെ സഹായത്തോടെ പശുക്കളുടെ ഉല്പാദനക്ഷമത വർധിപ്പിക്കാൻ സാധിച്ചതുകൊണ്ടാണിത്. ഇതൊക്കെയാണെങ്കിലും പ്രതീക്ഷിക്കുന്ന അവസ്ഥയിലേക്ക് ക്ഷീരോല്പാദനം ഇനിയും എത്തിയിട്ടില്ല. “അടുക്കളമുറ്റത്തെ കോഴിവളർത്തൽ” രീതി വ്യാപകമാണെങ്കിലും മുട്ടയുടെയും മാംസത്തിൻെറയും ഉപഭോഗവുമായി തട്ടിച്ചുനോക്കുമ്പോൾ തീർത്തും അപര്യാപ്തമാണ്. വിശാലമായ തോതിലല്ലെങ്കിലും താറാവ് വളർത്തൽ, ഗിനികോഴിവളർത്തൽ എന്നിവയും അപൂർവ്വമായുണ്ട്. അലങ്കാരത്തിന് വേണ്ടി തത്തകൾ, ലൗ ബേർഡ്സ് എന്നിവയെ വളർത്തുന്നവരുമുണ്ട്. നാടൻ ഇനത്തിൽപെട്ടതും വിദേശജനുസ്സുകളിൽ പെട്ടതുമായ പട്ടികളെ വളർത്തുന്നവരും കുറച്ചുണ്ട്. ഇറച്ചിക്കോഴി വളർത്തുന്ന ഒരു വലിയ ഫാമും ഏഴ് ചെറിയ ഫാമുകളും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ട്. അഞ്ച് ഗോബാർ ഗ്യാസ്പ്ലാൻറുകൾ പഞ്ചായത്തിലുണ്ട്.

## പ്രശ്നങ്ങൾ പ്രതിസന്ധികൾ

### ഉല്പാദനമേഖല:

എടവണ്ണ പഞ്ചായത്തിൽ ആയിരത്തോളം കറവപ്പശുക്കളും നൂറിലധികം എരുമകളുമുണ്ട് .മൊത്തം പാലുല്പാദനം പ്രതിദിനം 5500 കിലോഗ്രാം ആണ. എന്നാൽ ഇത് ഉപഭോഗത്തിന്റെ .75 ശതമാനം മാത്രമേ വരുന്നുള്ളു. ക്ഷീരോൽപാദനരംഗത്ത് നാം പ്രതീക്ഷിച്ച നിലവാരത്തിലെത്താൻ കഴിയാത്തതിന്റെ കാരണങ്ങൾ നിരവധിയാണ്. പ്രധാനമായും കാലിത്തീറ്റയുടെ ക്രമാതീതവും ദുഃസ്സഹവുമായ വിലക്കയറ്റമാണ്. ഇതുമൂലം പോഷകസമൃദ്ധമായ ആഹാരം നൽകാൻ കർഷകർക്ക് സാധിക്കുന്നില്ല. മറ്റൊരു പ്രശ്നം മേച്ചിൽസ്ഥലങ്ങളുടെ അപര്യാപ്തതയാണ്. ശാസ്ത്രീമായ രീതിയിൽ പുല്ല് ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളില്ല. കുളമ്പുരോഗം, അകിട്വീക്കം മുതലായ രോഗങ്ങൾ വ്യാപകമായ തോതിൽ കാണപ്പെടുന്നതും പാലുല്പാദനം ഗണ്യമായി കുറയാൻ കാരണമാകുന്നു. അതുപോലെ മിൽക്ക് സൊസൈറ്റികളും മറ്റും വേണ്ടത്രയില്ലാത്തതുമൂലം പാലിന്റെ വിപണനത്തിന് ബുദ്ധിമുട്ടുന്നതിനാൽ കർഷകർ പശുവളർത്തലിൽ വിമുഖത കാണിക്കുന്നു.

പഞ്ചായത്തിൽ പ്രതിവർഷം 1,20,000 കിലോഗ്രാം ഇറച്ചിക്കോഴിയുടെ ഉപഭോഗമാണ് നടക്കുന്നത്. ഉല്പാദനം ഇതിന്റെ പകുതിയോളമേ വരുന്നുള്ളു. കൂടുതൽ "ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ" നടത്തുന്നതിന് പ്രോത്സാഹനം നൽകിയാൽ മാത്രമേ ഉല്പാദനം വർധിപ്പിക്കാൻ സാധിക്കുകയുള്ളു. പക്ഷേ കോഴിത്തീറ്റയുടെ വിലവർധനവ് ഈ രംഗം നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. കോഴിവളം ഇറക്കുമതി ചെയ്യുകയാണ് ചെയ്യുന്നത്.

ലഭ്യമായ കണക്കനുസരിച്ച് പ്രതിവർഷം ഏകദേശം ഒരു കോടിയിലധികം രൂപ വില മതിക്കുന്ന ഉരുക്കളെ മാംസാവശ്യത്തിനായി അറക്കപ്പെടുന്നുണ്ട്. ഇതിന്റെ 90 ശതമാനത്തിലധികം മററു സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യപ്പെടുന്നവയാണ്. മാംസോല്പാദനരംഗത്ത് തികച്ചും അശാസ്ത്രീമായ പ്രവണതകളാണുള്ളത്. അറവുശാലകളിൽനിന്നുള്ള അവശിഷ്ടങ്ങൾ വേണ്ട രീതിയിൽ സംസ്ക്കരിക്കപ്പെടാത്തത് പരിസരമലിനീകരണം വർധിക്കാനും തെരുവുനായ്ക്കളുടെ എണ്ണം കൂടാനും കാരണമാകുന്നു. കന്നുകാലികളിൽനിന്ന് മനുഷ്യരിലേക്ക് സംക്രമിക്കുന്ന രോഗങ്ങൾ നിയന്ത്രിക്കാൻ സംവിധാനമില്ല. അറക്കുന്നതിന്റെ മുമ്പും ശേഷവും പരിശോധന നടത്താൻ സംവിധാനമില്ല. ഇതുമൂലം രോഗം ബാധിച്ച ഉരുക്കളുടെ മാംസം ഭക്ഷിക്കാൻ ഇടവരുന്നു.

മുട്ടയുല്പാദനരംഗത്ത് ഒരു കാലത്ത് സ്വയംപര്യാപ്തമായിരുന്ന പഞ്ചായത്തിൽ ഇന്ന് പ്രതിവർഷം ഏഴ് ലക്ഷത്തിഇരുപതിനായിരത്തോളം മുട്ട മറ്റു സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ഒരവസ്ഥയാണുള്ളത്. ഇത് മൊത്തം പ്രതിവർഷ ഉപഭോഗത്തിന്റെ 75 ശതമാനം വരും. ഇത്തരുണത്തിൽ അടുക്കളമുറ്റത്തെ കോഴിവളർത്തൽ സമ്പ്രദായം പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഈ രംഗത്ത് കോഴിവസന്ത രോഗം ഒരു വെല്ലുവിളിയാണ്. മൃഗാശുപത്രിയിൽ ലഭ്യമായ പ്രതിരോധകുത്തിവെയ്പ്പ് സംവിധാനം ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

### സേവനമേഖല:

എടവണ്ണ പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ എടവണ്ണയിൽ ഒരു മൃഗാശുപത്രിയും ഒതായിയിൽ ഒരു സബ്സെന്ററും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ അകിടുവീക്കം എന്ന രോഗം കാരണം പാലുല്പാദനത്തിൽ ഉണ്ടായ കുറവ് മൂലം കഴിഞ്ഞ വർഷം 7,20,000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അതുപോലെ മരണപ്പെടുന്ന കന്നുകുട്ടികളിൽ 70 ശതമാനത്തോളം വിരബാധമൂലമാണെന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. രോഗനിർണയത്തിനുള്ള ആധുനിക സൗകര്യങ്ങൾ മൃഗാശുപത്രിയിൽ ഇല്ലാത്തതിനാൽ ഈ നഷ്ടം ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കുന്നില്ല. അതുപോലെ മൃഗാശുപത്രിയിൽ ആവശ്യമായതിന്റെ 10 ശതമാനം മരുന്നുകളേ ലഭിക്കുന്നുള്ളു. ശസ്ത്രക്രിയക്കുള്ള തിയേറ്റർ സംവിധാനമില്ല.

### സാധ്യതകൾ:

1. പഞ്ചായത്തിലെ എല്ലാ ക്ഷീരകർഷകരുടെയും പേരുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കുക. അവരിൽനിന്ന് പഞ്ചായത്ത് മൊത്തം പ്രവർത്തനമേഖലയായിട്ടുള്ള ക്ഷീരോല്പാദക സഹകരണസംഘം രൂപീകരിക്കുക. ഇതോടനുബന്ധിച്ച് ഓരോ വാർഡിലും പാൽ സംഭരണകേന്ദ്രങ്ങൾ തുടങ്ങുക.
2. മേൽപ്പറഞ്ഞ സംഘം മുഖേന കാലിത്തീറ്റ ഉല്പാദിപ്പിക്കുന്ന ഫാക്ടറി സ്ഥാപിക്കുക.
3. സംഘം മുഖേന തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കാനുള്ള സഹായങ്ങളും, മാർഗനിർദ്ദേശങ്ങളും നൽകുക.
4. എല്ലാ നല്ലയിനം സങ്കരയിനം പശുക്കളെയും ഇൻഷുർ ചെയ്യാൻ സംവിധാനമുണ്ടാക്കുക.
5. പാലുല്പാദനം വർധിപ്പിക്കാൻ ഡയറി യൂനിറ്റുകൾ പ്രോത്സാഹിപ്പിക്കുക. ഇതിന് വേണ്ട വായ്പാ സൗകര്യവും അനുബന്ധഘടകങ്ങളും നൽകുക.
6. കാലത്തീറ്റ, കോഴിത്തീറ്റ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കുക.
7. എഗ്ഗർ നഴ്സറികൾ, സ്കൂൾ പോൾട്രി ക്ലബ്ബുകൾ, ലേയർ പോൾട്രി ഫാമുകൾ, കോഴിക്കുഞ്ഞുല്പാദന കേന്ദ്രങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക.
8. കോഴിവസന്ത പോലുള്ള രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവെപ്പ് വ്യാപകമാക്കാൻ ഓരോ വാർഡിലും സന്നദ്ധസംഘം പ്രവർത്തകർക്ക് പരിശീലനം നൽകുക.
9. കൂടുതൽ ബ്രോയ്ലർ ഫാമുകൾ പ്രോത്സാഹിപ്പിക്കുക.
10. ആധുനിക സൗകര്യങ്ങളോടുകൂടിയ അറവുശാല സ്ഥാപിക്കുക.
11. പേപ്പട്ടിശല്യം തടയാൻ സംവിധാനമുണ്ടാക്കുക. വളർത്തുപട്ടികൾക്ക് ലൈസൻസ് നിർബന്ധമാക്കുക. പ്രതിരോധ കുത്തിവെപ്പ് നിർബന്ധമാക്കുക. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കാൻ

സംവിധാനമുണ്ടാക്കുക.

12. മൃഗാശുപത്രിയിൽ ക്ലിനിക്കൽ ലബോറട്ടറി, ഓപ്പറേഷൻ തിയേറ്റർ തുടങ്ങിത ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുക, മരുന്നുകളുടെ വിതരണം കാര്യക്ഷമമാക്കുക.
13. ഒതായി സബ്സെൻററിലെ സൗകര്യങ്ങൾ വർധിപ്പിക്കുക.
14. സന്നദ്ധ സംഘടനകളുമായി സഹകരിച്ച് വനിതകൾക്ക് ശാസ്ത്രീയമായ മൃഗസംരക്ഷണത്തെക്കുറിച്ച് ബോ
15. [illegible]ത്തിൽപെട്ടവർക്ക് സൗജന്യമായി ആടുകളെ വിതരണം ചെയ്തിരുന്ന പദ്ധതി തുടർന്നും നടപ്പിലാക്കുക.
16. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മലബാറി ഇനത്തിൽപെട്ട ആടുകളുടെ സംരക്ഷണത്തിനായി ചെറുതും വലുതുമായ ആടുവളർത്തൽ യൂനിറ്റുകൾ തുടങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുക.
17. ഓമനമൃഗങ്ങൾ (Pet animals), പക്ഷികൾ എന്നിവയുടെ നഴ്സറികൾ സ്ഥാപിക്കുക.
18. മൃഗാശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സഹായകമായ ടെലിഫോൺ പേജർ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
19. താറാവുവളർത്തൽ പ്രോത്സാഹിപ്പിക്കുക.
20. ഇപ്പോൾ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു കന്നുകുട്ടി പരിപാലനപദ്ധതി, എല്ലാ കർഷകർക്കും പ്രായോജനപ്രദമാവുന്ന വിധത്തിൽ വിപുലീകരിക്കുക.
21. എടവണ്ണ പഞ്ചായത്തിന്റെ മാംസ ഉപഭോഗത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത മൂരിക്കുട്ടി പരിപാലനപദ്ധതി (Bull Calf Fattening Schene) നടപ്പിലാക്കുക.

## മത്സ്യബന്ധനം

എടവണ്ണ പഞ്ചായത്തിൽ മത്സ്യം വളർത്തുന്ന കേന്ദ്രങ്ങൾ ഒന്നുംതന്നെയില്ല. സർകാരിൽനിന്നും ഫിഷറീസ് വകുപ്പിൽനിന്നും സഹായവും പ്രോത്സാഹനവും ലഭിക്കുകയാണെങ്കിൽ മത്സ്യം വളർത്താനുള്ള കേന്ദ്രങ്ങൾ നടത്താൻ തയ്യാറുള്ള ധാരാളം ആളുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. മത്സ്യം വളർത്തലിന് അനുയോജ്യമായ കുളങ്ങളും സൗകര്യങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ചാലിയാർ പുഴയിൽ തോട്ട പൊട്ടിച്ചും വിഷം കലക്കിയും മീൻ പിടിക്കുന്നത് നിരോധിക്കേണ്ടതാണ്. പുഴയിൽ നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർധിപ്പിക്കാവുന്നതാണ്.





## വ്യവസായം

പഞ്ചായത്തിൽ 1890-ലാണ് വ്യവസായം സംരംഭത്തിന് തുടക്കംകുറിച്ചത്. മലപ്പുറം സ്വദേശിയായിരുന്ന കുണ്ടേങ്ങാടൻ അഹമ്മദ് പണ്ഡിതർ സ്ഥാപിച്ച എടവണ്ണ ടൈൽ വർക്സ് (പ്രൈവറ്റ് ലിമിറ്റഡ്) എന്ന ഓട് ഫാക്ടറി ഏറനാട് - വള്ളുവനാട് താലൂക്കുകളിലെ ആദ്യത്തെ വ്യവസായസംരഭമാണ് എന്നുതന്നെ പറയാം. എടവണയിലെ പ്രാദേശിക നാടുവാഴി കുടുംബങ്ങളുമായുണ്ടായ മത്സരത്തിൽ പ്രസ്തുത സ്ഥാപനം തരടുപാറ കോട്ടമ്മൽ കുഞ്ഞാലിസുബേദാർക്ക് വിൽക്കുകയാണുണ്ടായത്. അദ്ദേഹം ഈ ഫാക്ടറി ടി. കെ. ആൻറ് കമ്പനി എന്ന പേരിൽ 1930 വരെ പ്രവർത്തിപ്പിച്ചിരുന്നു. പിന്നീട് മഞ്ചേരി സ്വദേശി മൊയ്തീൻകുട്ടികുരിക്കൾ ഈ ഫാക്ടറി വിലക്ക് വാങ്ങി. 1930-കളുടെ അവസാനത്തോടെ ഈ ഫാക്ടറി തകരുകയാണുണ്ടായത്. ഉറച്ച സാമ്പത്തികഘടനയുടെ അഭാവവും നടത്തിപ്പിലുണ്ടായ കെടുകാര്യസ്ഥതയുമാണ് 12 തൊഴിലാളികളുണ്ടായിരുന്ന ഈ ഫാക്ടറിയുടെ തകർച്ചക്ക് ഇടയാക്കിയത്.

1950-കളിൽ തന്നെ ബീഡി വ്യവസായം പഞ്ചായത്തിൽ വേരുറപ്പിച്ചിരുന്നു. അറക്കൽ ചേക്കുഞ്ഞിസാഹിബാണ് ഇതിന് തുടക്കംകുറിച്ചത്. പിന്നീട് സിലോൺ ബീഡി കമ്പനിയും വണ്ടൂർ വാഴമാർക്ക് ബീഡികമ്പനിയുടെ ഒരു ബ്രാഞ്ചും കൈമാർക്ക്, ഭൂപതി, പശുമാർക്ക്, മിഹ്റാനിയ, ചന്ദ്രമാൻ, യോഗി, ശാന്തി, മസ്ദൂർ തുടങ്ങിയ ബീഡികമ്പനികളും ഉണ്ടായിരുന്നു. ഏറ്റവും അവസാനത്തെയായിരുന്നു ഫൈൻ ബീഡികമ്പനി.

1930-കളിൽ തന്നെ കുണ്ടുങ്ങലകത്ത് മമ്മത്സാഹിബ് നടത്തിയിരുന്ന ബേക്കറി വ്യാവസായികരംഗത്തെ ഒരു പ്രധാന സംരംഭമായിരുന്നു. നിലമ്പൂർ, മഞ്ചേരി തുടങ്ങിയ സ്ഥലങ്ങളിലേക്കെല്ലാം ഇവിടെനിന്നായിരുന്നു ബേക്കറി വിഭവങ്ങൾ എത്തിച്ചിരുന്നത്. 1940-നുശേഷം പുതിയ വ്യവസായസംരംഭങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ 1959-ൽ വലിയപീടികക്കൽ മുഹമ്മദ്കുട്ടിസാഹിബ് തുടങ്ങിയ ESSCO സോപ്പ് കമ്പനി, കുടക്കാൽ നിർമ്മാണ യൂനിറ്റ്, സോപ്പ് നിർമ്മാണം എന്നിവ എടുത്തുപറയേണ്ടതാണ്. കല്ലായി മരവ്യവസായവുമായി ബന്ധപ്പെട്ട വലിയ ഒരു വിഭാഗം തൊഴിലാളികളും എടവണ്ണയിൽ ഉണ്ടായിരുന്നു. 70കളിൽ വ്യവസായം തകർച്ചയെ നേരിടുകയും ഈ മേഖലയിലെ തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുകയും ചെയ്തു പിന്നീട് 1975-ൽ ഏറെ പ്രതീക്ഷകളോടെ കേരളത്തിലെ ആദ്യത്തെമിനിവ്യവസായ എസ്റ്റേറ്റ്, പഞ്ചായത്തിൽ പ്രവർത്തനം തുടങ്ങി വ്യവസായികരംഗത്ത് ഒരു കുതിച്ചു

ചാട്ടത്തിന് ഉതകുമെന്ന വലിയ പ്രതീക്ഷകൾ ഉണ്ടായിരുന്നുവെങ്കിലും ഏറെ താമസിയാതെ മിക്ക യൂനിറ്റുകളും അടച്ചുപൂട്ടുകയാണുണ്ടായത്. സി കെ വുഡ് വർക്സ്, പ്രവീൺ റബ്ബേഴ്സ് എന്നീ സ്ഥാപനങ്ങൾക്ക് മാത്രമാണ് പിടിച്ചു നില്ക്കാനായത്. വ്യവസായികാവബോധത്തിൻെറ കുറവ് ഉറച്ച സാമ്പത്തിക ഘടനയുടെ അഭാവം, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു വേണ്ടത്ര സാമ്പത്തിക സഹായം ലഭിക്കായ്ക, വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ട്, സർവ്വോപരി സംരംഭകർക്കാവശ്യമായ പ്രചോദനവും നിർദേശങ്ങളും നല്കുന്നതിൽ വ്യവസായ വകുപ്പിനുണ്ടായ വീഴ്ച തുടങ്ങിയവയാണ് ഈ സംരംഭം തുടക്കത്തിൽ തന്നെ മുരടിക്കാനിടയാക്കിയത്.

## പഞ്ചായത്തിലെ വ്യവസായസ്ഥാപനങ്ങൾ

മൈദ ഫാക്ടറി:- എടവണ്ണ പഞ്ചായത്തിലെ ഏക വൻകിട വ്യവസായമാണ് കുണ്ടുതോടു പ്രവർത്തിക്കുന്ന വി പി റോളർ ഫ്ളോർമിൽ. ഉയർന്ന രൂപത്തിൽ യന്ത്രവൽക്കരിച്ച ഈ ഫാക്ടറിയിൽ പന്ത്രണ്ട് തൊഴിലാളികൾ മാത്രമാണുള്ളത്. ഇത് സ്വകാര്യമേഖലയിലുള്ളതാണ്.

## ചെറുകിട വ്യവസായങ്ങൾ

1. ഓട് വ്യവസായം:- പഞ്ചായത്തിലെ ഏറ്റവും കൂടുതൽ പേർ ജോലിചെയ്യുന്ന ചെറുകിട വ്യവസായ യൂനിറ്റാണ്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന കുണ്ടോട് ടൈൽസ്, ഇവിടെ 100 തൊളിലാളികളുണ്ട്.

2. മിനി ഇൻസ്ട്രയിൽ എസ്റ്റേററ്:- 1975-ലാണ് കേരളത്തിലെ ആദ്യത്തെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് എടവണ്ണ പഞ്ചായത്തിലെ ചെമ്പക്കുത്ത് തുടക്കം കുറിച്ചത്. ഈ സംരംഭത്തിൽ എം എ കരീം സാഹിബിൻെറ സ്ഥിരോത്സാഹവും ദീർഘവീക്ഷണവും സ്മരണീയമാണ്. ആരംഭത്തിൽ പത്ത് വ്യവസായ യൂനിറ്റുകൾ മാത്രമാണ് നിലനിന്നത്. ഇമപ്പാൾ എട്ട് മുറികളിലായി നാല് ത്രഡ് റബ്ബർ യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. രണ്ട് മുറികളിലായി പുതിയൊരു പ്ലാസ്റ്റിക് വ്യവസായ യൂനിറ്റ് തുടങ്ങാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വോൾട്ടേജിൻെറ കുറവ്, ജലദൗർലഭ്യം എന്നിവ ഈ വ്യവസായ എസ്റ്റേറ്റിൻെറ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കൂടുതൽ ശേഷിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതുണ്ട്.

ചെറുകിട വ്യവസായയൂനിറ്റുകൾ

| ക്ര.നം. | ഇനം | യൂണിറ്റ് എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | ഓട് വ്യവസായം | 1 | 100 |
| 2 | ത്രഡ് റബ്ബർ | 4 | 52 |
| 3 | ഫർണിച്ചർ | 120 | 2500 |
| 4 | തടിമില്ല് | 13 | 160 |
| 5 | മെറ്റൽ ക്രഷർ | 3 | 36 |
| 6 | യന്ത്രവൽകൃത ചെങ്കൽക്വാറി | 2 | 24 |
| 7 | സോഡനിർമ്മാണം | 3 | 6 |
| 8 | ഇഷ്ടിക കമ്പനി | 3 | 32 |
| 9 | റൈസ്, ഫ്ളോർ – ഓയിൽ മില്ലുകൾ | 18 | 32 |
| 10 | ജനറൽ എഞ്ചിനീയറിംഗ് | 4 | 14 |
| 11 | പ്രിൻറിംഗ് പ്രസ്സ് | 5 | 12 |
| 12 | ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് | 5 | 27 |
| 13 | ചിപ്സ് | 15 | 140 |
| 14 | ഗാർമൻറ്സ് | 1 | 5 |
| 15 | ബേയ്ക്കറി | 2 | 8 |

## പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

| ക്രം.നം | ഇനം | യൂണിറ്റ് എണ്ണം | തൊഴിലാളികൾ |
|---|---|---|---|
| 1 | മൺപാത്രം | 33 | 81 |
| 2 | ബിഡി | – | 30 |
| 3 | കൊട്ട, മുറം | 12 | 26 |

ഇവിടെയുള്ള വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള കാർബൺ ബ്ലേക്ക് വലിയ തോതിൽ മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇതിന് അടിയന്തരമായി പരിഹാരം കാണേണ്ടതുണ്ട്.

**ഫർണിച്ചർ:-** ഏറ്റവും കൂടുതൽ തൊഴിലാളികളുള്ളത് ഫർണിച്ചർ വ്യവസായ മേഖലയിലാണ്. 120 ഓളം വരുന്ന ചെറുകിട കുടിൽ വ്യവസായമായാണ് ഇതിന്റെ പ്രവർത്തനം. ഇതിൽ 72 യൂനിറ്റുകൾക്ക് മാത്രമാണ് SSI റജിസ്ട്രേഷൻ ഉള്ളത്. നാലുമുതൽ 40 പേർ വരെ ജോലി ചെയ്യുന്ന യൂനിറ്റുകൾ ഇതിലുണ്ട്. 70 കൊത്തുപണി വിദഗ്ധരും ആയിരത്തോളം വിദഗ്ധ ജോലിക്കാരും ആയിരത്തി അഞ്ഞൂറോളം അനുബന്ധ തൊഴിലാളികളും ഈ മേഖലയിൽ തൊഴിലെടുക്കുന്നു. ഈ മേഖലയെ ആശ്രയിച്ച് പതിമൂന്ന് തടിമില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ മില്ലുകളിൽ നൂറ്റിഅറുപതോളം തൊഴിലാളികൾ പണി എടുക്കുന്നു.

ഫർണിച്ചർ യൂനിറ്റുകളിലധികവും പരമ്പരാഗത രീതിയിൽ പ്രവർത്തിക്കുന്നവയാണ്. ഒരു വ്യവസായമെന്ന നിലയിൽ ഗൗരവമായ സമീപനത്തിന്റെ കുറവ്, കെട്ടുറപ്പുള്ള സാമ്പത്തിക അടിത്തറയുടെ അഭാവം, സ്ഥിരമായ വിപണിയില്ലായ്മ, ഗുണമേന്മയിലുള്ള കുറവ്, അസംസ്കൃത വസ്തുവായ തടിയുടെ ദൗർലഭ്യത, ക്രമാതീതമായ വില വർദ്ധനവ് തുടങ്ങിയവയാണ് ഈ വ്യവസായ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ആധുനികവൽക്കരണവും നൂതനമായ രൂപകല്പനമയും ഉല്പന്നങ്ങളുടെ ഗുണമേന്മയിലുള്ള നിഷ്കർഷതയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സാമ്പതിക സഹായവും ഉറപ്പ് വരുത്തിയെങ്കിൽ മാത്രമേ തകർച്ച നേരിടുന്ന ഈ വ്യവസായത്തിന് പിടിച്ചു നില്ക്കാൻ സാധിക്കുകയുള്ളൂ.

ഈ മേഖലയിൽ വിദഗ്ധ തൊഴിലാളികളിൽ 80 ശതമാനവും മറ്റു ജില്ലകളിൽ നിന്നുള്ളവരാണ്. ഒരു കാർപ്പൻററി ട്രെയിനിങ്ങ് സെൻറർ സ്ഥാപിക്കുകയും പഞ്ചായത്തിലെ യുവതി യുവാക്കൾക്ക് പരിശീലനം നല്കുകയും ചെയ്താൽ പഞ്ചായത്തിലെ തൊഴിലില്ലായ്മ ചെറിയ തോതിലെങ്കിലും പരിഹരിക്കാനാവും. ഫർണിച്ചർ ഉല്പന്നങ്ങളിൽ 80 ശതമാനവും തേക്ക് തടി ഉപയോഗിച്ചുള്ളവയാണ്. തേക്ക് തടിയുടെ വില വർദ്ധന തടയാനും ലഭ്യത ഉറപ്പു വരുത്താനും തേക്ക് കൃഷി പഞ്ചായത്തിൽ വ്യാപകമാക്കുന്നതിന് ഊർജിതമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

മറ്റ് ചെറുകിട വ്യവസായങ്ങൾ പഞ്ചായത്തിൽ മൂന്ന് കരിങ്കൽ - മെറ്റൽ ക്രഷർ യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റൊരു ക്രഷർ യൂനിറ്റിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായി വരുന്നു.

മൂന്ന് സോഡ നിർമ്മാണ യൂനിറ്റുകൾ പഞ്ചായത്തിലുണ്ട്. യന്ത്രവൽകൃതമായ മൂന്ന് ചെങ്കൽ ക്വാറികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. യന്ത്രവൽകൃതമായ ഇഷ്ടിക കമ്പനി മൂന്നെണ്ണമുണ്ട്. ഇവയിൽ 32 തൊഴിലാളികൾ പണിയെടുക്കുന്നു. 18 റൈസ്, ഫ്ളോർ, ഓയിൽ, മില്ലുകളിലായി 32 പേർ ജോലി ചെയ്യുന്നു. ആറ് നാടൻ ഇഷ്ടികക്കളങ്ങൾ താല്കാലികമായി ഉണ്ട്. ഇവയുടെ പ്രവർത്തനം സ്ഥിരമല്ലാത്തതിനാൽ തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്താനാകില്ല.

നാല് ജനറൽ എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസുകളിലായി 14 പേരും അഞ്ച് പ്രിൻറിംഗ് പ്രസ്സുകളിലായി 12 പേരും പ്രവർത്തിക്കുന്നുണ്ട്.

27 പേർ അഞ്ച് ഓട്ടോമൊബൈൽ വർക്ഷോപ്പുകളിലായി പണി എടുക്കുന്നു. 15 ചിപ്സ് നിർമ്മാണശാലകളിലായി 140 ഓളം പേർ തൊഴിലെടുക്കുന്നു.

## പരമ്പരാഗത വ്യവസായം

തകർച്ച നേരിട്ട് കൊണ്ടിരിക്കുന്ന ഈ മേഖലയിൽ മുഖ്യമായും മൺപാത്രനിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ മേഖലയിൽ 33 കുടുംബങ്ങളാണ് ഉള്ളത്. 81 പേർ ഈ തൊഴിലെടുക്കുന്നു. മൺപാത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള ചക്രം കൈകൊണ്ട് തിരിക്കുന്നവയാണ്. ഇത് ചുരുങ്ങിയ ചിലവിൽ മോട്ടോർ ഘടിപ്പിച്ച് യന്ത്രവൽക്കരിക്കാവുന്നതാണ്. എന്നാൽ മൺപാത്ര നിർമ്മാണ തൊഴിലാളികൾ താമസിക്കുന്ന രണ്ട് കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല. വീടുകളിൽ മൺപാത്രങ്ങൾ ഉപയോഗിക്കാതായതോടെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ വലിയ പ്രയാസം അനുഭവിക്കുന്നു. വൻകിട മൺപാത്ര കമ്പനികളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്ത് കുറഞ്ഞ വിലക്ക് വില്ക്കുന്നതിനും ഈ വ്യവസായരംഗതിന് ഒരു ഭീഷണി ആണ്. കളിമണ്ണിന്റെ ദൗർലഭ്യതയും പ്രധാന പ്രശ്നമാണ്. ഒരു വർഷത്തേക്കുള്ള കളിമണ്ണും മണലും ഒന്നിച്ചു ശേഖരിക്കേണ്ടതിനാൽ അതിനുവേണ്ട മുതൽമുടക്കാൻ പോലും സാമ്പത്തിക ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്ക് സാധിക്കാതെ വരുന്നു. ആധുനിക രീതിയിലുള്ള അലങ്കാരവസ്തുക്കളും ചെടിച്ചട്ടികളും നിർമ്മിച്ച് ഈ മേഖലയെ രക്ഷപ്പെടുത്താൻ സാധിക്കും.

## ബീഡി വ്യവസായം

1930കൾ മുതൽ നിലനിന്നിരുന്നതും 150ഓളം പേർ തൊഴിലെടുത്തിരുന്നതുമായ ഈ മേഖല പൂർണ്ണമായി തകർന്നുകൊണ്ടിരിക്കുന്നു.

## കൊട്ട, മുറം

ഈ മേഖലകളിൽ 12 കുടുംബങ്ങൾ തൊഴിലെടുക്കുന്നു. അനുയോജ്യമായ മുളയുടെ ദൗർലഭ്യതയും അമിതമായ വിലവർദ്ധനവും കാരണം ഈ തൊഴിലാളികൾ വലിയ പ്രയാസം അനുഭവിക്കുന്നു. അഞ്ച് പപ്പടനിർമ്മാണ ശാലകളും പഞ്ചായത്തിലുണ്ട്.

## സാധ്യത

പഞ്ചായത്തിൽ കാർഷികാധിഷ്ഠിതമായ വ്യവസായത്തിന് സാധ്യതയേറെയാണ്. റബ്ബർ, വാഴ, കൈതച്ചക്ക, നാളികേരം, അടക്ക, കശുമാങ്ങ, പപ്പായ, തുടങ്ങിയല കാർഷിക വിഭവങ്ങൾ ഉപയോഗിച്ച് ചെറുകിട വ്യവസായ

ങ്ങൾ തുടങ്ങാവുന്നതാണ്. പഞ്ചായത്തിൽ 1200 ഹെക്ടർ റബ്ബർ കൃഷിയുണ്ട്. ഇതിൽ 700 ഹെക്ടറിൽ നിന്നായി വർഷത്തിൽ ഉദ്ദേശം 2800 മെട്രിക്ക് ടൺ റബ്ബർ ഇപ്പോൾ തന്നെ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. അടുത്ത 5 വർഷത്തിനിടക്ക് ഏകദേശം 5000 മെട്രിക്ക് ടൺ ഉൽപാദനം പ്രതീക്ഷിക്കാവുന്നതാണ്. സ്വാഭാവിക റബ്ബറിന്റെ ഉൽപാദനം ഇത്രയേറെ ഉണ്ടായിട്ടും 60 ടൺ മാത്രമാണ്. ഇപ്പോൾ വ്യാവസായികമായി പഞ്ചായത്തിലുപയോഗിക്കുന്നത്. പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന സ്വാഭാവിക റബ്ബറിന്റെ മുപ്പത് ശതമാനമെങ്കിലും ഔട്ട് വർക്കർ ഉല്പാദന സമ്പ്രദായത്തിലൂടെയും മറ്റ് ചെറുകിട വ്യവസായ യൂനിറ്റുകളിലൂടെയും ഉപയോഗപ്പെടുത്താൻ സാധിച്ചാൽ തന്നെ ഈ പഞ്ചായത്തിൽ വ്യാവസായിക മുന്നേറ്റത്തിന് വലിയ മുതൽകൂട്ടായിരിക്കും. റബ്ബർ തടി സംസ്ക്കരിച്ച് ബലപ്പെടുത്തി വ്യവസായിക, ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നാതണ്.

വ്യാവസായിക ആവശ്യത്തിനായി ഉപയോഗിക്കാവുന്ന മറെറാരു കാർഷിക വിഭവമാണ് തെങ്ങും, നാളികേരവും. പഞ്ചായത്തിൽ 650 ഹെക്ടർ തെങ്ങുകൃഷി ഉണ്ട്. ഇതിൽ 450 ഹെക്ടറിൽ നിന്നായി ഉദ്ദേശം 20 ലക്ഷം നാളികേരം ഉൽപാദിപ്പിക്കപ്പെടുന്നു. അടുത്ത അഞ്ചു വർഷത്തിനകം 35 ലക്ഷം നാളികേരം ഉൽപാദിപ്പിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. നൂറ്റാണ്ടുകളായി കേരളത്തിലെ പ്രധാനപ്പെട്ട കാർഷിക വിഭവമാണ് നാളികേരം. എന്നാൽ നാളികേരത്തിന്റെ ചകിരി, ചിരട്ട, വെള്ളം, ഓല എന്നിവ ഉപയോഗിച്ചു കൊണ്ടുള്ള വ്യാവസായിക സാധ്യത നാം ഇതുവരെ പ്രയോജനപ്പെടുത്തിട്ടില്ല. ഇവയും പാഴാക്കുകയാണ് ചെയ്യുന്നത്. വളരെ അടുത്ത കാലത്താണ് തമിഴ്നാട്ടിൽ തെങ്ങുകൃഷി ആരംഭിച്ചിട്ടുള്ളത്. അവിടെ തെങ്ങുകൃഷിയോടൊപ്പം തന്നെയുള്ള ചകിരിനാര് നിർമ്മാണവ്യവസായ ശാലകൾ നമുക്ക് മാതൃകയാക്കാവുന്നതാണ്. 180 ഹെക്ടറിലായി 3,60,000 വാഴകൾ കൃഷി ചെയ്യുന്നുണ്ട്. ഉദ്ദേശം 3000 ടൺ വാഴക്കുലകൾ പ്രതിവർഷം ഉൽപാദിപ്പിക്കപ്പെടുന്നു. ഈ വിഭവം ഉപയോഗപ്പെടുത്തുന്ന പതിനഞ്ച് ചിപ്സ് യൂനിറ്റുകൾ മാത്രമാണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്. കൂടുതൽ ചിപ്സ് യൂനിറ്റുകൾക്കും വാഴനാര് ഉപയോഗിച്ചുകൊണ്ടുള്ള വില്ലേജ് ഇൻസ്ട്രിസും തുടങ്ങാനുള്ള സാധ്യത ഉണ്ട്.

അടക്ക ഉപയോഗിച്ചുള്ള വ്യവസായ സ്ഥാപനങ്ങൾക്കും കൂടുതൽ സാധ്യത ഉണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന കശുമാങ്ങ മുഴുവനായും പാഴായി പോകുകയാണ്. വിനാഗിരി, ജാം, സ്ക്വാഷ്, ജെല്ലി, മുതലായവ, ഈ പഴത്തിൽ നിന്നും ഉൽപാദിപ്പിക്കാവുന്നതാണ്. കശുവണ്ടി സംസ്ക്കരണശാലയും കശുവണ്ടി തൊണ്ടിൽനിന്നും Cashew Nuts shell liquid (CNSL) ഉം ഉൽപാദിപ്പിക്കാവുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് സാധ്യത ഉണ്ട്.

ചെരുപ്പുനിർമ്മാണ ശാലക്കുള്ള സാധ്യത പഞ്ചായത്തിൽ വളരെയേറെ ഉണ്ട്.

ഈ പഞ്ചായത്തിൽ ഗൾഫ് രാജ്യങ്ങളിൽ തൊഴിലെടുക്കുന്ന ആയിരക്കണക്കിന് ആളുകൾ ഉണ്ട്. ഗൾഫുമേഖലയിൽനിന്നുള്ള വരുമാനം ആഡംബരവസ്തുക്കൾ വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും മറ്റുമായി പ്രത്യുല്പാദനപരമല്ലാത്ത മേഖലയിലാണ് ചിലവഴിക്കുന്നത്.

## സാധ്യതയുള്ള വ്യവസായങ്ങൾ

1. റബ്ബർ ബുഷ്, റബർബാന്റ്, ബലൂൺ നിർമ്മാണം. 2. ഗാർമന്റ് നിർമ്മാണം 3. റബർ തടി സംസ്കരണം 4. ചെരുപ്പ് നിർമ്മാണം 5. ചകിരിനാര് – കയർ നിർമ്മാണം 6. ഇലക്ട്രിക് പോസ്റ്റ് കാസ്റ്റിംഗ് യൂണിറ്റ് 7. പ്ലാസ്റ്റിക് ഉപകരണങ്ങളുടെ നിർമ്മാണം 8. ഓട്ടോസ്പെയർ നിർമ്മാണം 9. താഴ് നിർമ്മാണം 10. പ്ലാസ്റ്റിക്ക് ബട്ടൻസ് നിർമ്മാണം 11. വിനാഗിരി – ജാം – ജല്ലി – സ്ക്വാഷ് നിർമ്മാണം 12. അച്ചാർ നിർമ്മാണം 13. മസാലപൊടി നിർമ്മാണം 14. അലക്ക് സോപ്പ് നിറമ്മണം 15. നോട്ട് ബുക്ക് നിർമ്മാണം 16 കിടക്ക നിർമ്മാണം 17 മെഴുക്തിരി നിർമ്മാണം 18 ധാന്യപൊടി പായ്ക്കിംഗ്.

വ്യാവസായികമേഖലയിൽ ഗൾഫ് പണത്തിന്റെ നിക്ഷേപം ഇല്ലെന്നുതന്നെ പറയാം. ഗൾഫ് മേഖലയിൽനിന്നുള്ള വരുമാനം വ്യാവസായിക രംഗത്ത് നിക്ഷേപിക്കാനാവശ്യമായ ബോധവൽക്കരണവും കൂട്ടായ പ്രവർത്തനവും ആവശ്യമാണ്. കൂട്ടായ സംരംഭങ്ങളിലൂടെ വ്യവസായിക മൂലധന സമാഹരണത്തിനുള്ള സാധ്യത പരിശോധിക്കപ്പെടേണ്ടതാണ്

## പ്രശ്നങ്ങൾ

വ്യാവസായിക വികസനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുശട ലഭ്യത, ഗതാഗത വാർത്താവിനിമയ സൗകര്യം, ജലലഭ്യത ഉയർന്ന രീതിയിലുള്ള ഉപഭോഗം ക്രയശേഷി എന്നിവയെല്ലാം പഞ്ചായത്തിലുണ്ടെങ്കിലും വ്യാവസായികമായി മുന്നേറാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വ്യാവസായികാവബോധത്തിന്റെ കുറവ് വൈദ്യുതിയുടെ അപര്യാപ്തത എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ. വ്യവസായ യൂനിറ്റുകൾ തുടങ്ങാനാവശ്യമായ ലൈസൻസ്, വൈദ്യുതി കണക്ഷൻ തുടങ്ങിയവ ലഭിക്കാൻ വിവിധ വകുപ്പുകളിൽ നിന്നുള്ള സാങ്കേതിക തടസ്സവും കാലതാമസവും സാങ്കേതിക വിദ്യ വേണ്ടത്ര ലഭ്യമല്ലാത്തതും പ്രശ്നമാണ്. ഇതിനുപുറമേ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാനുള്ള പ്രയാസവും വ്യവസായ വളർച്ചക്ക് വിഘാതം സൃഷ്ടിക്കുന്നു.

## നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ വ്യവസായിക വികസനത്തിന് മൂന്ന് ഇൻഡസ്ട്രിയൽ ഫ്ളോട്ടുകൾ കണ്ടെത്തണം. ഈ ഫ്ളോട്ടുകളിൽ വൈദ്യുതിയുടെ ലഭ്യത, ജലലഭ്യത, ഗതാഗത – വാർത്താ വിനിമയ സൗകര്യം എന്നിവയും ഏർപ്പെടുത്തണം. മരം ഉപയോഗിച്ചുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് ഒരു ഫ്ളോട്ട് നീക്കിവെക്കുന്നത് നന്നായിരിക്കും. ഇതിനായി രണ്ട് ഏക്കർ സ്ഥലമെങ്കിലും ആവശ്യമാണ്. ഈ പ്ലോട്ടിൽ ഫർണിച്ചർ വ്യവസായ എസ്റ്റേറ്റ് ആക്കി മാറു

ന്നതിനായി ലആധുനിക രീതിയിലുള്ള യന്ത്രസാമഗ്രികളും രണ്ട് RESAW മില്ലുകളും അടങ്ങിയ ഒരു മാതൃയൂനിറ്റ് ഉണ്ടായിരിക്കണം. ബാക്കിയുള്ള സ്ഥലം ഫർണിച്ചർ വ്യവസായ സംരംഭകർക്ക് വാടകക്കോ, സ്ഥിരമായോ നല്കാവുന്നതാണ്. ഇതിലൂടെ ഫർണിച്ചർ വ്യവസായ രംഗത്തെ ഒരു സംഘടിത വ്യവസായമാക്കി മാറ്റുന്നതിനും ആധുനികവൽക്കരിക്കുന്നതിനും സാധിക്കും.

റബ്ബറധിഷ്ടിത വ്യവസായങ്ങൾക്കായി ഒരേക്കർ സ്ഥലം ആവശ്യമാണ്. ഇതിൽ ആധുനികമായ ഒരു മാതൃയൂനിറ്റും മറ്റു ചെറുകിട വ്യവസായ യൂനിറ്റുകളും തുടങ്ങാനുള്ള അവസരം സംരംഭകർക്ക് ലഭ്യമാക്കാം. കൂടാതെ കുടിൽ വ്യവസായമെന്ന നിലയിൽ ഔട്ട്‌വർക്കർ വ്യവസായ ശൃംഖലക്കുള്ള സാധ്യതയും ഏറെ ഉണ്ട്.

മറ്റു വ്യവസായ യൂനിറ്റുകൾ തുടങ്ങുന്നതിന് ഒരേക്കർ സ്ഥലവും ആവശ്യമാണ്. ഈ മൂന്നു പ്ലോട്ടുകളും പഞ്ചായത്തിൻെറ വിവിധ മേഖലകളിലായിരിക്കുന്നത് നന്നായിരിക്കും. ഇതുവഴി പഞ്ചായത്തിൻെറ മുഴുവൻ പ്രദേശത്തെയും വ്യസായ സംരംഭവുമായി ബന്ധപ്പെടുത്താനും വ്യവസായിക രംഗത്ത് പുതിയ ഒരു ഉണർവുണ്ടാക്കാനും സാധിക്കും.

വ്യവസായ സഹകരണസംഘങ്ങൾ സഹകരണാടിസ്ഥാനത്തിലുള്ള വ്യാവസായ യൂനിറ്റുകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. നാളികേര സംസ്ക്കരെണം അച്ചാർ, ജാം, ജെല്ലി - സ്കവാഷ് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം, മസാലപ്പൊടികൾ, അരി - ഗോതമ്പുപൊടി നിർമ്മാണം, അലക്കു സോപ്പു നിർമ്മാണം, ഇലക്ട്രിക്ക് പോസ്റ്റ് തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ തുടങ്ങാവുന്ന വ്യവസായ യൂനിറ്റുകളാണ്.

വ്യവസായ വികസനസമിതി ഗ്രാമപഞ്ചായത്ത് ബോർഡിൻെറ ആഭിമുഖ്യത്തിൽ വ്യവസായിക രംഗത്ത് പരിചയസമ്പന്നരെയും വിദഗ്ധരെയും ബാങ്ക് മാനേജർമാർ, വ്യവസായവകുപ്പു ഉദ്യോഗസ്ഥൻമാർ എന്നിവരെയും ഉൾപ്പെടുത്തി കൊണ്ടുള്ള ഒരു വ്യവസായ വികസന സമിതി രൂപീകരിക്കേണ്ടതുണ്ട്.

വ്യാവസായിക സംരംഭകർക്കാവശ്യമായ സാങ്കേതിക പരിജ്ഞാനം നല്കുക, ലൈസൻസിനുള്ള സഹായം നല്കുക, ബാങ്ക് വായ്പ ലഭ്യമാക്കുക അനുയോജ്യമായ വ്യവസായ യൂനിറ്റുകൾ തെരഞ്ഞെടുക്കുന്നതിന് സഹായിക്കുക എന്നിവ ഈ സമിതിക്ക് ചെയ്യാനാകും. വിവിധ വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി പഠനയാത്രകൾ നടത്തുക, വ്യാവസായിക സെമിനാറുകൾ നടത്തുക എന്നിവയിലൂടെ വ്യാവസായികാവബോധം വളർത്തി എടുക്കാനും പുതിയ സംരംഭകരെ കണ്ടെത്താനും അവർക്ക് വേണ്ട ആത്മവിശ്വാസം നല്കാനും ഈ സമിതിക്ക് കഴിയും.

വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി പഞ്ചായത്തിൽ ഒരു 110 KV sub station സ്ഥാപിക്കേണ്ടതാണ്. ദ്വിതീയ വിവരശേഖരണത്തിൻെറയും പഠനത്തിൻെറയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ റിപ്പോർട്ട് പഞ്ചായത്തിൻെറ സമഗ്രമായ വ്യാവസായിക വളർച്ചക്ക് സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു.





# വിദ്യാഭ്യാസം

ആയിരത്തിതൊള്ളായിരത്തി ഇരുപതുകളിൽത്തന്നെ സ്വന്തം വിദ്യാഭ്യാസസ്ഥാപനം എന്ന ആശയം പ്രാവർത്തികമാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ കാലഘട്ടത്തിൽ നടത്തിയിരുന്ന പള്ളികളിലെ ദർസുകളും എഴുത്തച്ഛൻമാരുടെ കുടിപ്പള്ളിക്കൂടങ്ങളും കുട്ടികൾക്ക് അക്ഷരജ്ഞാനം നൽകുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു കുടിപ്പള്ളിക്കൂടമാണ് പത്തപ്പിരിയം ഗവ. യു. പി. സ്കൂളായി പരിണമിച്ചത്. ഔപചാരികമായിട്ടല്ലെങ്കിലും മേത്തലങ്ങാടിയിൽ ഒരു 'പെൺപള്ളിക്കൂടം' സ്ഥാപിക്കപ്പെട്ടത് ഈ രംഗത്തെ ശ്രദ്ധേയമായ തുടക്കമായിരുന്നു. അതുവരെ മലപ്പുറം, മഞ്ചേരി എന്നിവിടങ്ങളിൽ വിദ്യാഭ്യാസത്തിന് പോയിക്കൊണ്ടിരുന്ന ആൺകുട്ടികളിൽ ചിലരും ഇവിടെ അധ്യയനത്തിനെതിയതോടെ പഞ്ചായത്തിൽ വിദ്യാലയങ്ങൾക്കുള്ള പ്രസക്തി കൂടിവന്നു.

ഔപചാരിക വിദ്യാഭ്യാസമെന്ന നിലയിൽ എടവണ്ണ ജി.എൽ.പി. സ്കൂളാണ് പഞ്ചായത്തിലെ പ്രഥമ വിദ്യാലയം. ആയിരത്തിതൊള്ളായിരത്തി മുപ്പതിനു മുമ്പുതന്നെ പഞ്ചായത്തിൽ സ്ഥാപിതമായ ചില വിദ്യാലയങ്ങളാണ് ജി.എൽ.പി സ്കൂൾ പത്തപ്പിരിയം, ജി.യു.പി. സ്കുൾ പത്തപ്പിരിയം, ജി.എൽ.പി. സ്കൂൾ പെരകമണ്ണ എന്നിവ. ദശാബ്ദങ്ങളോളം ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി ഈ പഞ്ചായത്തിലുള്ളവർ ആശ്രയിച്ചിരുന്നത് അന്യപഞ്ചായത്തുകളിലുള്ള വിദ്യാലയങ്ങളെയാണ്.

പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ എന്ന ആശയം വളരെ വൈകിയാണ് ജനങ്ങളുടെയിടയിൽ രൂപം പ്രാപിച്ചത്. മുസല്യാരകത്ത് അബ്ദുൾ ജമീൽ, അത്തിക്കൽ അബൂബക്കർ ഹാജി തുടങ്ങിയവരുടെ നേതൃത്വത്തിൽ ഓറിയൻറൽ സ്കൂൾ കമ്മറ്റി എടവണ്ണ കേന്ദ്രമാക്കി രൂപീകരിക്കയും 'ഇസ്ലാഹിയ ഓറിയൻറൽ മിഡിൽ സ്കൂൾ' ആരംഭിക്കയും ചെയ്തു. വളരെ പ്രതീക്ഷയോടെ എട്ടാംതരം കൂടി ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസാരംഭിച്ചുവെങ്കിലും യഥാസമയം അംഗീകാരം ലഭിച്ചില്ല. തുടർന്ന് '64-'65 വർഷത്തിൽ അംഗീകാരം നേടിയ ഈ സ്ഥാപനമാണ് എടവണ്ണയിലെ ആദ്യത്തെ ഹൈസ്കൂളായ ഐ ഒ എച്ച് എസ്. ഇന്നത് രണ്ടായിരത്തിലധികം കുട്ടികൾ അധ്യയനം നടത്തുന്ന ഒരു ബൃഹദ്സ്ഥാപനമാണ്.

ആയിരത്തിതൊള്ളായിരത്തി എഴുപത്തി നാലിലാണ് എടവണ്ണ ജി യു പി സ്കൂൾ, പരേതനായ ശ്രീ. പില സീതിഹാജിയുടെ ശ്രമഫലമായി ഒരു ഹൈസ്കൂളായി ഉയർത്തപ്പെടുന്നത്. ഇന്ന് ഈ വിദ്യാലയം 'സീതിഹാജി സ്മാരക ഗവ: വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളായി വളർന്നിരിക്കുന്നു.

പഞ്ചായത്തിലെ വിദ്യാഭ്യാസപുരോഗതിക്കുവേണ്ടി പ്രയത്നിച്ച പെരൂൽ അഹമ്മദ് സാഹിബ്, അലവിമാസ്റ്റർ, എഴുത്തച്ചഛൻ മാസ്റ്റർ, കുഞ്ഞറമു മാസ്റ്റർ, ഉണ്ണിക്കമ്മെദു മാസ്റ്റർ, മോയിൻകുട്ടി മാസ്റ്റർ, വയലിലകത്ത് അഹമ്മദുകുട്ടി മാസ്റ്റർ എന്നീ മഹദ്വ്യക്തികളെ പ്രത്യേകം സ്മരിക്കേണ്ട

താണ്. തോരപ്പൻ കുഞ്ഞിമൊയ്തീൻ എന്ന പ്യൂൺ കുട്ടികളെ സ്കൂളിലെത്തിക്കാൻ ഭഗീരഥ പ്രയത്നം നടത്തിയത് അവിസ്മരണീയമാണ്. മതേതര വിദ്യാഭ്യാസപുരോഗതിക്ക് ഇക്കാലയളവിൽ മതപഠനവും സഹായിച്ചിട്ടുണ്ട്. പി വി മുഹമ്മദാജി, അലവി മൗലവി എന്നിവർ ഈ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരാണ്.

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ എണ്ണം

| വിഭാഗം | ഗവ: | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|
| LP | 7 | 4 | 1 | 12 |
| UP | 3 | 1 | 1 | 5 |
| HS | 1 | 1 | 1 | 3 |
| ആകെ | 11 | 6 | 3 | 20 |

മേൽകാണിച്ച, അൺഎയ്ഡഡ് ഒഴികെയുള്ള പതിനേഴ് സ്കൂളുകളിൽ 6 എണ്ണം അരീക്കോട് വിദ്യാഭ്യാസ ഉപജില്ലയിലും 11 എണ്ണം മഞ്ചേരി വിദ്യാഭ്യാസ ഉപജില്ലയിലുമായി വ്യാപിച്ചു കിടക്കുന്നു. അൺഎയ്ഡഡ് വിദ്യാലയമായ ജാമിയ: നദ്മിയ: റസിഡൻഷ്യൽ സ്കൂളിൽ യു പി തലം മുതൽ ഹയർസെക്കൻററി തലംവരെ പ്രവർത്തിക്കുന്നുണ്ട്. എം യു പി സ്കൂൾ കിഴക്കേ ചാത്തല്ലൂർ, ഇ ഒ എൽ പി സ്കൂൾ എടവണ്ണ എന്നീ സ്ഥാപനങ്ങൾ അൺഎയ്ഡഡ് മേഖലയിലാണെങ്കിലും കേന്ദ്രസർക്കാരിൽ നിന്നും ഇവയ്ക്ക് സാമ്പത്തികസഹായം ലഭിക്കുന്നുണ്ട്. സർക്കാരിന്റെ അംഗീകാരമുള്ള സ്കൂളുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് നൽകിവരുന്ന ലംപ്സം ഗ്രാൻറുപോലെയുള്ള സാമ്പത്തികാനുകൂല്യങ്ങൾ ഇത്തരം സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല എന്നത് ഒരു പോരായ്മയാണ്.

## വിദ്യാർഥികൾ - അദ്ധ്യാപകർ

| നം. | സ്കൂളിന്റെ പേര് | ഗവ./ എയ്ഡഡ് | വിദ്യാർഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ജി.എം.എൽ.പി.എസ്. എടവണ്ണ | ഗവ: | 193 | 154 | 347 | 4 | 8 | 12 |
| 2 | ജി.എൽ.പി.എസ്. ചെമ്പക്കുത്ത് | „ | 87 | 88 | 175 | 4 | 2 | 6 |
| 3 | ജി.എം.എൽ.പി.എസ്. എരഞ്ഞിക്കോട് | „ | 153 | 158 | 311 | 2 | 8 | 10 |
| 4 | ജി.എൽ.പി.എസ്. ചളിപ്പാടം | „ | 65 | 49 | 114 | 3 | 2 | 5 |
| 5 | ജി.എൽ.പി.എസ്. പത്തപ്പിരിയം | „ | 90 | 82 | 172 | 2 | 4 | 6 |
| 6 | ജി.എൽ.പി.എസ്. പാലപ്പറ്റ | „ | 121 | 99 | 220 | 3 | 3 | 6 |
| 7 | ജി.എം.എൽ.പി.എസ്. മുണ്ടേങ്ങര | „ | 132 | 137 | 268 | 4 | 5 | 9 |
| 8 | ഐ.ഒ.എൽ.പി.എസ്. എടവണ്ണ | എയ്ഡഡ് | 113 | 150 | 263 | 3 | 6 | 9 |
| 9 | ജെ.എം.എൽ.പി.എസ്. കിഴക്കെ ചാത്തല്ലൂർ | „ | 125 | 111 | 236 | 4 | 3 | 7 |
| 10 | എ.എം.എൽ.പി.എസ്. ചാത്തല്ലൂർ | „ | 158 | 144 | 302 | 6 | 3 | 9 |
| 11 | എം.ജെ.എം.എൽ.പി.എസ്. പള്ളിമുക്ക് | „ | 59 | 54 | 113 | 1 | 4 | 5 |
| 12 | ജി.എം.യു.പി.എസ്. പെരകമണ്ണ | ഗവ. | 403 | 365 | 768 | 14 | 9 | 23 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 13 | എ.എം.എ.യു.പി.എസ്. കുണ്ടുതോട് | എയ്ഡഡ് | 245 | 213 | 458 | 8 | 9 | 17 |
| 14 | ജി.യു.പി.എസ്. പത്തപ്പിരിയം | ഗവ. | 332 | 347 | 679 | 7 | 16 | 23 |
| 15 | ജി.എം.യു.പി.എസ്. തൂവ്വക്കാട് | ,, | 429 | 471 | 900 | 13 | 9 | 22 |
| 16 | എസ്. എച്ച്.എം. ജി.വി.എച്ച്.എസ്.എസ്. എടവണ്ണ | ,, | 732 | 673 | 1405 | 21 | 15 | 36 |
| 17 | ഐ.ഒ.എച്ച്. എസ്. എടവണ്ണ | എയ്ഡഡ് | 1051 | 1097 | 2148 | 42 | 31 | 73 |
| | ആകെ | | 4488 | 4392 | 8880 | 141 | 137 | 278 |

## LP, UP, HS വിഭാഗത്തിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 8880 | 1773 | 1702 | 49 | 1591 | 1536 | 49 | 1116 | 1162 | 51 |
| | | | | | | | | ആകെ 49.5% | |

## പട്ടികജാതി-പട്ടിവർഗ വിദ്യാർത്ഥികളുടെ കണക്ക്

| LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 3475 | 444 | 12.77 | 3127 | 306 | 9.78 | 2278 | 212 | 9.3 |
| | | | | | | ആകെ | 10.83% | |

ഭൂമിശാസ്ത്രപരവും സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങളാൽ ചെറിയൊരു ശതമാനം കുട്ടികൾ ഇടയ്ക്ക് പഠനം നിർത്തുന്നു ണ്ട്. 95-96 വിദ്യാഭ്യാസ വർഷത്തിൽ കൊഴിഞ്ഞുപോയവരുടെ പട്ടിക താഴെ കൊടുക്കുന്നു.

## പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| - | - | 18 | 68 | 37 | 105 |
| | | | | ആകെ | 123 |

നമ്മുടെ പഞ്ചായത്തിൽ സർക്കാർ വിദ്യാലയങ്ങളാണ് കൂടുതൽ. ആകെയുള്ള 17 വിദ്യാലയങ്ങളിൽ 11 എണ്ണം സർക്കാർ മേഖലയിലാണ്. 60% കുട്ടികൾ സർക്കാർ സ്കൂളുകളിൽ പഠിക്കുന്നു.

ഗവ. സ്കൂളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അധ്യാപകർ | ഗവ. വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം | % | പഞ്ചായത്തിലെ കുട്ടികളുടെ എണ്ണം | ഗവ. സ്കൂളിലെ കുട്ടികളുടെ എണ്ണം | % |
|---|---|---|---|---|---|
| 278 | 158 | 57% | 8880 | 5360 | 60.36 |

മാതൃഭാഷയെ അവഗണിച്ചുകൊണ്ട് ഇംഗ്ലീഷ് മീഡിയത്തോടുള്ള ഭ്രമം നമ്മുടെ പഞ്ചായത്തിൽ താരതമ്യേന കുറവാണെങ്കിലും നിലമ്പൂർ, മഞ്ചേരി എന്നിവിടങ്ങളിലെ വിവിധ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് ഏതാണ്ട് 75 കുട്ടികൾ പോകുന്നുണ്ട്. ഈ കുട്ടികളിൽ നല്ലൊരു വിഭാഗവുംഉയർന്ന സാമ്പത്തിക ശേഷിയുള്ള കുടുംബങ്ങളിൽ നിന്നുള്ളവരാണ്. വിദ്യാഭ്യാസ മേഖലയെ ഇത് അസന്തുലിതമാക്കുന്നുവെന്നതിൽ തർക്കമില്ല. ഇത്തരം 'കൂടുമാറ്റത്തിന്' ഒരു കാരണം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിലവാര തകർച്ചയാണെന്നും അഭിപ്രായമുണ്ട്.

പഞ്ചായത്തിൽ സർക്കാർ മേഖലയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക സ്ഥാപനങ്ങളോ ഇല്ല. ഉന്നത പഠനത്തിനായി എം.ഇ.എസ്. കോളേജ് മമ്പാട്, എൻ.എസ്.എസ്. കോളേജ് മഞ്ചേരി, ചുങ്കത്തറ മാർത്തോമാ കോളേജ് എന്നിവരെയാണ് ആശ്രയിക്കുന്നത്. വളരെ കുറച്ചുപേർ തിരൂരങ്ങാടി പി.എസ്.എം.ഒ. കോളേജ്, ഫാറൂഖ് കോളേജ് എന്നീ സ്ഥാപനങ്ങളിലും സാങ്കേതിക വിദ്യാലയങ്ങളായ തിരൂർ, പെരിന്തൽമണ്ണ പോളിടെക്നിക്കുകളിലും അരീക്കോട് ഐ ടി ഐയിലും പഠിച്ചും വരുന്നു. പഞ്ചായത്തിൽ ചെമ്പക്കുത്ത് ജാമിഅ:നദവിയ്യ അറബിക് കോളേജും ഇതോടനുബന്ധിച്ച് അൺഎയിഡഡ് ബി എഡ് കോളേജുമുണ്ട്.

മൂന്നിനും അഞ്ചിനുമിടക്ക് പ്രായമുള്ള കുട്ടികളധികവും സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ പോകുന്നു. സൗകര്യങ്ങൾ പരിമിതമാണെങ്കിലും പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് ഇവ അടിത്തറയിടുന്നു. സേവനവേതന വ്യവസ്ഥകളുമായി താരതമ്യം ചെയ്താൽ മറ്റ് സ്ഥാപനങ്ങളെ അപേക്ഷിച്ച് അംഗൻവാടികളുടെ പ്രവർത്തനം മേന്മയേറിയതാണ്. പഞ്ചായത്തിൽ 28 അംഗൻവാടികളും ഒരു നഴ്സറിയുമാണുള്ളത്.

ഈ പഞ്ചായത്തിൽ ഇരുപതോളം മദ്രസ്സകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ആറോളം സ്ഥാപനങ്ങൾ രാത്രിയിലും പ്രവർത്തിക്കുന്നവയാണ്. പഠനഭാരം കൂടുന്നതിനാൽ ഇത്തരം വിദ്യാർത്ഥികൾക്ക് മറ്റു വിദ്യാർത്ഥികൾക്കൊപ്പമെത്താൻ ബുദ്ധിമുട്ടേണ്ടി വരുന്നുണ്ട്. പാഠ്യപാഠ്യേതര വിഷയങ്ങളിൽ കുട്ടികൾക്കുള്ള താൽപര്യം വളർത്തിയെടുക്കുന്നതിനായി മദ്രസ്സ അധ്യാപകരും സ്കൂളധികൃതരും പരസ്പരധാരണയിലെത്തുന്നത് അഭികാമ്യമാണ്.

എടവണ്ണ യത്തീംഖാനയിലെ ഏതാണ്ട് മുന്നൂറ്റി അൻപതോളം കുട്ടികൾ സ്കൂളുകളിൽ പഠിക്കുന്നുണ്ട്. ഇവർ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ പിന്നോക്കമാണ്. ഇതിന് പരിഹാരം കാണുന്നതിന് വിദഗ്ധരായ ആളുകളോട് അഭിപ്രായം ആരായേണ്ടതും ആവശ്യമായ ക്രമീകരണം വരുത്തേണ്ടതുമാണ്.

മറ്റു പ്രദേശങ്ങളിലെപ്പോലെ ഇവിടെയും സമർത്ഥരായ കുട്ടികൾ, ജോലി ലഭ്യതക്ക് എളുപ്പം കൂട്ടുന്നതിനായി സാങ്കേതിക സ്ഥാപനങ്ങളെ ഒഴിവാക്കിക്കൊണ്ട് ടി ടി സി, ബി. എഡ്. എന്നീ കോഴ്സുകളെയാണ് ആശ്രയിക്കുന്നത്. ഇതര തൊഴിൽ മേഖലയെക്കുറിച്ച് യുവതലമുറയ്ക്കുള്ള അജ്ഞതയാണ് ഇതിനു കാരണം. ഗൾഫ് പണത്തിൻെറ സ്വാധീനം കൂടുതലായി നിലനിൽക്കുന്ന ഈ പ്രദേശത്ത്, "പഠിച്ചില്ലെങ്കിലും പ്രായപൂർത്തിയായാൽ എങ്ങനെയും വിദേശത്ത് എത്തി ജീവിക്കാനൊരു തൊഴിൽ നേടാമെന്ന വ്യാമോഹവും" ഉപരിപഠനത്തെ സാരമായി ബാധിക്കുന്നുണ്ട്.പത്താംതരം കഴിഞ്ഞുനിൽക്കുന്നവർക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി പഞ്ചായത്തുതലത്തിൽ ഒരു "ഗൈഡൻസ് ബ്യൂറോ" സ്ഥാപിക്കുന്നതിലൂടെ ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം.

ഉന്നത വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികൾ പൊതുവെ പുറം തിരിഞ്ഞുനിൽക്കയാണ്. പ്രായപൂർത്തിയാകുന്നതിനുമുമ്പുള്ള വിവാഹമാണിതിന് മുഖ്യകാരണം. പെൺകുട്ടികൾ കൂടുതൽ പഠിക്കേണ്ടതില്ല എന്നുറച്ചുവിശ്വസിക്കുന്ന രക്ഷിതാക്കളും കുറവല്ല. ഇതിനെതിരെ ബോധവൽക്കരണം നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ പഞ്ചായത്തിലെ ജനങ്ങൾ സജീവമായി സഹകരിച്ചിട്ടുണ്ട്. അതുമൂലം ഉയർന്ന സാക്ഷരതാനിരക്ക് നേടുവാൻ നമുക്ക് കഴിഞ്ഞു. എന്നാൽ തുടർസാക്ഷരതാ പരിപാടികൾ നാമമാത്രമായി ചുരുങ്ങിയതിനാൽ നവസാക്ഷരർ മിക്കവാറും നിരക്ഷരരായി എന്നതും പ്രസ്താവ്യമാണ്.

## ഭൗതികസാഹചര്യങ്ങൾ

| നം. | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | GMLPS എടവണ്ണ | 347 | 12 | ഇല്ല | 1 | ഉണ്ട് | ഉണ്ട് |
| 2 | GLPS ചെമ്പക്കുത്ത് | 175 | 6 | 1 | 1 | ഇല്ല | ഇല്ല |
| 3 | GMLPS മുണ്ടേങ്ങര | 269 | 9 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 4 | GMPLS എരഞ്ഞിക്കോട് | 311 | 10 | 1 | 1 | ഉണ്ട് | ഇല്ല |
| 5 | AMLPS ചാത്തല്ലൂർ | 302 | 9 | 3 | 1 | ഉണ്ട് | ഇല്ല |
| 6 | GPLS ചളിപ്പാടം | 114 | 5 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 7 | GMLPS പത്തപ്പിരിയം | 172 | 6 | 2 | 1 | ഉണ്ട് | ഇല്ല |
| 8 | GLPS പാലപ്പറ്റ | 220 | 6 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 9 | IOLPS എടവണ്ണ | 263 | 9 | 1 | 1 | ഉണ്ട് | ഉണ്ട് |
| 10 | GMUPS പെരകമണ്ണ | 768 | 23 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 11 | JMLPS കിഴക്കേ ചാത്തല്ലൂർ | 236 | 7 | 1 | 1 | ഉണ്ട് | ഇല്ല |
| 12 | AMUPS കുണ്ടുതോട് | 458 | 17 | 2 | 1 | ഉണ്ട് | ഇല്ല |
| 13 | GMUPS തുവ്വക്കാട് | 900 | 22 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 14 | MJMLPS പള്ളിമുക്ക് | 113 | 5 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 15 | GUPSപത്തപ്പിരിയം | 679 | 23 | 2 | ഇല്ല | ഉണ്ട് | ഇല്ല |
| 16 | SHMGVHSS എടവണ്ണ | 1405 | 36 | 2 | ഇല്ല | ഉണ്ട് | ഉണ്ട് |
| 17 | IOHS എടവണ്ണ | 2148 | 73 | 2 | 2 | ഉണ്ട് | ഉണ്ട് |

പഞ്ചായത്തിലെ ഭൂരിഭാഗം വിദ്യാലയങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ല. മലപ്പുറം ജില്ലയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന, അത്യന്തം ശോചനീയമായ വിദ്യാലയം നമ്മുടെ പഞ്ചായത്തിലെ ചളിപ്പാടം ഗവ. എൽ. പി. സ്കൂളാണ്. പെരകമണ്ണ ജിഎംയുപി സ്കൂൾ, മുണ്ടേങ്ങര ജി എം എൽ പി സ്കൂൾ എന്നിവ സൗകര്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നോക്കമാണ്. അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്കൂളിൻെറ ചുറ്റുപാടുകളിൽ അധ്യയനം നടത്താൻ നിർബന്ധിക്കപ്പെടുന്ന വിദ്യാർത്ഥി എല്ലാ അർത്ഥത്തിലും പിൻതള്ളപ്പെട്ടുപോകും. ഈ അവസ്ഥയെ അതിജീവിക്കുവാൻ അധ്യാപകരും രക്ഷാകർത്താക്കളും ബഹുജനങ്ങളും അടങ്ങിയ ഒരു പുതിയ കൂട്ടായ്മ വളർത്തിയെടുക്കേണ്ടതുണ്ട്. എന്നാൽ അടുത്തകാലത്തായി നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളോട് നാട്ടുകാർ മാതൃകാപരമായി സഹകരിച്ചുവരുന്നതായി കാണുന്നുണ്ട്. ഉദാഹരണമായി

ചെമ്പക്കുത്ത് എൽ പി സ്കൂളിൽ നാൽപതിനായിരത്തോളം രൂപ നാട്ടുകാർ പിരിച്ചെടുത്ത് കെട്ടിടത്തിനും സ്റ്റേജിനുമായി ചെലവഴിച്ചുകഴിഞ്ഞു. അതുപോലെ കുട്ടികൾ അനുഭവിച്ചുവന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പത്തപ്പിരിയം ഗവ. യു പി സ്കൂളിൽ 'ടാങ്കുകെട്ടി വെള്ളം ലഭ്യമാക്കുന്ന പദ്ധതി പി.ടി.എ. യുടെ സഹകരണത്തോടെ നടപ്പിലാക്കി. ഈ പദ്ധതിക്കാവശ്യമായി വന്ന 25,000/- രൂപ പൊതുജനങ്ങളിൽ നിന്നും പിരിച്ചെടുത്തതാണ്. ജനങ്ങളുടെ സഹകരണത്തിന് മറ്റൊരു ദൃഷ്ടാന്തമാണ്, പത്തപ്പിരിയം ജിഎംഎൽപി സ്കൂളിൽ, 15,000 രൂപയോളം ജനങ്ങളിൽ നിന്നും സമാഹരിച്ച് സ്റ്റേജ്, കഞ്ഞിപ്പുര, ഗേറ്റ് എന്നിവക്കായി ചെലവാക്കി. ജനങ്ങളുടെ നിസ്സീമമായ സഹകരണം ബോധ്യപ്പെട്ട പഞ്ചായത്തധികൃതർ 5000 രൂപ കൂടി പ്രസ്തുതാവശ്യതിനായി അനുവദിക്കുകയുണ്ടായി. മേൽസൂചിപ്പിച്ച വിദ്യാലയങ്ങളുടെ മാതൃക മറ്റു സ്ഥാപനങ്ങൾക്കും അനുകരിക്കാവുന്നതാണ്.

**അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത**

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ലൈബ്രറി | 14 | 3 |
| ലാബ് | 4 | 13 |
| പഠനോപകരണങ്ങൾ | 8 | 9 |
| റേഡിയോ | 10 | 7 |
| ടേപ്പ് റിക്കോർഡർ | 10 | 7 |
| ടെലിവിഷൻ | ഇല്ല | 17 |
| സിനിമാ പ്രൊജക്ടർ | 1 | 16 |
| സ്ലൈഡ് പ്രൊജക്ടർ | 2 | 15 |
| ബ്ലാക്ക്ബോർഡ് | 62 | - |
| ആവശ്യമുള്ളവ | | |
| മാതൃസംഘം സജീവം | 17 | 0 |
| പി.ടി.എ. | 17 | 0 |

സ്കൂളുകളെ സംബന്ധിച്ചിടത്തോളം അക്കാഡമിക് സൗകര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. സ്കൂൾ ചലനാത്മകമാക്കാൻ ലൈബ്രറി, ലബോറട്ടറി, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ മുതലായവ അനുപേക്ഷണീയമാണ്. നമ്മുടെ വിദ്യാലയസൗകര്യങ്ങളുടെ പരിമിതികൾ പട്ടികയിൽ കൊടുത്തുവല്ലോ.

വിദ്യാർഥികളുടെ പഠന നിലവാരം ആശാവഹമല്ല. കഴിഞ്ഞ അഞ്ചുവർഷങ്ങൾക്കിടയിലെ എസ് എസ് എൽ സി വിജയശതമാനത്തിൻെറയും 96-97 വർഷത്തെ പാദവാർഷിക പരീക്ഷയുടെയും മാർക്കുകൾ പട്ടികയായി താഴെകൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക:

**എസ്.എസ്.എൽ.സി. നിലവാരം**

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ഐ.ഒ.എച്ച്.എസ്. എടവണ്ണ | 42% | 41% | 31% | 39% | 37% |
| എസ്.എച്ച്.എം.ജി.വി.എച്ച്.എസ്.എസ്, എടവണ്ണ | 14% | 17% | 27% | 21% | 13% |

**96-97 പാദവാർഷിക പരീക്ഷ**

| ക്ലാസുകൾ | Std.3 | Std.4 | Std.5 | Std.6 | Std.7 | Std.8 | Std.9 | Std.10 |
|---|---|---|---|---|---|---|---|---|
| 30% ൽ താഴെ മാർക്ക് ലഭിച്ചവർ | 360 | 333 | 500 | 444 | 480 | 396 | 483 | 310 |
| 30% നും 40% നും ഇടയിൽ മാർക്ക് ലഭിച്ചവർ | 234 | 244 | 337 | 262 | 388 | 189 | 140 | 104 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 40% നും 50% നും ഇടയിൽ മാർക്ക് ലഭിച്ചവർ | 210 | 234 | 234 | 297 | 280 | 92 | 108 | 85 |
| 50% നും 60% നും ഇടയിൽ മാർക്ക് ലഭിച്ചവർ | 188 | 207 | 202 | 229 | 184 | 123 | 56 | 48 |
| 60% ന് മുകളിൽ മാർക്ക് ലഭിച്ചവർ | 188 | 166 | 80 | 161 | 160 | 33 | 64 | 47 |

പഠനനിലവാരം താഴുന്നതിന് നിരവധി കാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. രക്ഷിതാക്കളുടെ നിസ്സംഗത, അധ്യാപകരുടെ പ്രതിബദ്ധതയില്ലായ്മ, കൂട്ടക്ലാസ് കയറ്റം, കെട്ടിടങ്ങളുടെ കുറവ്, പഠനോപകരണങ്ങളുടെ അഭാവം, പാഠപുസ്തകങ്ങളുടെ അശാസ്ത്രീയത, അനാകർഷകമായ വിദ്യാലയാന്തരീക്ഷം, അക്കാഡമിക് പരിശോധനകളുടെ കൃത്യനിഷ്ഠയില്ലായ്മ, സർക്കാരിന്റെ ചുകപ്പുനാട മുതലായ പല പോരായ്മകളും വിദ്യാഭ്യാസ നിലവാരത്തിന്റെ മൂല്യശോഷണത്തിന് ഇടയാക്കുന്നുണ്ട്.

പഞ്ചായത്തിന്റെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ ചെയ്യാൻ കഴിയുന്നത്.

(1) പഞ്ചായത്ത് പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ "വിദ്യാഭ്യാസ വികസന സമിതി" രൂപീകരിച്ച് പ്രവർത്തനം നടത്തുക

(2) ഓരോ വിഷയത്തിനും ഓരോ അക്കാഡമിക് കൗൺസിൽ രൂപീകരിച്ച്, അതിന്റെ അടിസ്ഥാനത്തിൽ ഓറിയന്റേഷൻ പരിപാടികൾ നടത്തുക.

(3) വിദ്യാഭ്യാസ വികസന സമിതിയുടെ മേൽനോട്ടത്തിൽ സ്കൂൾ സന്ദർശനപരിപാടികൾ നടത്തുകയും പോരായ്മകൾ അപ്പപ്പോൾ സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്യുക.

(4) പാഠ്യേതരപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുക.

(5) പാഠ്യ-പാഠ്യേതരവിഷയങ്ങളിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവെക്കുന്ന കുട്ടികൾക്ക് പഞ്ചായത്ത് തലത്തിൽ അവാർഡുകൾ ഏർപ്പെടുത്തുക.

(6) ഏറ്റവും നല്ല പി.ടി.എ. ക്ക് /മാതൃസഭക്ക് അവാർഡോ പ്രോത്സാഹന സമ്മാനങ്ങളോ ഏർപ്പെടുത്തുക

(7) വാർഡ് മെമ്പർ അധ്യക്ഷനായി വാർഡ്തല വിദ്യാഭ്യാസ സമിതികൾ രൂപീകരിച്ച് രക്ഷിതാക്കൾക്കുവേണ്ടി ബോധവത്ക്കരണം നടത്തുക.

(8) ക്ലാസ് റൂം പി.ടി.എ., മാതൃസംഗമം എന്നിവ രൂപീകരിക്കുക.

ഗ്രാമസഭകളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 9-ാം പദ്ധതിക്കാലത്ത് ചെയ്യേണ്ട പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു:

(1) രണ്ടാം വാർഡിലെ പെരകമണ്ണ ജി എം യു പി സ്കൂളിനും 11-ാം വാർഡിലെ ചളിപ്പാടം ജി എൽ പി സ്കൂളിനും സ്വന്തം സ്ഥലത്ത് കെട്ടിടങ്ങൾ പണിയുക.(ഈ രണ്ട് സ്കളുകൾക്കും സ്വന്തമായി സ്ഥലമുണ്ട്) പെരകമണ്ണ യു പി സ്കൂൾ ഒരു ഹൈസ്കൂളാക്കി ഉയർത്തുക

(2) 9-ാം വാർഡിൽ തുവ്വക്കാട് പ്രദേശത്ത് എൽ പി സ്കൂൾ സ്ഥാപിക്കുക.

(3) ഇപ്പോൾ 5-ാം തരം വരെയുള്ള മുണ്ടേങ്ങര ജി എം എൽ പി സ്കൂൾ യു പി യാക്കി ഉയർത്തുകയും കെട്ടിടം പണിയുകയും ചെയ്യുക.

(4) പട്ടികജാതി-പട്ടികവർഗ്ഗ മേഖലയായ ചാത്തല്ലൂരിൽ യു പി സ്കൂൾ സ്ഥാപിക്കുക.

(5) പഞ്ചായത്തിൽ കാർപ്പന്ററി കോഴ്സ് ഉൾപ്പെടുത്തിക്കൊണ്ട് ഐ ടി ഐ സ്ഥാപിക്കുക.

(6) എട്ടാം വാർഡിലെ ജി എം യു പി എസ് തുവ്വക്കാട് (പന്നിപ്പാറം) ഹൈസ്കൂളാക്കുക.

(7) ചെമ്പക്കുത്ത് ഗവ. എൽ പി സ്കൂളിൽ കെട്ടിടം, ഫർണിച്ചർ മുതലായവ ആവശ്യത്തിലധികം ഉള്ളതിനാൽ അവിടെയൊരു പ്രീ-പ്രൈമറി കൂടി ആരംഭിക്കുക.

(8) 12-ാം വാർഡിൽ പാണ്ടിയാട് കാഞ്ഞിരംപുറം മൈതാനത്ത് സർക്കാർ വക സ്ഥലത്ത് എൽ പി സ്കൂൾ അനുവദിക്കുക. പത്തപ്പിരിയം ജി യു പി സ്കൂൾ ഹൈസ്കൂളായി ഉയർത്തുക.

(9) എടവണ്ണ എസ് എച്ച് ഇ എം ജി വി എച്ച് എസ് എസിൽ സെഷനൽ സമ്പ്രദായം അവസാനിപ്പിക്കുവാൻ എടവണ്ണ ജി എം എൽ പി എസ് പഞ്ചായത്ത് വക കച്ചേരിക്കുന്ന് സ്ഥലത്തേക്ക് മാറ്റുക.

(10) എക്കോ എജുക്കേഷനൽ കോംപ്ലക്സ് സഹകരണ കോളേജാക്കി മാറ്റുക.

(11) വിദ്യാലയ വർഷാരംഭത്തിൽ തന്നെ പാഠപുസ്തകങ്ങൾ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

(12) അധ്യാപക വിദ്യാർഥി അനുപാതം കുറയ്ക്കുക.

(13) ലീവിൽ പോകുന്ന അധ്യാപകർക്ക് പകരമായി (പ്രസവാവധി മുതലായവ) കോൺട്രാക്ട് അടിസ്ഥാനത്തിൽ യോഗ്യതയുള്ളവരെ നിയമിക്കുക.

വിദ്യാഭ്യാസരംഗം മികവുറ്റതാക്കാൻ അടിയന്തിരമായി ചെയ്യേണ്ടത് ഇപ്പോൾ മന്ദീഭവിച്ചുകിടക്കുന്ന സ്കൂൾ കോംപ്ലക്സ് സംവിധാനം സജീവമാക്കുകയാണ്. മുഖ്യമായും വിദ്യാലയങ്ങളിലെ പാഠ്യ-പാഠ്യാനുബന്ധ-പാഠ്യേതര വിഷയങ്ങളിൽ ഊന്നിനിന്നാവണം നമ്മുടെ പ്രവർത്തനങ്ങൾ. ബഹുജനപങ്കാളിത്തത്തോടെ തീർച്ചയായും നമുക്ക് ലക്ഷ്യത്തിലെത്താൻ കഴിയും. എല്ലാറ്റിലും ഉപരിയായി അധ്യാപകരും ബഹുജനങ്ങളും സർക്കാരും കൈകോർത്ത് പിടിച്ചുകൊണ്ട് മുന്നോട്ടുവന്നാൽ വിദ്യാഭ്യാസരംഗത്തെ പോരായ്മകൾ പരിഹരിക്കുവാൻ നമുക്ക് കൂടുതൽ ബുദ്ധിമുട്ടേണ്ടിവരില്ല.

# ആരോഗ്യം, പരിസരശുചിത്വം



1961–ൽ ചെമ്പക്കൂത്ത് പ്രവർത്തനമാരംഭിച്ച പ്രാഥമിക ആരോഗ്യകേന്ദ്രമാണ് എടവണ്ണ പഞ്ചായത്തിലെ ആദ്യത്തെ പൊതുജനാരോഗ്യ സ്ഥാപനം. എന്നാൽ രണ്ട് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും നാല് ഐ പി പി ഉപകേന്ദ്രങ്ങളും ഒരു മാതൃശിശുസംരക്ഷണ കേന്ദ്രവും ഓരോ ആയുർവേദ ഹോമിയോ ഡിസ്പെൻസറികളും ഉൾപ്പെടുന്ന വിപുലമായ ഒരു പൊതുജനാരോഗ്യ സംവിധാനം സർക്കാർ മേഖലയിൽ ഇന്ന് നമ്മുടെ പഞ്ചായത്തിലുണ്ട്. സ്വകാര്യമേഖലയിൽ രണ്ട് അലോപ്പതി ആശുപത്രികളും ഒരു ഹോമിയോ ആശുപത്രിയും പ്രവർത്തിക്കുന്നു. നാലു പാരമ്പര്യവൈദ്യ ചികിത്സാകേന്ദ്രങ്ങളും ഒരു പാരമ്പര്യ കണ്ണുചികിത്സാ കേന്ദ്രവും ആര്യ വൈദ്യശാല, ഔഷധി എന്നിവയുടെ രണ്ട് ഏജൻസികളും നമ്മുടെ പഞ്ചായത്തിലുണ്ട്. കൂടാതെ എടവണ്ണയിൽ ഐ എം സി എയുടെ നേതൃത്വത്തിൽ സൗജന്യചികിത്സയും നടന്നുവരുന്നു.

എന്നാൽ ഇതുകൊണ്ടൊന്നും ആരോഗ്യരംഗത്തെ നമ്മുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെട്ടു എന്നു കരുതാനാവില്ല. 1995–'96 വർഷത്തിൽ 18531 ജലജന്യരോഗങ്ങളും 16830 വായുജന്യരോഗങ്ങളും 13151 പ്രാണിജന്യരോഗങ്ങളും 8362 മറ്റുള്ളരോഗങ്ങളും എടവണ്ണ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. പഞ്ചായത്തിലെ ശരാശരി കുടുംബവലിപ്പം 8 ആണ്. ലഭ്യമായ കണക്കനുസരിച്ച് മരണനിരക്ക് 2.6 ആണ്. ആരോഗ്യരംഗത്ത് നാം നേരിടുന്ന പ്രതിസന്ധികളെ ഏഴായി തരംതിരിക്കാം.

### I ഉയർന്ന രോഗാതുരത, പ്രത്യേകിച്ച് പകർച്ചവ്യാധികളുടെ (ജല–വായു–പ്രാണിജന്യരോഗങ്ങൾ) ആധിക്യം

രോഗാതുരതയെ പ്രധാനമായും പകർച്ചവ്യാധികളും അല്ലാത്തതുമായി തരം തിരിക്കാം. ശ്വാസകോശരോഗങ്ങൾ, ജലജന്യരോഗങ്ങൾ, വയറിളക്കരോഗങ്ങൾ, ക്ഷയം, കുഷ്ഠം, മഞ്ഞപ്പിത്തം, എലിപ്പനി, ലൈംഗികരോഗങ്ങൾ, മലേറിയ, നെഫ്രൈറ്റിസ്, റുമാറ്റിക് ഹാർട്ട് ഡിസീസ് തുടങ്ങിയവയാണ് പ്രധാന പകർച്ചവ്യാധികൾ. വിളർച്ച, പ്രമേഹം, ഉയർന്ന രക്തസമ്മർദം, അർബുദം, ശ്വാസകോശ രോഗങ്ങൾ, കരൾവീക്കം, ഹൃദ്രോഗം, ലഹരിയുടെ ഉപയോഗം മൂലമുണ്ടാകുന്ന രോഗങ്ങൾ, അപകടങ്ങൾ തുടങ്ങിയവയാണ് പകർച്ചവ്യാധികളല്ലാത്തവ.

### നിർദ്ദേശങ്ങൾ:-

(a) പഞ്ചായത്തിലെ എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളിലും ക്ലിനിക്കുകളിലും IP/OP റജിസ്റ്റർ നിർബ്ബന്ധമായും സൂക്ഷിക്കണം. ഇവ പരിശോധിക്കുന്നതിലുടെ പകർച്ചവ്യാധികൾ പ്രത്യക്ഷപ്പെടുന്ന മാസങ്ങൾ അറിയാനും അതിനോടനുബന്ധിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ഭാവിയിൽ ആസൂത്രണം ചെയ്യാനും സാധിക്കും.

(b) പകർച്ചവ്യാധികൾ പകരുന്ന രീതി, ചികിത്സയുടെ പ്രാധാന്യം, പ്രതിരോധ പ്രവർത്തനത്തിൻെറയും കുത്തിവയ്പ്പിൻെറയും ആവശ്യകത, പരിസര ശുചിത്വം എന്നിവയെപ്പറ്റിയുള്ള ബോധൽക്കരണ ക്ലാസുകൾ, ഫിലിം പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കണം.

പഞ്ചായത്തിൽ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു

ചാർട്ട് - 1

| ക്ര.നം. | സ്ഥാപനത്തിൻെറ പേര് | വാർഡ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | പ്രാഥമിക ആരോഗ്യകേന്ദ്രം ചാത്തല്ലൂർ | 1 | 10 |
| 2 | ഐ പി പി ഉപകേന്ദ്രം " | 1 | |
| 3 | ഗവ: ആയുർവേദ ഡിസ്പെൻസറി ഒതായി | 2 | 4 |
| 4 | ഐ പി പി ഉപകേന്ദ്രം കുണ്ടുതോട് | 4 | 1 |
| 5 | ഗവ: ഹോമിയോ ഡിസ്പെൻസറി, എടവണ്ണ | 5 | 4 |
| 6 | മാതൃശിശുസംരക്ഷണകേന്ദ്രം പന്നിപ്പാറ | 8 | 1 |
| 7 | ഐ പി പി ഉപകേന്ദ്രം | 9 | 1 |
| 8 | ഐ പി പി ഉപകേന്ദ്രം | 10 | 1 |
| 9 | പ്രാഥമിക ആരോഗ്യകേന്ദ്രം | 11 | 19 |
| | ആകെ | | 41 |

പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങൾക്കുള്ള നിർദ്ദേശങ്ങളും
നിലവിലുള്ളവയുടെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

| വാർഡ് | സ്ഥാപനങ്ങൾ | | പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും |
|---|---|---|---|
| | സർക്കാർ | സ്വകാര്യം | |
| 1 | പ്രാഥമിക ആരോഗ്യകേന്ദ്രം. ചാത്തല്ലൂർ. IPP ഉപകേന്ദ്രം | ഇല്ല | പുതിയ കെട്ടിടം ഉണ്ടാക്കിയിട്ടുണ്ടെങ്കിലും പ്രാഥമിക ആരോഗ്യകേന്ദ്രം ഇതിലേക്ക് മാറിയിട്ടില്ല. കെട്ടിടത്തിലേക്ക് വൈദ്യുതിയും ഗതാഗതസൗകര്യവും ഉണ്ടാക്കണം. ടാങ്ക് കെട്ടി, വളപ്പിലെ കിണറ്റിൽനിന്ന് പമ്പ് ചെയ്ത് വെള്ളം വിതരണം ചെയ്യണം. രണ്ട് വാർഡുകളെ കേന്ദ്രീകരിച്ചുള്ള ഈ സ്ഥാപനത്തിൻെറ പരിധിയിൽ 13000ഓളം ജനങ്ങൾ താമസിക്കുന്നു. ഇവയിൽ രണ്ട് ഗിരിജൻ കോളനി കുടുംബങ്ങളുൾപ്പെടും. ഇതിനനുസരിച്ച് സ്റ്റാഫിൻെറ എണ്ണം വർദ്ധിപ്പിക്കുക. |
| 2 | ആയുർവേദ ഡിസ്പൻസറി | 2 അലോപ്പതി ആശുപത്രികൾ | ആയുർവേദ ഡിസ്പെൻസറിയുടെ കെട്ടിടം പുതുക്കിപ്പണിയുക. കുടിവെള്ളം ലഭ്യമാക്കുക. IPP ഉപകേന്ദ്രം തുറക്കുക. കിടത്തി ചികിത്സിക്കാൻ വേണ്ട സൗകര്യം ഏർപ്പെടുത്തുക. കൊളപ്പാട് കേന്ദ്രമാക്കി IPP ഉപകേന്ദ്രം തുടങ്ങണം. |
| 3 | -- | -- | -- |
| 4 | IPP ഉപകേന്ദ്രം | -- | -- |
| 5 | ഹോമിയോ ഡിസ്പൻസറി | -- | സ്വന്തമായ കെട്ടിടം ഇല്ല. കെട്ടിടമുണ്ടാക്കാൻ പഞ്ചായത്ത് വക സ്ഥലം ഉപയോഗിക്കാം. ആവശ്യത്തിന് മരുന്നെത്തിക്കണം. |

| | | | |
|---|---|---|---|
| 6 | -- | -- | രണ്ട് വാർഡുകളെയും കേന്ദ്രീകരിച്ച് IPP ഉപകേന്ദ്രം തുറക്കണം |
| 7 | -- | -- | |
| 8 | മാതൃ-ശിശു സംരക്ഷണകേന്ദ്രം | -- | ഇതിൻെറ കെട്ടിടം റിപ്പയർ ചെയ്യുക. വൈദ്യുതിയും കുടിവെള്ളവും ലഭ്യമാക്കുക. |
| 9 | IPP ഉപകേന്ദ്രം | -- | കിണറുണ്ടെങ്കിലും കുടിവെള്ളം വർഷം മുഴുവൻ ലഭിക്കാത്തതിനാൽ ഈ പ്രശ്നം പരിഹരിക്കണം. |
| 10 | IPP ഉപകേന്ദ്രം | ഹോമിയോ ക്ലിനിക് | IPP ഉപകേന്ദ്രത്തിൻെറ കിണർ താഴ്ത്തി വർഷം മുഴുവൻ കുടിവെള്ളം ലഭ്യമാക്കുക. |
| 11 | പ്രാഥമിക ആരോഗ്യകേന്ദ്രം | -- | ചോർന്നൊലിക്കുന്ന ആശുപത്രി കെട്ടിടങ്ങളും ക്വാർട്ടേഴ്സുകളും റിപ്പയർ ചെയ്യുക. ഈ ബ്ലോക്ക്തല പ്രാഥമിക ആരോഗ്യകേന്ദ്രത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തുകയും പുതിയ സർജറി, ഗൈനക് ബ്ലോക്കുകൾ ആരംഭിക്കുകയും വേണം. ഇതിനായി പുതുതായി ആശുപത്രിക്ക് വിട്ട് കിട്ടിയ കെടിടവും കൂടെ ഉപയോഗപ്പെടുത്താം. ഇതിലെ ലാബിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക. ഒരു രക്തബാങ്ക്ഏ ആരംഭിക്കുക. സർവ്വോപരി ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുക. |
| 12 | -- | -- | പാണ്ടിയാട് കേന്ദ്രമാക്കി IPP ഉപകേന്ദ്രം തുറക്കുക |

(c) വാർഡ് തലത്തിൽ മാസത്തിലൊരിക്കൽ 40 വയസ്സിന് മുകളിലുള്ളവക്കായി Diabetis screening camp, 35 വയസ്സിനു മുകളിലുള്ളവർക്കായി Hypertension screening camp എന്നിവയും ആറുമാസത്തിലൊരിക്കൽ Cancer detection camp സംഘടിപ്പിക്കണം.

## II പൊതുജനാരോഗ്യ സംവിധാനത്തിൻെറ ശോച്യാവസ്ഥ

ഒരു നിർവചിക്കപ്പെട്ട ഭൂപ്രദേശത്തുള്ള ജനങ്ങൾക്ക് സമഗ്ര ആരോഗ്യസുരക്ഷാസേവനം ലഭ്യമാക്കാനുള്ള സ്ഥാപനമാണ് പ്രാഥമികാരോഗ്യകേന്ദ്രം. ചികിത്സാ സൗകര്യം, മാതൃശിശു ആരോഗ്യം, കുടുംബാസൂത്രണം, വിദ്യാലയാരോഗ്യം, ശുദ്ധമായ കുടിവെള്ളം ലഭിക്കാനും, മാലിന്യങ്ങൾ സംസ്കരിക്കാൻ മുൻഗണന, പരിസര ശുചീകരണ നടപടികൾ, പകർച്ചവ്യാധികളുടെ നിയന്ത്രണവും നിർമ്മാർജനവും, ജനനമരണങ്ങൾ ശേഖരിക്കലും റിപ്പോർട്ട് ചെയ്യലും, ആരോഗ്യ വിദ്യാഭ്യാസം, ദേശീയ ആരോഗ്യ പരിപാടികളുടെ നടത്തിപ്പ്, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, റഫറൽ സേവനം എന്നിവയാണ് PHC -യുടെ ചുമതലകൾ.

പഞ്ചായത്തിൽ കിടത്തി ചികിത്സിക്കാനാവശ്യമായ സൗകര്യങ്ങളുള്ള ബ്ലോക്ക്തല PHC യാണ് ചെമ്പക്കുത്തുള്ളത്. മെഡിക്കൽ ഓഫീസർമാർക്കടക്കം താമസിക്കാൻ ക്വാർട്ടേഴ്സുകളും ഇതിനോടനുബന്ധമായുണ്ട്. ഇപ്പോഴാകട്ടെ IPHN - മാരെ പരിശീലിപ്പിക്കാനായി നിർമ്മിച്ച കെട്ടിടവും ആശുപത്രിക്കായി വിട്ടുകിട്ടിയിട്ടുണ്ട്. പക്ഷെ വകുപ്പ് അധികൃതരുടെ അനാസ്ഥ കാരണം ദയനീയമായ സ്ഥിതിയിലാണ് ഇന്നീ സ്ഥാപനം. നേരത്തെ 5 ഡോക്ടർമാരുണ്ടായിരുന്ന ഈ സ്ഥാപനത്തിൽ ഇപ്പോൾ കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള ഒരു ഡോക്ടർ ഉൾപ്പെടെ 3 പേർ മാത്രമാണുള്ളത്. ഇവർ തന്നെ പല കാരണങ്ങളാൽ പലപ്പോഴും ലീവെടുത്ത് വിട്ടുനിൽക്കുന്ന അവസ്ഥയാണുള്ളത്. PHC ? യിലെ ഫീൽഡ് ജീവനക്കാരുടെ പ്രവർത്തനം പൂർണ്ണമായി വിനിയോഗിക്കുവാനും കഴിയുന്നില്ല. 9 സർക്കാർ സ്ഥാപനങ്ങളും അവയിലായി 41 ജീവനക്കാരുമുള്ള നമ്മുടെ പൊതുജനാരോഗ്യ സംവിധാനത്തിൻെറ പ്രവർത്തനം ഒട്ടേറെ മെച്ചപ്പെടുത്തേണ്ടതുണ്ട്.

### നിർദ്ദേശങ്ങൾ:-

(a) വണ്ടൂർ ബ്ലോക്കിൽ സ്ഥിതിചെയ്യുകയും അരീക്കോട് ബ്ലോക്കിൻെറ അധീനതയിൽ പ്രവർത്തിക്കുകയും ചെയ്യുന്ന നമ്മുടെ Block PHC യുടെ പ്രവർത്തനങ്ങൾക്ക് സാങ്കേതിക നൂലാമാലകൾ ഒഴിവാക്കാൻ കമ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തണം.

(b) ബ്ലോക്ക് PHC യുടെ Staff pattern പാലിച്ചുകൊണ്ട് സ്ഥിരം ഡോക്ടർമാരെ നിയമിക്കുകയും പുതിയ സർജറി, ഗൈനക്ക് ബ്ലോക്കുകൾ ആരംഭിക്കുകയും വേണം. ഇതിനായി പുതുതായി ആശുപത്രിക്ക് വിട്ടുകിട്ടിയ കെട്ടിടം ഉപയോഗിക്കാവുന്നതാണ്. ഡോക്ടർമാർ ആഴ്ചയിലൊരിക്കൽ സബ്സെൻറർ വിസിറ്റ് ചെയ്യണമെന്നത് കർശനമാക്കണം. ഫീൽഡ് സ്റ്റാഫിൻെറ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നടത്തണം.

(c) PHC - യിൽ അത്യാവശ്യമരുന്നുകൾ വാങ്ങാൻ ലോക്കൽ പർച്ചേസ് സ്കീം നടപ്പിലാക്കണം. പ്രാഥമിക രക്തമൂത്ര പരിശോധനാകിറ്റ്, ORS പാക്കറ്റ്, ഇരുമ്പ്-വിറ്റാമിൻ ഗുളികകൾ, പ്രതിരോധ കുത്തിവയ്പ്പിനുള്ള മരുന്നുകൾ എന്നിവയുടെ ലഭ്യത ഉറപ്പ് വരുത്തണം.

(d) ബ്ലോക്ക് PHC- യിലെ ലാബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. പുതുതായി ഒരു രക്തബാങ്ക് ആരംഭിക്കാനുള്ള നടപടികൾ പഞ്ചായത്ത് തലത്തിൽ കൈക്കൊള്ളണം.

(e) ചാത്തല്ലൂർ PHC യുടെ പുതിയ കെട്ടിടത്തിന് ശുദ്ധജലവും വൈദ്യുതിയും ഗതാഗതസൗകര്യവും ഉറപ്പുവരുത്തണം. അവിടത്തെ ഫീൽഡ് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിച്ച് പഞ്ചായത്തിലെ 3 ഗിരിജൻ കോളനികളിലെ ഗൃഹസന്ദർശനവും പ്രതിരോധ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കണം.

(f) ആശുപത്രികളുടെ നടത്തിപ്പിന്റെ മേൽനോട്ടത്തിനും വികസനത്തിനും വേണ്ടി Hospital development committee കളോ ആശുപത്രി സൗഹൃദ സംരക്ഷണ സമിതികളോ ജനപ്രാതിനിധ്യത്തോടെ രൂപീകരിച്ച് കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പുവരുത്തണം.

(g) ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം, ശുദ്ധജലം, വൈദ്യുതി എന്നിവ ലഭ്യമാക്കുക, മരുന്നുകൾ ലഭ്യമാക്കുക. ആയുർവേദ ഡിസ്പെൻസറിയുടെ കെട്ടിടം റിപ്പയർ ചെയ്യുക, കുടിവെള്ളം ലഭ്യമാക്കുക, കിടത്തി ചികിത്സിക്കാനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സൗകര്യങ്ങൾ ഏർപ്പെടുത്തുക.

(h) പ്രിസ്ക്രിപ്ഷൻ കൂടാതെ കടകളിൽ നിന്ന് മരുന്ന് ലഭ്യമാകുന്ന അവസ്ഥ കർശനമായി തടയണം.

## III പോഷണനിലവാര കുറവ്

നമ്മുടെ നാട്ടിലെ പ്രധാന പോഷണക്കുറവ് പ്രോട്ടീൻ – എനർജി മാൽനൂട്രിഷൻ, ജീവകങ്ങളുടെ കുറവ്, അനീമിയ (വിളർച്ച) എന്നിവയാണ്. വളർച്ച മുരടിപ്പും അദ്ധ്വാനശേഷിയുടെ കുറവും അടിക്കടി ഉണ്ടാവുന്ന രോഗങ്ങളുമാണ് ഇവയുടെ പ്രത്യാഘാതങ്ങൾ. ഗർഭിണികളിലാവട്ടെ വളരെപെട്ടെന്ന് ക്ഷീണിക്കുക, അകാലപിറവി, പ്രസവത്തിനുള്ള ശേഷമുള്ള രക്തസ്രാവം, നെഞ്ചിടിപ്പ് ഇടക്കിടയുള്ള അണുബാധ എന്നിവയുണ്ടാകുന്നു.

### നിർദ്ദേശങ്ങൾ:-

(a) 5 വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും ''Road to health card'' നിർബ്ബന്ധമാക്കണം. ഇതിലൂടെ പോഷണകുറവ് നേരത്തെ കണ്ടുപിടിക്കാനും ചികിത്സിക്കാനും കഴിയും.

(b) വിദ്യാലയങ്ങൾ, അംഗൻവാടികൾ, മഹിളാസംഘങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ചുള്ള പോഷകാഹാര വിതരണ കേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം. അവക്കാവശ്യമായ വിറക്, ഭക്ഷ്യവസ്തുക്കൾ, ശുദ്ധജലം, കെട്ടിടം, എന്നിവ പ്രാദേശികമായി സമാഹരിക്കണം.

(c) പ്രാദേശികമായി പാൽ, മുട്ട, പച്ചക്കറി മഎന്നിവ ഓരോ വീട്ടിലും ഉൽപാദിപ്പിക്കാനുള്ള പദ്ധതി നടപ്പിലാക്കണം:.

(d) ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ എന്നിവരിൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം, ഇരുമ്പ് ഗുളികകൾ, വിറ്റാമിൻ A എന്നിവയുടെ വിതരണം, സമീകൃതാഹാരം, മുലയൂട്ടൽ, പ്രതിരോധ കുത്തിവെയ്പുകളുടെ ആവശ്യകത എന്നിവയെപ്പറ്റിയുള്ള ബോധവൽക്കരണം എന്നീ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം.

(c) പിഞ്ചുകുഞ്ഞുങ്ങൾക്ക് അത്യന്താപേക്ഷിതമായ പോഷകാഹാരം മുലപ്പാൽ ആണ്. അതിനാൽ സ്ത്രീകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ കുട്ടികളെ കിടത്താനും അമ്മമാർക്ക് അവരെ മുലയൂട്ടാനുമുള്ള സംവിധാനം നിർബന്ധവും നിയമാനുസൃതവുമാക്കണം.

## IV പുകവലി, മദ്യപാനം, മയക്കുമരുന്ന് എന്നീ വിപത്തുകൾ

നമ്മുടെ സമൂഹത്തെ പ്രത്യേകിച്ചും യുവതലമുറയെ ബാധിക്കുന്ന ഒരു സാമൂഹ്യ ആരോഗ്യ സാംസ്കാരിക പ്രശ്നമായി ഇന്ന് ഇവ മാറിയിരിക്കുന്നു. ശ്വാസകോശരോഗങ്ങൾ, കരൾരോഗങ്ങൾ, മാനസിക രോഗങ്ങൾ തുടങ്ങി അർബുദം അടക്കമുള്ള ഗുരുതരമായ അവസ്ഥകളിലേക്ക് നയിക്കാവുന്ന ഈ വിപത്തുകളെ നാം ഒറ്റക്കെട്ടായി ചെറുക്കേണ്ടതുണ്ട്.

### നിർദ്ദേശങ്ങൾ:-

(a) ഈ വിപത്തുകളെക്കുറിച്ചും അവയുടെ പ്രത്യാഘാതങ്ങളെക്കുറിച്ചും ശക്തമായ ബോധവൽക്കരണം.

(b) സ്കൂളുകളുടെ സമീപത്ത് കളർ മിഠായികൾ, പാൻപരാഗ് പോലെയുള്ള വസ്തുക്കൾ, സിഗററ്റ് എന്നിവ വിൽക്കുന്നത് തടയാനുള്ള നിയമനിർമ്മാണവും അത് ലംഘിക്കുന്നവരെക്കതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളാനും പഞ്ചായത്ത് തലത്തിൽ ശ്രദ്ധിക്കണം.

## V ശുദ്ധജലവിതരണ സംവിധാനത്തിൻെറ അഭാവം

ആരോഗ്യകരമായ ജീവിതത്തിന് ഒഴിച്ചുനിർത്താനാവാത്ത ഒന്നാണ് ശുദ്ധജലം. നമ്മുടെ പഞ്ചായത്തിൻെറ മൊത്തം രോഗാതുരതയിൽ 40% കുടിവെള്ളം മുഖേന പകരുന്ന രോഗങ്ങളാണ്. എടവണ്ണ പഞ്ചായത്തിനെ നെടുകെ പിളർന്നു കൊണ്ടൊഴുകുന്ന ചാലിയാർ ഒരേസമയം എടവണ്ണയുടെ അനുഗ്രഹവുംശാപവുമാണ്. "ചാലിയാറിനെ സംരക്ഷിക്കു. ആരോഗ്യം ഉറപ്പുവരുത്തു" എന്നതായിരിക്കണം നമ്മുടെ മുദ്രാവാക്യം.

### നിർദ്ദേശങ്ങൾ:-

(a) വൻകിട - ഇടത്തരം - ചെറുകിട പദ്ധതികളിലൂടെ പഞ്ചായത്തിൻെർ കുടിവെള്ളപ്രശ്നം പരിഹരിക്കണം. വൻകിട പദ്ധതികളിൽ Water treatment plant കൾ സ്ഥാപിച്ച് ശുദ്ധീകരണം ഉറപ്പു വരുത്തണം.

(b) മുഴുവൻ ജലസ്രോതസ്സുകളും കാലാകാലങ്ങളിൽ ക്ലോറിനേറ്റ് ചെയ്യണം.

(c) പൊതുകിണറുകൾ വലയിട്ടുമൂടി സംരക്ഷിക്കുകയും അവക്ക് സമീപം വാഹനങ്ങൾ കഴുകുന്നതും മൃഗങ്ങളെ കുളിപ്പിക്കുന്നതും വസ്ത്രം അലക്കുന്നതും കുളിക്കുന്നതും കർശനമായി തടയണം.

(d) ദുർഗന്ധം വമിക്കുന്നതോ, കലക്കവെള്ളമുള്ളതോ ആയ കിണറുകൾ ചിരട്ടക്കരി ഇട്ട് സംരക്ഷിക്കണം.

(e) നീരുറവകളുടെ സംരക്ഷണവും വൃത്തിയും ഉറപ്പ് വരുത്തണം.

(f) കോളനികൾക്കായി പൊതുകിണറുകൾ സ്ഥാപിച്ച് അവയുടെ ഫലപ്രദമായ സംരക്ഷണം ഉറപ്പുവരുത്തണം.

(g) ജലജന്യരോഗങ്ങളെപ്പറ്റിലയും വെള്ളം തിളപ്പിച്ച് ഉപയോഗിക്കേണ്ടതിൻെറ ആവശ്യകതയെപ്പറ്റിയും ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

## VI പരിസര ശുചിത്വസംവിധാനങ്ങളുടെ കാര്യക്ഷമതയില്ലായ്മ

നാം ജീവിലക്കുന്നതിന് ചുറ്റുമുള്ള ജൈവ-ഭൗതിക - സാമൂഹ്യ ഘടകങ്ങളെ ചേർത്താണ് പരിസരം എന്ന് പറയുന്നത്. ശുദ്ധമായ വായുവും വെള്ളവും വൃത്തിയുള്ള ആഹാരവും വീടും നല്ല സാമൂഹ്യസാഹചര്യങ്ങളും നമ്മുശട ആരോഗ്യ പരിപോഷണത്തിന് അത്യാവശ്യമാണ്. ,നമ്മുടെ പഞ്ചായത്തിൻെറ മൊത്തം രോഗാതുരതയിൽ 85% ത്തോളം ജല-വായു-പ്രാണി ജന്യരോഗങ്ങളാണ് എന്നത് ശ്രദ്ധിക്കേണ്ട വസ്തുതയാണ്. വിസർജ്യനിർമാർജന സംവിധാനത്തിലെ പാളിച്ചകൾക്കും മലജന്യരോഗാണുക്കളുടെ പ്രസരണം മണ്ണ്, വെള്ളം, ആഹാരം, കൈകൾ എന്നിവയിലെത്തുന്നു. തുടർന്ന് പുതിയ രോഗങ്ങൾ ഉണ്ടാവുന്നു. ചപ്പ് ചവറുകളുടെ ഘടനയിൽ വന്ന മാറ്റവും (ജൈവ പദാർത്ഥങ്ങളുടെ കുറവും പ്ലാസ്റ്റിക്, മെറ്റൽ, കുപ്പികൾ എന്നിവയുടെ വർദ്ധനവും) നിക്ഷേപ സ്ഥലങ്ങളുടെ കുറവും പ്രശ്നം സൃഷ്ടിക്കുന്നു. ഈച്ച, കൊതുക്, ചെള്ള, വിരകൾ, എലികൾ, പട്ടി, പൂച്ച എന്നിവയുശട അതിപ്രസരം വിരശല്യം, വിളർച്ച, വയറിളക്കരോഗങ്ങൾ, പ്ലേഗ്, എലിപ്പനി തുടങ്ങി പേവിഷബാധ വരെയുള്ള രോഗങ്ങളുണ്ടാക്കുന്നു. തൊഴിൽ ശാലകളിലെയും ഹോട്ടലുകളിലെയും മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുന്നു.

### നിർദ്ദേശങ്ങൾ

(a) വിസർജ്യനിർമ്മാർജനം:-

(1) കോളനികൾക്കായി community toilet കളോ, പൊതുടാങ്കുകളുള്ള വ്യത്യസ്ത toilet കളോ കാര്യക്ഷമമായ ഡ്രയിനേജ് സൗകര്യവും നടപ്പിലാക്കണം.

(2) ചാലിയാറിനുസമീപം എടവണ്ണ പുതിയപാലത്തിൻെറ അടുത്തുള്ള ഒഴിഞ്ഞ പ്രദേശത്ത് septic tank സംവിധാനമുള്ള പൊതു comfort station സ്ഥാപിക്കണം.

(3) പാദരക്ഷകളുടെ ഉപയോഗം, കൈകാലുകൾ കഴുകി വൃത്തിയാക്കി സൂക്ഷിക്കൽ, വിസർജ്യവസ്തുക്കളുടെ ശരിയായ സംസ്കരണം എന്നിവയെപ്പറ്റിയുള്ള ബോധവൽക്കരണം ഊർജിതപ്പെടുത്തണം.

b) ചവറുകൾ:-

(1) ജൈവപദാർത്ഥങ്ങൾ വീടുകളിൽ തന്നെ നേരിട്ട് വളമാക്കുകയോ, compost ആക്കുകയോ, കുഴിച്ചു മൂടാൻ പറ്റുമെങ്കിൽ അങ്ങനെയോ ഇല്ലായ്മ ചെയ്യണം.

(2) പ്ലാസ്റ്റിക്ക്, മെറ്റൽ, കുപ്പികൾ എന്നിവക്ക് പൊതു കളക്ഷൻ ബിന്നുകൾ സ്ഥാപിക്കുകയും ആഴ്ചയിലൊരിക്കൽ അവ പഞ്ചായത്ത് തലത്തിൽ സ്വരൂപിച്ച് recycling ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം.

(3) പൊതുസ്ഥലം വൃത്തിയായി സൂക്ഷിക്കാനും ദിവസേന ശുചിയാക്കാനും പഞ്ചായത്ത് തലത്തിൽ ജീവനക്കാരെ നിയമിക്കണം. റോഡുകളിലും റോഡ്‌വക്കുകളിലും ചപ്പുചവറുകളിടുന്ന കടക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കണം. കടകളിൽ ചപ്പുചവറുകളിടാൻ വീപ്പകൾ നിർബന്ധമാക്കണം.

(4) ഇറച്ചികടകൾ, മീൻ ചന്തകൾ എന്നിവ ഒരു പ്രദേശത്ത് ഒരേ സ്ഥലത്ത് സ്ഥാപിക്കുകയും അവയുടെ മാലിന്യങ്ങൾ അവിടെതന്നെ കുഴി കുഴിച്ച് സംസ്കരിക്കാൻ സംവിധാനമുണ്ടാക്കുകയും വേണം.

(5) പലചരക്കുകടകൾ, ഹോട്ടൽ, കൂൾബാർ തുടങ്ങിയിടങ്ങളിലെ സാമ്പിൾ പരിശോധനയും ശുചിത്വപരിശോധനയും Health Inspector മാരുടെ നേതൃത്വത്തിൽ കാര്യക്ഷമമാക്കണം. ഇവിടങ്ങളിലെ തൊഴിലാളികൾക്ക് Health card ഏർപ്പെടുത്തുകയും മാസത്തിലൊരിക്കൽ Health checkup നിർബന്ധമാക്കുകയും വേണം.

(6) പൊതുപരിപാടികൾ, സദ്യകൾ എന്നിവക്ക് നല്കുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ശുചിത്വം പരിശോധിക്കാൻ ആരോഗ്യരപവർത്തകരെ ചുമതലപ്പെടുത്തണം. അവിടത്തെ മാലിന്യങ്ങൾ ഉടനടി സംസ്കരിക്കപ്പെടുന്നുവെന്ന് ഇവർ ഉറപ്പ് വരുത്തണം.

(7) മലിനജലം കെട്ടിനിൽക്കാതിരിക്കാനും അഴുക്കുചാലുകൾ തടസ്സവിമുക്തമാക്കാനും കൂത്താടികൾ വളരാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ മണ്ണെണ്ണ തളിക്കാനും വീടുകളിൽ DDT തളിക്കാനും സംവിധാനമുണ്ടാക്കണം.

(8) ഫാക്ടറികളിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിക്കാനുള്ള ഉത്തരവാദിത്വം ഫാക്ടറി മാനേജ്മെൻറിനാണ്. പുഴയിലേക്കോ പൊതുനിരത്തുകളിലേക്കോ മാലിന്യങ്ങൾ തുറന്നുവിടുന്ന ഫാക്ടറികൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കണം. ഓട്, ഇഷ്ടിക കമ്പനികളുടെ പുകകുഴലുകളുടെ ഉയരവും വണ്ണവും സമീപവാസികൾക്ക് വായുമലിനീകരണമുണ്ടാകാത്ത തരത്തിലാണെന്ന് ഉറപ്പുവരുത്തണം. റബ്ബർ മിനി ഇൻഡസ്ട്രികളിൽ ലനിന്നുവരുന്ന കരി വായുമലിനീകരണം ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കണം. വ്യവസായശാലകൾ നിർമ്മിക്കുമ്പോൾതന്നെ തൊഴിലാളികൾക്കാവശ്യമായ സ്ഥലം, വായു സഞ്ചാരമാർഗ്ഗങ്ങൾ, വെളിച്ചം കടക്കാനുള്ള സൗകര്യം എന്നിവ ഉറപ്പുവരുത്തണം. വ്യവസായ മലിനീകരണമുണ്ടാക്കുന്ന തൊഴിൽശാലകൾ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ അനുവദിക്കാൻ പാടില്ല.

വിസർജ്യനിർമാർജന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ഖരമാലിന്യങ്ങളുശട സംസ്കരണം, തടസ്സമുക്തമായ അഴുക്കുചാലുകൾ വ്യക്തിശുചിത്വം, കുടുംബങ്ങൾ, സ്ഥാപനങ്ങൾ, തൊഴിൽശാലകൾ, പൊതുസ്ഥലങ്ങൾ എന്നിവയുടെ ശുചിത്വം ഉറപ്പുവരുത്തൽ എന്നിവയിലധിഷ്ഠിതമായ ഒരു പുത്തൻ നാഗരികതക്കായുള്ള മനോഭവം വളർത്തിയെടുക്കുന്നതിലൂടെ മാത്രമേ നാം നേരിടുന്ന മാലിന്യപ്രശ്നങ്ങൾക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണാൻ കഴിയുകുള്ളു.

## VII പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന പരിപാടികൾ

(1). മൊബൈൽ സ്കൂൾ ഹെൽത്ത് യൂണിറ്റ്:- ഇന്ന് നിലവിലുള്ള School health programme കേവലം ഒരു ചടങ്ങ് മാത്രമായി അവശേഷിക്കുന്നു. അദ്ധ്യാപകരും ആരോഗ്യപ്രവർത്തകരും കണ്ടെത്തുന്ന രോഗമുള്ള കുട്ടികൾക്ക് കൃത്യമായ ചികിത്സ ലഭ്യമാക്കുന്നതിലും അവരെ ലഡോക്ടർമാരുടെ അടുത്ത് കൃത്യമായി എത്തിക്കുന്നതിലും വീഴ്ച സംഭവിക്കുന്നു.ഇത് പരിഹരിക്കുവാനായി സ്കൂൾ ആരോഗ്യപരിപാടിക്കുവേണ്ടി ബ്ലോക്ക് PHC യുടെ കീഴിൽ ഒരു മൊബൈൽ യൂണിറ്റ് സ്ഥാപിക്കുകയും മാസത്തിലൊരിക്കൽ ഡോക്ടറുടെ നേതൃത്വത്തിൽ സ്കൂൾ വിസിറ്റും തൽസമയ ചികിത്സയും ലഭ്യമാക്കണം.

(2). വൃദ്ധ ചികിത്സാകേരന്ദം (Geriatic clinic) :- 60 വയസ്സിന് മുകളിലുള്ളവരുടെ ചികിത്സക്കായി പഞ്ചായത്ത് തലത്തിൽ ഒരു വൃദ്ധചികിത്സാകേന്ദ്രം സ്ഥാപിക്കണം. സമൂഹത്തിലെ മുഖ്യ ആശ്രിതവിഭാഗമായ വൃദ്ധജനതയെ മാനസികവും ശാരീരികവുമായയ പ്രശ്നങ്ങൾക്ക് ഇതിലൂടെ പരിഹാരം കാണണം.

(3). രക്തബാങ്കും രക്തദാനസെല്ലും:- ബ്ലോക്ക് PHC യോടനുബന്ധിച്ച് ഒരു രക്തബാങ്ക് തുടങ്ങുവാൻ പഞ്ചായത്ത് തലത്തിൽ നടപടി ആരംഭിക്കണം. അതോടൊപ്പംതന്നെ വാർഡ് തലത്തിൽ രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പുകൾ സംഘടിപ്പിച്ച് രക്തദാന സെല്ലുകൾ രൂപീകരിച്ച് ഇവയുടെ റജിസ്റ്റർ ആരോഗ്യകേന്ദ്രങ്ങളും പഞ്ചായത്ത് ഓഫീസിലും സൂക്ഷിക്കണം.

(4) പൊതുശ്മശാനം:- പഞ്ചായത്തിലെ നിലവിലുള്ള പൊതുശ്മശാനം ചെങ്കൽപാറയുള്ള സ്ഥലത്തായതിനാൽ ആഴത്തിൽ കുഴിയെടുത്ത് ശവം മറവ് ചെയ്യാൻ ഇന്ന് കഴിയുന്നില്ല. ഇത് സമീപവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇതിനോടെ ബദൽ സംവിധാനം പഞ്ചായത്ത് തലത്തിൽ കണ്ടെത്തേണ്ടതുണ്ട്.

(5) സെൻറർ ഫോർ മെൻറലി റിട്ടാർഡഡ് ചിൽഡ്രൻ:- സമൂഹത്തിലെ തന്നെ മറ്റൊരു ആശ്രിതവിഭാഗമാണ് ബുദ്ധിമാന്ദ്യമുള്ള കുട്ടികൾ. ഇവർക്ക് സ്കൂളുകളിൽ പോകാനോ മാനസിക വളർച്ച പ്രാപിക്കാനോ ഇന്ന് സംവിധാനങ്ങൾ നിലവിലില്ല. പകൽസമയത്ത് (10 മണിമുതൽ 5 മണിവരെ) പ്രവർത്തിക്കുന്ന ഒരു വിദ്യാഭ്യാസ പുനരധിവാസ, തൊഴിൽ പരിശീലന, ചികിത്സാസ്ഥാപനം ഈ കുട്ടികൾക്കായി പഞ്ചായത്തിൽ ആരംഭിക്കണം.

(6) ആംബുലൻസ് സൗകര്യം:- വിദഗ്ദ്ധ ചികിത്സക്കായി ഏകദേശം 12 കിലോമീറ്ററോളം സഞ്ചരിക്കേണ്ടി വരുന്നുവെന്നത് രോഗികളെ സുഖമായി കൊണ്ടുപോകുന്നതിനും ഇന്ന് നമുക്കൊരു ലസംവിധാനവുമില്ല. ആശുപത്രി വികസന സമിതിയുടെ കീഴിൽ ഒരു ആംബുലൻസ് സൗകര്യം പഞ്ചായത്തിന് ലഭ്യമാക്കിയാൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും.

ജനങ്ങളുടെ ആരോഗ്യം ജനങ്ങളുടെ കൈകളിലാണ്. അതുകൊണ്ട് തന്നെ പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് ജനപങ്കാളിത്തത്തോടെയുള്ള പദ്ധതിയാണ് വേണ്ടത്. മേൽപറഞ്ഞ പ്രവർത്തന പദ്ധതികളുടെ വിജയം അതിലെ ജനപങ്കാളിത്തത്തെത ആശ്രയിച്ചിരിക്കും. അതിനാൽ മേൽപറഞ്ഞ ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ജനകീയാടിസ്ഥാനത്തിലുള്ള കമ്മറ്റികൾ രൂപീകരിക്കണം. പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡണ്ട്, PHC യിലെ ചീഫ് മെഡിക്കൽ ഓഫീസർ ഒരു സിവിൽ എഞ്ചിനീയർ, ആരോഗ്യപ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ആരോഗ്യ സബ്കമ്മറ്റി രൂപീകരിക്കണം. പഞ്ചായത്തിൻെറ ആരോഗ്യസംരക്ഷണത്തിനാവശ്യമായ പദ്ധതി

കളുടെ നിർമ്മാണപ്രവർത്തനങ്ങളുടെയും ആസൂത്രണത്തിൻെറയും മേൽനോട്ടം ഈ കമ്മറ്റിക്കായിരിക്കണം. വാർഡ് തലത്തിൽ വാർഡ് മെമ്പർ, ഡോക്ടർമാർ, മറ്റ് ആരോഗ്യപ്രവർത്തകർ, സന്നദ്ധസംഘടനകൾ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി വാർഡുതല സബ്കമ്മറ്റികളും രൂപീകരിക്കണം. ഈ സബ്കമ്മറ്റികളും ഗ്രാമസഭകളും കുടുംബയോഗങ്ങളും അങ്കണവാടികളും കൂട്ടായി വാർഡിലെ ആരോഗ്യപരിശോധന, മാതൃശിശുസംരക്ഷണം, രോഗനിരീക്ഷണം, രോഗപ്രതിരോധം, ആരോഗ്യവിദ്യാഭ്യാസം, പോഷണപരിപാടികൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവക്ക് നേതൃത്വം നൽകണം. വർഷാവസാനം നടത്തുന്ന ആരോഗ്യനിലവാരസർവ്വെ പഞ്ചായത്തിൽ നടപ്പിൽവരുത്തിയ പദ്ധതികളുടെ ഫലം, പുതിയ പ്രശ്നങ്ങൾ എന്നിവ വിലയിരുത്തുകയും ഭാവിയിൽ അതിനനുസൃതമായ നടപടികൾ കൈക്കൊള്ളുകളയും വേണം.

"ചാലിയാറിനെ സംരക്ഷിക്കൂ
ആരോഗ്യം ഉറപ്പുവരുത്തൂ."
"നമ്മുടെ വൃത്തി, നാടിൻെറ വൃത്തി
നമുക്കെല്ലാം ആരോഗ്യം."

എന്നീ മുദ്രാവാക്യങ്ങൾ നമ്മുടെ അടുത്ത ഒരു വർഷത്തെ പ്രവർത്തനത്തിൻെറ അന്തസത്തയാകുമ്പോൾ 'എല്ലാവർക്കും ആരോഗ്യം' എന്ന സ്വപ്നം നമ്മുടെ പഞ്ചായത്തിൽ കൈവരിക്കാൻ കൂട്ടായ പ്രവർത്തനത്തിലൂടെ നമുക്ക് കഴിയുമെന്ന് ആശിക്കാം.

ഇനി വിശേഷാൽ ഗ്രാമസഭകളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ വന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും പരിശോധിക്കാം. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് 1, 8, 11, 12 വാർഡുകളിൽ വേണ്ടത്ര ശ്രദ്ധ കൊടുത്തിട്ടില്ല.

**വാർഡ് 2: ഒതായി :**ഒതായിയിലുള്ള ആയുർവ്വേദ ഡിസ്പൻസറിയെ കിടത്തിചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയായി ഉയർത്തുക. നിലവിലുള്ള കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ്. ഡിസ്പൻസറിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കോമ്പൗണ്ടിനകത്ത് കിണർ കുഴിക്കുകയോ ഒതായിയിലേക്ക് നിർദ്ദേശിക്കുന്ന ജലവിതരണസംവിധാനം ഉപയോഗപ്പെടുത്തുകയോ ചെയ്യാവുന്നതാണ് ഒതായി അങ്ങാടിയിൽ ഡ്രെയിനേജ് ഇല്ലാത്തതിനാൽ അഴുക്കുവെള്ളം കെട്ടിക്കിടക്കുകയാണ്. ഇതൊഴിവാക്കുവാൻ ഡ്രെയിനേജ് ഉണ്ടാക്കുക. മറ്റൊരു നിർദ്ദേശം വന്നത് കേലൻതോട്, കാഞ്ഞിരക്കുണ്ട്, വേരുപാലം, പുത്തൻപുരകടവ് എന്നിവിടങ്ങളിൽ കുളിക്കടവുകൾ ഉണ്ടാക്കണമെന്നാണ്.

**വാർഡ് 3: മുണ്ടേങ്ങര:** ആധുനിക രീതിയിലുള്ള അറവുശാലയുണ്ടാക്കുക. അറക്കുന്നതിന് മുമ്പ് മൃഗത്തിനെ ഡോക്ടർ പരിശോധിക്കുക. അറവുകൾക്ക് ലൈസൻസ് ഏർപ്പെടുത്തുക. എടവണ്ണ ഗ്രാമപഞ്ചായത്തിനെ പേവിമുക്ത മേഖലയാക്കുക എന്നിവയാണ് വന്ന നിർദ്ദേശങ്ങൾ.

**വാർഡ് 4: കുണ്ടുതോട്:** കുറന്തോട്ടം ചള്ള, വട്ടപ്പാറ എന്നീ സ്ഥലങ്ങളിൽ അറവിനെതുടർന്നുണ്ടാകുന്ന അവശിഷ്ടങ്ങൾ ഒഴിവാക്കാത്തതുകൊണ്ടുള്ള പ്രശ്നങ്ങൾ എടുത്തുപറഞ്ഞിട്ടുണ്ട്. അങ്ങാടിയിൽതന്നെ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതും അങ്ങാടിയിൽതന്നെയുള്ള കുളവും പരിസരമലിനീകരണത്തിന് കാരണമാകുന്നു.

**വാർഡ് 5: എടവണ്ണ:** വാർഡിൽ ഉയർന്നുവന്ന പ്രധാന ചർച്ച ജലസംഭരണിയുമായി ബന്ധപ്പെട്ടതാണ്. ടാങ്കിന് വേണ്ട അറ്റകുറ്റപ്പണികൾ നടത്തുന്നില്ല. കുടിവെള്ളം വേണ്ടത്ര ശുദ്ധീകരിക്കുന്നില്ല തുടങ്ങിയ വിമർശനങ്ങളെ നിലവിലുള്ള പദ്ധതിയുമായി ബന്ധപ്പെടുത്തി അവലോകനം ചെയ്തു. 1975-ൽ 20 വർഷത്തെ കാലാവധി വെച്ചാണ് പമ്പ് സ്ഥാപിച്ചതും ടാങ്ക് കെട്ടിയതും. രണ്ടിൻെറയും കാലാവധി കഴിഞ്ഞു. അതിനാൽ അധികൃതർ അറ്റകുറ്റപ്പണികൾ തയ്യാറാവുന്നില്ല. അടിയന്തരമായി പുതിയ ടാങ്ക് നിർമ്മിക്കുകയോ നിലവിലുള്ളതിന് അറ്റകുറ്റപ്പണികൾ നടത്തുകയോ ചെയ്യേണ്ടതാണ്. വെള്ളം ശുദ്ധീകരിച്ചതിന് ശേഷം മാത്രമേ വിതരണം ചെയ്യുന്നുള്ളുവെന്ന് ഉറപ്പ് വരുത്തുകയും വേണം.

എടവണ്ണയിലെ ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തമായ കെട്ടിടമില്ല. പഞ്ചായത്ത് ഓഫീസിന് പിന്നിലുള്ള പഞ്ചായത്ത് വക സ്ഥലം കെട്ടിടത്തിന് വേണ്ടി ഉപയോഗിക്കാവുന്നതാണ്. ഡിസ്പൻസറിയിൽ ആവശ്യത്തിന് മരുന്നെത്തിക്കാൻ നടപടിയുണ്ടാവണം.

എടവണ്ണയിലെ ഹോട്ടലുകളിൽ നിന്നുള്ള മലിനജലം റോഡരുകളിലേക്കും കടകൾക്ക് പിന്നിലേക്കും തുറന്നുവിടുകയാണ് ചെയ്യുന്നത്. മത്സ്യമാംസ വിപണനങ്ങൾക്ക് പൊതുമാർക്കറ്റ് തുറക്കുക, അറവുശാല ഒഴിഞ്ഞ് സ്ഥലത്ത് നിർമ്മിക്കുക, അഴുക്കുചാലുകൾ സ്ലാബിട്ട് മൂടുക എന്നീ നിർദ്ദേശങ്ങളും വന്നിട്ടുണ്ട്.

**വാർഡ് : 6 - കല്ലിടുമ്പ്:-** മൃഗങ്ങളുടെ അറവിനെ തുടർന്നുണ്ടാവുന്ന അവശിഷ്ടങ്ങൾ നീക്കം ചെയ്യാത്ത് മൂലം സ്കൂളിനും പരിസരങ്ങളിലുമുണ്ടാവുന്ന മലിനീകരണം, നായ്ക്കളുടെ ശല്യം എന്നിവ ചർച്ചയിലൂടെ വന്നിട്ടുണ്ട്.

വാർഡ്: 7 - പാലപ്പെറ്റ:- പാലപ്പെറ്റയിലെ പൊതുകുളം നന്നാക്കുക, അതിൽ നിന്ന് മൃഗങ്ങളെ കഴുകുന്നത് തടയുക എന്നീ ആവശ്യങ്ങൾ വന്നിട്ടുണ്ട്.

വാർഡ്: 9 – തൂവ്വക്കാട്:– ചപ്പുചവറുകൾ, അരിമംഗലത്ത് റോഡിലേക്ക് ഒഴിവാക്കുന്നു എന്ന പരാതി ചർചയിൽ വന്നു. ബോധവൽക്കരണത്തിലൂടെ ഇതിന് പരിഹാരം കാണേണ്ടതാണ്.

വാർഡ്: 10 – പത്തപ്പിരിയം:– 1932ലെ മദ്രാസ് പബ്ലിക് ആക്ട് കാലോചിതമായി പരിഷ്കരിക്കുകയെന്ന ആവശ്യമാണ് പ്രധാനമായും വന്നിട്ടുള്ളത്.

## കുടിവെള്ളം

ഗ്രാമപഞ്ചായത്തിലെ, പരിഗണനയിലെടുക്കേണ്ട പ്രധാന പ്രശ്നങ്ങളിലൊന്ന്, ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ കുടിവെള്ളം തന്നെ. പഞ്ചായത്തിലെ 90% ആളുകളും കുടി വെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. ചാലിയാർ പുഴയെ ആരശയിച്ച് വിപുലമായ ജലവിതരണ പദ്ധതികൾ രൂപപ്പെടുത്താമെങ്കിലും കേരളം വാട്ടർ അതോറിട്ടിയുടെ ചെറിയ ഒരു പദ്ധതി മാത്രമെ നിലവിലുള്ളു. 270 ഗൃഹകണക്ഷനുകളും 20 ഗൃഹേതര കണക്ഷനുകളും 40 പൊതുടാപ്പുകളുമാണ് ഇതിൽ നിന്നുള്ളത്. വിവിധ വാർഡുകളിലായി 13 കുഴൽകിണറുകൾ ഉൾപ്പെടെ 33 പൊതുകിണറുകളുണ്ട്. കുഴൽകിണറുകൾ മിക്കതും ഉപയോഗിക്കാവുന്ന നിലയിലല്ല. ജലദൗർലഭ്യത്തിന് കാരണമാവുന്ന കുഴൽകിണറുകൾ പ്രോൽസാഹിപ്പിക്കാവുന്നതുമല്ല.

പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിൻെറ ഗൗരവം 95-96 വർഷത്തിൽ റിപ്പോർട് ചെയ്ത ജലജന്യ രോഗങ്ങളുടെ കണക്കെടുത്താൽ ബോധ്യമാവും. 18531 പേർക്ക് ഈ ഇനത്തിലുള്ള രോഗങ്ങൾ എന്നുള്ളതുകൊണ്ടുതന്നെ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാൻ അടിയന്തിര നടപടികളുണ്ടാവേണ്ടതാണ്. ഇതിനായി പഞ്ചായത്തിലുള്ള പ്രകൃതിദത്തമായ നീരുറവകളെ സംരക്ഷിക്കുക, പൊതുകിണറുകൾ നന്നാക്കിയെടുക്കുക, അയൽകൂട്ടങ്ങളെ കേന്ദ്രീകരിച്ച് ചെറുകിട വിതരണ ജലപദ്ധതികൾ നടപ്പിലാക്കുക, തുടങ്ങിയവ വാർഡുതല ഗുണഭോക്താക്കളുശട സഹകരണത്തോടെ നടപ്പാക്കാവുന്നാതണ്. കുണ്ടുതോടിലും കല്ലിടുമ്പിലും നിലവിലുള്ള മിനിപദ്ധതികൾ ഇതിന് മാതൃകയാക്കാവുന്നതാണ്.

### വിശേഷാൽ ഗ്രാമസഭകളിൽ നിലന്നുവന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

| വാർഡ് | പ്രശ്നമേഖല | പരിഹാരമാർഗങ്ങൾ |
|---|---|---|
| | മണക്കാട്ട് പറമ്പ്, പടിഞ്ഞാറേ ചാത്തല്ലൂർ | ഞണ്ടുകണ്ണി ഭാഗത്ത് കിണർ കുഴിച്ച് വാഴക്കടിയൻ കുന്നിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| | ചോലാർമല ഗിരിജൻ കോളനി | 1. കോളനികളിലെ കുളം നന്നാക്കുക.<br>2. കോളനിയിലെ ചോലയിൽ ബണ്ട് കെട്ടുക. |
| 1 | കിഴക്കേ ചാത്തല്ലൂർ | വെട്ടശ്ശേരി ഭാഗത്ത് കിണർ കുഴിച്ച് പൂളക്കുന്നിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| | മൈലാടി (ഓടണ്ടപ്പാറ) | നിലവിലുള്ള കുളം നന്നാക്കി, ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| | തുമ്പട്ടിച്ചാൽ കോളനി | തുമ്പട്ടിച്ചാൽ കോളനിയിലെ പൊതുകിണർ നന്നാക്കുക.<br>2. കൊടിഞ്ചിറ കുളം നന്നാക്കി, പൈപ്പ് വഴി വിതരണം ചെയുക. |
| | പറക്കുന്ന് | കൊടിഞ്ചിറകുളം പദ്ധതി ഉപയോഗപ്പെടുത്തുക. |
| 2 | ചുണ്ടേപറമ്പ് | കരിമ്പ്മലയിലെ കുളം നന്നാക്കി, പൈപ്പ് ലൈൻ വഴി വിതരണം ചെയ്യുക. |
| | ഒതായി | 1. വേരുപാലം താഴെ ശാന്തിപുരം ഭാഗത്ത് ചെക്ക് ഡാം നിർമ്മിക്കുക.<br>2. ചാലിയാർ പുഴയിൽ നിന്നും വെള്ളം പമ്പുചെയ്ത് 500 മീറ്റർ അകലെയുള്ള പറക്കുന്ന് മലയിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| | ചെമ്പൻ കോളനി | കോളനി സ്ഥിതിചെയ്യുന്ന മലയിലെ നീരുറവ ബണ്ട് കെട്ടി സംരക്ഷിച്ച് വിതരണം ചെയ്യുക. |
| | ചെട്ട്യാർകുന്ന് | പൊതുകിണർ കുഴിക്കുക - സ്ഥലം സൗജന്യമായി ലഭിക്കും. |
| 3 | വിമ്പുംകുഴി ഗിരിജൻ കോളനി, കുളപ്പാട്, | കോളനിയിലെ നീരുറവ ബണ്ടുകെട്ടി സംരക്ഷിക്കുക.<br>വായനശാലക്ക് സമീപം കിണർ കുഴിക്കുക, ചാലിയാർ പുഴയുടെ കരയിൽ |
| | മുണ്ടേങ്ങര, കൊളപ്പാട് | കിണർ കുഴിച്ച് മുണ്ടേങ്ങര ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |

| | | |
|---|---|---|
| 4 | പേർങ്ങോട്, | പൊതുകിണർ കുഴിയ്ക്കുക - സ്ഥലം സൗജന്യമായി ലഭിക്കും. |
| | മുരിക്കിൻകുറ്റി, | -do- |
| | മോഴിയ്ക്കൽ | 1. ചാലിയാർ പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് കുണ്ടുതോട് കേന്ദ്രമാക്കി ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| | അമ്പലപ്പറമ്പ്, ചട്ടിപ്പാറ, കുറവൻ പാറ, | 2. എടവണ്ണയിലെ K.W.A. പൈപ്പ് ലൈൻ നീട്ടുക. |
| | ചെറിയ പറമ്പ് | 1. പൊതുകിണർ കുഴിക്കുക.<br>എടവണ്ണയിൽ നിന്നുള്ള K.W.A. പൈപ്പ് ലൈൻ നീട്ടുക. |
| 5 | ബംഗ്ലാവ് കുന്ന് | 1. ബംഗ്ലാവുകുന്നിലെ പൊതുകിണർ നന്നാക്കുക.<br>2. K,W.A. പൈപ്പ്ലൈൻ നീട്ടുക. |
| | കുന്നുംപുറം, കോട്ടമല | 1. കോട്ടാലയിലെ കുണ്ടേങ്ങാടൻ കുളം സംരക്ഷിച്ച് ശുദ്ധജല വിതരണത്തിനായി ഉപയോഗിക്കുക.<br>2. K.W.A പൈപ്പ്ലൈൻ നീട്ടുക. |
| | ടൗൺ | -do- |
| | പൊതുവൻകുന്ന് | 1. കുന്നിന് താഴെയുള്ള പാടവക്കിൽ കിണർ കുഴിച്ച് കുന്നിന് മുകളിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക.<br>2. K.W.A പൈപ്പ്ലൈൻ നീട്ടുക. |
| | സ്കൂൾകുന്ന്, കുന്നുമ്മൽ, ചാൽതൊടിക | 1. I.O.H.S. ന് പിന്നിലുള്ള പാടവക്കിൽ കിണർ കുഴിച്ച് കുന്നിലെ സ്റ്റേഡിയത്തിന് സമീപം ടാങ്ക് കെട്ടി വിതരണം ചെയ്യുക.<br>2. K.W.A ലൈൻ നീട്ടുക. |
| 6. | പൊതിലാട്, കൊങ്ങൻപാറ, കുപ്പറ്റക്കുന്ന്, മമ്പായിൽ | 1. മമ്പായിൽ ഭാഗത്ത് പാടത്ത് കിണർ കുഴിച്ച് കൊങ്ങൻപാറയുടെ പൊതിലാട് ഭാഗത്ത് ടാങ്ക് കെട്ടി വിതരണം ചെയ്യുക.<br>2. K.W.A പൈപ്പ്ലൈൻ നീട്ടുക. |
| | ഇരുമ്പൂതാല | 1. പൊതുകിണർ കുഴിക്കുക - സ്ഥലം സൗജന്യമായി ലഭിക്കും.<br>2. K.W.A. പൈപ്പ്ലൈൻ നീട്ടുക. |
| | ചവിടിക്കുഴി | നിലവിലുള്ള കിണർ നന്നാക്കി പറക്കുന്നിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| | മഞ്ചേരിക്കുത്ത് കോളനി | പടിക്കൽ പാടത്ത് കിണർ കുഴിച്ച് മഞ്ചേരികുന്നിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| | മൂലങ്ങോട് | മൂലങ്ങോട് വയലിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| 7 | കൊങ്ങൻപാറ ഹരിജൻ കോളനി, കാക്കശ്ശേരിക്കുന്ന്. | കൊങ്ങാൻപാറവയലിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| | ആദ്യൻതൊടിക | ചാലിയാറിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ആര്യൻ തൊടിക കോളനിയിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| | പള്ളിപ്പടി | പള്ളിക്കുളം നന്നാക്കി കുന്നുംപുറത്ത് ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| | സ്കൂൾപടി | K.W.A. പൈപ്പ്ലൈൻ നീട്ടുക |
| | വെള്ളാരംപാറമുക്ക് | വെള്ളാരംപാറമുക്കിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. സ്ഥലം സൗജന്യമായി ലഭിയ്ക്കും. |
| | തെക്കേകുളപ്പറ്റ | പൊതുകിണർ കുഴിയ്ക്കുക. സ്ഥലം സൗജന്യമായി ലഭിക്കും. |
| 8 | വടശ്ശേരി-തൊണ്ടിപ്പറമ്പ് | -do- |
| | പന്നിപ്പാറ | 1. പന്നിപ്പാറ അങ്ങാടിക്കുസമീപം കിണർ കുഴിച്ച് സ്കൂൾ കുന്നിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക.<br>2. ചാലിയാറിൻെറ പള്ളിമുക്ക് - ഓടണ്ട ഭാഗത്ത് കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയുക. (ഇത് വാർഡിന് മൊത്തം പ്രയോജനപ്പെടും). |

| | | |
|---|---|---|
| | കാപ്പാട്ടുപറമ്പ്, തെക്കേപറമ്പ് | മഞ്ചേരിത്തോടിന് സമീപം കിണർകുഴിച്ച് കാപ്പാട്ടുകുന്നിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| | അരിമംഗലം | മഞ്ചേരി തോടിന് പട്ടരാൽ എന്ന സ്ഥലത്ത് സബ്സെൻററിന് സമീപം കിണർ കുഴിച്ച് അരിമംഗലം കുന്നിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| 9 | നെല്ലാണി, കോട്ടമല | കോട്ടമല ചോലയിലുള്ള നീരുറവ കെട്ടിനിർത്തി, പൈപ്പ് വഴി വിതരണം ചെയ്യുക. |
| | മേലേചാലിൽ | പൊതുകിണർ കുഴിയ്ക്കുക – സൗജന്യമായി സ്ഥലം ലഭിക്കും |
| | പാറമ്മൽചാള | -do- |
| | ചുള്ളിക്കാകുന്ന്, പാണരുന്ന്. | പാണരുകുന്നിനുതാഴെ കിണർകുത്തി കുന്നിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| 10 | പോത്തുവെട്ടി, കുന്നുമ്മൽ, GLPS പരിസരം, പാലക്കടിക്കുന്ന്. | 1. സ്കൂളിലെ കിണർ താഴ്ത്തി സ്കൂൾ കുന്നിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയുക.<br>2. പോത്തുവെട്ടി ബസ്സ്റ്റോപ്പിനുസമീപം പൊതുസ്ഥലത്ത് കിണർ കുഴിച്ച് സ്കൂൾ കുന്നിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയുക.<br>3. K.W.A. പൈപ്പ്ലൈൻ നീട്ടുക. |
| | ചേന്നായ്കുന്ന്, | K.W.A പൈപ്പ്ലൈൻ നീട്ടുക. |
| | മദ്രസകുന്ന് | 1. -do- |
| | കലന്തിയിൽ ഹരിജൻ കോളനി | 2. പൊതുകിണർ നന്നാക്കുക |
| | ലക്ഷംവീട് | 1. പൊതുകിണർ നന്നാക്കുക.<br>2. K.W.A. പൈപ്പ്ലൈൻ നീട്ടുക. |
| | പൊന്നാംകുന്ന് | 1. പൊതുകിണർ കുഴിയ്ക്കുക.<br>2. K.W.A. പൈപ്പ്ലൈൻ നീട്ടുക. |
| 11 | ചെമ്പക്കുത്ത് | 1. GLPS ന് സമീപം കിണർ കുഴിക്കുക.<br>2. K.W.A. പൈപ്പ്ലൈൻ നീട്ടുക. |
| | അനക്കരത്തിക്കുന്ന് | പൊതുകിണർ കുഴിക്കുക. സ്ഥലം സൗജന്യമായി ലഭിക്കും. |
| | ഒറ്റപോക്ക് | 1. ഒറ്റപോക്ക് പടിഞ്ഞാറ് ഭാഗത്ത് കിണർ കുഴിക്കുക.<br>2. K.W.A. പൈപ്പ്ലൈൻ നീട്ടുക. |
| | മേലേചളിപ്പാടം | 1. നിലവിലുള്ള കുഴൽകിണർ റിപ്പയർ ചെയ്യുക.<br>2. K.W.A. പൈപ്പ്ലൈൻ നീട്ടുക. |
| | യു.പി. സ്കൂൾ ഭാഗം. | സ്കൂൾപടിക്ക് സമീപം കിണർ കുഴിച്ച് സ്കൂൾ കുന്നത്ത് ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. |
| | പൊറ്റകാട് കോളനി | 1. പൊതുകിണർ കുഴിക്കുക<br>2. K.W.A പൈപ്പ്ലൈൻ നീട്ടുക |
| | ഇടപ്പലത്ത് ഹരിജൻ കോളനി | 1. പൊതുകിണർ കുഴിക്കുക<br>2. K.W.A. പൈപ്പ് ലൈൻ നീട്ടുക. |
| 12 | പാണ്ടിയാട്, മൂത്തേടത്ത് കുന്ന് കോളനി, പൈകാട് കോളനി, വെള്ളാമ്പുറം കോളനി, ചെരങ്ങാട്ട് പൊയിൽകോളനി ഒടുവൻകുന്ന് പ്രദേശം വലിയതൊടി തരിശ്കോളനി | 1. K.W.A പൈപ്പ്ലൈൻ നീട്ടുക. |

# ചെറുകിട ശുദ്ധജലപദ്ധതികൾ

വാർഡ് - I :- (1) ഞണ്ടുകണ്ണി ഭാഗത്ത് കിണർ കുഴിച്ച് വാഴക്കടിയൻ കുന്നിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക.

(2) ചോലാർമല ഗിരിജൻ കോളനിയിലെ നീരുറവ ബണ്ടു കെട്ടി സംരക്ഷിക്കുക. കോളനിക്ക് കുടിവെള്ളം ലഭിക്കുമെന്ന് മാത്രമല്ല താഴെ പ്രദേശങ്ങളിലെ കിണറുകളിൽ വേനൽകാലത്ത് വെള്ളം നിൽക്കുന്നതുവഴി താഴെയുള്ളവർക്കും പ്രയോജനപ്പെടും. സിമൻറ് ഉപയോഗിക്കാതെ നാടൻ വസ്തുക്കൾ ഉപയോഗിച്ച് വേണം ഇങ്ങനെ സംരക്ഷിക്കുന്നത്. ഇതിനുള്ള സാങ്കേതികസഹായം നൽകിയാൽ കോളനി നിവാസികൾ സൗജന്യമായി ഇതു ചെയ്യുന്നതാണ്.

(3) വെട്ടശ്ശേരി ഭാഗത്ത് കിണർ കുഴിച്ച് പൂളക്കുന്നിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക.

(4) മൈലാടി ഒടണ്ടപാറയിൽ നിലവിലുള്ള ലകുളം നന്നാക്കി പൈപ്പ് വഴി വിതരണം ചെയ്യുക.

വാർഡ് II:- 1. കൊടിഞ്ചിറകുളം നന്നാക്കി പൈപ്പ് വഴി വിതരണം ചെയ്യുക.

(2) തുമ്പട്ടിച്ചാൽ കോളനിയിലെ പൊതുകിണർ നന്നാക്കുക.

(3) വേരുംപാലം താഴെ ശാന്തിപുരം ഭാഗത്ത് ചെ[illegible]ം നിർമ്മിക്കുക. ഇതുവഴി ഒതായി പ്രദേശത്ത് കിണറുകളിൽ വേനൽകാലത്തും വെള്ളം കിട്ടും.

വാർഡ് III:- (1). ചെമ്പൻകോളനിക്കടുത്തുള്ള നീരുറവ ബണ്ടുകെട്ടി സംരക്ഷിക്കുക.

(2) വീമ്പുകുഴി ഹരിജൻ കോളനിയിലെ നീരുറവ ബണ്ടുകെട്ടി സംരക്ഷിക്കുക.

വാർഡ് VI :- (1). പൊതുവാൻ കുന്നിന് താഴെയുന്നള പാടവക്കിൽ കിണർ കുഴിച്ച് കുന്നിന് മുകളിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക.

(2) IOHS ന് പിന്നിലുള്ള പാടവക്കിൽ കിണർ കുഴിച്ച് കുന്നിലെ സ്റേഡിയത്തിന് സമീപം ടാങ്ക്കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക.

(3) മമ്പൊയിൽ ഭാഗത്ത് കിണർ കുഴിച്ച് കൊങ്ങൻപാറയുടെ പൊതിലാട് ഭാഗത്ത് ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക. ഇതുവഴി പൊതിലാട് കൊങ്ങൻപാറ, കുപ്പറ്റക്കുന്ന്, മമ്പൊയിൽ എന്നീ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാം.

വാർഡ് 7:- (1). ചവിടിക്കുഴിയിൽ കിണർ നന്നാക്കി പറക്കുന്നിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക.

(2). പടിക്കൽ പാടത്ത് കിണർ കുഴിച്ച് മഞ്ചേരിക്കുന്നിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക.

(3) മൂലങ്ങോട് വയലിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയുക.

(4) ആര്യൻതൊടിക കോളനിയിൽ ടാങ്ക് കെട്ടി ചാലിയാറിൽ നിന്ന്ജലം പമ്പ് ചെയ്ത് വിതരണം ചെയ്യുക.

(5) കൊങ്ങൻപാറ വയലിൽ കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയുക.

(6) പള്ളിക്കുളം നന്നാക്കി കുന്നുംപുറത്ത് ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക.

വാർഡ് 8:- (1) വെള്ളാരംപാറ മുക്കിൽ കിണർ കുഴിക്കാൻ സൗജന്യമായി സ്ഥലം കിട്ടും. ഇവിടെ കിണർ കുഴിച്ച് ടാങ്ക് കെട്ടി പൈപ്പ് വഴില വിതരണം ചെയ്യുക.

(2). പന്നിപ്പാറ അങ്ങാടിക്ക് സമീപം കിണർ കുഴിച്ച് സ്കൂൾ കുന്നിൽ ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്യുക.

വാർഡ് - 9

ഏറ്റവും കൂടുതൽ കുടിവെള്ള പ്രശ്നമുള്ള വാർഡാണ് ഇത്. ഇവിടെ ചെറുകിട പദ്ധതികൾ മാത്രമെ പ്രായോഗികമായുള്ളു.

1. മഞ്ചേരി തൊടിന് സമീപം കിണർ കുഴിച്ച് കാപ്പാട് കുന്നിൽ ടാങ്ക് കെട്ടിയാൽ കാപ്പാട്ട് പറമ്പ്, തെക്കെപറമ്പ് എന്നീ സ്ഥലങ്ങളിലേക്ക് ജലവിതരണം നടത്താവുന്നതാണ്. സ്ഥലം സൗജന്യമായി ലഭിക്കും.

2. മഞ്ചേരി തോടിന് പട്ടരാൽ എന്ന സ്ഥലത്ത് സബ്സെൻററിന് സമീപം കിംനർകുഴിച്ച് അരിമംഗലം കുന്നിൽ ടാങ്ക് കെട്ടി വിതരണം ചെയ്താൽ സബ്സെൻറർ ഉൾപ്പെടെയുള്ള അരിമംഗലത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാനാവും. ഇതിനും സൗജന്യമായി ലഭിക്കും.

3. കോട്ടമല ചോലയിൽ വർഷംമുഴുവൻ വെള്ളം കിട്ടുന്ന നീരുറവയുണ്ട്. ഇതിന് ബണ്ടുകെട്ടി സംരക്ഷിച്ച് പൈപ്പ് വഴി വിതരണം ചെയ്താൽ നെല്ലാണി, കോട്ടമല ഭാഗങ്ങളിലേക്ക് പ്രയോജനപ്പെടും.

4. പാണരുകുന്നിനുതാഴെ കിണർകുഴിച്ച് കുന്നിൽ ടാങ്ക് കെട്ടിയാൽ ചുള്ളിക്കാക്കുന്ന്, പാണരുകുന്ന് പ്രദേശത്ത് പ്രയോജനപ്പെടും.

വാർഡ് 10:- സ്കൂൾ കിണർ താഴ്ത്തി സ്കൂൾ കുന്നത്ത് ടാങ്ക് കെട്ടി പൈപ്പ് വഴി വിതരണം ചെയ്താൽ സ്കൂൾ പരിസരം പോത്തുവെട്ടി, കുന്നുമ്മൽ ഭാഗങ്ങളിലേക്ക് പ്രയോജനപ്പെടും.

വാർഡ് 12:- സ്കൂൾപടിക്ക് സമീപം കിണർ കുഴിച്ച് സ്കൂൾ കുന്നത്ത് ടാങ്ക് കെട്ടി പൈപ്പ് വഴിവിതരണം ചെയ്യുക.

## ഇടത്തരം പദ്ധതികൾ

1. ചാലിയാർ പുഴയിൽ നിലന്നും ജലം പമ്പ് ചെയ്ത് 500 മീറ്റർ അകലെയുള്ള പറക്കുന്ന് മലയിൽ ടാങ്ക് കെട്ടി ശേഖരിച്ച് വിതരണം ചെയ്താൽ ഒതായി, ചാത്തല്ലൂർ പ്രദേശങ്ങളിലേക്ക് പ്രയോജനപ്പെടുത്താനാവും.

2. ചാലിയാർ പുഴയിൽ നിന്നും ജലം പമ്പ് ചെയ്ത് മുണ്ടേങ്ങര ടാങ്ക് കെട്ടി ശേഖരിച്ച് വിതരണം ചെയ്താൽ മുണ്ടേങ്ങര, കൊളപ്പാട് ഭാഗങ്ങളിലേക്ക് പ്രയോജനപ്പെടും.

3. കുണ്ടൂതോട് കേന്ദ്രീകരിച്ച് ടാങ്ക് കെട്ടി ചാലിയാറിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുക.

4. പള്ളിമുക്ക് ഓടണ്ട ഭാഗത്ത് ടാങ്ക് കെട്ടി ചാലിയാറിൻകരയിൽ കിണർ കുഴിച്ച് പമ്പ് ചെയ്ത് വിതരണം ചെയ്താൽ പന്നിപ്പാറയുടെ കുടിവെള്ളപ്രശ്നം പരിഹരിക്കാം.

5. പോത്തുവെട്ടി ബസ് സ്റ്റോപ്പിനുസമീപം പൊതുസ്ഥലത്ത് കിണർ കുഴിച്ച് സ്കൂൾ കുന്നത്ത് ടാങ്ക് കെട്ടി, പമ്പ് ചെയ്ത് വിതരണം ചെയ്താൽ സ്കൂൾ പരിസരം, കുന്നുമ്മൽ, പോത്തുവെട്ടി, മൗസക്കുന്ന്, ചേന്നായിക്കുന്ന്, പാലക്കടിക്കുന്ന് എന്നീ സ്ഥലങ്ങളിലേക്ക് പ്രയോജനപ്പെടും.

## പഞ്ചായത്ത്തല പദ്ധതി

എടവണ്ണ പുതിയ പാലത്തിന് താഴെപുഴക്കരയിൽ മുണ്ടേങ്ങര ഭാഗത്ത് കിണർ കുഴിച്ച് എടവണ്ണ കേന്ദ്രീകരിച്ച് ടാങ്ക് കെട്ടി ജലം പമ്പ് ചെയ്ത് പൈപ്പ്വഴി വിതരണം നടത്തിയാൽ പഞ്ചായത്തിലെ 4, 5, 6, 10, 11, 12 വാർഡുകളിലെ കുടിവെള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കാവുന്നതാണ്., ഇതിനുവേണ്ടി ഉപയോഗിക്കുന്ന കിണർ ഉപയോഗിച്ച് മുണ്ടേങ്ങര കേന്ദ്രീകരിച്ച് ജലവിതരണം നടത്തിയാൽ 1, 2, 3- വാർഡുകളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന നായാടിക്കുന്ന് പദ്ധതി വിപുലീകരിച്ചാൽ മേൽ രണ്ട് പദ്ധതികളും അധിക ചെലവു കൂടാതെ നടപ്പിലാക്കാവുന്നതാണ്. ഇതുവഴി പഞ്ചായതിലെ എല്ലാ ഭാഗങ്ങളിലെയും കുടിവെള്ളപ്രശ്നം പരിഹരിക്കാവുന്നതാണ്.





18-ാം നൂറ്റണ്ടിൽ, ടിപ്പുസുൽത്താൻെറ മലബാർ പടയോട്ടത്തോടെയാണ് എടവണ്ണയിൽ റോഡുകൾ നിലവിൽ വന്നത്. ഗതാഗതവുമായി ബന്ധപ്പെട്ട്, പഞ്ചായത്തിലൂടെ കടന്നുപോകുന്ന ചാലിയാർ പുഴക്കും വളരെയധികം പ്രാധാന്യം ഉണ്ടായിരുന്നു. ബേപ്പൂരിൽ നിന്നും ചാലിയാറിലൂടെ ജലഗതാഗതം അവസാനിച്ചിരുന്നത് എടവണ്ണയിലായിരുന്നു. 1940 കളുടെ അന്ത്യംവരെ ഏറനാട്ടിലെ പ്രധാനവാണിജ്യ കേന്ദ്രമായിരുന്നു എടവണ്ണ. കോഴിക്കോട്-ഫറോക്ക് മേഖലയിൽനിന്നും ജല മാർഗം എടവണ്ണയിൽ എത്തിയിരുന്നു. കച്ചവടച്ചരക്കുകൾ ഏറനാടിൻെറ വിവധഭാഗങ്ങളിലേക്ക് കാളവണ്ടി മാർഗമായിരുന്നു എത്തിച്ചിരുന്നത്. പിൽക്കാലത്ത് റോഡ് ഗതാഗതം പുരോഗമിച്ചതോടെ ജലഗതാഗതത്തിൻെറ പ്രാധാന്യം കുറയുകയാണ് ഉണ്ടായത്.

1930 കളുടെ ആരംഭത്തിൽ അറക്കൽ ചെറിയമുഹമ്മദ് ആദ്യമായി ആരംഭിച്ച ബസ്സർവ്വീസോടെ റോഡ് ഗതാഗതത്തിന് തുടക്കം കുറിച്ചു. ഈ കാലത്ത് നിലവിലുണ്ടായിരുന്ന റോഡുകളാണ് അരീക്കോട്-വണ്ടൂർ, മൂർക്കനാട്-എടവണ്ണ, മലപ്പുറം-നിലമ്പൂർ എന്നിവ. ഇതിൽ മലപ്പുറം-നിലമ്പൂർ റോഡാണ് പിന്നിട് കോഴിക്കോട്-നിലമ്പൂർ -ഗൂഡല്ലൂർ (CNG) സംസ്ഥാനപാതയായി മാറിയത്. ഈ റോഡിൻെറ 55/150 കി.മി. മുതൽ (പന്തപ്പള്ളി) 62/900 (കുണ്ടുതോട് പാലം) വരെ എടവണ്ണ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. അടുത്ത കാലത്ത് സ്റ്റേറ്റ് ഹൈവേയായി മാറിയ കൊയിലാണ്ടി-എടവണ്ണ റോഡിൻെറ (അരീക്കോട്-എടവണ്ണ) അവസാന ഭാഗത്തിലെ 6.350 കി.മീ. നമ്മുടെ പഞ്ചായത്തിലാണ്. പി.ഡബ്യ.ഡി. റോഡുകളായ മൂർക്കനാട്-എടവണ്ണ 3.800 കി.മി., എടവണ്ണ-വണ്ടൂർ 3.00 കി.മീ എന്നിവ ഈ പഞ്ചായത്തിലാണ്. മൊത്തം 20.9000 കി.മീ. പി.ഡബ്ല്യ.ഡി. റോഡുകൾ പഞ്ചായത്തിലൂടെ കടന്നുപോകുന്നുണ്ട്. ചാലിയാർ പുഴയാൽ രണ്ടായിട്ട് വിഭജിക്കപ്പെട്ടിരുന്ന പഞ്ചായത്തിനെ ബന്ധിപ്പിച്ചുകൊണ്ട് 1995 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട സീതിഹാജി സ്മാരക പാലം എടവണ്ണയുടെ ഗതാഗത ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്. പാലത്തിനു വേണ്ടിയുള്ള സീതിഹാജിയുടെ അശ്രാന്ത പരിശ്രമം എന്നും സ്മരണിയമാണ്.

## ടാർ ചെയ്ത റോഡുകൾ

ഗ്രാമപഞ്ചായത്തിൽ ഒന്നാം വാർഡിൽ 3.500കി.മീ., രണ്ടാം വാർഡിൽ 1 കി.മീ., നാലാം വാർഡിൽ 300 മീ. ആറാം വാർഡിൽ 750 മീ., ഏഴാം വാർഡിൽ 12 റോഡുകളിൽ മൊത്തം 12.680 കി.മീ. റോഡുകളാണ്. പഞ്ചായത്ത് ടാർ ചെയ്തിട്ടുള്ളത്. 1,5,10,11 വാർഡകളിലായി 5.300 കി.മീ. ദൂരത്തിൽ 5 റോഡുകൾ മെറ്റൽ ചെയ്തിട്ടുണ്ട്. മെറ്റൽചെയ്ത റോഡുകളുടെ വിവരം പട്ടിക-2-ൽ ചേർത്തിരിക്കുന്നു.

ഗതാഗതം

## പട്ടിക-1
### എടവണ്ണ പഞ്ചായത്തിലെ ടാർചെയ്ത റോഡുകൾ

| നമ്പർ | റോഡ് | വാർഡ് | ഉടമസ്ഥത | ദൂരം കി.മീ. | വീതി മീ. | ബസ് യാത്രാ സൗകര്യം (കി.മീ.) | മറ്റ് യാത്രാ സൗകര്യം |
|---|---|---|---|---|---|---|---|
| 1 | പുള്ളിയിലപ്പാറ-കാവിലട്ടി | 01 | പഞ്ചായത്ത് | 3,000 | 8 | ഇല്ല | ഉണ്ട് |
| 2 | പുള്ളിയിലപ്പാറ-അമ്പലപ്പടി | 01 | പഞ്ചായത്ത് | 0.500 | 8 | ഉണ്ട് | ഉണ്ട് |
| 3 | ഒതായി-പുള്ളിയിലപ്പാറ | 02 | പഞ്ചായത്ത് | 1.000 | 8 | ഉണ്ട് | ഉണ്ട് |
| 4 | മൂർക്കനാട്-എടവണ്ണ | 02, 03 | PWD | 4.800 | 8 | ഉണ്ട് | ഉണ്ട് |
| 5 | കുണ്ടുതോട്-ഓടുകമ്പനി | 04 | പഞ്ചായത്ത് | 0.300 | 6 | ഇല്ല | ഉണ്ട് |
| 6 | മഞ്ചേരി-നിലമ്പൂർ (CNG) | 04,05,06 10, 11 | PWD സ്റ്റേറ്റ് ഹൈവേ | 7.350 | സ്റ്റേറ്റ് ഹൈവേ | ഉണ്ട് | ഉണ്ട് |
| 7 | അരീക്കോട്-എടവണ്ണ | 08,07,06 | PWD | 6.350 | 8 | ഉണ്ട് | ഉണ്ട് |
| 8 | എടവണ്ണ-തിരുവാലി | 05, 11 | PWD | 3.000 | 8 | ഉണ്ട് | ഉണ്ട് |
| 9 | മേത്തലങ്ങാടി | 06 | പഞ്ചായത്ത് | 0.250 | 6 | ഇല്ല | ഉണ്ട് |
| 10 | കല്ലിടുമ്പ്-ആര്യൻതൊടിക | 06 | പഞ്ചായത്ത് | 0.500 | 8 | ഇല്ല | ഉണ്ട് |
| 11 | പാലപ്പറ്റ-ആര്യൻതൊടിക | 07 | പഞ്ചായത്ത് | 2.200 | 8 | ഇല്ല | ഉണ്ട് |
| 12 | പൊട്ടി-പുഴക്കടവ് | 08 | പഞ്ചായത്ത് | 0.480 | 4 | ഇല്ല | ഉണ്ട് |
| 13 | പത്തപ്പിരിയം-തുവ്വക്കാട് | 10 | പഞ്ചായത്ത് | 0.750 | 8 | ഇല്ല | ഉണ്ട് |
| 14 | പത്തപ്പിരിയം-പെരൂർകുണ്ട് | 10 | പഞ്ചായത്ത് | 0.200 | 8 | ഇല്ല | ഉണ്ട് |
| 15 | ചെമ്പകുന്ന്-ഐന്തൂർ | 11 | പഞ്ചായത്ത് | 1.500 | 8 | ഇല്ല | ഉണ്ട് |
| 16 | ജാമിഅഃ - ചളിപ്പാടം | 11 | പഞ്ചായത്ത് | 2.000 | 8 | ഇല്ല | ഉണ്ട് |

## പട്ടിക-2
### ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| നമ്പർ | റോഡ് | വാർഡ് | ടാർചെയ്യേണ്ട തുകം | വീതി |
|---|---|---|---|---|
| 01 | കിലുങ്ങാംകുളം-കാരാപറമ്പ് | 01 | 0.400 | 8 |
| 02 | ടിപ്പുസുൽത്താൻ റോഡ് | 05 | 1.400 | 8 |
| 03 | പത്തപ്പിരിയം-തുവ്വക്കാട് | 10 | 1.000 | 8 |
| 04 | പത്തപ്പിരിയം-പെരൂർകുണ്ട് | 10 | 0.50 | 8 |
| 05 | ചെമ്പകുന്ന്-ഒറുപ്പോക്ക് | 11 | 2.000 | 8 |
| 05 | ചെമ്പകുന്ന്-ഒറുപ്പോക്ക് | 11 | 2.000 | 8 |

## നിലവിലുള്ള ടാർചെയ്ത റോഡുകളുടെ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

(1) മൂർക്കനാട്-എടവണ്ണ റോഡ് 4.00 മീ. വീതിയിൽ ടാർ ചെയ്തിരിക്കുന്നത് 6 മി. വീതിയിൽ ടാർചെയ്ത് ഡ്രെയിനേജ് നിർമ്മിക്കേണ്ടതാണ്.

(2) സി.എൻ.ജി റോഡ്-എടവണ്ണ അരീക്കോട് റോഡ ജംഗ്ഷൻ മുതൽ ചെറുമണ്ണുവരെ ഒരു കിലോമീറ്റർ ദൂരം വീതി കൂട്ടി ടാർ ചെയ്യേണ്ടതാണ്. കി.മീ. 61/600 മുതൽ 61/700 വരെ (കുരിശുംപടിതാഴെ) റോഡ് ഉയർത്തി ടാർ ചെയ്യേണ്ടതും കി.മീ. 62/600 ൽ വളവ് തീർത്ത് റോഡ് ഉയർത്തി ടാർ ചെയ്യേണ്ടതാണ്.

(3) അരീക്കോട്-എടവണ്ണ റോഡ് കി.മീ. 5/00 മുതൽ 7/00 വരെ നിലവിലുള്ള 4.00 മീറ്റർ റോഡ് 6.00 മീറ്റർ വീതിയിൽ ടാർ ചെയ്ത് ഡ്രെയിനേജ് നിർമ്മിക്കേണ്ടതും.കി.മീ. 4/700 മുതൽ 4/800 വരെയും (കാവന്നൂർ ജംഗ്ഷൻ) 9/900 മുതൽ 10/00 വരെയും (മൃഗാശുപത്രിക്ക് സമീപം) ഉയർത്തി ടാർചെയ്യേണ്ടതാണ്.

(4) എടവണ്ണ- തിരുവാലി റോഡ് കി.മീ. 0/00 മുതൽ 5/00 വരെ (ജാമി അവരെ) 6.00 മീ. വീതിയിൽ ടാർ ചെയ്ത് ഡ്രെയിനേജ് നിർമ്മിക്കേണ്ടതാണ്.

(5) പുള്ളിയിലപ്പാറ-കാവിലട്ടി റോഡ്, പുള്ളിയിലപ്പാറ-അമ്പലപ്പടി റോഡ്, ഒതായി-പുള്ളിയിലപ്പാറ റോഡ്, കുണ്ടുതോട് - ഓട്ടുകമ്പനി, പാലപ്പെറ്റ -ആര്യൻ തൊടിക, പൊട്ടി -പുഴക്കടവ്, പത്തപ്പിരിയം -പേരൂൽകുണ്ട്, എടവണ്ണ -മേത്തലങ്ങാടി എന്നീ റോഡുകൾ റീ ടാറിംഗ് നടത്തേണ്ടതും പുള്ളിയിലപ്പാറ -കാവിലട്ടി, കുണ്ടുതോട് - ഓട്ടുകമ്പനി, കല്ലിടുമ്പ് - ആര്യൻതൊടിക, പത്താപ്പിരിയം - പേരൂൽകുണ്ട്, എടവണ്ണ മേത്തലങ്ങാടി എന്നീ റോഡുകൾക്ക് ഡ്രെയിനേജ് നിർമ്മിക്കേണ്ടതുമാണ്.

### പി.ഡബ്ല്യു.ഡി ഏറ്റെടുക്കേണ്ട റോഡുകൾ:

പഞ്ചായത്തിൽ നിലവിൽ 8.00 മീ. വീതിയിലുള്ളതും സമീപ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്നതുമായ എട്ട് റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് ടാറിംഗ് നടത്തി ഗതാഗതയോഗ്യമാക്കേണ്ടതാണ്. പഞ്ചായത്തിലെ ഗതാഗതത്തിന് വളരെയധികം ഉപകാരപ്രദമാകുന്ന പ്രസ്തുത റോഡുകളുടെ വിശദവിവരം പട്ടിക മുന്നിൽ ചേർത്തിരിക്കുന്നു.

### പട്ടിക-3

പി. ഡബ്ല്യു. ഡി. ഏറ്റെടുക്കേണ്ട റോഡുകൾ

| ക്രമ നമ്പർ | റോഡ് | വാർഡ് | ദൂരം (പഞ്ചായത്തിൽ) | ആകെ ദൂരം | വീതി | ബന്ധിപ്പിക്കുന്ന പഞ്ചായത്തുകൾ/ പ്രധാന റോഡുകൾ |
|---|---|---|---|---|---|---|
| 1 | മുണ്ടേങ്ങര-കൊളപ്പാട്-പുള്ളിപ്പാടം-ഓടായിക്കൽ-ഗിരിജൻകോളനി | 03 | 5കി.മീ. | 13 കി.മീ. | 8 മീ. | എടവണ്ണ-മമ്പാട്-ചാലിയാർ പഞ്ചായത്തുകൾ |
| 2 | പത്തപ്പിരിയം-പാണ്ടിയാട് | 12 | 2 കി.മീ. | 2 കി.മീ. | 8 മീ. | സി.എൻ.ജി. റോഡ്, വണ്ടൂർ-മഞ്ചേരി റോഡ് |
| 3 | കുണ്ടുതോട്-ചളിപ്പാടം-കൊളക്കാട്ടിരി-തിരുവാലി | 03, 11 | 2 കി.മീ. | 4 കി.മീ. | 8 മീ. | സി.എൻ.ജി. റോഡ്, എടവണ്ണ-വണ്ടൂർ റോഡ് |
| 4 | ചെമ്പക്കുത്ത്-പാണ്ടിയാട് | 11 | 2.500 കി.മീ. | 3.500 കി.മീ. | 8 മീ. | എടവണ്ണ-തിരുവാലി പഞ്ചായത്ത് |
| 5 | ടിപ്പുസുൽത്താൻ റോഡ് | 05, 11 | 1.400 കി.മീ. | 1.400 കി.മീ. | 8 മീ. | സി.എൻ.ജി. റോഡ്, എടവണ്ണ-വണ്ടൂർ റോഡ് |
| 6 | കാവിലട്ടി-ചോലാർമല-ആദിവാസി കോളനി | 01 | 3.00 കി.മീ. | 4.00 കി.മീ. | 8 മീ. | എടവണ്ണ-മമ്പാട്-ഊർങ്ങാട്ടിരി പഞ്ചായത്തുകൾ |
| 7 | പത്തപ്പിരിയം-കാവനൂർ | 10, 09 | 4.00 കി.മീ. | 8 കി.മീ. | 8 മീ. | സി.എൻ.ജി. റോഡ്, മഞ്ചേരി-അരീക്കോട് റോഡ് |
| 8 | ചെമ്പക്കുത്ത്-ചളിപ്പാടം-മമ്പാട് കോളേജ് | 11 | 2.500 കി.മീ. | 11 കി.മീ. | 8 മീ. | എടവണ്ണ-തിരുവാലി-മമ്പാട് പഞ്ചായത്തകൾ |

പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത ചെരണി-പന്നിപ്പാറ റോഡ് മഞ്ചേരി മുനിസിപ്പാലിറ്റി, തൃക്കലങ്ങോട്ട്, എടവണ്ണ എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും 11.500 കി.മീ. ദൂരമുള്ളതുമാണ്.

ഈ റോഡിന്റെ ഒന്നാംഘട്ടം പ്രവൃത്തി ചെരണിയിൽനിന്നും ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ രണ്ടാംഘട്ടം പ്രവൃത്തി പന്നിപ്പാറയിൽ നിന്നും തുടങ്ങേണ്ടതാണ്. ഇതിന്റെ അടിയന്തിര അറ്റുകറ്റ പണികൾ റോഡ്സ് ഡിവിഷൻ മുഖേന നടത്തുന്നതിന് ഊർജിത നടപടി സ്വീകരിക്കേണ്ടതാണ്.

## നിലവിലുള്ള മൺറോഡുകൾ

**(6 മുതൽ 8.മീ.വരെ വീതി)**

പഞ്ചായത്തിലെ 12 വാർഡുകളിലായി 53 കി.മീ. ദൂരത്തിൽ 45 മൺ റോഡുകളുണ്ട്. ഈ റോഡുകൾ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്. റോഡുകളുടെ വിശദവിവരം പട്ടിക 4-ൽ ചേർത്തിരിക്കുക്കുന്നു.

### പട്ടിക-4

മെറ്റൽ ചെയ്ത ടാർ ചെയ്യേണ്ട മൺറോഡുകൾ
(6 മീ. 8മീ. വീതി)

| നമ്പർ | റോഡ് | വാർഡ് | ദൂരം കി.മീ. | വീതി മീ. |
|---|---|---|---|---|
| 1. | അമ്പലവയൽ- കാരപ്പറമ്പ് | 1 | 0.750 | 8 |
| 2. | മൈലേങ്കര -ശാന്തിപുരം പടിക്കൽ | 1 | 1.50 | 8 |
| 3. | കിലുങ്ങാംകുളം-ഓടണ്ടപ്പാറ ഗിരിജൻ | 1 | 1.000 | 8 |
| 4. | പാടിക്കല്ല് - കാരാപ്പറമ്പ് | 1 | 1.500 | 6 |
| 5. | പാടിക്കല്ല് - മണുക്കാട്ട്പറമ്പ് | 1 | 1.200 | 6 |
| 6. | ശരപ്പറമ്പ് -കപ്പക്കല്ല് ഗിരിജൻ കോളനി | 1 | 1.500 | 6 |
| 7. | ഒതായി -പുഴക്കടവ് റോഡ് | 2 | 0.300 | 8 |
| 8. | വേരുപാലം -കാഞ്ഞിരക്കുണ്ട് - മൈലോക്കര | 2 | 1.500 | 6 |
| 9. | കൊളപ്പാട് കടവ് റോഡ് | 3 | 1.150 | 7 |
| 10. | ബ്രാണൊടി - വീമ്പുകുഴി ഗിരിജൻ കോളനി | 3 | 8.15 | 6 |
| 11. | പോസ്റ്റ് ഓഫീസ് - പുഴക്കടവ് കോലോത്തുമ്പാറ | 5 | 1.000 | 6 |
| 12. | കമ്പനിപ്പറമ്പ് റോഡ് | 5 | 1.400 | 6 |
| 13. | വണ്ടൂർ റോഡ്- വയലൂലി- നായാടിക്കന്ന് | 5 | 0.300 | 8 |
| 14. | കല്ലിടുമ്പ് - വാദിറഹ്മ | 6 | 0.450 | 6 |
| 15. | കല്ലിടുമ്പ് -ആര്യൻതൊടിക റോഡ് | 6 | 1.375 | 6 |
| 16. | പാലപ്പറ്റ-പള്ളിമുക്ക് റോഡ് | 7 | 0.735 | 6 |
| 17. | ചെവിടിക്കുഴി-ഹരിജൻ കോളനി മൂലങ്കോട് | 7 | 1.500 | 6 |
| 18. | ആര്യൻതൊടിക ഹരിജൻ കോളനി റോഡ് | 7 | 0.800 | 6 |
| 19. | വടശ്ശേരി പുഴക്കടവ് | 8 | 1.600 | 6 |
| 20. | പൊട്ടി-വെള്ളാരമ്പാറ-പള്ളിമുക്ക് | 8 | 1.600 | 6 |
| 21. | പന്നിപ്പാറ സ്കൂൾ റോഡ് | 8 | 0.800 | 6 |
| 22. | പന്നിപ്പാറ - തൂവ്വക്കാട് റോഡ് | 8,9 | 4.00 | 8 |
| 23. | പന്നിപ്പാറ -പള്ളിമുക്ക് | 8 | 0.950 | 8 |
| 24. | പന്നിപ്പാറ -ചുങ്കം റോഡ് | 8 | 1.600 | 6 |
| 25. | അരിമംഗലം -മൊട്ടക്കുന്ന് | 9 | 0.700 | 8 |
| 26. | തൂവ്വക്കാട് - ഇരിവേറ്റി റോഡ് | 9 | 0.720 | 6 |
| 27. | പത്തപ്പിരിയം -പറക്കോട്ട്പൊയിൽ-കണ്ടാലപ്പറ്റ | 9 | 2.500 | 8 |
| 28. | പോത്തുവെട്ടി -ചെമ്പക്കുത്ത് റോഡ് | 10 | 1.000 | 8 |
| 29. | പത്തപ്പിരിയം -തൂവ്വക്കാട് റോഡ് | 10 | 0.750 | 8 |
| 30. | പത്തപ്പിരിയം - കാരാട്ടുകുളങ്ങര - പെരൂൽക്കുണ്ട് | 10 | 0.500 | 6 |
| 31. | ഐന്തൂര് ഹരിജൻ കോളനി | 11 | 0.100 | 8 |
| 32. | ചളിപ്പാടം ഹരിജൻ കോളനി | 11 | 0.800 | 8 |
| 33. | ഐന്തൂര് - പാണ്ടിയാട് | 11,12 | 1.500 | 8 |
| 34. | ഐന്തൂര് -ഒറ്റപ്പോക്ക് | 11 | 0.800 | 8 |
| 35. | ശാന്തിനഗർ-നായാടിക്കുന്ന് വാട്ടർ ടാങ്ക് | 11 | 1.000 | 8 |
| 36. | ചെമ്പക്കുത്ത് -ഒറ്റപ്പോക്ക് | 11 | 1.000 | 8 |
| 37. | പത്തപ്പിരിയം -പാണ്ടിയാട് | 12 | 2.200 | 8 |
| 38. | പത്തപ്പിരിയം - പത്തിരിയാൽ | 12 | 2.850 | 8 |
| 39. | പെരൂൽക്കുണ്ട് -കൈതക്കുളം | 12 | 1.00 | 6 |

| | | | | |
|---|---|---|---|---|
| 40. | പത്തപ്പിരിയം-പത്തിരിയാൽ-കൈതക്കുളം | 12 | 0.600 | 4 |
| 41. | പത്തപ്പിരിയം - പറക്കോട്ട് വയൽ | 12 | 2.200 | 8 |
| 42. | പത്തപ്പിരിയം - പത്തിരിയാൽ -വെള്ളാമ്പുറം കോളനി | 12 | 0.350 | 4 |
| 43. | പെരുവിൽക്കുണ്ട് - ഒടുവൻക്കുന്ന് റോഡ് | 12 | 1.420 | 4 |
| 44. | കൈതക്കുളം -പുത്തൻ തോട് | 12 | 1.300 | 6 |
| 45. | ഏഴുകളരി -പത്തപ്പിരിയം-പത്തിരിയാൽ (കൊട്ടക്കോട് പടി) | 12 | 0.570 | 4 |
| 46. | ചളിപ്പാടം -ഷാപ്പിൻപടി - അമ്പലപ്പറമ്പ് | 4 | 2.00 | 6 |
| 47. | ഐന്തൂർ - പോത്തുവെട്ടി | 10,11 | 1.00 | 5 |
| 48. | കുണ്ടുതോട് -പുതുവയൽ കോളനി | 4 | 1.00 | 6 |
| 49. | വായക്കാടിയൻകുന്ന്-ഇരൂൾക്കുന്ന് | 1 | 1.500 | 6 |
| 50. | ചെമ്പക്കുത്ത് -സ്കൂൾപടി- ചെരങ്ങരച്ചാൽ | 11 | 1.00 | 4 |

## നിലവിലുള്ള മൺറോഡുകൾ (6 മീ. താഴെ വീതി)

പഞ്ചായത്തിൽ 24 കി.മീ. ദൂരത്തിൽ 33 മൺറോഡുകളുണ്ട്. ഇവ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതാണ്. വിശദവിവരം പട്ടിക 5- ൽ ചേർത്തിരിക്കുന്നു.

### പട്ടിക-5
മൺറോഡുകൾ (6 മീറ്ററിന് താഴെ വീതിയുള്ളത്)

| നമ്പർ | റോഡ് | വാർഡ് | ദൂരം കി.മീ. | വീതി |
|---|---|---|---|---|
| 1. | കിലുങ്ങാക്കുളം -രണ്ടാംകല്ല് | 1 | 0.400 | 4 |
| 2. | ചാളക്കണ്ടി - സുന്നിപ്പള്ളി-ചാത്തല്ലൂർ | 1 | 0.700 | 4 |
| 3. | പടിഞ്ഞാറെ ചാത്തല്ലൂർ -മണക്കാട്ട് പറമ്പ് | 1 | 0.300 | 4 |
| 4. | പടിക്കല്ല് -മണക്കാട്ട് പറമ്പ് | 1 | 1.200 | 4 |
| 5. | പുഴക്കടവ് -പടിഞ്ഞാറെത്തല | 2 | 0.400 | 3 |
| 6. | വേരുപാലം - കൂലിത്ത്-പുളിയിലപ്പാറ | 2 | 1.00 | 5 |
| 7. | ഒതായി-കൊടിഞ്ഞാറുപൊയിൽ ഹരിജൻ കോളനി | 2 | 0.400 | 3 |
| 8. | മുണ്ടേങ്ങര-പടിഞ്ഞാറെത്തല | 3 | 0.750 | 4 |
| 9. | മുണ്ടേങ്ങര-കൊടിക്കുന്ന് | 3 | 0.525 | 4 |
| 10. | മുണ്ടേങ്ങര-അംഗൻവാടി | 3 | 0.300 | 4 |
| 11. | കൊളപ്പാട് -പണിക്കരകല്ല് ഫുട്പാത്ത് | 3 | 0.230 | 4 |
| 12. | ചളിരിങ്ങൽ- ചട്ടിപ്പാറ-അമ്പലപ്പറമ്പ് | 4 | 0.300 | 4 |
| 13. | ചളിരിങ്ങൽ-പുതുവാഴി ഹരിജൻ കോളനി | 4 | 0.870 | 4 |
| 14. | അമ്പലപ്പറമ്പ് -പ്ലാക്കലക്കുണ്ട് ശ്മശാനം-ഷാപ്പിൻപടി | 4 | 1.500 | 3 |
| 15. | കുണ്ടുതോട് -ചോലക്കൽ | 4 | 0.823 | 3 |
| 16. | കുരുന്നി -നാസർഖാൻ റോഡ് | 4 | 0.600 | 3 |
| 17. | ചെറുപാലം -ഓറിയൻറൽ സ്കൂൾ | 6 | 0.540 | 4 |
| 18. | പൊതുവൻകുന്ന് -ഇരുമ്പൂത്താല | 6 | 0.325 | 4 |
| 19. | കല്ലിടുമ്പ്-കണിച്ചാങ്കോട് | 6 | 0.800 | 4 |
| 20. | കുന്നുമ്മൽ-ഏരിയാട് | 6 | 2.00 | 4 |
| 21. | പൂവ്വമണ്ണ-വെള്ളച്ചാൽ-കൊങ്ങമ്പാറ | 6 | 0.800 | 4 |
| 22. | പാലപ്പറ്റ-മൂലങ്കേട്-കൊങ്ങമ്പാറ | 7 | 0.500 | 4 |
| 23. | ആര്യൻതൊടിക-കുഴൽക്കിണർ ഹരിജൻ കോളനി | 7 | 0.500 | 4 |
| 24. | ചെറുകോട്കുന്ന്-കാങ്കുരൽ | 7 | 0.800 | 4 |
| 25. | പാലപ്പറ്റ-പള്ളിപ്പടി-ആര്യൻതൊടിക | 7 | 1.00 | 4 |
| 26. | കരിയത്തംപാറ-മാങ്കുന്ന് | 9 | 0.400 | 4 |
| 27. | പത്തപ്പിരിയം -ധചന്നായിക്കുന്ന്-ഐന്തൂർ | 10 | 1.945 | 3 |
| 28. | ഏരിയാട് - കട്ടച്ചിറ റോഡ് | 10 | 1.00 | 4 |
| 29. | പോത്തുവെട്ടി-പെരുങ്കുളം | 10 | 1.00 | 4 |
| 30. | പത്തപ്പിരിയം ജി എൽ പി എസ് അപ്രോച്ച് റോഡ് | 10 | 0.300 | 3 |
| 31. | ചെമ്പക്കുത്ത് -പന്നിക്കുന്ന് | 11 | 0.200 | 4 |
| 32. | ചെമ്പക്കുത്ത് സ്കൂൾപടി-ചെരങ്ങരച്ചാൽ | 11 | 1.00 | 4 |
| 33. | ചെമ്പക്കുത്ത് സ്കൂൾപടി-പരപ്പൻപടി | 11 | 0.160 | 3 |

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

ഗ്രാമസഭകളിൽനിന്നും 64 പുതിയ റോഡുകൾക്കുള്ള നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അവയുടെ വിശദവിവരം പട്ടിക 6-ൽ ചേർത്തിരിക്കുന്നു.

### പട്ടിക-6
### പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| നമ്പർ | റോഡ് | വാർഡ് | ദൂരം കി.മീ. | വീതി |
|---|---|---|---|---|
| 1. | കാവിലട്ടി-ആനക്കല്ല്-കിലുങ്ങാംകുളം | 1 | 2.500 | 6 |
| 2. | ചളിമ്പറ്റ-ഹരിജൻ കോളനി | 1 | 0.200 | 4 |
| 3. | ചളിമ്പറ്റ-പാറക്കൽപാടം-ആനക്കല്ല് | 1 | 0.400 | 4 |
| 4. | കിഴക്കേ ചാത്തല്ലൂർ-പള്ളിപ്പടി-പടിഞ്ഞാറെ ചാത്തല്ലൂർ -സ്കൂൾപടി ലിങ്ക്റോഡ് | 1 | 0.100 | 4 |
| 5. | വാഴക്കാടിയൽകുന്ന്-തിരൂർകുന്ന് | 1 | 0.800 | 4 |
| 6. | കിഴക്കേ ചാത്തല്ലൂർ-ചാളക്കുന്ന് | 1 | 0.400 | 4 |
| 7. | ആനക്കല്ല് -മുതുപ്പാറ പി എച്ച് സി | 1 | 1.00 | 4 |
| 8. | ചാളക്കുന്ന്-പൂളക്കുന്ന്-ചെരപ്പറമ്പ്-കപ്പക്കല്ല് മലയോര റോഡ് | 1 | 6.00 | 8 |
| 9. | ഒതായി-അടത്തിക്കുന്ന്-വേരുപാലം | 2 | 0.800 | 4 |
| 10. | കിഴക്കേത്തല-പള്ളിപ്പടിപുഴക്കടവ് | 2 | 0.800 | 4 |
| 11. | ഒതായി-തുമ്പട്ടിച്ചാൽ ഹരിജൻകോളനി-സ്കൂൾപടി റോഡ് | 2 | 1.35 | 5 |
| 12. | പടിഞ്ഞാറേതല-ചെറിയപള്ളി | 2 | 0.600 | 4 |
| 13. | കൊളപ്പാട്-ഉരുത്തിയകുളം-പൈക്കുളം-ഉണ്ണിപ്പാറക്കുന്ന് | 3 | 1.00 | 6 |
| 14. | കൊളപ്പാട് ഹരിജൻ കോളനി-തോണിക്കടവ് | 3 | 0.500 | 4 |
| 15. | കൊളപ്പാട്-കുന്നുമ്പുറം തെക്കേത്തല കുളിക്കടവ് | 3 | 0.500 | 4 |
| 16. | കൊളപ്പാട്-ചോലക്കുണ്ട്-പെരുവയൽ | 3 | 0.500 | 4 |
| 17. | മുണ്ടേങ്ങര സ്കൂൾപടി-കൊടിക്കുന്ന് | 3 | 0.500 | 6 |
| 18. | മുണ്ടേങ്ങര ചെമ്പൻകോളനി-മലവാരം | 3 | 2.00 | 5 |
| 19. | മാലങ്ങാട്-ആലങ്ങാടിയിൽ | 3 | 1.500 | 4 |
| 20. | ചെട്ടിയാർക്കുന്ന്-ചെമ്പൻകോളനി | 3 | 1.00 | 3 |
| 21. | കൊളപ്പാട്-വീമ്പുങ്കുഴി-തണ്ണിക്കുഴി | 3 | 2.500 | 6 |
| 22. | പുതുവാഴി ഹരിജൻ കോളനി-ചെറുനട കുരുന്നി ഹരിജൻ കോളനി | 4 | 1.00 | 6 |
| 23. | ചളരിങ്ങൽ - ചളിപ്പാടം ഹരിജൻ കോളനി-പുതുവാഴി ഹരിജൻ കോളനി-ചേരടക്കുരുന്നി ഹരിജൻ കോളനി | 4 | 1.00 | 6 |
| 24. | ചേരട-കൂളിക്കൽ-മേപ്പാടം | 4 | 3.00 | 5 |
| 25. | കുരിശുംപടി-ചെറിയപറമ്പ് കോളനി | 4 | 0.400 | 6 |
| 26. | ചോലക്കൽ-പരാരിക്കുളം | 4 | 0.200 | 6 |
| 27. | കുണ്ടുതോട്-ചളിപ്പാടം റോഡ്-അമ്പലപ്പടി ശ്മശാനം | 4 | 0.200 | 4 |
| 28. | മുതുകുറ്റിപ്പൊയിൽ റോഡ് | 4 | 0.200 | 4 |
| 29. | കുരുന്നി കോളനി-പുതുക്കോടൻ തരിശ്-ചേറുനട | 4 | 0.300 | 5 |
| 30. | കുണ്ടുതോട്-ചളിപ്പാടം റോഡ്-എൽ പി സ്കൂൾ ചോലക്കൽ റോഡ് | 4 | 0.300 | 6 |
| 31. | ടിപ്പുസുൽത്താൻ റോഡ്-കോട്ടാല | 5 | 1.500 | 4 |
| 32. | കിഴക്കേത്തല-വയലൂലി | 5 | 0.800 | 6 |
| 33. | കല്ലിടുമ്പ്-പോത്തുവെട്ടി | 6 | 1.500 | 8 |
| 34. | കൊങ്ങംപാറ-പൂവ്വമണ്ണ്-പുഴക്കടവ് | 6 | 0.800 | 5 |
| 35. | പാലപ്പെറ്റ-ഓടണ്ട | 7 | 0.200 | 6 |
| 36. | ആര്യൻതൊടിക-പള്ളിമുക്ക് | 7 | 0.200 | 6 |
| 37. | ചെവിടിക്കുഴി-താന്നിക്കൽ | 7 | 0.500 | 6 |
| 38. | പുതിയത്ത്-കാക്കച്ചേരിക്കുന്ന്-പാലപ്പറ്റ മദ്രസപ്പടി | 7 | 0.800 | 6 |
| 39. | പുതിയത്ത്-തെക്കുമ്പുറം-മൂലങ്കോട് | 8 | 1.500 | 5 |
| 40. | കമാനം-മുത്തളം | 8 | 2.00 | 4 |
| 41. | പന്നിപ്പാറ-പുളിക്കൽ | 8 | 0.700 | 4 |

| | | | | |
|---|---|---|---|---|
| 42. | കരിമ്പനക്കുന്ന്-ബേക്കലക്കണ്ടി | 8 | 2.00 | 8 |
| 43. | കരിമ്പനക്കുന്ന്-സ്കൂൾറോഡ് | 8 | 1.500 | 5 |
| 44. | കാഞ്ഞിരക്കിടാവ്-കുഴിങ്ങരപ്പള്ളി | 8 | 0.800 | 4 |
| 45. | സ്കൂൾ റോഡ്-കരിമ്പനക്കൽമുക്ക് | 8 | 0.200 | 4 |
| 46. | മാക്കുത്ത്-കരിയത്തുംപാറ | 9 | 1.500 | 6 |
| 47. | പുല്ലാനിക്കോട്-പുളിങ്ങോട്ടുപുറം | 9 | 2.500 | 8 |
| 48. | പാറക്കാട്ട്പൊഴിയിൽ-ചുള്ളിക്കപ്പറമ്പ് | 9 | 1.00 | 8 |
| 49. | തടത്തിച്ചാൽ-കണ്ടാലപ്പറ്റ | 9 | 1.500 | 8 |
| 50. | തൂവ്വക്കാട്-കരിവാരപ്പോഴിയിൽ കോളനി | 9 | 1.00 | 6 |
| 51. | പത്തപ്പിരിയം-കീർത്തിക്കുണ്ട്-ഷാപ്പിൻപടി | 9 | 0.800 | 5 |
| 52. | പത്തപ്പിരിയം-പറക്കോട്ട് കുഴിയിൽ-ഒരപ്പിങ്ങൽ | 9 | 0.400 | 4 |
| 53. | ചേന്നായിക്കു...്-മതിലുങ്കണ്ടി-ഏരിയാട് | 10 | 1.00 | 6 |
| 54. | കലന്തിയിൽ കോളനി | 10 | 0.200 | 4 |
| 55. | സത്യാനം-വേങ്ങാനംപടി-ചീനിയമ്പുറം റോഡ് | 10 | 0.800 | 4 |
| 56. | പത്തപ്പിരിയം-കല്ലിടുമ്പ് | 10 | 2.00 | 8 |
| 57. | ചേന്നായിക്കുന്ന്-കരുവാരക്കോട്-കോരിക്കുളം | 10 | 0.85 | 5 |
| 58. | വട്ടക്കുന്ന്-കരുവാരക്കോട് | 10 | 0.300 | 6 |
| 59. | പെരുങ്കുളം-മൂർക്കള-പൂച്ചക്കുന്ന്-കല്ലിടുമ്പ് | 10-1.3<br>00 | 4 | |
| 60. | കൈതക്കുളം- ജി യു പി സ്കൂൾ | 12 | 0.500 | 6 |
| 61. | വെള്ളാമ്പ്രം കോളനി റോഡ് | 12 | 0.800 | 6 |
| 62. | കോളോഴിൽ-പൊറ്റങ്ങോട് | 12 | 0.800 | 4 |
| 63. | പത്തപ്പിരിയം-പത്തിരിയാൽ (പെരുവൂൽകുണ്ട് വഴി)-രണ്ടാംഘട്ടം | | 0.500 | 8 |
| 64. | ഇടപ്പലത്ത് കുണ്ട് കോളനി | 12 | 1.00 | 4 |
| 65. | ഐന്തൂർ-ഐ എച്ച് ഡി പി കോളനി | 11 | 1.00 | 6 |

## നിലവിലുള്ള നടപ്പാത/സ്റ്റെപ്പുകൾ

ഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള 23 നടപ്പാതകളുടെ/സ്റ്റെപ്പുകളുടെ വിവരം പട്ടിക 7-ൽ ചേർത്തിരിക്കുന്നു.

### പട്ടിക-7
### നിലവിലുള്ള നടപ്പാത, സ്റ്റെപ്പുകൾ

| നമ്പർ | നടപ്പാത/സ്റ്റെപ്പുകൾ | വാർഡ് | ദൂരം കി.മീ. | വീതി |
|---|---|---|---|---|
| 1. | ഒതായി-പുഴക്കടവ് | 2 | 0.07 | 3 |
| 2. | തലപ്പാറക്കടവ് | 3 | 0.17 | 3 |
| 3. | കുന്നുമ്മൽ കടവ് | 3 | 0.11 | 3 |
| 4. | കൊളപ്പാട് കടവ് സ്റ്റെപ്പ് | 3 | 0.100 | 4 |
| 5. | കരിമ്പുഴക്കടവ് | 3 | 0.100 | 4 |
| 6. | ചളിപ്പാടം-ഹരിജൻ കോളനി | 4 | | |
| 7. | കോ-ഓപ് ബേങ്ക് ഫുട്പാത്ത് | 5 | 0.01 | 2 |
| 8. | എടവണ്ണ ഫെറി ഫുട്പാത്ത് | 5 | 0.10 | 4 |
| 9. | പൊന്നാങ്കുന്ന് ഫുട്പാത്ത് | 5 | 0.200 | 3 |
| 10. | കിഴക്കേത്തല ടിപ്പുസുൽത്താൻ റോഡ് | 5 | 0.15 | 1.5 |
| 11. | കിഴക്കേത്തല-മുത്തളം ടിപ്പുസുൽത്താൻ സ്റ്റെപ്പ് | 5 | 0.200 | 3 |
| 12. | സീക്കോപ്പടി-പൊന്നാംകുന്ന് | 5 | 0.200 | 2 |
| 13. | വണ്ടൂർ റോഡ്-വലിയ ജുമുഅ പള്ളി | 5 | 0.15 | 2.5 |
| 14. | സാസ്ക്കാരിക നിലയം-എരഞ്ഞിക്കൽ | 5 | 0.300 | 3 |
| 15. | പൊലീസ് സ്റ്റേഷൻ-കോട്ടാല റോഡ് ഫുട്പാത്ത് | 5 | 0.15 | 2 |
| 16. | അംശക്കച്ചേരി-വാട്ടർ ടാങ്ക് | 5 | 0.500 | 2 |
| 17. | പൊതിലാട്-അംഗൻവാടി-ശീലക്കുന്ന് ഫുട്പാത്ത് | 6 | 0.35 | 3 |
| 18. | ചേന്നായിക്കുന്ന്-വട്ടക്കുന്ന് | 10 | 0.400 | 3 |
| 19. | മുത്തളം-ചെറുപള്ളി-പി സി കോളനി | 10 | 0.400 | 3 |
| 20. | പെരൂൽകുണ്ട്-കുറുകുളം-ഒടുവൻകുന്ന് | 12 | 0.16 | 3 |
| 21. | പെരൂൽക്കുണ്ട്-വട്ടക്കുണ്ട് | 12 | 0.14 | 3 |

| | | | | |
|---|---|---|---|---|
| 22. | ഒടുവൻകുന്ന്-കുരുകുളം-പെരൂൽക്കുണ്ട് | 12 | 0.26 | 3 |
| 23. | തുറക്കൽ-കൽപ്പാലം | 12 | 0.700 | 3 |
| 24. | പൊതുവൻകുന്ന് ഫുട്പാത്ത് | 6 | 0.500 | 3 |

## പുതുതായി നിർമ്മിക്കേണ്ട നടപ്പാത/സ്റ്റെപ്പുകൾ

പുതുതായി നിർമ്മിക്കേണ്ട നടപ്പാതകളുടെ/സ്റ്റെപ്പുകളുടെ വിവരം പട്ടിക 8-ൽ ചേർത്തിരിക്കുന്നു.

### പട്ടിക-8
### പുതിയ നിർമ്മാണം നടപ്പാത/സ്റ്റെപ്പുകൾ

| നമ്പർ | നടപ്പാത/സ്റ്റെപ്പുകൾ | വാർഡ് | ദൂരം കി.മീ. | വീതി |
|---|---|---|---|---|
| 1. | വട്ടശ്ശേരി-അത്തിക്കൽകടവ് സ്റ്റെപ്പ് | 1 | 0.500 | 3 |
| 2. | മണ്ണാത്തിപ്പാറ-കുളിക്കടവ് സ്റ്റെപ്പ് | 1 | 0.100 | 3 |
| 3. | കിഴക്കേ ചാത്തല്ലൂർ-സ്കൂൾപടി പൂളക്കുന്ന് സ്റ്റെപ്പ് | 1 | 0.300 | 2 |
| 4. | പാലക്കൽ-ചളിമ്പറ്റക്കടവ് | 1 | 0.500 | 3 |
| 5. | മുതുപ്പാറ-കുളിക്കടവ് സ്റ്റെപ്പ് | 1 | 0.500 | 2 |
| 6. | വലിയപള്ളി-കൊടിഞ്ഞാറുപൊയിൽ ചണ്ടേപ്പറമ്പ് നടപ്പാത | 2 | 0.500 | 3 |
| 7. | ചുണ്ടേപ്പറമ്പ്-കൂനിത്ത് | 2 | 0.200 | 2 |
| 8. | ക്ഷീരസഹകരണ സംഘം-കൊടിഞ്ഞാറുപൊയിൽ കോളനി | 2 | 0.400 | 2 |
| 9. | കൊളപ്പാട്-തോണിക്കടവ് സ്റ്റെപ്പ് | 3 | 0.300 | 2 |
| 10. | കൊളപ്പാട്-അമ്പലക്കടവ് സ്റ്റെപ്പ് | 3 | 0.200 | 3 |
| 11. | പണിക്കർകല്ല്-കുളിക്കടവ് | 3 | 0.300 | 3 |
| 12. | തെക്കേതല-കുളിക്കടവ് | 3 | 0.15 | 2 |
| 13. | കൊടിക്കുന്ന് കുളിക്കടവ് | 3 | 0.200 | 2 |
| 14. | ആസ്യപ്പാറ കുളിക്കടവ് | 3 | 0.17 | 2 |
| 15. | പടിഞ്ഞാറേതല കുളിക്കടവ് | 3 | 0.300 | 2 |
| 16. | പുതുവാഴി-കരിയൻകുന്ന് ശ്മശാനം-അമ്പലപ്പറമ്പ് | 4 | 0.300 | 2 |
| 17. | ചോഴിയാർകുന്ന് നടപ്പാത-സ്റ്റെപ്പ് | 4 | 0.15 | 3 |
| 18. | മുരിക്കിൻകുറ്റി കുളിക്കടവ് | 4 | 0.200 | 2 |
| 19. | പഴയപള്ളിപ്പടി-പുഴക്കൽ നടപ്പാത | 4 | 0.300 | 3 |
| 20. | ചെരുമണ്ണ് ഹരിജൻ കോളനി | 4 | 0.200 | 3 |
| 21. | ചെരുമണ്ണ് കുളിക്കടവ് സ്റ്റെപ്പ് | 4 | 0.15 | 2 |
| 22. | കുണ്ടതോട്-കൊളപ്പാട് തോണിക്കടവ് | 4 | 0.700 | 2 |
| 23. | കുരിശുംപടി-ചെറുങ്ങോട്ട്പാറ | 4 | 0.15 | 2 |
| 24. | പള്ളിപ്പടി-കുളിക്കടവ് സ്റ്റെപ്പ് | 4 | 0.100 | 2 |
| 25. | ചളിരിങ്ങൽ കുളിക്കടവ് സ്റ്റെപ്പ് | 4 | 0.200 | 3 |
| 26. | ഓട്ടുകമ്പനി-മൂലത്തുമണ്ണ് കടവ് | 4 | 0.200 | 3 |
| 27. | മൂലങ്കോട്-പള്ളിക്കാട് ശ്മശാനം | 7 | 0.200 | 2 |
| 28. | വടക്കേച്ചാൽ-തടം നടപ്പാത-സ്റ്റെപ്പ് | 8 | 0.17 | 3 |
| 29. | കുഴിങ്ങര-കുളിക്കടവ് പാത | 8 | 0.300 | 2 |
| 30. | കക്കംതാർപ്പാടം-കുളിക്കടവ് സ്റ്റെപ്പ് | 9 | 0.12 | 2 |
| 31. | വളയംപാടത്ത് നടപ്പാലം | 9 | 0.35 | 2 |
| 32. | കല്ലിടുമ്പ്-മില്ലുമ്പടി-പൊതുവൻകുന്ന് | 6 | 0.500 | 3 |
| 33. | ചെറുവള്ളി (മുത്തളം)-പൊന്നാംകുന്ന് | 6 | 0.400 | 3 |
| 34. | ചെറിയപാലം-ഇരുമ്പൂത്താല-കണിച്ചാങ്കോട് | 6 | 1.00 | 3 |
| 35. | പൊതിലാട്-മമ്പൊയിൽ | 6 | 0.600 | 4 |
| 36. | പൊതിലാട്-ശീലക്കുന്ന് | 6 | 0.600 | 3 |
| 37. | ചെറിയപാലം-പൊതുവൻകുന്ന് | 6 | 0.200 | 3 |
| 38. | സ്കൂൾപടി-കെരങ്ങാട് നടപ്പാത | 11 | | |
| 39. | ലക്ഷംവീട് കോളനി | 11 | | |
| 40. | വലിയതൊടി-വില്ലത്തൂർ | 12 | | |
| 41. | ഐന്തൂർ കോളനി നടപ്പാത | 11 | | |
| 42. | സീതിഹാജി പാലം-കുളിക്കടവ് | 5 | | |
| 43. | കോലോത്തുമ്പാറ കുളിക്കടവ് | 5 | | |

## ബസ് ഗതാഗതം

സംസ്ഥാനത്തിലെ പ്രധാനപ്പെട്ട സി.എൻ.ജി. റോഡ് കടന്നുപോകുന്ന എടവണ്ണയിലൂടെ ദിവസേന 98 ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. പഞ്ചായത്തിൻെറ ഉടമസ്ഥതയിൽ ഒരു ബസ് സ്റ്റാൻറ് നിലവിലുണ്ട്.

## ഓട്ടോ/ടാക്സി

എടവണ്ണ, ഓതയി, പത്തപ്പിരിയരം, പന്നിപ്പാറ എന്നിവിടങ്ങളിൽ കേന്ദ്രീകരിച്ച് പഞ്ചായത്തിൽ 132 ഓട്ടോറിക്ഷകളും 18 ഗുഡ്സ് ഓട്ടോകളും 30 ജീപ്പ്/കാറുകളും സർവ്വീസ് നടത്തുന്നുണ്ട്. ടാക്സികൾക്ക് പാർക്ക് ചെയ്യുന്നതിന് സൗകര്യം ഇല്ലാത്തതിനാൽ പലപ്പോഴും ഗതാഗത കുരുക്ക് ഉണ്ടാവാറുണ്ട്. ഇത് പരിഹരിക്കുന്നതിന് ടാക്സി സ്റ്റാൻറുകൾ നിർമ്മിക്കേണ്ടതാണ്. വളരെയധികം വാഹനങ്ങൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും ആവശ്യമായ ഇന്ധനം ലഭിക്കുന്നതിന് ഒരു പെട്രോൾ/ഡീസൽ പമ്പ് നിലവിലില്ലാത്തതിനാൽ ഇന്ധനം ലഭിക്കുവാൻ വളരെയധികം പ്രയാസം നേരിടുന്നു. ഇത് പരിഹരിക്കുവാൻ ഒരു പെട്രോൾ/ഡീസൽ പമ്പ് സ്ഥാപിക്കേണ്ടതാണ്

## ബസ് വെയിറ്റിംഗ് ഷെഡുകൾ

പഞ്ചായത്തിലെ ഒന്ന്, മൂന്ന്, വാർഡുകൾ ഒഴികെയുള്ള വാർഡുകളിലായി ഇപ്പോൾ 12 വെയിറ്റിംഗ് ഷെഡുകളുണ്ട്. ഇവയുടെ അത്യാവശ്യ അറ്റുകുറ്റപ്പണികൾ യഥാസമയം നടക്കാത്തതിനാൽ പലതും നശിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ വെയിറ്റിംഗ് ഷെഡുകളും അറ്റകുറ്റപ്പണി നടത്തേണ്ടതാണ്. നിലവിലുള്ള ബസ് വെയിറ്റിംഗ് ഷെഡുകളുടെ വിവരം പട്ടിക 9-ൽ ചേർത്തിരിക്കുന്നു.

പട്ടിക-9

എടവണ്ണ പഞ്ചായത്തിൽ നിലവിലുള്ള ബസ് വെയിറ്റിംഗ് ഷെഡ്

| നമ്പർ | സ്ഥലങ്ങൾ | വാർഡ് | എണ്ണം |
|---|---|---|---|
| 1. | ഒതായി ജംഗ്ഷൻ | 2 | 1 |
| 2. | കുണ്ടുതോട് | 4 | 1 |
| 3. | എടവണ്ണ (അരീക്കോട് ജംഗ്ഷൻ) | 5 | 1 |
| 4. | കല്ലിടുമ്പ് | 6 | 1 |
| 5. | പാലപ്പറ്റ | 7 | 1 |
| 6. | പന്നിപ്പാറ | 8 | 1 |
| 7. | പൊട്ടിയിൽ | 8 | 1 |
| 8. | പത്തപ്പിരിയം പോത്തുവെട്ടി | 10 | 1 |
| 9. | പത്തപ്പിരിയം വായനശാല | 10 | 1 |
| 10. | പത്തപ്പിരിയം സ്കൂൾപ്പടി | 9 | 1 |
| 11. | പാണ്ടിയാട് ജംഗ്ഷൻ | 12 | 1 |
| 12. | ചെമ്പക്കുത്ത് ആശുപത്രി | 11 | 1 |
| | ആകെ | | 12 |

പട്ടിക 10

എടവണ്ണപഞ്ചായത്തിൽ ആവശ്യമുള്ള ബസ് വെയിറ്റിംഗ് ഷെഡ്

| നമ്പർ | സ്ഥലങ്ങൾ | വാർഡ് | എണ്ണം |
|---|---|---|---|
| 1. | ചാത്തല്ലൂർ സ്കൂൾപ്പടി | 1 | 1 |
| 2. | ചാത്തല്ലൂർ പുള്ളിയിൽപ്പാറ | 1 | 1 |
| 3. | ഒതായി വേർപാലം | 2 | 1 |
| 4. | ഒതായി വെള്ളച്ചാൽ | 2 | 1 |
| 5. | മുണ്ടേങ്ങര മാലങ്ങാട് | 3 | 1 |
| 6. | മുണ്ടേങ്ങര | 3 | 1 |
| 7. | സീതിഹാജിപാലം ജംഗ്ഷൻ | 5 | 1 |
| 8. | ചെറുമണ്ണ് | 4 | 1 |
| 9. | കുരിശുപടി | 4 | 1 |
| 10. | ചളിറിങ്ങൽ ജംഗ്ഷൻ | 4 | 1 |
| 11. | എടവണ്ണ അങ്ങാടി | 5 | 1 |
| 12. | പൊതിലാട് | 7 | 1 |
| 13. | കാവുങ്ങൊരൽ | 7 | 1 |
| 14. | കുന്നുമ്മൽ | 10 | 1 |
| 15. | ഏഴുകളരി | 12 | 1 |
| 16. | മേത്തലങ്ങാടി വണ്ടൂർ റോഡ് ജംഗ്ഷൻ | 5 | 1 |
| 17. | ടിപ്പുസുൽത്താൻ റോഡ് ജംഗ്ഷൻ | 5 | 1 |
| 18. | ഒറ്റപ്പോക്ക് റോഡ് ജംഗ്ഷൻ | 11 | 1 |
| 19. | ജാമിയ: | 11 | 1 |
| 20. | വടശ്ശേരി കാവനൂർ ജംഗ്ഷൻ | 8 | 1 |

## പുതുതായി നിർമ്മിക്കേണ്ട ബസ് വെയിറ്റിംഗ് ഷെഡുകൾ

ഗ്രാമസഭകളിൽനിന്നും നിർദ്ദേശം വന്ന പുതിയ ബസ് വെയിറ്റിംഗ് ഷെഡുകളുടെ വിവരം പട്ടിക 10-ൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിൽ പി ഡബ്ല്യു.ഡി.യുടെ 4 റോഡുകളും പഞ്ചായത്തിൻെറ 90-ഓളം റോഡുകളും ഉണ്ടെങ്കിലും ഗതാഗത സൗകര്യം ഇപ്പോഴും പരിമിതമാണ്. ചാത്തല്ലൂർ ചോലാർമല, കൊളപ്പാട്ട്, പള്ളിമുക്ക്, തൂവ്വക്കാട്, ചളിപ്പാടം എന്നീ പ്രദേശങ്ങളിൽ നിന്നും മറ്റുഭാഗങ്ങളിലേക്കുള്ള യാത്ര ടാർ റോഡുകളുടെ അഭാവം കാരണം വളരെ സങ്കീർണമാണ്. പഞ്ചായത്തിലെ റോഡ് വികസനത്തിൽ മേൽ പ്രദേശങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്.

റോഡുകളുടെ നിർമ്മാണത്തിൽ ഗുണമേന്മ ഉറപ്പുവരുത്തുകയും യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്താൽ റോഡുകളുടെ ദൈർഘ്യം വർദ്ധിപ്പിക്കാവുന്നതും അപകടങ്ങൾ കുറക്കാവുന്നതുമാണ്. അതേപോലെ റോഡുകളുടെ ഇരുവശങ്ങളിലും മരങ്ങൾ നട്ടുപിടിപ്പിച്ചാൽ ആരോഗ്യപരിസ്ഥിതി പ്രശ്നങ്ങൾക്കും ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്.

റോഡുകൾ അനധികൃതമായി കയ്യേറുന്നതും റോഡുവക്കിൽ കെട്ടിടനിർമ്മാണ സാമഗ്രികളും മറ്റും നിക്ഷേപിക്കുന്നതും കർശനമായി നിരോധിക്കേണ്ടതാണ്.



ഏകദേശം മുപ്പത്തിനാല് വർഷങ്ങൾക്ക് മുമ്പ് 1962 ൽ എടവണ്ണയിലെ ചില വീടുകളിൽ ഇലക്ട്രിക് ബൾബുകൾ പ്രകാശിച്ചു തുടങ്ങിയതോടുകൂടിയാണ് പഞ്ചായത്തിലേക്ക് ആധുനിക ലോകത്തിൻെറ കണ്ടുപിടുത്തങ്ങളിൽ ഉന്നത സ്ഥാനം അലങ്കരിക്കുന്നതും പുരോഗതിയുടെ അടിസ്ഥാന ശക്തിയുമായി വൈദ്യുതി കടന്നുവരുന്നത്. നീണ്ട മുപ്പത്തിനാല് വർഷങ്ങൾ കഴിഞ്ഞിട്ടും പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതി ഇന്നും എത്തിയിട്ടില്ല.

വോൾട്ടേജ് കുറവും ഫ്രീക്വൻസി വ്യതിയാനങ്ങളും ഇടക്കിടക്കുള്ള വൈദ്യുത തടസ്സങ്ങളും അറ്റകുറ്റപണികൾ നടത്തുന്നതിലുള്ള മാന്ദ്യവും പുതിയ വൈദ്യുത കണക്ഷനുകൾ നൽകുന്നതിലുള്ള കാലതാമസവും വൈദ്യുത വ്യൂഹത്തിൻെറ വിശ്വാസ്യത പൂർണമായും തകർത്തിരിക്കുന്നു. പഞ്ചായത്തിൻെറ വികസനത്തിന് പൊതുവിലും വ്യാവസായിക മേഖലയുടെ മുന്നേറ്റത്തിന് വിശേഷിച്ചും ഒരു വിലങ്ങുതടിയായി മാറിയിരിക്കുന്നു അതിരൂക്ഷമായ വൈദ്യുത കമ്മി.

മലപ്പുറം ജില്ലയിലെ നിലമ്പൂർ 66 കെ വി സബ്സ്റ്റേഷനിൽ നിന്നാണ് പഞ്ചായത്തിൻെറ സിംഹഭാഗത്തേക്കും വൈദ്യുതി വിതരണം ചെയ്യുന്നത്. പഞ്ചായത്തിൻെറ ശേഷിക്കുന്ന ഭാഗങ്ങളിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്നത് മലപ്പുറം ജില്ലയിലെ തന്നെ മഞ്ചേരി 66 കെ വി സബ്സ്റ്റേഷനിൽ നിന്നാണ്. നിലമ്പൂർ, മഞ്ചേരി-നോർത്ത്, അരീക്കോട് എന്നീ മൂന്നു മേജർ സെക്ഷൻ ഓഫീസുകളാണ് പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിൻെറ കാര്യങ്ങൾ നോക്കി നടത്തുന്നത്. പഞ്ചായത്തിലെ ഉപഭോക്താക്കളിൽ ഭൂരിഭാഗവും ഗാർഹിക ഉപഭോക്താക്കളാണ്. കാർഷിക ഉപഭോക്താക്കൾ പത്ത് ശതമാനത്തിൽ കുറവാണ്. സ്വകാര്യ ട്രാൻസ്ഫോർമറുകൾ ഉള്ള രണ്ട് ഹൈടെൻഷൻ ഉപഭോക്താക്കളേ പഞ്ചായത്തിലുള്ളു. പഞ്ചായത്തിലെ വ്യാവസയിക മേഖലയിലെ മരവിപ്പിനെ സൂചിപ്പിക്കുന്നു ഇത്.

കെ എസ് ഇ ബി അധികൃതരുടെ കണക്കുകൾ പ്രകാരം പഞ്ചായത്തിലെ എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നില്ല. പക്ഷേ ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും അതിരൂക്ഷമായ വോൾട്ടേജ് കുറവിനെതിരെ പരാതിയുള്ളവരാണ്. കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന (Peak load) സമയങ്ങളിൽ ആവശ്യമുള്ള വൈദ്യുതിയുടെ അളവ് (Demand) ലഭ്യത ( Availability) യെക്കാൾ വളരെ കൂടുതലാണെന്നതാണ് പഞ്ചായത്തിലെ വോൾട്ടേജ് കമ്മിക്കുള്ള മുഖ്യഹേതു.

പഞ്ചായത്തിൽ നിലവിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിരിക്കുന്ന പ്രദേശങ്ങളും അവയുടെ കപ്പാസിറ്റിയും പട്ടിക്പ്പെടുത്തിയിരിക്കുന്നു. പഞ്ചായത്തിലാകെ മുപ്പത് ട്രാൻസ്ഫോർമറുകളാണുള്ളത്. (പട്ടിക-1)

## ഊർജം

## പ്രശ്നങ്ങൾ

ആധുനിക ലോകത്തിൻെറ പുരോഗതിയുടെ മാനദണ്ഡമനുസരിച്ച് ഒരു ദേശത്തിൻെറ പുരോഗതി അവർ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവിനെ ആശ്രയിച്ചിരിക്കുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് ലോകം കുതിച്ചുകൊണ്ടിരിക്കുമ്പോഴും ഒരു വീടു പോലും വൈദ്യുതീകരിച്ചിട്ടില്ലാത്ത ഒരു വാർഡ് (ചാത്തല്ലൂർ) ഈ പഞ്ചായത്തിലുണ്ട് എന്നത് വൈദ്യുതിയുടെ കാര്യത്തിൽ പഞ്ചായത്തിൻെറ ശോചനീയാവസ്ഥ എടുത്തുകാണിക്കുന്നു. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി പണം അടച്ച് ആറു വർഷങ്ങളായിട്ടും കണക്ഷൻ ലഭിക്കാത്ത 420 ഓളം വീട്ടുകാർ ഒരേ വാർഡിൽ തന്നെയുണ്ട് എന്നത് കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസത്തെ സൂചിപ്പിക്കുന്നു.

വോൾട്ടത ഇല്ലായ്മയാണ് പഞ്ചായത്ത് അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം. ചില പ്രദേശങ്ങളിലെ വോൾട്ടേജ് പീക്ക് ലോഡ് സമയങ്ങളിൽ മുപ്പത് വോൾട്ട് വരെയായി കുറയാറുണ്ട എന്നത് പഞ്ചായത്തിലെ വോൾട്ടേജ് കുറവിൻെറ രൂക്ഷതയെ സൂചിപ്പിക്കുന്നു. പഞ്ചായത്തിലെ വ്യത്യസ്ത പ്രദേശങ്ങൾ വൈദ്യുതി ബോഡിൻെറ വ്യത്യസ്ത ഓഫീസുകളുടെ പരിധിയിൽ പെടുന്നതിനാൽ സിസ്റ്റം റിയാലിബിലിറ്റി നിലനിർത്തുവാൻ കഴിയുന്നില്ല. പഞ്ചായത്തിലെ കുന്നും മലകളും നിറഞ്ഞ പ്രദേശങ്ങളിൽകൂടി കടന്നുപോകുന്ന വൈദ്യുത വിതരണ ലൈനുകളുടെ ടെച്ചിങ്ങ്സ് തീർക്കുന്നതിൽ ബോഡിൻെറ ശുഷ്കാന്തിയില്ലായ്മ കൊണ്ട് വോൾട്ടേജ് പ്രശ്നങ്ങളും വൈദ്യുത തടസ്സങ്ങളും വീണ്ടും വർധിക്കുന്നു.

വൈദ്യുതീകരിക്കാത്ത ഹരിജൻ കോളനികളും ധാരാളമുണ്ട് പഞ്ചായത്തിൽ. തെരുവ് വിളക്കുളില്ലാത്ത ഏഴു വാർഡുകളുണ്ട്. ഉള്ള വാർഡുകളിൽ തന്നെ അവയുടെ എണ്ണം വളരെ പരിമിതമാണ്. മിക്കവാറും പ്രകാശിക്കാത്ത അവസ്ഥയിലുമാണുള്ളത്. പഞ്ചായത്ത് വഴി സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെയും സോഡിയം വേപ്പർ ലാംബുകളുടെയും വിവരം പട്ടികപ്പെടുത്തിയിരിക്കുന്നു. (പട്ടിക-2).

കെ എസ് ഇ ബി അധികൃതരുടെ കണക്കുകൾ അനുസരിച്ചു തന്നെ എനർജി മീറ്ററുകളിൽ പകുതിയും ശരിയായ രീതിയിൽ പ്രവർത്തിക്കാത്തവയാണ്. മീറ്റർ കേടായി എന്ന് ഉപഭോക്താവ് മനസ്സിലാക്കിയാൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കാൻ തുടങ്ങുന്നു. വോൾട്ടേജ് ക്ഷാമത്തിൽ നിന്ന് രക്ഷനേടുന്നതിനായി പല വീടുകളിലും സ്റ്റെപ്- അപ് ഉപയോഗിക്കുന്നുണ്ട്. സ്റ്റെപ്പ്- അപ് ഉപയോഗിക്കാത്തവരെ ഇത് ദോഷകരമായി ബാധിക്കും. ഒരു മേജർ സെക്ഷൻ ഓഫീസിന് വേണ്ടത്ര ഉപഭോക്താക്കളുണ്ടായിട്ടും പഞ്ചായത്തിന് ഓവർസീയറുടെ ഒരു ഓഫീസ് മാത്രമേയുള്ളു. ഇതിനെല്ലാമുപരി ഉപഭോക്താക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കൽ, അറ്റകുറ്റപണികൾ ചെയ്യൽ, പുതിയ കണക്ഷനുകൾ നൽകൽ എന്നിവയും ബോഡ് കാണിക്കുന്ന അനാസ്ഥയും അഴിമതിയും ഉപഭോക്താക്കളുടെ വിഷമതകൾ വർധിപ്പിക്കുന്നു. വൈദ്യുതി ഓഫീസുകളുടെ റജിസ്റ്ററുകളിൽ ഉള്ളതിനേക്കാൾ കൂടുതൽ ഊർജം ഉപഭോക്താക്കൾ ഉപയോഗിക്കുന്നു. ഇടക്കിടക്കുണ്ടാകുന്ന വൈദ്യുതി തടസ്സങ്ങളാണ് പഞ്ചായത്ത് അഭിമുഖീകരിക്കുന്ന മറ്റൊരു പ്രധാന പ്രശ്നം.

പഞ്ചായത്തിൽ പാചക ഗ്യാസിൻെറ സപ്ലൈ ഓഫീസ് ഇല്ലാത്തതിനാൽ പാചക ഗ്യാസിനെ ആശ്രയിക്കുന്നവർക്ക് അത് കിട്ടുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. മണ്ണെണ്ണ പെർമിറ്റുകൾ ഉദ്യോഗസ്ഥന്മാർക്കു മാത്രം അനുവദിക്കുന്നതിനാൽ സാധാരണക്കാർ പാചകത്തിനായി വിറക് മാത്രം ആശ്രയിക്കാൻ നിർബന്ധിതരാകുന്നു.

## സാധ്യതകൾ

അറ്റകുറ്റപണികൾ ചെയ്യാൻ വേണ്ടത്ര ജീവനക്കാരില്ലാത്തിനാലും യഥാസമയങ്ങളിൽ അവ ചെയ്യാതിരിക്കുന്നതിനാലും ഉണ്ടാകുന്ന ഊർജനഷ്ടവും വൈദ്യുതി തടസ്സവും ഇല്ലാതാക്കാൻ കൂടുതൽ ജീവനക്കാരെ നിയമിക്കേണ്ടതാണ്.

പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുന്നതിന് ഏകദേശം 9 ട്രാൻസ്ഫോർമറുകളും 14 കിലോമീറ്റർ 11 കെ വി ലൈനുകളും, 12 കിലോമീറ്റർ 34 കെ വി ലൈനുകളും 25 കിലോമീറ്റർ 14 കെ വി ലൈനുകളും പുതുതായി വലിക്കേണ്ടതാണ്. ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പഞ്ചായത്തിലെ വൈദ്യുതീകരിക്കേണ്ട പ്രദേശങ്ങൾ, ദൂരം, ലൈനുകളുടെ സ്വഭാവം, ട്രാൻസ്ഫോർമറുകളുടെ എണ്ണം എന്നിവ പട്ടികപ്പെടുത്തിയിരിക്കുന്നു. (പട്ടിക-3).

മുകളിൽ കൊടുത്തവക്ക് പുറമെ നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ അവസ്ഥ വളരെ പരിതാപകരമാണ്. ദ്രവിച്ച പോസ്റ്റുകൾ മാറ്റാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉദാഹരണമായി നാലാം വാർഡിൽകൂടി കടന്നുപോകുന്ന 11 കെ വി ലൈനിലെ ദ്രവിച്ച പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണമെന്ന് ഗ്രാമസഭയിൽ നിന്നും നിർദേശിച്ചിട്ടുണ്ട്. മുകളിൽ കൊടുത്ത പ്രവൃത്തികൾക്കെല്ലാം സ്ഥലത്തെ നിവാസികളിൽ നിന്ന് എല്ലാ സഹകരണങ്ങളും ഉണ്ടാകുന്നതാണ്.

പഞ്ചായത്തിലെ മിക്ക വാർഡുകളിലും തെരുവ് വിളക്കുകളില്ല. പല ഗ്രാമസഭകളിൽ നിന്നും പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണമെന്നും ഉള്ളവയുടെ തന്നെ ദൂരവും എണ്ണവും വർധിപ്പിക്കണമെന്നുമുള്ള നിർദേശവും വന്നിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ തെരുവ് വിളക്കുകൾ വേണ്ടതിൻെറ കണക്കുകൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു. (പട്ടിക-4).

ഇവക്കുപുറമെ റോഡരികിലുള്ള എല്ലാ ഇലക്ട്രിക് പോസ്റ്റുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണമെന്ന് ഗ്രാമസഭകളിൽ നിന്ന് നിർദേശം വന്നിട്ടുണ്ട്.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് വിറകിനെയാണ് ആശ്രയിക്കുന്നത്. ഗ്യാസ്, മണ്ണെണ്ണ, പുകയില്ലാത്ത അടുപ്പുകളുടെ എണ്ണം എന്നിവ വളരെ കുറവാണ്. മണ്ണെണ്ണ ഉപയോഗിച്ച് പാചകം ചെയ്യുന്നവരുടെ എണ്ണം സമീപ വർഷങ്ങളിലായി വർധിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി പഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത മണ്ണെണ്ണയുടെ അളവ് താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു. (പട്ടിക-5).

## നിർദേശങ്ങൾ

"കൂടുതൽ പേർ ഉണ്ണാനുണ്ടായാൽ കൂടുതൽ അരിയിടണം". പഞ്ചായത്തിലെ വൈദ്യുതി പ്രശ്നങ്ങൾക്ക് പ്രധാന കാരണം മലബാറിൽ എടുത്തുപറയത്തക്ക വൈദ്യുതി ഉല്പാദന കേന്ദ്രം ഇല്ല എന്നുള്ളതാണ്.

ട്രാൻസ്ഫോർമറുകളും സബ്സ്റ്റേഷനുകളും സ്ഥാപിക്കുവഴി വൈദ്യുത പ്രേഷണ-വിതരണത്തിലുണ്ടാവുന്ന ഊർജ നഷ്ടത്തിന്റെ അളവ് മാത്രമേ കുറക്കുവാൻ കഴിയുകയുള്ളു. അതിനാൽ മലബാർ പ്രദേശത്ത് ഒരു വൈദ്യുതി ഉല്പാദന കേന്ദ്രം തുടങ്ങാൻ വേണ്ട സമ്മർദങ്ങൾ ചെലുത്തേണ്ടതാണ്. പഞ്ചായത്തിലെ ഭൂരിഭാഗവും നിലമ്പൂർ സെക്ഷനുകീഴിൽ പെട്ടതാണ്. നിലമ്പൂരിൽ നിന്നുമുള്ള വിതരണ ലൈനുകൾ ധാരാളം കുന്നുകളും മലകളും നിറഞ്ഞ പ്രദേശങ്ങളിൽ കൂടിയാണ് കടന്നുപോകുന്നത്.

പഞ്ചായത്തിലെ പത്തപ്പിരിയം ഭാഗത്തേക്ക് മഞ്ചേരി സബ്സ്റ്റേഷനിൽ നിന്നാണ് വൈദ്യുതി എത്തുന്നത്. ഈ ഭാഗം മഞ്ചേരി നോർത്ത് സെക്ഷന്റെ കീഴിലാണ്. മഞ്ചേരി സബ്സ്റ്റേഷനിൽ നിന്നും എടവണ്ണയിലേക്ക് മാത്രമായി ഒരു 11 കെ വി ഫീഡറുണ്ടായിരുന്നു. എന്നാൽ ആ ഫീഡറിന്റെ സർക്യൂട്ട് ബ്രേക്കർ മാസങ്ങളായി പ്രവർത്തനക്ഷമമല്ലാത്തതിനാൽ മഞ്ചേരി ടൗൺ ഫീഡറിൽകൂട്ടിയാണ് എടവണ്ണയിലേക്ക് ഇപ്പോൾ വൈദ്യുതി എത്തിക്കുന്നത്. മഞ്ചേരി ടൗൺ ഫീഡർ ടൗൺ ചുറ്റിവരുന്നതിനാൽ എടവണ്ണക്കാർക്ക് വേണ്ടത്ര വോൾട്ടേജ് ലഭിക്കുന്നില്ല. അതിനാൽ മഞ്ചേരി സബ്സ്റ്റേഷനിലെ എടവണ്ണ ഫീഡറിലെ സർക്യൂട്ട് ബ്രേക്കർ മാറ്റി സ്ഥാപിച്ച് എടവണ്ണയെ മഞ്ചേരി ടൗൺ ഫീഡറിൽ നിന്ന് ഒഴിവാക്കി കിട്ടുവാൻ സത്വരമായി ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കഴിഞ്ഞാൽ ഇപ്പോഴത്തെ അവസ്ഥയനുസരിച്ച് വോൾട്ടേജ് വീണ്ടും കുറയും. മലബാറിലെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമായി നിർദേശിച്ച് പണി നടന്നുകൊണ്ടിരിക്കുന്ന അരീക്കോട് 220 കെ വി സബ്സ്റ്റേഷന്റെ നിർമ്മാണം ഏകദേശം ഒരു വർഷത്തിനകം പൂർത്തിയാവും. ഇത് പൂർത്തിയായിക്കഴിഞ്ഞാൽ എടവണ്ണയിലേക്ക് മാത്രമായി ഒരു 11 കെ വി ഫീഡർ അനുവദിച്ചുകിട്ടുവാൻ വേണ്ട നടപടികൾ ഇപ്പോൾ തന്നെ സ്വീകരിച്ചു തുടങ്ങണം. ഈ ഫീഡർ ഒതായി-മുണ്ടേങ്ങര വഴി എടവണ്ണയിൽ എത്തിക്കുകയാണെങ്കിൽ ഒരു വീടുപോലും വൈദ്യുതീകരിച്ചിട്ടില്ലാത്ത ചാത്തല്ലൂർ പ്രദേശത്തിന് വൈദ്യുതി എത്തിക്കാവുന്നതാണ്. കൂടാതെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞ മുണ്ടേങ്ങര ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് വൈദ്യുതി എത്തിക്കാവുന്നതുമാണ്. മുണ്ടേങ്ങര, കൊളപ്പാട് പ്രദേശങ്ങളിലെ കൃഷിക്കാർക്ക് വളരെ പ്രയോജനമുള്ള ഒരു പദ്ധതിയാണിത്.

വിവിധ സെക്ഷൻ ഓഫീസുകൾക്ക് കീഴിൽ വരുന്ന ലൈനുകളെ വേണ്ടവിധത്തിൽ സമന്വയിപ്പിക്കുകയാണെങ്കിൽ ഒരു പരിധിവരെ വൈദ്യുതി തടസ്സം കുറക്കുവാൻ കഴിയും. അരീക്കോട്-ഒതായി ലൈനുകളെ ഒതായിയിൽ പരസ്പരം ബന്ധിപ്പിക്കുന്നതിന് 250 മീറ്റർ ദൂരമേ പുതുതായി ലൈൻ വലിക്കേണ്ടതുള്ളു. മഞ്ചേരിയിൽ നിന്നും നിലമ്പൂരിൽ നിന്നുമുള്ള ലൈനുകളെ തുവ്വക്കാട്ടിൽ പരസ്പരം ബന്ധിപ്പിക്കുന്നതിന് തുവ്വക്കാട് ഭാഗത്ത് ഏകദേശം 5 പോസ്റ്റുകൾ ഉയർത്തി ലൈൻ വലിക്കേണ്ടതേയുള്ളു. നിലമ്പൂർ, അരീക്കോട് സെക്ഷനുകൾക്കു കീഴിലുള്ള ലൈനുകളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് ഒന്നര കിലോമീറ്റർ ലൈൻ വലിച്ചാൽമതി.

ഒരു മേജർ സെക്ഷൻ ഓഫീസ് എടവണ്ണയിൽ തുറന്ന് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തിൽ വ്യവസായങ്ങൾ തുടങ്ങുകയാണെങ്കിൽ ഊർജത്തിന്റെ കുറവ് പരിഹരിക്കുന്നതിനായി ഒരു സബ്സ്റ്റേഷൻ തുടങ്ങണമെന്ന നിർദേശം അഞ്ചാം വാർഡ് ഗ്രാമസഭയിൽ നിന്നും ഉയറന്നുവന്നിട്ടുണ്ട്.

ചോലാർമല, കൂട്ടപറമ്പ് മലകളിൽ വിൻഡ് മില്ലുകൾ സ്ഥാപിക്കണമെന്ന നിർദേശം ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. ഇതിന്റെ നിർമാണ ചെലവും നടത്തിപ്പ് ചെലവും വളരെ കുറവാണ്.

പഞ്ചായത്തിലെ മിക്ക വാർഡുകളിലും തെരുവ് വിളക്കുകൾ ഉപയോഗശൂന്യമാണ്. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി സൗരോർജ പ്ലാൻറുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്. കുറഞ്ഞപക്ഷം തെരുവ് വിളക്കുകളെങ്കിലും സോളാർ ലാംബുകളാക്കാവുന്നതാണ്. ഇതിനുവേണ്ട സാങ്കേതിക നിർദേശങ്ങൾക്ക് അനർട്ടുമായി ബന്ധപ്പെടാവുന്നതാണ്.

പഞ്ചായത്തിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവരുടെ വീടുകൾ പഞ്ചായത്ത്തലത്തിൽ വയറിങ്ങ് ചെയ്തു കൊടുക്കേണ്ടതാണ്.

വൈദ്യുതി കണക്ഷനുകൾ കർശനമായും മുൻഗണനാ ക്രമത്തിൽ നൽകണം. വീടുകളിലെ മീറ്ററിങ്ങ് തക്ക സമയത്ത് നടത്തി ബിൽ നൽകുന്ന സമ്പ്രദായം ഉണ്ടാക്കണം. ഇതുവഴി അമിതമായി ഉപയോഗിക്കുന്ന ഊർജത്തിന്റെ അളവ് ഒരു പരിധിവരെ കുറയ്ക്കാവുന്നതും അപ്രതീക്ഷിതമായി ലഭിക്കുന്ന ഭീമമായ അധിക ബിൽ ഒഴിവാക്കാവുന്നതുമാണ്.

വിറകിൻെറ ദൗർലഭ്യവും വിലയിലുണ്ടാവുന്നവർധനവും പാചകത്തിനായി മറ്റ് ഇന്ധനങ്ങൾ ഉപയോഗിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്. പാചകാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റ് എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും ലഭ്യമാക്കേണ്ടതാണ്. പുകയില്ലാത്ത അടുപ്പുകളുടെ പ്രാധാന്യത്തെപ്പറ്റി ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ പാചകവാതകങ്ങളുടെ സപ്ലൈ ആപ്പീസ് സ്ഥാപിക്കേണ്ടതാണ്. പഞ്ചായത്തിലെ മിക്ക വീടുകളിലും ഒന്നിൽക്കൂടതൽ പശുക്കളെ വളർത്തുന്നുണ്ട്. ഈ വീടുകളിൽ ഗോബർ ഗ്യാസ്പ്ലാൻറ് സ്ഥാപിക്കുകയാണെങ്കിൽ പാചക ഇന്ധനത്തിൻെറ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. ഈ പഞ്ചായത്തിൽ തന്നെ ചില വീടുകളിൽ ഇത് വിജയപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്. ഗോബർ ഗ്യാസ് പ്ലാൻറുകൾ. വീടുകളിൽ സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്ത് നിർവഹിക്കാനുള്ള സംവിധാനവും ഉണ്ടാക്കേണ്ടതാണ്.

### പട്ടിക ഒന്ന്:

| നമ്പർ | പേര് | കപ്പാസിറ്റി | നമ്പർ | പേര് | കപ്പാസിറ്റി |
|---|---|---|---|---|---|
| 1 | ഒതായി-ടൗൺ | 63KVA | 16 | പറക്കോട്ടു വഴി | 100 KVA |
| 2 | ഒതായി-വെള്ളച്ചാൽ | 63 KVA | 17 | തുവ്വക്കാട് നമ്പർ: 1 | 63 KVA |
| 3 | കൊല്ലപ്പാട്-വായനശാല | 63 KVA | 18 | തുവ്വക്കാട് നമ്പർ: 2 | 100 KVA |
| 4 | കുണ്ടുതോട്-പാലം | 100 KVA | 19 | തുവ്വക്കാട് നമ്പർ: 3 | 100 KVA |
| 5 | റോയ്-എസ്റ്റേറ്റ് | 100 KVA | 20 | ചെമ്പകുത്ത്-മിനി എസ്റ്റേറ്റ് | 250 KVA |
| 6 | ചെരുമൺ | 63 KVA | 21 | കുന്നുമ്മൽ | 63 KVA |
| 7 | ചലിപ്പാടം-ഹരിജൻകോളനി | 63 KVA | 22 | അത്തിക്കൽ | 100 KVA |
| 8 | തോട്ടത്തിൽ | 63 KVA | 23 | കല്ലിടുമ്പ് | 63 KVA |
| 9 | മുത്തളം നമ്പർ: 1 | 100 KVA | 24 | പാലപ്പറ്റ | 63 KVA |
| 10 | മുത്തളം മിൽ നമ്പർ: 2 | 63 KVA | 25 | പന്നിപ്പാറ | 100 KVA |
| 11 | എടവണ്ണ-കെ.ഡബ്ല്യു.എ. നമ്പർ:3 | 100 KVA | 26 | ആര്യൻതൊടിക | 100 KVA |
| 12 | ഒടുവൻകുന്ന് | 100 KVA | 27 | പോത്തുവെട്ടി | 63 KVA |
| 13 | പാണ്ടിയാട് | 63 KVA | 28 | ഐന്തൂർ | 100 KVA |
| 14 | പത്തപ്പിരിയം-സൗത്ത് | 160 KVA | 29 | എള്ളുപാറ | 63 KVA |
| 15 | പത്തപ്പിരിയം-നോർത്ത് | 160 KVA | 30 | വടശ്ശേരി | 100 KVA |

(അവലംബം കെ.എസ്.ഇ.ബി. കണക്കുകൾ)

### പട്ടിക രണ്ട്:

| വാർഡ് | സോഡിയം വേപ്പർലാമ്പുകളുടെ എണ്ണം | സ്ട്രീറ്റ്ലൈറ്റ് (കി.മീ.) | വാർഡ് | സോഡിയം വേപ്പർലാമ്പുകളുടെ എണ്ണം | സ്ട്രീറ്റ്ലൈറ്റ് (കി.മീ.) |
|---|---|---|---|---|---|
| 1 | NIL | NIL | 7 | NIL | NIL |
| 2 | 3 | NIL | 8 | NIL | NIL |
| 3 | 1 | 0.70 | 9 | NIL | NIL |
| 4 | 1 | NIL | 10 | 1 | 1 |
| 5 | 5 | 1 | 11 | 2 | 0.50 |
| 6 | 4 | 3 | 12 | 1 | 3 |

## പട്ടിക മൂന്ന്:

| നമ്പർ | പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ/പ്രവൃത്തി | വാർഡ് | ദൂരം കി.മീ. | ലൈനിൻെറ സ്വഭാവം | ട്രാൻസ് ഫോർമർ |
|---|---|---|---|---|---|
| 1 | ആറ് വർഷങ്ങൾക്ക് മുമ്പ് (6/90, 8/90, 10/90) പണമടച്ച് ചാത്തല്ലൂരിലെ 420 വീടുകൾ വൈദ്യുതീകരിക്കുന്നതിന് | 1 | 3<br>2 | 11 കെ.വി.<br>1 ϕ | 2 എണ്ണം |
| 2 | ചോലാർമല ആദിവാസി കോളനി, ചളിമ്പറ്റ ഹരിജൻ കോളനി | 1 | 1.5<br>0.300 | 3 ϕ<br>1 ϕ | |
| 3 | അരീക്കോട്-ഒതായി ലൈനുകളെ പരസ്പരം ബന്ധിപ്പിക്കൽ | 2 | 0.25 | 3 ϕ | |
| 4 | കൂരിത്ത്, തുമ്പട്ടിച്ചാൽ ഹരിജൻ കോളനി, അടത്തിക്കുന്ന്, ശാന്തിപുരം പ്രദേശങ്ങൾ | 2 | 0.250<br>0.100 | 3 ϕ<br>1 ϕ | |
| 5 | ഒതായി-മുണ്ടേങ്ങര ലൈനുകളെ പരസ്പരം ബന്ധിപ്പിക്കൽ | 2<br>3 | 1.500 | 3 ϕ | |
| 6 | മുണ്ടേങ്ങര ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് വൈദ്യുതി എത്തിക്കൽ | 3 | 2 | 11 കെ.വി. | 1 |
| 7 | ചെമ്പൻകോളനി, പടിഞ്ഞാറെതല പ്രദേശങ്ങൾ | 3 | 1<br>1 | 11 കെ.വി.<br>1 ϕ | 1 |
| 8 | കൊളപ്പാട് 1 ϕ ലൈൻ 3 ϕ ലൈൻ ആക്കി ഉയർത്തി ബ്രാണൊടി പ്രദേശത്തിൻെറ വൈദ്യുതീകരണം | 3 | 1<br>0.500 | 3 ϕ<br>1 ϕ | |
| 9 | ചെറുനടയിൽ എത്തിനിൽക്കുന്ന വൈദ്യുത ലൈൻ, ചെറുനടയിലുള്ള ഹരിജൻ വീടുകൾക്കും മറ്റു ഏഴ് വീടുകൾക്കും സൗകര്യപ്രദമായ രീതിയിൽ ദീർഘിപ്പിച്ച് പുതുവായ് കോളനി വൈദ്യുതീകരിക്കൽ | 4 | 1 | 1 ϕ | |
| 10 | പ്ലാക്കലക്കുണ്ട് ശ്മശാനത്തിനടുത്ത് വരെ അമ്പലപ്പറമ്പിൽനിന്നും പുതിയ ലൈൻ വലിക്കൽ | 4 | 1/2<br>1/2 | 3 ϕ<br>1 ϕ | |
| 11 | ചോലിയാർകുന്ന്, കുരുന്നികോളനി, മലയിൽതൊടികകുന്ന് (എൽ.പി. സ്കൂൾ കുന്ന്), കുറുക്കേ മൂച്ചി, ചെരുമൺ കോളനി | 4 | 1.5 | 1 ϕ | |
| 12 | പള്ളിപ്പടി, ചേറിയപടി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ | 4 | - | - | 2 |
| 13 | അങ്ങാടിക്കുന്ന്, കോട്ടാല, വയലൂർ പ്രദേശങ്ങൾ | 5 | 1.5 | 1 ϕ | |
| 14 | ടിപ്പുസുൽത്താൻ റോഡിൽ നിലവിലുള്ള ലൈനുകളെ പരസ്പരം ബന്ധിപ്പിക്കൽ | 5 | 1/4 | 3 ϕ | |
| 15 | വാദിറഹ്മ-പോത്തുവെട്ടി ലൈൻ | 6 | 1 | 3 ϕ | |

| | | | | |
|---|---|---|---|---|
| പൊതുവാൻകുന്ന്, കൊലക്കഞ്ചേരി, കൊങ്ങൻപാറ ഹരിജൻ കോളനി, പുവമണ്ണ്, ഇരുമ്പുത്താല, കുപ്പറ്റക്കുന്ന്, പൊതുവാൻകുന്ന്, മമ്പുയിൽ എന്നീ പ്രദേശങ്ങളുടെ വൈദ്യുതീകരണം | 16<br>6 | 1<br>2 | 3 ϕ<br>1 ϕ | |
| പള്ളിമുക്കിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ച് സമീപപ്രദേശങ്ങളുടെ വൈദ്യുതീകരണം | 177 | 1<br>1<br>1 | 11 കെ.വി.<br>3 ϕ<br>1 ϕ | 1 |
| ചവിടികുഴി ഹരിജൻ കോളനിയിൽനിന്നും തെക്കുംപുറം വരെ ലൈൻ ദീർഘിപ്പിക്കൽ | 187 | 1 | 1 ϕ | |
| ആര്യൻതൊടിക വൈദ്യുതീകരണം | 197 | 1/2 | 1 ϕ | |
| പന്നിപ്പാറ സമീപപ്രദേശങ്ങളിലും പന്നിപ്പാറ ലക്ഷംവീട്, വടശ്ശേരി ഹരിജൻകോളനി, പാതിയാളം, തെക്കുംപുറം എന്നീ പ്രദേശങ്ങളുടെ വൈദ്യുതീകരണം | 208 | 1<br>1.25 | 3 ϕ<br>1 ϕ | |
| അരീക്കോട്, നിലമ്പൂർ എന്നീ സെക്ഷനുകൾക്ക് കീഴിലുള്ള ലൈനുകളെ പരസ്പരം ബന്ധിപ്പിക്കൽ | 218 | 1.5 | 11 കെ.വി. | |
| മഞ്ചേരി, നിലമ്പൂർ സെക്ഷനുകൾക്ക് കീഴിലുള്ള ലൈനുകളെ പരസ്പരം ബന്ധിപ്പിക്കൽ | 228 | 1/4 | 11 കെ.വി. | |
| പന്നിപ്പാറ ഹെൽത്ത് സെൻറർ, സ്കൂൾ എന്നീ സ്ഥാപനങ്ങളുടെ വൈദ്യുതീകരണം | 238 | 1/2 | 1 ϕ | |
| കാഞ്ഞിരമുക്ക്, പത്തപ്പിരിയം കീർത്തി കോളനി, പാറമ്മൽ കോളനി, നല്ലാണി കോട്ടമല, പടിഞ്ഞാറെമുക്ക് കോളനി, പുളിങ്ങോട്ടുപുറം, നല്ലാണി എം ജി എം കോളനി എന്നീ പ്രദേശങ്ങളുടെ വൈദ്യുതീകരണം | 249 | 3 | 1 ϕ | |
| കലന്തിയിൽ, പോത്തുവെട്ടി ഹരിജൻ കോളനികൾ, അനകീർത്തി-വട്ടകുന്ന് പ്രദേശങ്ങളുടെ വൈദ്യുതീകരണം | 250 | 3 | 1 ϕ | |
| ഐന്തൂരിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 261 | 1 | 11 കെ.വി. | 1 |
| പത്തിരിയാലിൽ നിലമ്പൂർ, വണ്ടൂർ സെക്ഷനുകൾക്ക് കീഴിലുള്ള ലൈനുകളെ പരസ്പരം ബന്ധിപ്പിക്കൽ | 271 | 1 | 11 കെ.വി. | |
| ഐന്തൂർ-ഒറ്റപ്പോക്ക് ലൈൻ ദീർഘിപ്പിക്കൽ | 281 | 2.5 | 3 ϕ | |
| പെരൂർ കുണ്ടിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 292 | 1 | 11 കെ.വി. | 1 |
| വലിയതൊടി, കോളോയിൽ, തരിശ്, മൂത്തേടത്ത്കുന്ന്, കുശവ കോളനി എന്നീ പ്രദേശങ്ങളുടെ വൈദ്യുതീകരണം | 302 | 3 | 1 ϕ | |

## പട്ടിക നാല്:

| നമ്പർ | സ്ഥലത്തിന്റെ/ലൈനിന്റെ പേര് | വാർഡ് | സ്ട്രീറ്റ്ലൈറ്റ് ലൈൻ വലിക്കേണ്ട ദൂരം (കി. മീ.) | സോഡിയം വേപ്പർ ലാമ്പുകളുടെ എണ്ണം |
|---|---|---|---|---|
| 1 | മുണ്ടേങ്ങര-മാലങ്ങാട് | 3 | 0.700 | – |
| 2 | കുണ്ടുതോട്-ചളിപ്പാടം | 4 | 3 | – |
| 3 | ചളിരിക്കൽ-പുതുവായ് കോളനി | 4 | 1 | – |
| 4 | കുണ്ടുതോട്പാലം-ചെരുമൺ | 4 | 1 | – |
| 5 | കുണ്ടുതോട് പള്ളിപ്പടി, പി.എച്ച്.സി., അമ്പലപറമ്പ്, കൊളപ്പാട് കടവ് | 4 | – | 4 |
| 6 | കുരിശുംപടി-ചേറുങ്ങോട് വഴി | 4 | 0.300 | – |
| 7 | ചെറിയപാലം വയൽറോഡിനരികെ, ഐ. ഒ. എച്ച്. എസിന് മുൻവശം, വളവുകൾ എന്നിവിടങ്ങളിൽ | 6 | 0.400 | – |
| 8 | കുന്നുമ്മൽ സ്റ്റോപ്പിൽനിന്നും കിഴക്കുഭാഗത്തേക്ക് പോകുന്ന റോഡിൽ | 6 | 1 | – |
| 9 | പന്നിപ്പാറ-വടശ്ശേരി പ്രദേശങ്ങളിലും പള്ളിമുക്കിലും | 7 | 0.500 | – |
| 10 | പത്തപ്പിരിയം-തുവ്വക്കാട്-പന്നിപ്പാറ – അരിമംഗലം, പത്തപ്പിരിയം-കണ്ടാലപ്പറ്റ, തുവ്വക്കാട് – പന്നിപ്പാറ റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ | 9 | 10 | – |
| 11 | വലിയതൊടി, കൊളോയിൽ, തരിശ്കോളനികൾ, പാണ്ടിയാട് തെരുവ്, ഏഴകളരി എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റും സോഡിയം വേപ്പർ ലാമ്പുകളും സ്ഥാപിക്കൽ | 12 | 3 | 6 |
| 12 | പന്നിപ്പാറ ടൗൺ, കെ.എൻ.എം. പള്ളിപ്പടി, പൊട്ടി, വടശ്ശേരി-കാവനൂർ ജംഗ്ഷൻ, വടശ്ശേരി പള്ളിപ്പടി, പന്നിപ്പാറ പുതിയത്ത് എന്നീ സ്ഥലങ്ങളിൽ സോഡിയം വേപ്പർലാമ്പുകൾ സ്ഥാപിക്കൽ | 7 | – | 7 |
| 13 | കൈതക്കുളം-പുത്തൻറോഡ്, പെരൂൽകുണ്ട്-ഒടുവാൻകുന്ന്, പാണ്ടിയാട് എന്നിവിടങ്ങളിൽ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കൽ | 12 | 2 | – |

## പട്ടിക അഞ്ച്:

| നമ്പർ | വിവരങ്ങൾ | വർഷം 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|
| 1 | മണ്ണെണ്ണ പെർമിറ്റുകളുടെ എണ്ണം | 201 | 256 | 295 | 352 | 370 |
| 2 | പെർമിറ്റ് വഴി വിതരണംചെയ്ത മണ്ണെണ്ണ (ലി.) | 29,132 | 38,266 | 41,094 | 48,528 | 51,073 |
| 3 | കാർഡ്വഴി വിതരണംചെയ്ത മണ്ണെണ്ണ (ലി.) | 2,33,170 | 2,40,906 | 2,22,050 | 2,37,060 | 2,55,235 |

(അവലംബം: പൊതുവിതരണകേന്ദ്രം)



# പാർപ്പിടവും സാമൂഹ്യക്ഷേമവും

കോഴിക്കോട്-ഊട്ടി ട്രങ്ക് റോഡിൻെറ ഇരുവശങ്ങളിലും ചാലിയാറിൻെറ ഇരുകരകളിലുമായി സ്ഥിതിചെയ്യുന്ന എടവണ്ണ പഞ്ചായത്തിന് അതിൻേറതായ ഒരു പാരമ്പര്യം അവകാശപ്പെടാനുണ്ട്. സ്വാതന്ത്ര്യസമരത്തിലും തുടർന്നുള്ള കാലഘട്ടത്തിലും ഈ പഞ്ചായത്ത് അതിൻേറതായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഫലഭുയിഷ്ടമായ ചാലിയാറിൻെറ തീരപ്രദേശമായ ഈ പഞ്ചായത്ത് കാർഷികപ്രധാന്യമേറിയ ഒന്നാണ്. 7068 ഹെക്ടർ വിസ്തീർണ്ണവും 32000 ജനസംഖ്യയും ഉള്ള ഈ പഞ്ചായത്തിൻെറ പാർപ്പിടപ്രശ്നവും സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അവയുടെ പരിഹാരത്തിനായി ചില നിർദേശങ്ങളുമാണ് ഈ റിപ്പോർട്ടിലൂടെ ചർച്ച ചെയ്യപ്പെടുന്നത്.

## പാർപ്പിടവും ആരോഗ്യപ്രദമായ കക്കൂസ് നിർമ്മാണവും

എടവണ്ണ, പെരകമണ്ണ എന്നീ രണ്ട് വില്ലേജുകൾ അടങ്ങിയിരിക്കുന്ന പഞ്ചായത്തിലും കേരളത്തെ പ്രത്യേകിച്ച് മലപ്പുറം ജില്ലയെ ബാധിച്ചിരിക്കുന്ന കെട്ടിട നിർമ്മാണ ഭ്രമം പ്രത്യക്ഷത്തിൽ കാണാം. 12 വാർഡുകളിൽ പത്തപ്പിരിയം, എടവണ്ണ ടൗൺ, മുണ്ടേങ്ങര, ഒതായി എന്നീ പ്രദേശങ്ങളിൽ കാണപ്പെടുന്ന ചില കെട്ടിടങ്ങൾ ഈ മേഖലയിൽ കാണിക്കുന്ന ധൂർത്തിൻെറയും ആഡംബരത്തിൻെറയും പ്രതീകങ്ങളാണ്. എന്നാൽ പഞ്ചായത്തിൻെറ ഉൾപ്രദേശങ്ങളായ തൂവ്വക്കാട്, ചാത്തല്ലൂർ, പള്ളിമുക്ക്, വടിശ്ശേരി എന്നീ സ്ഥലങ്ങളിൽ കാണപ്പെടുന്ന കുടിലുകൾ പഞ്ചായത്തിലെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിൻെറ മറ്റൊരു വശമാണ് കാട്ടിത്തരുന്നത്. ഇവ രണ്ടിനെയും സമന്വയിപ്പിച്ചുകൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നത്തിന് വരുന്ന അഞ്ച് കൊല്ലം കൊണ്ട് ഒരു പരിഹാരം കാണുവാൻ നടപടി കൈക്കൊള്ളേണ്ടതാണ്.

എടവണ്ണ പഞ്ചായത്തിൽ ഏകദേശം 7080 വീടുകൾ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതിൽ കുടിലുകൾ 2252 എണ്ണം ഉള്ളതിൽ മിക്കവാറും താമസയോഗ്യമല്ല. മാത്രമല്ല ഒരേവീട്ടിൽ തന്നെ രണ്ടും മൂന്നും കുടുംബങ്ങൾ, പ്രത്യേകിച്ച് പട്ടികജാതി വിഭാഗത്തിൽ, ഒന്നിച്ചു താമസിക്കുന്നവരാണ്. വരും വർഷങ്ങളിൽ വിഭജിച്ച് പോകുന്ന കുടുംബങ്ങൾ വേറെയും. അങ്ങിനെ വരുമ്പോൾ വരുന്ന അഞ്ച് വർഷക്കാലത്ത് ഈ പഞ്ചായത്തിലെ ഭവനരഹിതരുടെ എണ്ണം 3000-ൽ കുറയാൻ ഇടയില്ല.

## നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികളും ലഭിച്ച വീടുകളും

1. ഇന്ദിരാ ആവാസ് യോജന: ബ്ലോക്ക്‌വഴി അനുവദിക്കുന്ന ഈ പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് ഗ്രാമപഞ്ചായത്തുകൾ ആണ്.

15200 ക. ധനസഹായം ലഭിച്ചിരുന്നു ഈ വീടുകൾക്ക് 1-8-96 മുതൽ 22000 ക. യായി വർധിപ്പിച്ചിട്ടുണ്ട്. 90/91 മുതൽ ലഭിച്ച വീടുകൾ 40:

2. എം ഡബ്ല്യു എസ്: ദശലക്ഷം കിണർ പദ്ധതിയുടെ ഒരു വിഹിതം സംസ്ഥാന ഗവർമെണ്ട് വീട് നിർമ്മാണത്തിന് നീക്കിവെക്കുന്ന പദ്ധതി: ധനസഹായം 15200 ക. ആകെ ലഭിച്ച വീടുകൾ 24.

3. ജെ ആർ വൈ: ജവഹർ റോസ്ഗാർ യോജന വഴി ലഭിക്കുന്ന തുകയുടെ 20 ശതമാനം ബ്ലോക്കുകൾക്ക് ലഭിക്കുമ്പോൾ അതിൻെറ ഒരു വിഹിതം വീട് നിർമ്മാണത്തിന് മാറ്റിവെക്കുന്നു. ലഭിച്ച വീടുകൾ: 13.

4. പഞ്ചായത്ത് വകു ജെ ആർ വൈ, 80 ശതമാനം ഉപാധിരഹിത ഫണ്ട് എന്നിവ വഴി 92/93 മുതൽ 62 വീടുകൾ വിതരണം ചെയ്തിട്ടുണ്ട്.

5. ഗവർമെണ്ടും ഹഡ്കോയും പുനരധിവാസ ഭവന നിർമ്മാണ പദ്ധതിവഴി കൊടുത്ത ധനസഹായം: ആകെ: 871396

അനുവദിച്ച വീടുകൾ -160.

6. കൈരളി ഭവനം: 9 എണ്ണം.

7. പ്രകൃതിക്ഷോഭം മൂലം വീട് നഷ്ടപ്പെട്ടവർക്ക്: 10

8. രാജീവ് ദശലക്ഷം: 3

മേൽക്കാണിച്ചതിൽനിന്ന് കഴിഞ്ഞ കുറേ വർഷങ്ങളായി ഈ പഞ്ചായത്തിന് ലഭിച്ച ആകെ വീടുകളുടെ എണ്ണം 321 ആണെന്ന് കാണാം. ഈ രീതിയിൽ വരും വർഷത്തിൽ വീടുകൾ ലഭിച്ചാലും ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ എത്രകൊല്ലം വേണ്ടിവരുമെന്ന് നമുക്ക് കണക്കാക്കാമല്ലോ. ഈ സാഹചര്യത്തിലാണ് നമ്മൾ നമ്മുടേതായ വിഭവസമാഹരണം നടത്തി ഈ പ്രശ്നം പരിഹരിക്കുവാൻ മാർഗങ്ങൾ ആരായേണ്ടത്.

### ചില നിർദ്ദേശങ്ങൾ:

(1) വീട് നിർമ്മാണത്തിനായി കഴിഞ്ഞ വർഷങ്ങളിൽ അനുവദിക്കപ്പെട്ട ഹൗസിങ്ങ് പ്ലോട്ടുകൾ ഏകദേശം 14.62 ഏക്കർ ഒഴിഞ്ഞുകിടക്കുന്നതായി അവനുഭവസ്ഥർ പറയുന്നു. ഈ പ്ലോട്ടുകൾ ആവശ്യമില്ലാത്തവരിൽനിന്ന് തിരിച്ചുവാങ്ങി അത് ആവശ്യമുള്ളവർക്ക് വിതരണം ചെയ്യണം. എന്നാൽ വീടുവെക്കാൻ സ്ഥലമില്ലാതെ കഷ്ടപ്പെടുന്നവർക്ക് ഒരു പരിഹാരമാകും.

(2) മാറിയ പരിതസ്ഥിതിയിൽ മിച്ചഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യുമ്പോൾ ഹൗസിങ്ങ് പ്ലോട്ടുകൾ ആയി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കണം.

(3) ഭൂമി കൂടുതലായി കൈവശം വെച്ചിരിക്കുന്ന ഭൂവുടമകളെയും സാമുദായിക സംഘടനകളെയും ബോധവത്ക്കരണം നടത്തി ഭൂമിയില്ലാത്തവർക്ക് ഭൂമി വിതരണം ചെയ്യുവാൻ പ്രേരിപ്പിക്കുക, ഇതിന് സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്താം. വിനോബ ബാവെക്ക് നിലമ്പൂർ കോവിലകം 1000 ഏക്കർ ഭൂമി സ്വമേധയാ വിട്ടുകൊടുത്തത് ഇതിന് ഒരുത്തമ ഉദാഹരണമാണ്.

(4) സന്നദ്ധ സംഘടനകളെ വീട് നിർമാണം നടത്തി വിതരണം ചെയ്യാൻ പ്രേരിപ്പിക്കുക. എടവണ്ണയിലെ എം ജി എം എന്ന സംഘടന കഴിഞ്ഞ വർഷത്തിൽ 18 വീടുകൾ നിർമ്മിച്ച് നൽകിയത് ഇതിന് മറ്റൊരു ഉദാഹരണമാണ്.

(5) ആഡംബരമായ വീടുകൾ നിർമ്മിക്കുന്നവരിൽനിന്ന് ഒരു പ്രത്യേക തുക ഈടാക്കിയും വിദേശവാസികളായ തദ്ദേശീയരിൽനിന്നും മറ്റു സമ്പന്നരിൽനിന്നും സംഭാവനകൾ സ്വീകരിച്ചും ഒരു ഭവനനിർമ്മാണ ഫണ്ട് സ്വരൂപിക്കണം.

(6) ഇന്ദിരാവികാസ് പത്രവഴി ശേഖരിക്കുന്ന തുകയും 25 ശതമാനം പഞ്ചായത്തിൻെറ വികസനത്തിന് തന്നെ ഉപയോഗിക്കാമെന്നിരിക്കെ പരമാവധി തുക ഈ വഴിയിലൂടെ ശേഖരിക്കണം. അത് പരിച്ചെടുക്കുന്ന വാർഡുകൾക്ക് തന്നെ കൊടുക്കാവുന്നതാണ്.

(7) ധനകാര്യ സ്ഥാപനങ്ങളായ ബേങ്കുകൾ, എൽ ഐ സി, എച്ച് ഡി എഫ് സി തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഭവനനിർമാണ പദ്ധതികൾ ഉണ്ടെങ്കിലും അവയൊന്നും തന്നെ സാധാരണക്കാർക്ക് പ്രാപ്യമല്ല. അതുകൊണ്ട് ബേങ്കുകൾ അവയുടെ നടപടിക്രമങ്ങൾ ലഘൂകരിച്ച് സാധാരണക്കാർക്ക് കൂടി ഭവനനിർമാണ വായ്പ ലഭ്യമാക്കണം. ഇതിന് നിർമ്മിക്കുന്ന വീടും സ്ഥലവും പണയമായി സ്വീകരിക്കണം.

(8) തദ്ദേശീയമായി ലഭിക്കുന്ന നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് വീട് നിർമ്മിക്കുവാൻ ബോധവത്ക്കരണം നടത്തുക.

(9) അതുപോലെ തദ്ദേശീയമായി ലഭിക്കുന്ന നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മാണ വസ്തുക്കൾ നിർമ്മിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു സ്ഥാപനം തുടങ്ങുക, ചിലവ് കുറഞ്ഞ നിർമ്മാണ രീതിയിൽ പരിശീലനം പ്രസ്തുത സ്ഥാപനത്തിൽവെച്ച് നൽകുവാൻ നടപടികൾ സ്വീകരിക്കണം.

(10) ഭവനനിർമ്മാണ പദ്ധതികളെപ്പറ്റിയും അവ നടപ്പാക്കുന്ന ഏജൻസികളെപ്പറ്റിയും ബോധവത്ക്കരണം നടത്തുക. ഭവനനിർമ്മാണ ബോർഡിൻെറ ഓരോ ശാഖ താലൂക്ക് തലത്തിൽ തുടങ്ങുക.

(11) നിർമ്മാണ വസ്തുക്കളുടെ ലഭ്യത സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ആക്കുക.

ഏകദേശം 3500ലധികം വീടുകളിൽ കക്കൂസുകൾ ഇല്ല. പ്രത്യേകിച്ച് ഹരിജന/ഗിരിജന കോളനികളിൽ. പുറമ്പോക്ക് പ്രദേശങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുന്നത് കുടിവെള്ളം മലിനപ്പെടാൻ കാരണമാകുന്നു. വികസന ബ്ലോക്ക് വഴി നടപ്പാക്കുന്ന സി ആർ എസ് പി കക്കൂസുകളും പഞ്ചായത്ത് വഴി കൊടുക്കുന്ന കക്കൂസുകളും മാത്രമാണ് ഈ രംഗത്ത് കക്കൂസ് ലഭിക്കുവാനുള്ള ഏക മാർഗം. 92 മുതൽ 9 വരെ കാലഘട്ടത്തിൽ സി ആർ എസ് പി കക്കൂസ് ആകെ ലഭിച്ചത് 36 എണ്ണമാണ്. ഈ പ്രശ്നം ഗൗരവമായി കണക്കിലെടുത്തില്ലെങ്കിൽ പൊതുജനത്തിൻെറ ആരോഗ്യനില മോശമാവും. സന്നദ്ധസംഘടനകളു

ടെ സഹായത്തോടെ ഈ പ്രശ്നം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കണം. വികസന ബ്ലോക്കുകൾ വഴി നടപ്പാക്കുന്ന, ഭീമമായ തുകകൾ ചിലവഴിക്കുന്ന ചില പദ്ധതികൾ അത്യാവശ്യമാണോ എന്ന് തോന്നിപ്പോകും. ഈയിനത്തിൽപ്പെട്ട രണ്ടോ മൂന്നോ പദ്ധതികൾക്ക് അനുവദിക്കുന്ന പണം കക്കൂസ് നിർമ്മാണത്തിന് ഉപയോഗിക്കുകയാണെങ്കിൽ പഞ്ചായത്തിലെ കക്കൂസ് പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

## സാമൂഹ്യക്ഷേമ പദ്ധതികൾ:

സാമൂഹ്യക്ഷേമ പദ്ധതികളെപ്പറ്റി പറയുമ്പോൾ ആദ്യമായി പറയേണ്ടത് സംയോജിത ഗ്രാമവികസന പരിപാടി- ഐ ആർ ഡി പി യെപ്പറ്റിയാണ്. ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്നവരുടെ വരുമാന വർദ്ധനവിന് ആവശ്യമായ സഹായം നൽകി അവരെ ദാരിദ്ര്യരേഖക്ക് മുകളിലേക്ക് കൊണ്ടുവരിക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എടവണ്ണ പഞ്ചായത്തിൽ നിലവിലുള്ള ഐ ആർ ഡി പി സർവ്വെ ലിസ്റ്റിൽ 2286 കുടുംബങ്ങൾ ഉണ്ട്. അതിൽ എസ് സി/എസ് ടി വിഭാഗം 323 ആണ്. മേൽപ്പറഞ്ഞ ലിസ്റ്റിൽ നിന്നാണ് ഓരോ വർഷവും സഹായിക്കേണ്ടവരുടെ ലിസ്റ്റ് ഗ്രാമ പഞ്ചായത്തിന്റെ അംഗീകാരത്തിന് വിധേയമായി തയ്യാറാക്കുന്നത്.

ഡി ഡബ്ല്യു സി ആർ എ പദ്ധതി 92-93 കാലഘട്ടത്തിനുശേഷം പഞ്ചായത്തിൽ 2 എണ്ണം ആരംഭിച്ചിരുന്നു. ഒന്ന് ഒതായിൽ മെറ്റൽ ജെല്ലി നിർമ്മാണവും രണ്ടാമത്തേത് പാലപ്പറ്റയിൽ ആട് വളർത്തലും. രണ്ട് യൂനിറ്റിലുംകൂടി 20 സ്ത്രീകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. പൊതുവെ ഈ രംഗത്തേക്ക് വരാൻ സ്ത്രീകൾ വൈമനസ്യം പ്രകടിപ്പിക്കുകയാണ്.

ട്രൈസം പദ്ധതിപ്രകാരം 92-93 മുതൽ 11 യുവതികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. അതിൽ നാലുപേർക്ക് ബ്ലോക്ക് വഴി ഐ ആർ ഡി പി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. 2 പേർ സ്വയം തൊഴിൽ കണ്ടെത്തുകയും 26 പേർ വിദേശത്ത് ജോലിയെടുക്കുകയുംചെയ്യുന്നു.

Rakit നൽകുന്ന പദ്ധതിപ്രകാരം 26 പേർക്ക് ധനസഹായം ലഭ്യമായിട്ടുണ്ട്. 10 ശതമാനം ഗുണഭോക്താവ് വഹിക്കുകയാണെങ്കിൽ 2000 ക. യുടെ (വിദ്യുച്ഛക്തിയാൽ പ്രവർത്തിക്കുന്നവക്ക് 4500 ക. വരെ) ഉപകരണങ്ങളാണ് നൽകപ്പെടുന്നത്.

1. നിലവിലുള്ള ഐ ആർ ഡി പി ലിസ്റ്റ് പുതുക്കണം.

2. ഐ ആർ ഡി പി പ്രകാരം ആസ്തി നിർമ്മിക്കപ്പെടുന്ന ഏത് പദ്ധതിക്കും. വായ്പ അനുവദിക്കേണ്ടതാണ്.

3. ധനസഹായത്തിനുള്ള അപേക്ഷകരെ കുഴക്കുന്ന ബേങ്ക് സംവിധാനത്തിൽ മാറ്റം വരുത്തണം. പ്രത്യേകിച്ച് ദേശസാൽകൃത ബേങ്കുകളിലേത്.

4. ഈ പദ്ധതി നടപ്പാക്കുന്നതിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക് വർധിപ്പിക്കണം. ഇതിന് കാര്യമായ ഗവർമെണ്ട് ഇടപെടൽ നടത്തണം.

5. പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ Group Insurance പരിധിയിൽ കൊണ്ടുവരണം.

6. ഡി ഡബ്ല്യു സി ആർ എ യൂനിറ്റിന്റെ പ്രവർത്തനത്തിൽ ഒരു വൈകല്യമായി അനുഭവപ്പെടുന്നത് അതിന് ശരിയായ ഒരു നേതൃത്വം ഇല്ല എന്നതാണ്. നിയന്ത്രിക്കാനും നിർദ്ദേശങ്ങൾ നൽകുവാനും കഴിയുന്ന അധികാരമുള്ള ഒരു സ്ഥാനം യൂനിറ്റിൽ നിലവിൽ വരേണ്ടതാണ്.

7. RAKIT പ്രകാരം നൽകുന്ന തൊഴിലുപകരണങ്ങൾ കാലതാമസം കൂടാതെ നൽകുവാനും അവ തെരഞ്ഞെടുക്കുവാനും ഗുണഭോക്താവിന് കൂടുതൽ അവസരം നൽകണം. മാത്രമല്ല ഉപകരണങ്ങളുടെ എണ്ണത്തിൽ വർധനവ് വേണം.

8. ട്രൈസം പ്രകാരം പരിശീലനം നൽകുന്നത് കൂടുതൽ കാര്യക്ഷമമായിരിക്കണം. പരിശീലനത്തിനുശേഷം ഒരു വ്യക്തിക്ക് സ്വന്തമായി ഒരു പ്രവർത്തന മേഖല നടത്തിക്കൊണ്ടുപോകാൻ തക്ക പരിശീലനം ലഭിക്കുന്നില്ല. മാത്രമല്ല അലവൻസും, പരിശീലനകേന്ദ്രങ്ങളുടെ എണ്ണവും വർധിപ്പിക്കണം. ട്രൈസം പരിശീലനം നൽകാൻ പഞ്ചായത്തിൽ മിനി ഐ ടി ഐ ആരംഭിക്കണം. പഞ്ചായത്തിന് ബ്ലോക്ക് വഴി നടപ്പാക്കുന്ന മറ്റൊരു പ്രധാന പദ്ധതികളിലൊന്നാണ് തൊഴിൽ ഭദ്രതാ പരിപാടി. ഈ പദ്ധതിപ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബത്തിലെ രണ്ട് അംഗങ്ങൾക്ക് ഒരു വർഷത്തിൽ ചുരുങ്ങിയത് 100 ദിവസമെങ്കിലും തൊഴിൽ ഉറപ്പുനൽകുന്നു. റോഡ് നിർമ്മാണം, സംരക്ഷണ ഭിത്തികെട്ടൽ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങളിലാണ് തൊഴിൽ നൽകുന്നത്. പുരുഷനായാലും സ്ത്രീയായാലും 40/50 രൂപയാണ് വേതന നിരക്ക്. കഴിഞ്ഞ വർഷങ്ങളിൽ ഏകദേശം 10 പദ്ധതി

**ഐ ആർ ഡി പി പദ്ധതിപ്രകാരം ധനസഹായം ലഭിച്ചവരുടെ വിവരം**

| | | | | | എസ്സി/എസ് ടി | | | വനിത | |
|---|---|---|---|---|---|---|---|---|---|
| കുടുംബങ്ങൾ | എണ്ണം | വായ്പ | സബ്സിഡി | എണ്ണം | വായ്പ | സബ്സിഡി | എണ്ണം | വായ്പ | സബ്സിഡി |
| 92-93 | 57 | 273414 | 189909 | 30 | 232256 | 111128 | 22 | 144362 | 64862 |
| 93-94 | 60 | 532173 | 243464 | 42 | 275104 | 150958 | 38 | 381544 | 130744 |
| 94-95 | 53 | 493968 | 258366 | 30 | 224380 | 152250 | 15 | 124773 | 101288 |
| 95-96 | 51 | 862800 | 304340 | 33 | 389648 | 193474 | 24 | 203444 | 124000 |
| ആകെ | 221 | 216355 | 996079 | 135 | 1121388 | 607810 | 99 | 954623 | 420894 |

കൾ നടപ്പാക്കിയിട്ടുണ്ട്. ദേശീയതലത്തിൽ മാനദണ്ഡങ്ങൾ നിർണയിച്ച് ജോലി ഏറ്റെടുക്കുന്ന ഈ പദ്ധതിക്ക് മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ പഞ്ചായത്തിന് അധികാരം ലഭിക്കുമെങ്കിൽ ഈ പദ്ധതിപ്രകാരം പാർപ്പിടം, കക്കൂസ് നിർമ്മാണം എന്നിവ ഏറ്റെടുത്ത് ചുരുങ്ങിയ കാലംകൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

ഹരിജന- ഗിരിജന പ്രദേശങ്ങളിൽ അഥവാ കോളനികളിൽ മാത്രം നടപ്പാക്കാവുന്ന ഒരു പദ്ധതിയാണ് എം ഡബ്ല്യു എസ്. ഹരിജനങ്ങൾക്ക് കാർഷിക വരുമാനം കൂട്ടുവാൻ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക, മണ്ണ് സംരക്ഷണ പദ്ധതികൾ ഏറ്റെടുത്ത് നടത്തുക, ചതുപ്പ് നിലങ്ങൾ കൃഷിയോഗ്യമാക്കുക എന്നിവയെല്ലാം ഈ പദ്ധതിപ്രകാരം നടപ്പാക്കാവുന്നതാണ്. പഞ്ചായത്തിൽ ഈ പദ്ധതിപ്രകാരം രണ്ട് ജോലികൾ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്.

## അംഗൻവാടികൾ

### നിലവിലുള്ള അംഗൻവാടികളുടെ സ്ഥിതിവിവര പട്ടിക

| ക്ര. ന. | വാർഡ് | അംഗൻവാടികളുടെ എണ്ണം | കെട്ടിടം | | സ്ഥലം സ്വന്തമായി | | കളിപ്പാട്ടം ആവശ്യത്തിന് | | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | സ്ഥലവും കെട്ടിടവും ഇല്ലാത്തവ | പുതിയ അംഗൻവാടി വേണ്ടത് |
|---|---|---|---|---|---|---|---|---|---|---|---|
| | | | ഉള്ളവ | ഇല്ലാത്തവ | ഉള്ളവ | ഇല്ലാത്തവ | ഉള്ളവ | ഇല്ലാത്തവ | | | |
| 1 | 1 | 3 | 3 | -- | 3 | -- | -- | 3 | -- | -- | -- |
| 2 | 2 | 2 | 2 | -- | 2 | -- | -- | 2 | -- | -- | -- |
| 3 | 3 | 3 | 2 | 1 | 2 | 1 | -- | 3 | -- | 1 | -- |
| 4 | 4 | 1 | -- | 1 | -- | 1 | -- | 1 | -- | 1 | 2 |
| 5 | 5 | -- | -- | -- | -- | -- | -- | -- | -- | -- | 2 |
| 6 | 6 | 2 | 1 | 1 | 2 | -- | -- | 2 | 1 | -- | -- |
| 7 | 7 | 3 | 1 | 2 | 3 | -- | -- | 3 | 2 | -- | -- |
| 8 | 8 | 2 | -- | 2 | 2 | -- | -- | 2 | 2 | -- | 1 |
| 9 | 9 | 2 | 2 | -- | 2 | -- | -- | 2 | -- | -- | -- |
| 10 | 10 | 3 | -- | 3 | -- | 3 | -- | 3 | -- | 3 | -- |
| 11 | 11 | 4 | 2 | 2 | 2 | 2 | -- | 4 | -- | 2 | -- |
| 12 | 12 | 3 | 2 | 1 | 2 | 1 | -- | 3 | -- | 1-- | -- |
| | ആകെ | 28 | 15 | 13 | 20 | 8 | -- | 28 | 5 | 8 | 5 |

ഗ്രാമപ്രദേശങ്ങളിൽ സാമൂഹ്യക്ഷേമരംഗത്ത് പ്രത്യക്ഷമായ പ്രവർത്തനം കാഴ്വെക്കേണ്ട ഒരു പദ്ധതിയാണ് ഐ സി ഡി എസിൻെറ കീഴിലുള്ള അംഗൻവാടികൾ. ഗർഭിണികളായ മാതാക്കൾക്കും ശിശുക്കൾക്കും പോഷകാഹാരം നൽകുന്നതിന് പുറമെ അവർക്ക് പ്രതിരോധ കുത്തിവെപ്പ് ആരോഗ്യ വിദ്യാഭ്യാസം തുടങ്ങിയവയിലെല്ലാം അവർ ശ്രദ്ധ ചെലുത്തുന്നു. 1000 ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന നിലയിലാണ് ഇപ്പോൾ നിലവിലുള്ളത്. എടവണ്ണ പഞ്ചായത്തിലെ അംഗൻവാടികളുടെ ലിസ്റ്റ് ഇതോടൊന്നിച്ച് കൊടുത്തിട്ടുണ്ട്.

### നിർദ്ദേശങ്ങൾ:

1. എടവണ്ണ ടൗൺ വാർഡിൽ ഇപ്പോൾ ഒരു അംഗൻവാടിയും പ്രവർത്തിക്കുന്നില്ല. അവിടെ രണ്ട് അംഗൻവാടികൾ തുറക്കണം.

| ക്രമ നമ്പർ | വില്ലേജ് | കർഷകതൊഴിലാളികൾ | വാർദ്ധക്യകാല പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ |
|---|---|---|---|---|---|
| 1 | എടവണ്ണ | 345 | 2 | 60 | 25 |
| 2 | പെരകമണ്ണ | 368 | 38 | 96 | 24 |
| | ആകെ | 713 | 40 | 156 | 49 |

2. കുണ്ടുതോട് അംഗൻവാടിക്ക് സ്ഥലം നൽകുവാൻ നാട്ടുകാർ തയ്യാറാണ്. അവിടെ കെട്ടിടം നിർമ്മിക്കണം. പുതിയ ഒരു അംഗൻവാടി തുറക്കണം.

3. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് കെട്ടിടങ്ങൾ ഉണ്ടാക്കണം.

4. ചുറ്റുമതിൽ, കുടിവെള്ള സൗകര്യം, വൈദ്യുതി എന്നിവ എല്ലാ അംഗൻവാടികളിലും ലഭ്യമാക്കണം.

5. കുട്ടികളുടെ മാനസിക ഉല്ലാസത്തിന് ബുദ്ധിപരമായ വികസനത്തിനും സഹായിക്കുന്ന കളിപ്പാട്ടങ്ങൾ ലഭ്യമാക്കണം.

6. അംഗൻവാടി വർക്കർമാർക്ക് ശാസ്ത്രീയവും ഫലപ്രദവുമായ പരിശീലനം നൽകണം. വളർന്നുവരുന്ന പിഞ്ചു കുഞ്ഞുങ്ങളെ ശരിയായ നിലയിലേക്ക് കൊണ്ടുവരാൻ ഇതാവശ്യമാണ്.

7. അംഗൻവാടിയോടനുബന്ധിച്ച് മഹിളാസമാജങ്ങൾ പ്രവർത്തനക്ഷമമാക്കണം. അവർക്ക് പുതിയ പ്രവർത്തന മേഖലകൾ സൃഷ്ടിച്ചുകൊടുക്കണം.

8. സി ബി എൻ പിയുടെ ആഭിമുഖ്യത്തിൽ എല്ലാ അംഗൻവാടിയോടനുബന്ധിച്ചും ത്രിഫ്റ്റ് സൊസൈറ്റികൾ രൂപീകരിച്ച് മാതാക്കൾക്ക് ചെറിയ തോതിലുള്ള വായ്പ സൗകര്യമേർപ്പെടുത്തണം.

9. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും അധ്വാനഭാരം കണക്കിലെടുത്ത് അവരുടെ അലവൻസിൽ കാര്യമായ വർധനവ് ഉണ്ടാക്കണം.

10. ഓരോ അംഗൻവാടിയോടനുബന്ധിച്ച് ഒരു ഡിഡബ്ല്യു സി ആർ എ യൂനിറ്റ് രൂപീകരിക്കണം. മാതാക്കൾക്ക് വരുമാന വർദ്ധനവിനും അതിന്റെ റിവോൾവിങ്ങ് ഫണ്ട് ഉപയോഗിച്ച് കുട്ടികൾക്ക് ആധുനിക കളിപ്പാട്ടങ്ങൾ വാങ്ങുന്നതിനും ഇതുപകരിക്കും.

ഈ പറഞ്ഞ പദ്ധതികൾക്ക് പുറമെ സാമൂഹ്യക്ഷേമ രംഗത്ത് പ്രവർത്തിക്കുന്ന ചില ഏജൻസികൾ പട്ടികജാതി /വർഗ്ഗ വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ, തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയാണ്. ഇവയുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ കാര്യക്ഷമമായി നടക്കുന്നില്ല എന്നു പറയാം.

ഈ പറഞ്ഞ ഏജൻസികളുടെ പ്രവർത്തനത്തെപ്പറ്റി പഞ്ചായത്ത് തലത്തിൽ കാര്യമായ ബോധവൽക്കരണം നടത്തണം. നിലമ്പൂർ, വണ്ടൂർ ബ്ലോക്കുകൾ പട്ടികജാതി-വർഗ്ഗക്കാരുടെ എണ്ണത്തിൽ മുൻപന്തിയിലാണ്. പക്ഷേ മേൽപ്പറഞ്ഞ സ്ഥാപനത്തിന്റെ മേഖലാ ആപ്പീസ് പാലക്കാട്ടാണ് സ്ഥിതിചെയ്യുന്നത്. ഗുണഭോക്താക്കൾക്ക് ഈ ആപ്പീസുമായി ബന്ധപ്പെടാൻ പ്രയാസമായതിനാൽ നിലമ്പൂരിലോ വണ്ടൂരിലോ ഇതിന്റെ ഒരു ശാഖ തുടങ്ങുവാൻ മുൻകയ്യെടുക്കണം.

എടവണ്ണ, പെരകമണ്ണ എന്നീ വില്ലേജുകളിലായി ഇപ്പോൾ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽനിന്ന് വിവരം ലഭിക്കുന്നതാണ്.

പെൻഷനുകൾ അർഹരായവർക്ക് കാലതാമസംകൂടാതെ; ലഭിക്കുവാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

### ചില നിർദ്ദേശങ്ങൾ:

1. പെൻഷനുകൾ ഇനി മുതൽ വിതരണം ചെയ്യേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയായതിനാൽ വാർഡ് തലത്തിൽ പെൻഷൻ ലഭിക്കാൻ അർഹതയുള്ളവരെ കണ്ടുപിടിക്കാൻ ഒരു സർവ്വെ നടത്തണം. അതിന് ഗ്രാമപ



ഞ്ചായത്ത് വാർഡ് മെമ്പർ, സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി വേണ്ട നടപടികൾ കൈക്കൊള്ളണം.

2. പെൻഷൻ അനുവദിക്കുന്നത് ജില്ലാ തലത്തിൽനിന്ന് ഗ്രാമപഞ്ചായത്ത് തലത്തിലേക്ക് മാറ്റുന്നത് എത്രയും വേഗമാക്കണം.

3. പെൻഷനുകൾ എണ്ണത്തിൽ കുറച്ച് സംഖ്യയിൽ വർധനവ് വരുത്തണം.

4. വികലാംഗ പെൻഷൻ അനുവദിക്കണമെങ്കിൽ അപേക്ഷകന് ജില്ലാതലത്തിൽ ഒരു മെഡിക്കൽ ബോർഡ് മുമ്പാകെ ഹാജരാകേണ്ടതുണ്ട്. വികലാംഗർക്ക് വളരെ ദൂരം സഞ്ചരിക്കാൻ അസൗകര്യമായതിനാൽ പ്രസ്തുത മെഡിക്കൽ ബോർഡിൻെറ പരിശോധന വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക.

5. തൊഴിലില്ലായ്മ എന്നതിന് ഒരു ശരിയായ നിർവചനം നൽകി; ഇപ്പോൾ അനർഹരായ പലരും തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നത് നിറുത്തൽ ചെയ്യുക.

## റേഷൻ വിതരണം

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളീയർ അധിക പങ്കും ഇന്നും റേഷൻ സംവിധാനത്തെ ആശ്രയിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ സ്ഥിതിയും മറിച്ച് ഒന്നല്ല.

12 വാർഡുകളിലായി 13 പൊതുവിതരണകേന്ദ്രങ്ങൾ ഇവിടെയുണ്ട്. അതിൽ 11-ാം വാർഡിൽ ഇപ്പോൾ പൊതുവിതരണകേന്ദ്രം ഇല്ല. പ്രസ്തുത വാർഡിൽ പുതിയ പൊതുവിതരണകേന്ദ്രം ആവശ്യമാണ്. അതുപോലെ കൊളപ്പാട് പ്രദേശത്തെ ഗിരിജനങ്ങളും മറ്റുള്ളവരും റേഷൻ വാങ്ങുവാൻ മുണ്ടേങ്ങരയിലെ കേന്ദ്രത്തെ ആശ്രയിക്കുന്നു. അതുകൊണ്ട് കൊളപ്പാട് പ്രദേശത്ത് ഒരു പുതിയ പൊതുവിതരണ കേന്ദ്രം ആവശ്യമാണ്.

റേഷൻ കാർഡ് ഇല്ലാത്ത അനേകം കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പ്രത്യേകിച്ച് ഹരിജന/ഗിരിജനങ്ങളിൽ. കാർഡിലാത്തതുകൊണ്ടും കാർഡിൽ പേർ ഇല്ലാത്തതുകൊണ്ടും പല ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കാതെ പോവുന്നുണ്ട്. അതുകൊണ്ട് റേഷൻ കാർഡിൻെറ അപേക്ഷ സ്വീകരിക്കുന്നതും അത് പരിശോധിക്കുന്നതും കാർഡ് അനുവദിക്കുന്നതുമായ ചുമതല ഗ്രാമപഞ്ചായത്തുകളെ ഏല്പിക്കണം.

റേഷൻ കടകളിലൂടെ അരി, പഞ്ചസാര, മണ്ണെണ്ണ എന്നിവക്ക് പുറമെ എല്ലാ നിത്യോപയോഗ വസ്തുക്കളും വിതരണം ചെയ്യുവാൻ നടപടിയെടുക്കണം.

ഈ പഞ്ചായത്തിൽ സിവിൽ സപ്ലൈസ് കോർപറേഷൻെറ അധീനതയിലുള്ള ഒരു മാവേലി സ്റ്റോർ തുടങ്ങാൻ നടപടി സ്വീകരിക്കണം.





## സാംസ്കാരികരംഗം

ഏറനാടൻ മലമടക്കുകളെ തഴുകിയെത്തുന്ന ചാലിയാറിൻെറ തീരത്തെ ഗ്രാമം വിശേഷമായൊരു സംസ്കാരത്തിൻെറ വിളഭൂമിയാണ്.നാല് ദിക്കുകളിലുള്ള കൊച്ചു പട്ടണങ്ങളുടെ മദ്ധ്യത്തിലുള്ള 'ഇടമണ്ണ്' കാലപ്പഴക്കത്തിൽ എടവണ്ണയായതാണെന്ന് അനുമാനിക്കുന്നു.

ഒരുകാലത്ത് കിഴക്കൻ ഏറനാടിൻെറ ഏക ഗതാഗതസമാർഗ്ഗമായിരുന്ന ഗ്രാമത്തെ ഇരു പകുതികളാക്കി ഒഴുകുന്ന ചാലിയാർ. കോഴിക്കോട് ഭാഗത്തു നിന്നും യാത്രാബോട്ടുകൾ ചാലിയാറിലൂടെ എടവണ്ണയിലെത്തിയിരുന്നു. പഞ്ചായത്തിൻെറ വടക്കുഭാഗത്ത് കാവൽഭിത്തിപോലെ ഉയർന്നുനിൽക്കുന്ന ചെക്കുന്ന്, ആലങ്ങാടി, കൊളപ്പാടൻ മലവാരങ്ങളിൽനിന്നും നിലമ്പൂർ വനങ്ങളിൽനിന്നുമുള്ള മരത്തടികൾ ചങ്ങാടങ്ങളായി കല്ലായിയിലേക്കൊഴുകി. പിന്നീട് എടവണ്ണയിലെത്തുന്ന മരങ്ങൾ വലിയ പേട്ടയിൽ കൂട്ടിയിടാനും, മരത്തടികൾ വാങ്ങാൻ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള കച്ചവടക്കാർ എടവണ്ണയിലെത്താനും തുടങ്ങി. അങ്ങനെ പുരാതനകാലം മുതൽതന്നെ വിവിധ പ്രദേശത്തുള്ള വിവിധ തരക്കാരായ ആളുകളുടെ സംസ്കാരങ്ങളെ മനസിലാക്കുവാനും ഉൾക്കൊള്ളുവാനും ഈ പ്രദേശത്തുകാർക്ക് കഴിഞ്ഞിരുന്നു. മരപ്പണിയും അനുബന്ധ തൊഴിലുമായി ഈ ചാലിയാർ കരയിലെ വലിയൊരു വിഭാഗം ജനങ്ങൾ അർദ്ധപ്പട്ടിണിയുമായി കഴിച്ചുകൂട്ടി.

ദേശീയപ്രസ്ഥാനത്തിൻെറയും ഖിലാഫത്ത് പ്രസ്ഥാനത്തിൻെറയും മുസ്ലിം നവോത്ഥാന സംരഭങ്ങളുടെയുമെല്ലാം രംഗഭൂമിയാകാൻ ഈ ഗ്രാമത്തിന് അവസരം ലഭിച്ചിട്ടുണ്ട്. ഖിലാഫത്ത് പ്രസ്ഥാനം ചില സ്ഥലങ്ങളിലെങ്കിലും വഴിതെറ്റിയതായി ആരോപണമുണ്ടായിരുന്നെങ്കിലും പത്തപ്പിരിയത്തെ പ്രബല നായർ കുടുംബങ്ങളായിരുന്നു 'എരഞ്ഞിക്കലും' കൂറ്റത്തിലും ലഹളക്കാരിൽനിന്നും സംരക്ഷണത്തിനായി മാപ്പിളമാർ കാവൽനിന്നിരുന്ന ചരിത്രം ഹിന്ദുക്കളിലും മുസ്ലിംകളിലുമുള്ള പഴമക്കാർ ഇന്നും അഭിമാനപൂർവ്വം സ്മരിക്കുന്നു. ബ്രിട്ടീഷ് പട്ടാളവുമായി ഏറ്റുമുട്ടി ഒതായി പള്ളിയങ്കണത്തിൽ 33 പേർ വീരമൃത്യുവരിച്ചതും കോരിത്തരിപ്പിക്കുന്ന ചരിത്രത്തിൻെറ ഭാഗമാണ്. മുസ്ലിം സ്ത്രീകൾ കേരള ചരിത്രത്തിലാദ്യമായി പള്ളിയിൽ പോകാൻ തുടങ്ങിയത് ഒതായിലാണ്. ഇതിന് നേതൃത്വം കൊടുത്തവരിൽ പ്രമുഖനായ പുത്തൻവീട്ടിൽ മുഹമ്മദാജിയെ സ്മരിക്കാതിരിക്കാൻ കഴിയില്ല.

ഈ ഗ്രാമത്തിൽ ഭൂരിഭാഗവും മുസ്ലിംകളാണ്. ഹിന്ദുക്കൾ രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. ക്രിസ്ത്യാനികൾ ചെറിയ ശതമാനമാണ്. ഹിന്ദുക്കളിൽ ഭൂരിഭാഗവും പിന്നോക്ക - പട്ടികജാതി വിഭാഗമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെ അപര്യാപ്തമായിരുന്ന ഒരു കാലം. അതിൻെറ പ്രാധാന്യത്തെ സംബന്ധിച്ച് ബോധവാന്മാരല്ലാത്ത ഭൂരിഭാഗ ജനതതി - ഓത്തുപള്ളികളിൽ നിന്നും ലഭിക്കുന്ന മതവിദ്യാഭ്യാസം മാത്രം മുസ്ലിം ജനസാമാന്യത്തിൻെറ ആശ്രയം. അറബി മലയാളത്തിലെഴുതിയ മാപ്പിളപ്പാട്ടുകളായിരുന്നു സാഹിത്യവിനോദം. ബദർപാട്ടുകളും മാലകളും പഞ്ചായത്തിൻെറ അതിരുകൾ കടന്ന്

പ്രശസ്തനായ നിമിഷകവി കുണ്ടുതോട് പി. ടി. ബീരാൻ കുട്ടിമൗലവിയുടെ ഈരടികളും കമ്പിയും കഴുത്തുമൊപ്പിച്ച് പാടാനും ആസ്വദിക്കാനും അവർ അവസരം കണ്ടെത്തി. ചായമക്കാനികളിൽ പാട്ടുകളും വിശദീകരണങ്ങളുമടങ്ങുന്ന സദസ്സുകൾ രൂപംകൊണ്ടു. പട്ടിണിയും പരിവട്ടവും ഒരു പരിധിവരെ മറക്കാൻ ഈ വിനോദങ്ങൾ വളരെ സഹായിച്ചു.

ഓരോ മതവിശ്വാസങ്ങളും മതപരവും ഗോത്രപരവുമായ പ്രാധാന്യത്തോടെ ഉത്സവങ്ങളും അനുഷ്ഠാനങ്ങളും കൊണ്ടാടി. പെരകമണ്ണ നേർച്ചയും പൂരവും കൊളപ്പാട്ടെ ക്ഷേത്രോത്സവവും പത്തപ്പിരിയത്തെയും ചാണല്ലൂരിലെയും പൂരങ്ങളുമെല്ലാം കേമമായി നടന്നുവന്നിരുന്നു. കാലപ്പകർച്ചയിൽ പലതും നിന്നുപോയിട്ടുണ്ട്. ഗോത്രസംസ്കൃതിയുടെ പൈതൃകമായി ചെക്കുന്ന്, ആലങ്ങാടി, കൊളപ്പാട്ട് മലമുകളിൽ താമസിക്കുന്ന ആദിവാസികളായ 'മുത്തന്മാ'രിൽ പല ആചാരങ്ങളും നിലനിൽക്കുന്നുണ്ട്. മുസ്ലിം നവോത്ഥാനസംരംഭങ്ങളുടെ പ്രവർത്തനത്താൽ മൗലികപ്രമാണങ്ങളോട് വിയോജിക്കുന്നു എന്നതിൻെറ പേരിൽ മുസ്ലിംകൾക്കിടയിലെ പല ആചാരങ്ങളും ഉപേക്ഷിക്കപ്പെട്ടു. പൂരങ്ങൾ പലതും നിന്നുപോയപ്പോൾ ചിലത് പേരിന് മാത്രമായി നടത്തപ്പെടുന്നു. കൂട്ടത്തിൽ പഴയ പ്രതാപത്തോടെ നടത്തപ്പെടുന്നവയുമുണ്ട്.

നാടൻകലകൾ തനിമയോടെ നിലനിന്നിരുന്നു. ഞാറ്റുപാട്ടുകൾ ഇപ്പോഴും അപൂർവ്വം സ്ഥലങ്ങളിൽ നിലനിൽക്കുന്നു. മുസ്ലിം കല്യാണസദസ്സുകളെ സമൃദ്ധമാക്കിയിരുന്ന പുതിയാപ്പിളപ്പാട്ടുകളും പുതുക്കപ്പാട്ടുകളും ഇന്ന് കാരണവന്മാർക്കിടയിലെ ഓർമ്മകൾ മാത്രമായി. ഹരിജൻ സമുദായം കള്ളാടി വിഭാഗത്തിൻെറ പ്രത്യേകമായ ചവിട്ടുകളിൽ പുലയസമുദായക്കാരുടെ പൂതംകളി എന്നിവ ഇപ്പോഴും നിലനിൽക്കുന്നു. മുസ്ലിംകൾ നടത്തിയിരുന്ന കോൽക്കളി സംഘങ്ങളെല്ലാം നാമാവശേഷമായി.

പാരമ്പര്യ ചികിത്സാരംഗത്ത് ഒരു കാലത്ത് പേരുകേട്ടവയായിരുന്നു ചാത്തല്ലൂരിലെ മുഹമ്മദ്വൈദ്യരുടെ ഒറ്റമൂലി ചികിത്സയും പത്തപ്പിരിയത്തെ പാരമ്പര്യ കണ്ണുചികിത്സയും സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്നും ആളുകൾ കണ്ണ് ചികിത്സക്കായി പത്തപ്പിരിയത്തെത്തിയിരുന്നു. ഇന്നും ചെറിയ തോതിലെങ്കിലും അവരുടെ പിൻമുറക്കാർ - പാരമ്പര്യ കണ്ണ്ചികിത്സ നടത്തിവരുന്നുണ്ട്.

ഒരുകാലത്ത് മുസ്ലിംലീഗും ഇന്ത്യൻ നാഷനൽ കോൺഗ്രസുമായിരുന്നു പഞ്ചായത്തിലെ ശക്തമായ രാഷ്ട്രീയപാർടികളെങ്കിലും ഇന്ന് സി. പി. ഐ-എമ്മിനും ശക്തമായ വേരുകളുണ്ട്. കോൺഗ്രസ്-എസ്, ജനതാദൾ, ബി. ജെ. പി., സി. പി. ഐ., ഐ. എൻ. എൽ. എന്നീ പാർട്ടികളും ഇവയുടെയെല്ലാം യുവജനസംഘടനകളും സജീവമായി പ്രവർത്തിച്ചുവരുന്നു. രാഷ്ട്രീയപാർട്ടികളുടെ പോരുകൾ കലഹങ്ങളും കുഴപ്പങ്ങളുമായി സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിൽ വാർത്തകൾ സൃഷ്ടിക്കുമ്പോൾ പഞ്ചായത്തിൻെറ സാംസ്കാരികത്തനിമ നിലനിർത്താൻ രാഷ്ട്രീയനേതാക്കളും സാമൂഹ്യ-സാംസ്കാരിക സംഘടനകളും ജാഗരൂഗരായിരിക്കേണ്ടതുണ്ട്. 1963-ൽ പത്തപ്പിരിയം വാർഡിൽനിന്നും പഞ്ചായത്തിലേക്ക് മത്സരിച്ച് പരാജയപ്പെട്ട മുസ്ലിംലീഗ് നേതാവ് പെരൂൽ അഹമ്മദ്സാഹിബ്, വിജയിച്ച തൻെറ എതിർസ്ഥാനാർത്ഥിയടക്കമുള്ള മെമ്പർമാർക്ക് തൻെറ വാർഡിൽ സമുചിതമായി സ്വീകരണം നൽകിയ ചരിത്രം സ്മരിക്കപ്പെടേണ്ടതുണ്ട്. 1952-ൽ മദിരാശി അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അഞ്ച് മുസ്ലിംലീഗ് എം. എൽ. എ.മാർക്ക് പ്രമുഖ നായർതറവാടായ എരഞ്ഞിക്കൽവെച്ച് സ്വീകരണം നൽകിയതും മുസ്ലിംകളുമായി എന്നും സൗഹൃദത്തിൽ മാത്രം കഴിഞ്ഞിരുന്ന നായർ കുടുംബങ്ങളിൽ പ്രമുഖനായിരുന്ന തുണ്ടത്തിൽ രാമൻനായരുടെ പേരിൽ 1957-ൽ പത്തപ്പിരിയത്ത് മുസ്ലിംലീഗ് മഹാസമ്മേളനത്തിന് നഗറൊരുക്കിയതും ഉദാത്തമായൊരു സംസ്കാരത്തിൻെറ ഭാഗമല്ലാതൊന്നല്ല. മലപ്പുറം ജില്ല നിലവിൽവന്നപ്പോൾ പല ഭാഗങ്ങളിലും അപസ്വരങ്ങളുണ്ടായെങ്കിൽ പത്തപ്പിരിയത്ത് പെരൂർ അഹമ്മദ്സാഹിബും കേശവൻ നായരും മാധവൻനായരും കണ്ണൻനായരും ഗോപാലൻ നായരും നേതൃത്വം നൽകിയൊരുക്കിയ സദ്യ നാട്ടിൽ ഉത്സവമായിരുന്നു. വിദ്യാഭ്യാസമില്ലെങ്കിലും മതസ്പർദ്ധയെന്തെന്നറിയാതെ പൂരങ്ങളും നേർച്ചകളും ഒന്നിച്ച് ആഘോഷിക്കുകയായിരുന്നു. സമൂഹം വിദ്യാസമ്പന്നമായ ആധുനികസമൂഹത്തിന് സാംസ്കാരിക പുനരുദ്ധാരണത്തിന് മാതൃകയാകേണ്ടതുണ്ട്. സാംസ്കാരികനവോത്ഥാനത്തിനും സാമൂഹ്യപുരോഗതിക്കുമായി പരിശ്രമിച്ചവരിൽ അദ്വിതീയനായി നിൽകുന്ന സീതിഹാജിക്ക് പുറമെ മുസ്ല്യാരകത്ത് അലിഹസ്സൻമൗലവി, പി. കെ. അലവിമാസ്റ്റർ, പി. വി. അലവിക്കുട്ടിസാഹിബ്, ടി. സി. മുഹമ്മദ്, പി. വി. ഉമ്മർക്കുട്ടിഹാജി തുടങ്ങി ആ ലിസ്റ്റ് നീണ്ടതാണ്.



## വായനശാലകൾ

1950-കളിൽ തന്നെ വായനശാലാ പ്രസ്ഥാനം പഞ്ചായത്തിൽ വേരൂന്നിയിരുന്നു. എടവണ്ണ പൊതുജന ഗ്രന്ഥാലം, ഒതായി പൊതുജന വായനശാല, മുണ്ടേങ്ങര കൈരളി വായനശാല എന്നിവ അക്കാലത്ത് രൂപം കൊണ്ടവയാണ്. വിജ്ഞാനവ്യാപനവും വിജ്ഞാനആർജവവും ഒരു തപസ്യയാക്കി ഏറ്റെടുത്തിരുന്നവരിൽ ഉന്നതവിദ്യാഭ്യാസമുള്ളവരുണ്ടായിരുന്നില്ല. മറിച്ച് സാമാന്യവിദ്യാഭ്യാസനിലവാരം പോലുമില്ലാത്തവരുമുണ്ടായിരുന്നു. കല്ലിടുമ്പിലെ 'പേപ്പർ ആലിക്കാക്ക'യും ഒതായിയിലെ 'വായനശാല ഉണ്ണിമമ്മദ്കാക്ക'യും വിജ്ഞാനവ്യാപനപ്രസ്ഥാനവുമായി ബന്ധപ്പെട്ട വിളിപ്പേരുകൾ കിട്ടിയവരും ഔപചാരിക വിദ്യാഭ്യാസം കുറഞ്ഞ കൂലിവേലക്കാരുമായിരുന്നു.

1960-70 കാലഘട്ടങ്ങളിൽ വളരെ ശ്ലാഘനീയമായ രീതിയിൽ രൂപംകൊണ്ട് പ്രവർത്തിച്ചുവരുന്ന വായനശാല - ഗ്രന്ഥശാലകളാണ് ജ്ഞാനോദയം വായനശാല, അയിന്തൂർ വൈ. എം. സി. എ. വായനശാല, കുണ്ടുതോട് യംഗ് മെൻസ് അസോസിയേഷൻ ലൈബ്രറി ആൻറ് റീഡിംഗ്റൂം മുണ്ടേങ്ങര ഇപ്പോൾ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് മെമ്മോറിയൽ, നവോദയ വായനശാല - ചാത്തല്ലൂർ എന്നിവ. എൺപതുകളിൽ വായനശാല - ഗ്രന്ഥശാലാരംഗത്ത് പുതുതായി പ്രവേശിച്ച സ്ഥാപനങ്ങൾ നവഭാവന ഗ്രന്ഥാലയം കൊളപ്പാട്, ഗ്രാമിക വായനശാല പാലപ്പറ്റ എന്നിവയാണ്. 90-കളിൽ കിഴക്കെ ചാത്തലൂരിൽ ഗ്രാമോദയ വായനശാലയും നിലവിൽവന്നു.

ഗ്രന്ഥശാലാപ്രസ്ഥാനരംഗത്ത് തളർച്ചയുടെയും ചിത്രമാണ് മുന്നിലുള്ളത്. പഴക്കംകൊണ്ടും പ്രൗഢികൊണ്ടും കനപ്പെട്ട പുസ്തകശേഖരംകൊണ്ടും ഉയർന്നുനിന്നിരുന്ന എടവണ്ണ പൊതുജന ഗ്രന്ഥാലയം അടച്ചുപൂട്ടിയിട്ട് 16 വർഷം കഴിഞ്ഞു. വിദ്യാഭ്യാസ - വൈജ്ഞാനിക രംഗത്ത് ഉന്നതരംഗത്തെത്തിയ പലരുമുണ്ടായിട്ടും ഇതിനെ പുനരുജ്ജീവിപ്പിക്കാൻ ആളുണ്ടായില്ല. പഞ്ചായത്തിൻെറ സാംസ്കാരികനിലയവും ഗ്രന്ഥശാല എന്ന നിലയിൽ നന്നായി പ്രവർത്തിക്കുന്നു എന്ന് പറയാതെ വയ്യ. ഉന്നതനിലവാരംപുലർത്തുകയും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുക്കുകയും ചെയ്തിരുന്ന കുണ്ടുതോട് വൈ. എം. സി. എ. ഗ്രന്ഥാലവും പത്തപ്പിരിയം നവോദയം ഗ്രന്ഥശാല ആൻറ് വായനശാലയും അയിന്തൂർ ജ്ഞാനോദയം വായനശാലയും അടക്കമുള്ള വായനശാലകളുടെ പൂർവ്വചരിത്രംവെച്ച് വളർച്ചയിലേക്കല്ല നീങ്ങുന്നതെന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. അത്യന്തം ഗൗരവമായ ഒരു സ്ഥിതിവിശേഷം പഞ്ചായത്തിൽ വൈജ്ഞാനികരംഗത്ത് കാണുന്നുണ്ട്. ജനങ്ങളുടെ വായനാശീലം വർദ്ധിച്ചിട്ടുണ്ടെങ്കിലും അത് പത്രങ്ങളിലും പൈങ്കിളി പ്രസിദ്ധീകരണങ്ങളിലും പരിമിതമാണ്. ഗൗരവമായ വായനയും ചർച്ചയും അന്യംനിന്നിരിക്കുന്നു. പഞ്ചായത്തിൽ വിതരണം നടത്തുന്ന പത്ര-വാരികകളുടെ കണക്കുകൾ പരിശോധിച്ചാൽ ഈ വസ്തുത വെളിപ്പെടുന്നതാണ്.

പെട്ടിക്കടകളിൽ വിൽക്കപ്പെടുന്ന മാസികകൾക്കും നൂറുകണക്കിൽ പൈങ്കിളി പ്രസിദ്ധീകരണങ്ങൾക്കും പുറമെയാണിത്. ആധുനിക ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ രംഗപ്രവേശവും ജനങ്ങളുടെ പ്രത്യേകിച്ചും യുവനിരകളുടെ ജീവിതശൈലിയിൽ വന്ന മാറ്റവും ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് തിരിച്ചടിയാവാൻ കാരണമായിട്ടുണ്ട്. സാംസ്കാരിക താൽപര്യങ്ങളെയും സേവനസന്നദ്ധതയെയും കടത്തിവെട്ടി കക്ഷിരാഷ്ട്രീയവും മറ്റു വിഭാഗീയതകളും ജനമനസ്സുകളിൽ സ്വാധീനം ചെലുത്തിയപ്പോൾ നാടിൻെറ സാംസ്കാരികവും മൂല്യപരവുമായ ഘടകങ്ങൾ അവഗണിക്കപ്പെട്ടതും കാരണങ്ങളിലൊന്നാണ്. ഈ രംഗത്ത് വാർഡ്തലത്തിൽ ചർച്ചചെയ്യപ്പെട്ട കാര്യങ്ങളെയും പരിഹാരനിർദ്ദേശങ്ങളെയും താഴെ പറയുംപ്രകാരം സംഗ്രഹിക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

1) ആത്യന്തികമായി ജനങ്ങളിൽ വായനാശീലം കുറഞ്ഞുവരുന്നു. വായിക്കുന്നവരിലധികവും പൈങ്കിളി സാഹിത്യങ്ങളെ ആശ്രയിക്കുന്നു. ഇത് മനുഷ്യമനസ്സുകളെ സംസ്കാരശൂന്യതയിലേക്ക് നയിക്കുന്നു.

2) പത്തപ്പിരിയം, കുണ്ടുതോട്, ഒതായി എന്നിവിടങ്ങളിലൊഴികെ വായനശാലകൾക്ക് സ്വന്തമായ കെട്ടിടങ്ങളില്ല. പടിഞ്ഞാറെ ചാത്തല്ലൂർ, കിഴക്കെ ചാത്തല്ലൂർ, ചള്ളിപ്പാടം, അയിന്തൂർ, ഏഴുകളരി എന്നിവിടങ്ങളിൽ വായനശാലകൾക്ക് സ്വന്തമായി സ്ഥലവും കുറെ പുസ്തകങ്ങളുമുണ്ടെങ്കിലും കെട്ടിടം നിർമ്മിക്കാൻ കഴിയുന്നില്ല. കൊളപ്പാട്ട് സ്ഥലവും കെട്ടിടവും ഉണ്ട്.

| ക്ര.ന. | പത്രം | എണ്ണം | വാരിക | എണ്ണം |
|---|---|---|---|---|
| 1. | മലയാള മനോരമ | 260 | മലയാള മനോരമ | 555 |
| 2. | മാതൃഭൂമി | 268 | മാതൃഭൂമി | 29 |
| 3. | ചന്ദ്രിക | 152 | ചന്ദ്രിക | 30 |
| 4. | ദേശാഭിമാനി | 65 | ദേശാഭിമാനി | 10 |
| 5. | മാധ്യമം | 128 | | |

3) സാമ്പത്തിക പ്രയാസങ്ങൾമൂലം പല ഗ്രന്ഥശാലകളും പ്രവർത്തിക്കുന്നില്ല. ഇത് രംഗത്തുള്ളവർകൂടി തളർന്ന് പിൻവാങ്ങാൻ കാരണമാക്കുന്നു. വായനശാലകളുമായി ജനങ്ങൾ കൂടുതലായി ബന്ധപ്പെടുന്നില്ല.

4) 1, 2 വാർഡുകളിലെ മലമുകളിൽ താമസിക്കുന്ന ആദിവാസികളെ സമുദ്ധരിക്കുകയും സാക്ഷരരാക്കുകയും വേണം.

5) ഏഴുകളരി, തുവ്വക്കാട്, പന്നിപ്പാറ, കല്ലിടുമ്പ് വാർഡുകളിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന സാംസ്കാരിക പ്രസ്ഥാനങ്ങളോ യുവജനസംഘടനകളോ ഇല്ല.

## പരിഹാരനിർദ്ദേശങ്ങൾ

1) എല്ലാ വാർഡുകളിലും നല്ല ഗ്രന്ഥശാലകൾ സ്ഥാപിക്കുകയും പഞ്ചായത്ത്തലത്തിൽ പുസ്തക സെമിനാറുകൾ നടത്തി നല്ല പുസ്തകങ്ങളെ പരിചയപ്പെടുത്തി ജനങ്ങളെ ബോധവൽക്കരിക്കാനുള്ള പദ്ധതികളാവിഷ്കരിക്കണം. അശ്ലീലസാഹിത്യങ്ങൾ പ്രസിദ്ധീകരിക്കുകയും വിൽപന നടത്തുകയും ചെയ്യുന്നവരുടെ പേരിൽ കേസെടുത്ത് ശിക്ഷിക്കാൻ നിയമമുണ്ടാവണം.

2) കെട്ടിടങ്ങളുള്ളവക്ക് അറ്റകുറ്റപ്പണികൾക്ക് ധനസഹായം നൽകുകയും സ്വന്തം സ്ഥലമുള്ള ഗ്രന്ഥശാലകൾക്ക് കെട്ടിടം പണിയുന്നതിന് സർക്കാർ സഹായം ഉദാരമാക്കണം. ഇത് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾക്ക് സ്വന്തമായ സ്ഥലമെങ്കിലും സമ്പാദിക്കാൻ പ്രവർത്തകർക്ക് പ്രോത്സാഹനം നലകും.

3) ഗ്രന്ഥശാലകൾക്കുള്ള ഗ്രാൻറും ലൈബ്രേറിയൻ അലവൻസും വർദ്ധിപ്പിക്കണം. ഗ്രന്ഥശാലകൾക്ക് വൈദ്യുതി നിരക്കിൽ ഇളവനുവദിക്കപ്പെടണം. വായനശാലകളിൽ ഗവർമെണ്ട് ഗസറ്റുകൾ അടക്കമുള്ള സർക്കാർ പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കണം. ചുരുങ്ങിയത് മൂന്ന് പത്രങ്ങളെങ്കിലും ഓരോ വായനശാലക്കും നൽകണം. എല്ലാ വായനശാലകൾക്കും ടെലിവിഷൻ അനുവദിക്കുകയും പഠനാർഹമായ പരിപാടികൾ സംപ്രേഷണം ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയുംവേണം.

4) ഇടത്തട്ടുകാരില്ലാതെ ആദിവാസികൾക്കുള്ള സഹായങ്ങൾ അർഹരായവർക്ക് എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അവർക്ക് പ്രത്യേക സാക്ഷരതാപ്രവർത്തനം നടത്തുകയും വേണം.

5) അതാത് വാർഡുകളിലെ പഞ്ചായത്ത് മെമ്പർമാരെയും ആ പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലുള്ള അദ്ധ്യാപകരെയും ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ചുമതലയേൽപ്പിക്കണം.

## കലാരംഗം

1950-കളിലും 60-കളിലും നാടകമെന്ന് കേട്ടാൽ നെറ്റിചുളിച്ചിരുന്ന യാഥാസ്ഥിതികരുടെ മദ്ധ്യത്തിൽ ഒരു വിപ്ലവത്തിന് നാന്ദികുറിച്ചുകൊണ്ട് സമൂഹത്തിലെ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും തുറന്നുകാട്ടി സമൂഹമനസ്സാക്ഷിയെ തൊട്ടുണർത്തിയ കലാകാരന്മാർ എടവണ്ണയിലുണ്ടായിരുന്നു. അവരിൽ പലരും ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെങ്കിലും ഈ രംഗത്തോട് നിസ്സംഗത പുലർത്തുന്നവരാണധികവും. അതാത് പ്രദേശത്തെ പുരോഗമന തൽപ്പരരായ ചെറുപ്പക്കാർ നേതൃത്വം കൊടുത്താണ് പല ക്ലബ്ബുകളുടെ പേരിലും ഒന്നിൻെറയും പേരലല്ലാതെയും ഇത്തരം രംഗങ്ങളൊരുക്കിയിരുന്നത്. ഇലകട്രോണിക് മാദ്ധ്യമങ്ങളും സിനിമയും ഈ രംഗത്തെയും ശൂന്യമാക്കിയിരിക്കുന്നു. പ്രതിഭ തെളിയിച്ച ഗായികാ-ഗായകരും പ്രോത്സാഹനവും പരിശീലനവും ലഭിക്കാതെ രംഗത്ത് നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

## യുവജനക്ലബ്ബുകൾ

കുറെ യുവാക്കൾ ഒത്തുകൂടി രൂപീകരിക്കുകയും കുറച്ചുകാലം ഏറെ ആവേശത്തോടെ പ്രവർത്തിച്ച് തളർന്ന് പിൻവാങ്ങുകയും ചെയ്യുന്ന പ്രവണതയാണ് യുവജന ക്ലബ്ബുകളുടെ കാര്യത്തിലുള്ളത്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ശ്ലാഘനീയമായ രീതിയിൽ പ്രവർത്തിച്ചുവന്നിരുന്ന യുവജനക്ലബ്ബുകൾ നിരവധിയാണ്. സ്ഥിരമായി പ്രവർത്തിക്കുന്നു എന്നവകാശപ്പെടാനില്ലെങ്കിലും പലതിനും ജീവനുണ്ട്. എന്നാൽ ചിലത് നിർജ്ജീവമാണ്. പ്രവർത്തിച്ചുവരുന്ന ഒരു നിര രംഗത്തുനിന്നും പിൻവാങ്ങിയാൽ പ്രവർത്തനം ഏറ്റെടുത്തു നടത്താൻ മറ്റാരും രംഗത്ത് വരാത്തതാണ് ക്ലബ്ബുകൾ നിർജ്ജീവങ്ങളാകാൻ കാരണം. യുവജനങ്ങളുടെ മനസ്സുകൾ പലവഴി തിരിഞ്ഞുപോകുന്നു. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ താഴെപറയുന്ന ക്ലബ്ബുകൾ അടുത്തകാലംവരെയും സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചിരുന്നവയാണ്.

| പ്രദേശം | യുവജനക്ലബ്ബുകൾ |
|---|---|
| ചാത്തല്ലൂർ | 1) ഹരിശ്ചന്ദ്ര കലാവേദി<br>2) സഹൃദയ സ്പോർട്ട്സ് ആൻറ് ആർട്ട്സ് ക്ലബ്ബ്<br>3) നവോദയ ആർട്ട്സ് ക്ലബ്ബ്<br>4) പ്രിയദർശനി |
| ഒതായി | 1) ഹീറോസ് സ്പോർട്ട്സ് ആൻറ് ആർട്ട്സ്<br>2) ജീനിയസ് സ്പോർട്ട്സ് ആൻറ് ആർട്ട്സ് |
| ചെമ്പക്കുത്ത് | 1) റിയ ആർട്സ് ക്ലബ്, ചെമ്പക്കുത്ത്<br>2) നിസരി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്, ചളിപ്പാടം |

| | |
|---|---|
| മുണ്ടേങ്ങര<br>കൊളപ്പാട്ട് | 1) മസ്ദൂർ സ്പോർട്സ് ക്ലബ്ബ്<br>2) പുലരി ആർട്സ് ആൻറ് സ്പോർട്സ്<br>3) ബ്രദേഴ്സ് യുവജന ക്ലബ്ബ്<br>4) നവഭാവന സ്പോർട്സ് ക്ലബ്ബ് |
| കുണ്ടുതോട് | വൈ. എം. സി. എ. സ്പോർട്സ് ക്ലബ്ബ് |
| എടവണ്ണ | 1) ജുവനൈൽ സ്പോർട്സ് ക്ലബ്ബ്<br>2) ദേശ്കോ<br>3) സാരംഗാ ആർട്സ് ആൻറ് സ്പോർട്സ്<br>4) ഓസ്കാർ<br>5) സെവനസ്റ്റാർ<br>6) സ്പാർക്ക് സ്പോർട്സ്<br>7) ഉപാസന കലാസാംസ്കാരിക സമിതി<br>8) എംപ്ലോയീസ് കൾച്ചറൽ ഓറഗനൈസേഷൻ |
| കല്ലിടുമ്പ് | ഫ്രാൻസിനോ |
| തുവ്വക്കാട് | പ്രിയദർശിനി |
| പത്തപ്പിരിയം,<br>ഏഴുകളരി | 1) നവോദയ സ്പോർട്സ് ആൻറ് ആർട്സ്<br>2) ഗാമാ കലാരംഗ്<br>3) രംഗം കലാരംഗ്<br>4) ദോസ്തി സ്പോർട്സ്<br>5) ക്ലാസിക്കൽ ആർട്സ് ആൻറ് സ്പോർട്സ്<br>6) ഈസ്റ്റേൺ ഹീസോസ് |

### കായികരംഗം

പണ്ടുകാലം മുതൽതന്നെ ഫുട്ബോളിൽ താൽപര്യമുള്ള ഒരു തലമുറ എടവണ്ണയിലുണ്ടായിരുന്നു. വീട്ടുമുറ്റങ്ങളിലും റോഡിൻെറ ചാമ്പറകളിലും കെട്ടുപന്തുകൾ തട്ടി കളിച്ചുവളർന്ന അവർക്ക് എടവണ്ണയിലെ പഴയ ഓട്ടുകമ്പനി നിന്നിരുന്ന കമ്പനിപ്പറമ്പ് ഒരു നല്ല ഗ്രൗണ്ടായിരുന്നു. എന്നാൽ അക്കാലത്തെ എടവണ്ണയിലെ കക്ഷിരാഷ്ട്രീയം ഗ്രൗണ്ട് നഷ്ടപ്പെടുത്തി. പിന്നീട് എടവണ്ണയിലെ കായികരംഗത്ത് തൽപരരായ ചെറുപ്പക്കാർ എല്ലാം മറന്ന് ഒരു ഗ്രൗണ്ടിനുള്ള പരിശ്രമം വർഷങ്ങളായി തുടർന്നെങ്കിലും എടവണ്ണയിലെ ജുവനൈൽ സ്പോർട്സ് ക്ലബ്ബിൻെറ ശ്രമഫലവും നാട്ടുകാരുശട കൂട്ടായ സഹകരണംകൊണ്ടും എടവണ്ണയിൽ ഒരു സ്റ്റേഡിയം എന്ന സ്വപ്നം, 'സീതിഹാജി സ്റ്റേഡിയ'ത്തിൻെ പണി പൂർത്തിയാവുന്നതോടെ പുലരുമെന്ന് പ്രത്യാശിക്കാം. ആയതിന് സർക്കാരിൻെറ മാത്രമല്ല പൊതുജനങ്ങളുടെയും നിർലോഭമായ സഹായസഹകരണങ്ങൾ അത്യാവശ്യമാണ്.

മുണ്ടേങ്ങരയിൽ പഞ്ചായത്ത് വക ഒരു മിനിസ്റ്റേഡിയമുണ്ടെങ്കിലും മലവെള്ളം ഗ്രൗണ്ടിലൂടെ ഒഴുകി ഗ്രൗണ്ട് നശിക്കുന്നു. ഗ്രൗണ്ടിന് ചുറ്റുമതിൽ കെട്ടി മണ്ണൊലിപ്പ് തടഞ്ഞ് സംരക്ഷിക്കേണ്ടതുണ്ട്.

പത്തപ്പിരിയത്ത് നവോദയം ഗ്രന്ഥശാല ആൻറ് വായനശാലയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തുനിന്നും 60 സെൻറ് സ്ഥലം മിനി സ്റ്റേഡിയത്തിനുവേണ്ടി പഞ്ചായത്തിന് വിട്ടുകൊത്തിരുന്നു. ഇതിൽ ഒന്നാംഘട്ടം പണി നടന്നെങ്കിലും ഗ്രൗണ്ട് സൗകര്യപ്രദമല്ല. വായനശാലയുടെ ബാക്കിവരുന്ന സുമാർ 25 സെൻറ് സ്ഥലംകൂടി ഗ്രൗണ്ടിന്വേണ്ടി വിട്ടുകൊടുക്കാൻ തയ്യാറാണെന്നറിയിച്ചിട്ടു



ണ്ട്. കൂടാതെ സ്ഥലത്തെ ഒരു സഹൃദയനും പാരമ്പര്യ കണ്ണ്ചികിത്സകനുമായിരുന്ന തുണ്ടത്തിൽ ഗോവിന്ദൻ കുട്ടിനായരുടെ പേര് സ്റ്റേഡിയത്തിന് നൽകണമെന്ന വ്യവസ്ഥയിൽ സുമാർ 25 സെൻറ് സ്ഥലംകൂടി ഗ്രൗണ്ടി ന് വേണ്ടി വിട്ടുതന്നിട്ടുണ്ട്. ഈ സ്ഥലങ്ങൾ കൂട്ടിച്ചേർത്ത് നിരപ്പാക്കി 'തുണ്ടത്തിൽ ഗോവിന്ദൻകുട്ടിനായർ സ്മാരക മിനി സ്റ്റേഡിയ'ത്തിൻെറ പണി പൂർത്തീകരിക്കേതുണ്ട്. ഇതിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

പഞ്ചായത്തിൻെറ മറ്റു ഭാഗങ്ങളിൽ വേണ്ടത്ര സൗകര്യങ്ങളില്ലാത്ത സ്കൂൾ ഗ്രൗണ്ടുകളല്ലാതെ കായികരംഗത്ത് പരിശീലനം നേടാനുള്ള സൗകര്യങ്ങളില്ല. ഇതിൽ ചെമ്പക്കുത്ത് സ്കൂൾ ഗ്രൗണ്ട് വിപുലീകരിക്കാൻ സൗകര്യമുള്ളതാണ്. ആയത് വിപുലീകരിക്കുന്നത് ആ പ്രദേശത്തെ ജനങ്ങളുടെ അഭിലാഷങ്ങളിലൊന്നാണ്.

പണ്ട് 'എറാളിയും', 'ആട്ടക്കളവും', ഹോക്കിയുടെ പ്രാകൃതരൂപമായിരുന്ന കാരകളിയും, കബഡിയും ഫുട്ബോളുമായിരുന്നു പ്രധാന കളികളെങ്കിൽ ഇന്ന് മുതിർന്നവരിൽ മാത്രമല്ല പിഞ്ചു ബാലന്മാരിൽ പോലും ക്രിക്കറ്റിനോടുള്ള ഭ്രമം വർദ്ധിച്ചുവരികയാണ്. 'അടിക്കുട്ടിയും പറയും', പമ്പരമേറ്, ഗോട്ടികളി, കബഡി തുടങ്ങിയവ കളിച്ചിരുന്ന കുട്ടികളിന്ന് സ്വയം ചെത്തിയുണ്ടാക്കിയ ക്രിക്കറ്റ് ബാറ്റുകളും പന്തുകളുമായി പിച്ചുകളുണ്ടാക്കുന്ന കാഴ്ചയാണ് കാണുന്നത്. ഒരുകാലത്ത് കർഷകർ വാശിയോടെ നടത്തിയിരുന്ന കാളപൂട്ട് മത്സരം ഇന്ന് പഞ്ചായത്തിലെ വിടെയും നടത്തുന്നില്ല.

കായികരംഗത്ത് താൽപര്യവും ശേഷിയും പ്രാപ്തിയുമുള്ള ചെറുപ്പക്കാർ ധാരാളമുണ്ടെങ്കിലും സാമ്പത്തിക പരാധീനതകളും സൗകര്യങ്ങളുടെ അഭാവവും പരിശീലനത്തിൻെറ കുറവും ഈ രംഗത്ത് ശാപമായി നിൽക്കുന്നു. എല്ലാ പരിമിതികൾക്കുമുള്ളിൽ നിന്നുകൊണ്ട് ഫുട്ബോളിൽ കഴിവ് തെളിയിച്ച പ്രതിഭകൾ വളരെയുണ്ട്.

കലാകായികരംഗത്ത് യുവജനങ്ങൾക്ക് മതിയായ പരിശീലനവും പ്രോത്സാഹനവും ലഭ്യമാക്കാൻ പഞ്ചായത്ത്തലത്തിൽ സമിതികളുണ്ടാവണം. വിദ്യാർത്ഥികൾക്ക് കൂടി പങ്കെടുക്കാൻ സൗകര്യപ്പെടുമാറ് എല്ലാ വർഷവും, വേനലവധിക്കാലങ്ങളിൽ പഞ്ചായത്തടിസ്ഥാനത്തിൽ കലാകായികമത്സരങ്ങൾ സംഘടിപ്പിക്കണം. അത്തരം മത്സരങ്ങളിൽനിന്നും പ്രതിഭകളെ കണ്ടെത്തി അവരെ വളർത്തിക്കൊണ്ടുവരാൻ സർക്കാരിൻെറ ഭാഗത്തുനിന്നും സഹായങ്ങളുണ്ടാവണം.

പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യവർജ്ജനം നടപ്പാക്കണമെന്നും വിവിധ ഭാഗങ്ങളിൽ സമൃദ്ധമായി നടക്കുന്ന കള്ളവാറ്റ് കർശനമായി തടയണമെന്നും അശ്ലീലസാഹിത്യങ്ങളും പോസ്റ്ററുകളും ദാക്ഷിണ്യമില്ലാതെ നിരോധിക്കണമെന്നും പഞ്ചായത്തിലെ ജനങ്ങൾ അഭിലഷിക്കുന്നതായി ചർച്ചകളിൽനിന്നും വ്യക്തമായിട്ടുണ്ട്. ഈ രംഗത്ത് ആവശ്യമായ നടപടികൾ പഞ്ചായത്തിൻെറയും സർക്കാരിൻെറയും ഭാഗത്തുനിന്നുണ്ടാവേണ്ടതുണ്ട്.

ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ പൂർത്തീകരണത്തോടെ പഞ്ചായത്തിൻെറ സാംസ്കാരികമേഖലയിൽ സമഗ്രമായൊരു വിപ്ലവം സാധിതമാകണം. യുവതലമുറയെ ജീർണ്ണിച്ച സാംസ്കാരികാടിമത്തത്തിൽനിന്നും മോചിപ്പിച്ച് ധാർമ്മിക- നൈതികമൂല്യങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന ഒരു തലമുറയാക്കി വാർത്തെടുക്കണം. പ്രതിലോമശക്തികളിൽ നിന്നും സാംസ്കാരികരംഗം മുക്തമാക്കണം. വിഭാഗീയതകൾക്കതീതമായൊരു യോജിച്ച മുന്നേറ്റത്തിന് സജ്ജരായാൽ ലക്ഷ്യം പ്രാപ്യമാവും - തീർച്ച.





# വനിത

**സ്ത്രീ**

പുരുഷ സമത്വം കൊട്ടിഘോഷിച്ചുകൊണ്ട് കേരളക്കരയെ പിടിച്ചു കുലുക്കുന്ന രീതിയിലുള്ള സംഘടനകളും അവയുടെ പ്രവർത്തനങ്ങളുമാണല്ലോ നമ്മുടെ നഗരങ്ങളിലുള്ളത്. ഇതിൻെറയൊന്നും ഒരു കുഞ്ഞോളം പോലുമില്ലാതെ തന്നിലേക്ക് തന്നെ ഒതുങ്ങിക്കൂടുന്ന വനിതകളുള്ള ഗ്രാമപ്രദേശമാണ് എടവണ്ണ പഞ്ചായത്ത്. ഇവിടെ കൂടുതലും മുസ്ലിം സമുദായക്കാരായതിനാൽ പൊതുരംഗങ്ങളിൽ വരാൻ ഇവർക്ക് സമുദായത്തിൻെറ ചട്ടക്കൂടുകൾ മാറ്റണമായിരുന്നു. എങ്കിലും അന്നത്തെ മുസ്ലിം സ്തീകൾക്ക് അറബി, മലയാളം എഴുതാനും വായിക്കാനും അറിയാമായിരുന്നു. പഴയ കാലത്ത് വിദ്യാഭ്യാസത്തിനായി സ്ത്രീകൾ പൊതുവെ പോയിരുന്നില്ല. എങ്കിലും എടവണ്ണയിൽ 'പെണ്ണ് സ്കൂൾ' എന്നറിയപ്പെട്ടിരുന്ന ഒരു സ്കൂൾ ഉണ്ടായിരുന്നു. ആ കാലങ്ങളിൽ സമാന്യ വിദ്യാഭ്യാസം ലഭിച്ചവർ തന്നെ പിന്നീട് മറ്റൊരു രംഗത്തും ജോലിചെയ്യുകയോ തുടർന്ന് പഠിക്കുകയോ ചെയ്തില്ല. ഗതാഗത സൗകര്യത്തിനായി പണ്ടുകാലങ്ങളിൽ ഉപയോഗിച്ചിരുന്ന കാളവണ്ടികൾ ഇവിടത്തെ വനിതകൾ ഓടിച്ചിരുന്നു. എന്നാൽ ഇന്നത്തെ സ്ത്രീകൾ സൈക്കിൾ ഓടിക്കുന്നതുപോലും പുച്ഛത്തോടുകൂടിയാണ് ജനങ്ങൾ കാണുന്നത്.

സ്ത്രീകൾ പൊതുവെ വീടുകളിൽ ഒതുങ്ങിക്കൂടുന്നവരാണെങ്കിലും തെരഞ്ഞെടുപ്പുകളിൽ 1/3 വനിതാ സംവരണം വന്നതിനാൽ ഇപ്പോൾ കുറച്ചെങ്കിലും സ്ത്രീകൾ പൊതുരംഗങ്ങളിൽ താൽപര്യം കാണിക്കുന്നുണ്ട്. എടവണ്ണ പഞ്ചായത്ത് ബോഡിലെ ആദ്യത്തെ വനിതാ മെമ്പർ (1964) തുണ്ടത്തിൽ മീനാക്ഷിയമ്മയായിരുന്നു. രാഷ്ട്രീയ രംഗത്ത് ശ്രദ്ധേയരായ മറ്റ് വനിതകളും ഇവിടെയുണ്ട്. മലപ്പുറം മുനിസിപ്പൽ ചെയർപേഴ്സണായി ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട വനിത കെ ബദറുന്നീസ, ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാവ് പി കെ സൈനബ എന്നിവർ എടവണ്ണക്കാരികളാണ്. സാമൂഹ്യരംഗത്ത് ശ്രദ്ധേയമായ പ്രകടനം കാഴ്ചവെച്ച വനിതകളിൽ പ്രമുഖരാണ് എ ജമീല ടീച്ചർ, ആയിഷടീച്ചർ തുടങ്ങിയവർ മുസ്ലിം സമുദായരംഗത്ത് സംസ്ഥാതലത്തിൽ തന്നെ അറിയപ്പെടുന്നവരാണിവർ. സമ്പൂർണ സാക്ഷരതാ യജ്ഞത്തിൽ ഇവിടത്തെ വനിതകൾ വഹിച്ച പങ്ക് നിസ്സീമമാണ്. പഞ്ചായത്ത് നടത്തിയ പഠനപര്യടന യാത്രകളിലും സ്ത്രീകൾ ശ്രദ്ധേയമായ പങ്കുവഹിച്ചു.

പഞ്ചായത്തിലെ ഏക വനിത ഗസറ്റഡ് ഓഫീസർ ഗീതടീച്ചർ ആണ് ഇവിടെ നിന്നും ആദ്യമായി എസ് എസ് എൽ സി പാസായ വനിത പി വി മറിയുമ്മ (ആര്യാടൻ മുഹമ്മദിൻെറ ഭാര്യ) ആണ്. ഉന്നത വിദ്യാഭ്യാസം നേടിയ സ്ത്രീ

കൾ ആദ്യകാലങ്ങളിൽ ഇല്ലായിരുന്നു. പല പുരുഷന്മാരും എഞ്ചിനീയർ, ഡോക്ടർ, കോളേജ് പ്രിൻസിപ്പൽ തുടങ്ങിയ ഉയർന്ന നിലകളിലൊക്കെ എത്തിയിട്ടുള്ള ഇവിടെ വനിതകൾക്ക് ഇത്തരം രംഗങ്ങളിൽ എത്തിച്ചേരാനുള്ള സാമൂഹ്യ സാഹചര്യങ്ങളൊന്നും അന്നുണ്ടായിരുന്നില്ല.

മുസ്ലിം വനിതകളുടെ പഴയവേഷം കറുത്ത സൂപ്പും വെള്ളക്കാച്ചിയും കുറി തുന്നിയ പെൺകുപ്പായവും തലയിൽ ഇടുന്ന തട്ടവും മറ്റുമായിരുന്നു. കാതിൽ ചിറ്റ്, കുമ്മത്ത്, കാതില, മിന്നി, മാസംപറ എന്നിവയും കഴുത്തിൽ ചങ്കേലസ്സ്, ഇളക്കത്താലി, കോതമ്പത്തിരമാല, കൊരലാരം, മുല്ലപ്പൂമാല, ചക്രമാല, മണിച്ചിറ്റ് തുടങ്ങിയവും അരയിൽ അരഞ്ഞാണം, തൊരട് എന്നിവയും ഉപയോഗിച്ചിരുന്നു. ഹിന്ദുക്കളിൽ താഴ്ന്ന ജാതിക്കാർക്ക് മാറുമറയ്ക്കാൻ പാടില്ലായിരുന്നു. പട്ടികജാതി-വർഗ സമുദായക്കാർ കഴുത്തിൽ ധാരാളം കല്ലുമാലകൾ അണിഞ്ഞിരുന്നു. ഇവർ കാതിൽ തോടയും ഉപയോഗിക്കുമായിരുന്നു. കണക്ക സമുദായത്തിൽപ്പെട്ട സ്ത്രീകൾ ചെമ്പ് കുടയും കള്ളാടി സമുദായത്തിലെ സ്ത്രീകൾ കുണ്ടംകുടയും ചെറുമൻ സമുദായത്തിലെ സ്ത്രീകൾ തോണിയുടെ ആകൃതിയിലുള്ള നരിക്കുടയുമാണ് ഉപയോഗിച്ചിരുന്നത്.

ഒപ്പനപ്പാട്ടുകളും കെസ്സ് പാട്ടുകളും പാടുന്ന സ്ത്രീകളും ഇവിടെയുണ്ടായിരുന്നു. പ്രസവശുശ്രൂഷകൾ നടത്തിയിരുന്നത് ഒത്താച്ചിമാർ (വയറ്റാട്ടിമാർ) ആണ്. കൃഷിപ്പണിക്കിടയിൽ സ്ത്രീകൾ വടക്കൻപാട്ടുപാടുമായിരുന്നു. 'കണ്ടൻപൊലിയും' ഉണ്ടാകുമായിരുന്നു. സ്വർണപ്പണി ചെയ്തിരുന്ന സ്ത്രീകളും ഇവിടെയുണ്ടായിരുന്നു. പിൽക്കാലത്ത് പാക്കിസ്ഥാനിൽ സ്ഥിരതാമസമാക്കിയ കുടുംബങ്ങളിൽ എടവണ്ണക്കാരായ സ്ത്രീകളുമുണ്ട്. അതേപോലെ പാക്കിസ്ഥാനി സ്ത്രീകൾ ഇന്ന് എടവണ്ണയിൽ മലയാളികളായി ജീവിക്കുന്നുമുണ്ട്.

ഇന്ന് പഞ്ചായത്തിലാകെയുള്ള 32,087 പേരിൽ 16,323 പേരും സ്ത്രീകളാണ്. 2,107 പട്ടികജാതിക്കാരായ വനിതകളുള്ള ഇവിടെ പട്ടികവർഗ വനിതകൾ 139 പേരാണ് (1991 സർവെ).

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 15 ശതമാനം കുടുംബങ്ങൾ വീട്ടമ്മമാരുടെ മാത്രം വരുമാനം ആശ്രയിച്ചു കഴിയുന്നതായിട്ടുണ്ട്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാനായി ഇവരിൽ പലരും കൂലിപ്പണിക്ക് ഇറങ്ങേണ്ടിവരുന്നു. കെട്ടിനിർമ്മാണം, കൃഷിപ്പണി, വളക്കച്ചവടം, മൺപത്രനിർമ്മാണം, കുട്ട, മുറം തുടങ്ങിയവയുടെ നിർമ്മാണം, വീട്ടുപണി എന്നീ തുറകളിലാണ് ഇവരിൽ മിക്കവരും ജോലി നോക്കുന്നത്. കെട്ടിടനിർമ്മാണം, കൃഷിപ്പണി എന്നീ തുറകളിലുള്ള ജോലികളിൽ പുരുഷന്മാർക്ക് ലഭിക്കുന്ന വേതനത്തിന്റെ 65 ശതമാനം മാത്രമാണ് സ്ത്രീകൾക്ക് ലഭിക്കുന്നത്. പുരുഷന്മാർ വീട്ടിലിരുന്ന് സ്ത്രീകളെ ജോലിക്ക് വിടുന്ന പ്രവണതയുമുണ്ട്. "നീയുണ്ടില്ലെങ്കിലും അവളെ ഊട്ടുക" തുടങ്ങിയ വചനാമൃതങ്ങളൊക്കെ മൃതാവസ്ഥയിൽ തന്നെ! പല വീട്ടമ്മമാരും കുടുംബം പോറ്റാനായി ഗൾഫ് നാടുകളിൽ ജോലിനോക്കിവരുന്നു.

പഞ്ചായത്തിൽ അഞ്ച് ശതമാനം മാത്രം വനിതകളാണ് ഉദ്യോഗസ്ഥകളായിട്ടുള്ളവർ. ഇവരിൽ കൂടുതൽ അധ്യാപനവൃത്തി ചെയ്യുന്നവരാണ്. സെക്കണ്ടറിയും മെട്രിക്കുലേഷനും പാസായവർ ധാരാളം തൊഴിൽരഹിതർ തന്നെയാണ്. ഇവർക്ക് തൊഴിൽ കണ്ടെത്താനുള്ള യാതൊരു മേഖലയും എടവണ്ണയിലില്ല. തൊഴിലില്ലാത്ത തൊഴിൽ ചെയ്യാൻ തൽപരരായ വനിതകൾക്ക് വിദ്യാഭ്യാസനിലവാരാടിസ്ഥാനത്തിലും അല്ലാതെയും അർഹമായ തൊഴിൽ പരിശീലനങ്ങൾ നടത്താൻ സൗകര്യമില്ല. പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ സംഘടനയായ 'എക്കോ'യും മുസ്ലിം വനിതകളുടെ സംഘടനയായ എം ജി എമ്മും നടത്തുന്ന തയ്യൽ പരിശീലനകേന്ദ്രങ്ങൾ മാത്രമേ ഈ മേഖലയിലുള്ളു. പരിശീലനം ലഭിച്ചാൽ തൊഴിലില്ലാത്തവർക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള മാർഗമാവും.

ചിരട്ട, കളിമണ്ണ്, വാഴനാര്, മുള തുടങ്ങിയ ധാരാളം അസംസ്കൃതവസ്തുക്കൾ പാഴായിപ്പോകുന്നുണ്ട്. ഇവ ഫലപ്രദമായി ഉപയോഗിക്കുന്നതിനും ഉല്പന്നമാക്കി മാറ്റുന്നതിനുമുള്ള സംവിധാനങ്ങളൊന്നും ഇവിടെയില്ല. സ്വയം തൊഴിൽ കണ്ടെത്തുന്നതിനും മറ്റുമായി ബേങ്കുകളിലും ബന്ധപ്പെട്ട ഓഫീസുകളിലും സ്ത്രീകൾ ചെന്നാൽ ഉദ്യോഗസ്ഥർ നിസ്സഹകരണമാണ് കാണിക്കുന്നത്. ക്രഷ് പോലുള്ള സംവിധാനമില്ലാത്തതിനാൽ പല വീട്ടമ്മമാർക്കും ഏതെങ്കിലും തരത്തിലുള്ള ജോലിക്ക് പോകാൻ കഴിയുന്നില്ല. അന്യ സംസ്ഥാനങ്ങളിൽ നിന്നും മറ്റും മൺപാത്രങ്ങൾ ഇറക്കുമതി ചെയ്യുന്നതിനാൽ ഇവിടെയുണ്ടാക്കുന്ന മൺപാത്രങ്ങൾക്ക് വിപണി കുറവാണ്.

വനിതകളുടെയും ശിശുക്കളുടെയും സാമ്പത്തികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ വികസനത്തിനുവേണ്ടി ഐ ആർ ഡി പിയുടെ കീഴിലുള്ള ഡി ഡബ്ലി യു സി ആർ എ വഴി ഒരു മെറ്റൽ നിർമ്മാണ യൂനിറ്റ് തുടങ്ങിയെങ്കിലും സ്ത്രീകൾക്കിടയിലെ അഭിപ്രായഭിന്നത നിമിത്തം ആ സംരംഭം മരവിച്ചിരിക്കയാണ്.

2. വിദ്യാഭ്യാസപരമായും സമ്പൂർണ സാക്ഷരത കൈവരിച്ച സമസ്ഥാനമെന്ന നിലയിലും ശ്രദ്ധേയമായ കേരളത്തിൽ ഗ്രാമപ്രദേശങ്ങളിൽ വിദ്യാലയങ്ങൾ കുറവാണ്. എടവണ്ണ പഞ്ചായത്തിലെ ഒരു വാർഡായ തുവ്വക്കാടിൽ ഒരു എൽ പി സ്കൂൾപോലും ഇല്ല എന്നത് വേദനാജനകം തന്നെ. ഇവിടെയുള്ള പെൺകുട്ടികൾ ദൂരയാത്ര ഭയന്ന് സ്കൂളിൽ പോകാൻ കഴിയാത്തവരാണ്. ആൺകുട്ടികളെക്കാൾ കൂടുതൽ പെൺകുട്ടികൾ പഠിക്കുന്ന ഈ പഞ്ചായത്തിൽ ഒരു ഗേൾസ് ഹൈസ്കൂൾ ഇല്ല. ശൈശവവിവാഹം, സാമ്പത്തിക പ്രശ്നം, നിരാശാപൂർണമായ തൊഴിൽ മേഖയല തുടങ്ങിയവ ഉയർന്ന വിദ്യാഭ്യാസക്കുറവിന് ആക്കം കൂട്ടുന്നവയാണ്. ചെറിയ പ്രായത്തിൽ തന്നെ വിവാഹിതരാകുന്ന പെൺകുട്ടികൾക്ക് തുടർന്ന് പഠിക്കാനുള്ള സാഹചര്യം ഇല്ലാതാകുന്നു. അതുകൊണ്ട് ഇവർക്കുണ്ടാകുന്ന കുട്ടികളെ ശരിക്ക് പഠിപ്പിക്കാൻ സഹായിക്കാനും ഇവർക്ക് കഴിയുന്നില്ല. "എന്തായാലും എസ് എസ് എൽ സി കഴിയുന്നതുവരെ മാത്രമേയുള്ളു എന്റെ പഠനം. അപ്പോഴേക്കും എന്നെ വിവാഹം ചെയ്തയക്കും. പിന്നെ എന്തിനാണ് ഞാൻ പഠിക്കുന്നത്" എന്ന ചിന്തയാണ് താഴ്ന്ന ക്ലാസുകളിൽ പഠിക്കുന്ന പല പെൺകുട്ടികൾക്കുമുള്ളത്. അതുകൊണ്ട് തന്നെ ശൈശവ വിവാഹം, പഠിച്ചുകൊണ്ടിരിക്കുന്ന പെൺകുട്ടികളിൽ താൽപര്യക്കുറവുണ്ടാക്കുന്നു. ചെറിയ പ്രായത്തിൽ വിവാഹിതരാകുന്ന ഇവർ 20 വയസ്സിന് മുമ്പേ മൂന്നും നാലും പ്രസവംവരെയാകുമ്പോൾ ആരോഗ്യപരമായി

വളരെ ദയനീയമായ അവസ്ഥയിലായിത്തീരുകയും ചെയ്യുന്നു.

മുന്നോക്ക ജാതിയിലുള്ള നിർദ്ധനരായ പല വിദ്യാർഥിനികളും സാമ്പത്തിക പ്രശ്നംമൂലം അടിസ്ഥാന വിദ്യാഭ്യാസംപോലും മുഴുമിപ്പിക്കാൻ കഴിയാത്തവരായുണ്ട്. സാമ്പത്തിക കുറവുമൂലം കോളേജ് വിദ്യഭ്യാസം തുടരാനാവാത്ത പല വനിതകളും ഇവിടെയുണ്ട്.

3. മദ്യംമൂലം ദുരിതമനുഭവിക്കുന്ന ധാരാളം വനിതകൾ എടവണ്ണയിലുണ്ട്. കഞ്ചാവുപോലുള്ള ലഹിരി പദാർത്ഥങ്ങൾ കലർത്തുന്ന പല ഉല്പന്നങ്ങളും ഇന്ന് വിപണിയിൽ ധാരാളമാണ്. കുട്ടികൾ ഉപയോഗിക്കുന്നപ മിഠായികളിൽപോലും മാരകമായ ലഹരി പദാർത്ഥങ്ങൾ കലർത്തുന്നുണ്ട് എന്നത് ഭീതിജനകമായ ഒരു വസ്തുതയാണ്.

4. സ്ത്രീധനം കൊടുക്കാൻ കഴിയാത്തതിനാരം വിവാഹിതരാകാൻ കഴിയാത്ത സാധുകുടുംബങ്ങളിലെ അനേകം പെൺകുട്ടികൾ പഞ്ചായത്തിലുണ്ട്. സ്ത്രീധനമില്ലാ സമൂഹ വിവാഹങ്ങളൊന്നും ഇവിടെ നടക്കാറില്ല. അനാഥരായ കുട്ടികളുടെ വിവാഹത്തിനായി സർകാർ നൽകുന്ന സഹായധനം വളരെ തുച്ഛരവും കാലതാമസമുള്ളതുമാണ്. ആഭരണഭ്രമം വളരെ കൂടുതലുള്ളവരാണ് ഇവിടത്തെ പലരും. അമിതമായി ആഭരണം ധരിക്കുന്നത് പൊങ്ങച്ചമായി കാണുന്നവരാണ് ഇക്കൂട്ടർ. സ്ത്രീ പീഢനങ്ങളും തക്കതായ കാരണങ്ങൾ ഇല്ലാതെയുള്ള വിവാഹമോചനങ്ങളും കുറവാണെങ്കിലും തീരേ ഇല്ലാതില്ല.

5. പഞ്ചായത്തിലുള്ള അംഗൻവാടികളുടെ പ്രവർത്തനം ഇന്ന് കാര്യക്ഷമമായല്ല നടക്കുന്നത്. അംഗൻവാടി ജീവനക്കാരുടെ വേതനം വളരെ കുറവാണുതാനും.

6. വിധവാ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവ ലഭിക്കുന്നതിനെക്കുറിച്ച് അർഹരായ പലരും അജ്ഞരാണ്. ഇവ കാലതാമസംവിനാ ലഭിക്കുന്നുമില്ല. നിലവിലുള്ള എല്ലാ പെൻഷൻ തുകകളും പരിമിതവുമാണ്. ഇതുപോലുള്ള മേഖലകളിൽ ചൂഷണം ധാരാളമായുണ്ട്.

7. അഗതികൾക്കായുള്ള അഗതിമന്ദിരങ്ങൾ ഒന്നും തന്നെ പഞ്ചായത്തിലില്ല.

8. തുച്ഛരമായ വരുമാനത്തിലൊതുങ്ങി ജീവിക്കാൻ നിർബന്ധിതരായ വീട്ടമ്മമാർക്ക് യാചകർ ഒരു പ്രശ്നം തന്നെയാണ്. അഞ്ചോ ആറോ യാചകർ ദിനംപ്രതി ഓരോ വീട്ടിലുമെത്തുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും തിക്കിക്കയറുന്ന ഇക്കൂട്ടർ പല മോഷണങ്ങളും വ്യാപകമായി നടത്തുന്നുണ്ട്.

9. പച്ചക്കറികൾക്കും മറ്റും കമ്പോളങ്ങളിൽ അമിതമായ വിലക്കയറ്റമുണ്ടെങ്കിലും പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ സ്ത്രീകൾ പിന്നിലാണ്. ജലസൗകര്യമില്ലാത്തതും വിത്ത് ലഭിക്കാത്തതും മറ്റുമാണ് ഇതിന് കാരണങ്ങൾ. വേനൽക്കാലത്ത് കുടിവെള്ളംപോലും കിട്ടാത്ത ഇവിടെ, എങ്ങനെ അടുക്കളത്തോട്ടം നനയ്ക്കും? ധാരാളം സ്ത്രീകൾ ഷോപ്പിങ്ങ് നടത്തുന്ന ഇവിടെ കമ്പോളങ്ങളിലും മറ്റും അവർ ചൂഷണത്തിന് വിധേയരാകുന്നു. പഞ്ചായത്തിൽ ഒരൊറ്റ മാവേലി സ്റ്റോറുകളും ഇന്ന് നിലവിലില്ല. പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ സംഘമായ 'എടവണ്ണ എമപ്ലോയീസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിന്റെ' കീഴിൽ എടവണ്ണ, പത്തപ്പിരിയം, കുണ്ടുതോട് എന്നിവിടങ്ങളിലുള്ള സഹകരണ സ്റ്റോറുകൾ മാത്രമേ ഈ മേഖലയിലുള്ളു.

ജീവിതത്തിന്റെ ഭൂരിഭാഗവും അടുക്കളയിൽ കഴിയേണ്ടിവരുന്ന സ്ത്രീകൾ പുകകൊണ്ടുള്ള ദോഷഫലങ്ങൾ വളയെധികം അനുഭവിക്കുന്നവരാണ്. ഇവരുടെ ആരോഗ്യനിലവാരം കുറയ്ക്കുന്നതിന് ഇത് കാരണമാവുന്നുണ്ട്. കുറഞ്ഞ ചെലവിലുള്ള സ്റ്റൗ വിതരണം ഇല്ലായ്മ, ഗ്യാസ് കണക്ഷന് നേരിടേണ്ടിവരുന്ന കാലതാമസം തുടങ്ങിയ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളണ്.

11. സ്ത്രീകളുടെ വ്യക്തിത്വ വികസനത്തിനുംഅറിവ് വർദ്ധിപ്പിക്കുന്നതിനുംവിനോദത്തിനുമായിവനിതകളുടേതായഒരുവായനശാലാ-ഗ്രന്ഥാലയംപഞ്ചായത്തിൽ ഇല്ല.ഇവിടെ 4813 സ്ത്രീകൾ ഇന്നും നിരക്ഷരരാണെന്ന കാര്യം സമ്പൂർണ്ണ സാക്ഷരത കൈവരിച്ച കേരളത്തിന് അപമാനകരാണ്.

12. മാതൃശിശു സംരക്ഷണത്തിനായുള്ള പദ്ധതികൾ ഒന്നും ഇവിടെ ഫലപ്രദമായി നടക്കുന്നില്ല. കുട്ടികളുടെ വിനോദത്തിനായി ചിൽഡ്രൻസ് പാർക്ക്, കുട്ടികളുടെ വിജ്ഞാന വികസനത്തിനായി ചിൽഡ്രൻസ് ലൈബ്രറി തുടങ്ങിയവയും പഞ്ചായത്തിൽ ഇല്ല.

13. കുടുംബ പ്രശ്നങ്ങളിൽ സുഗമമായി തീർപ്പ് എടുക്കുന്നതിനായി കുടുംബകോടതി പഞ്ചായത്തിൽ ഇല്ല.

14. സാക്ഷരരരും നിരക്ഷരരുമായി പഞ്ചായത്തിൽ ആകെയുള്ള 16323 സ്ത്രീകളിൽ 90 ശതമാനം പേരും സ്വന്തം കഴിവ് അറിയാത്തവരും അത് പ്രകടിപ്പിക്കാൻ ധൈര്യം കാണിക്കാത്തവരുമാണ്. എഴുപതുകളിൽ വളരെ അധികം മഹിളാ സമാജങ്ങളും മറ്റും പഞ്ചായത്തിലുണ്ടായെങ്കിലും ആരംഭശൂരത്വം മാത്രമേ ഇവയൊക്കെ കാഴ്ച വെച്ചുള്ളു. ഇന്നും ഈ പ്രവണത തുടരുന്നു. പഞ്ചായത്തിൽ മുസ്ലിം സ്ത്രീസംഘടനയായ എം ജി എം എന്ന സംഘടന മാത്രമേ ഇന്ന് കാര്യക്ഷമമായി പ്രവർത്തിക്കുന്നുള്ളു. സാമുഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് കേരള സംസ്ഥാനത്തിൽ തന്നെ മാതൃകാപരമായവിധം സമൂഹത്തിലെ നിർദ്ധന കുടുംബങ്ങൾക്ക് എം ജി എമ്മിന്റെ കീഴിൽ കുടുവെള്ള സൗകര്യമടക്കം ഒരു ഹൗസിങ്ങ് കോളണി സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും പൊതുരംഗങ്ങളിൽ മുന്നോട്ട് വരുന്ന സ്ത്രീകൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

### പരിഹാര മാർഗങ്ങൾ

1. തൊഴിൽ മേഖലയിലുള്ള അസമത്വം ഒഴിവാക്കി പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടി എടുക്കണം. സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകിയാൽ സ്വയം തൊഴിൽ കണ്ടെത്താനാവുന്നതോടൊപ്പം പുതിയ തൊഴിൽ തൽപരരെയും വാർത്തെടുക്കാനാവും. പഞ്ചായത്തിൽ ധാരാളം ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉത്പല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള യൂനിറ്റുകൾ ആരംഭിച്ച് പ്രവർത്തനം കാര്യക്ഷമാക്കിയാൽ പഞ്ചായത്തിനും ഇതൊരു ധനാഗമമാർഗമായിത്തീരും. സ്വയം തൊഴിൽ കണ്ടെത്താനുള്ള വായ്പകൾ നൽകുമ്പോൾ 50 ശതമാ

നം നിർബന്ധമായും വനിതകൾക്ക് നൽകണം. ബാങ്കുകളിലും ബന്ധപ്പെട്ട മറ്റ് ഓഫീസുകളിലും ഏതെങ്കിലും കാര്യത്തിനായി സ്ത്രീകൾ ചെല്ലുമ്പോൾ അവർക്ക് അനുഭവപ്പെടുന്ന അസൗകര്യവും ഉദ്യോഗസ്ഥരിൽ നിന്നുണ്ടാവുന്ന നിസ്സകരണവും ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ബോധവല്ക്കരിക്കുകയും സ്ത്രീകൾക്ക് പെട്ടെന്നുതന്നെ കാര്യങ്ങൾ ശരിയാക്കി കിട്ടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം. പഞ്ചായത്തിലുള്ള ഓരോ അംഗൻവാടികൾക്കും കീഴിൽ ഓരോ ക്രഷുകളോ അല്ലെങ്കിൽ പഞ്ചായത്തിലെ ഓരോ വാർഡിലും ഒന്നെന്ന നിലയിലുമോ ക്രഷുകൾ ഉണ്ടാക്കി വീട്ടമ്മമാർക്ക് തൊഴിൽ ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. ക്രഷിൽ ആയമാരെ നിയമിക്കുകവഴി വനിതാ തൊഴിൽവീഥി വികസിക്കുകയും ചെയ്യും.

അന്യ സംസ്ഥാനങ്ങളിൽ നിന്ന് മൺപാത്രങ്ങളും മറ്റും ഇറക്കുമതി ചെയ്യുന്നത് നിർത്തി ഇവിടെ ഉല്പാദിപ്പിക്കുന്ന മൺപാത്രങ്ങൾക്ക് വിപണി വർധിപ്പിക്കണം. ഇങ്ങനെ ചെയ്താൽ മൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട സ്ത്രീകൾക്ക് അതൊരു അനുഗ്രഹമായിരിക്കും.

ഇവിടത്തെ വനിതകൾക്ക് ശോഭിക്കാനാവുമെന്ന് വിശ്വാസമുള്ള സ്വയം തൊഴിലുകൾ:- മെറ്റൽ നിർമ്മാണം, തയ്യൽ, കറി പൗഡർ, അച്ചാറുകൾ, പ്ലാസ്റ്റിക് കവറുകൾ, പേപ്പർ കവറുകൾ, ബേക്കറി സാധനങ്ങൾ, പപ്പടം എന്നിവയുടെ നിർമ്മാണം. കൂടാതെ തൽപരരായ വനിതകൾക്കായി ആട്, കോഴി, പശു, തേനീച്ച, പട്ടുനൂൽപ്പുഴു, കൂൺ തുടങ്ങിയവയുടെ കൃഷിക്കായി വായ്പകളും മറ്റു സഹായങ്ങളും യഥാസമയങ്ങളിൽ നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

സ്ത്രീകൾക്ക് തൊഴിൽ സാധ്യതകളുള്ള മറ്റൊരു മേഖലയാണ് ഓട്ടോറിക്ഷാ മേഖല. ഈ മേഖലയിലേക്ക് സ്ത്രീകൾ കടന്നുവരാനുതകുന്ന തരത്തിലുള്ള ബോധവല്ക്കരണ പരിപാടികൾ നടത്തുകയും അവർക്കതിനായുള്ള സാമ്പത്തിക സഹായങ്ങൾ നൽകുകയും വേണം.

2. തുവ്വക്കാടിൽ നിർബന്ധമായും ഒരു എൽ പി സ്കൂൾ സ്ഥാപിക്കേണ്ടതാണ്. പഞ്ചായത്തിൽ ഒരു ഗേൾസ് ഹൈസ്കൂൾ സ്ഥാപിച്ച് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് ആക്കംകൂട്ടണം. ശൈശവ വിവാഹം തടയുന്നതിനുള്ള നിയമം കർശനമായും പാലിച്ച് പെൺകുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യമുണ്ടാക്കണം. മുന്നോക്ക ജാതിയിലുള്ള നിർദ്ധനരായ പെൺകുട്ടികൾക്കും പഠനത്തിനായി ധനസഹായം നൽകേണ്ടതാണ്. സാമ്പത്തിക കുറവു മൂലം കോളേജ് വിദ്യാഭ്യാസം തുടരാനാവാത്ത വിദ്യാർഥിനികൾക്ക് പഠനനിലവാരാടിസ്ഥാനത്തിൽ പലിശയില്ലാത്ത വായ്പകൾ നൽകാനുള്ള സംവിധാനംവേണം. എസ് എസ് എൽ സി തോറ്റ തുടർന്നു പഠിക്കാനാഗ്രഹമുള്ള നിർധനരായ പെൺകുട്ടികൾക്ക് സഹായധനം നൽകണം.

3. നാടൻവാറ്റടക്കം എല്ലാതരത്തിലുള്ള മദ്യവും കഞ്ചാവുപോലുള്ള ലഹരി കലർത്തുന്ന ഉല്പന്നങ്ങളും കർശനമായി നിരോധിക്കണം. നാടൻ ചാരായ നിർമ്മാണം, വിതരണം എന്നിവ ജാമ്യമില്ലാത്ത കുറ്റമായി പരിഗണിച്ച് തക്കതായ ശിക്ഷ നൽകണം. ഇന്ന് ചാരായനിർമ്മാണവുമായി ബന്ധപ്പെട്ടു കഴിയുന്ന കുടുംബങ്ങളെ മറ്റ് തൊഴിലുകളിൽ ഏർപ്പെടുത്തണം.

4. സ്ത്രീധനം പൂർണമായും നിരോധിച്ച് നിർധനരായ പെൺകുട്ടികളെ ഭർത്തൃമതികളാകാൻ സഹായിക്കണം. സ്ത്രീധനത്തിനെതിരെ പുരുഷന്മാരെയും രംഗത്തിറക്കണം. സ്ത്രീധനമില്ലാത്ത സമൂഹ വിവാഹങ്ങൾ സ്വാഗതം ചെയ്യണം. സ്ത്രീധനമില്ലാതെ വിവാഹം കഴിക്കുന്ന പുരുഷന്മാരുടെ സംഘമായ 'ബിസ്മി'പോലുള്ള സംഘങ്ങളെ പ്രോത്സാഹിപ്പിക്കണം. അമിതമായി അണിയുന്ന ആഭരണങ്ങൾക്ക് പഞ്ചായത്ത് നികുതി ചുമത്തുകവഴി ആഭരണഭ്രം സ്ത്രീകളിൽ കുറക്കാനാവും. തക്കതായ കാരണങ്ങൾ ഇല്ലാതെയുള്ള വിവാഹമോചനങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തണം. സ്ത്രീപീഡനങ്ങൾക്കെതിരെ ബോധവല്ക്കരണം നടത്തണം.

5. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുകയും വേണം. അംഗൻവാടികളിൽ കുട്ടികൾക്കാവശ്യമായ കളി ഉപകരണങ്ങൾ എത്തിക്കണം. അംഗൻവാടികളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സംവിധാനങ്ങളും കുട്ടികൾക്ക് കിടക്കാനുള്ള വിരിപ്പ് മുതലായവയും എത്തിക്കണം.

6. വിധവാ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, വാർധക്യകാല പെൻഷൻ തുടങ്ങിയവ കാലതാമസം കൂടാതെ നൽകണം. നിലവിലുള്ള പെൻഷൻ തുകകൾ വർധിപ്പിക്കണം. അർഹരായവർക്ക് മാത്രമേ ഇത്തരം പെൻഷനുകൾ നൽകാവൂ. അർഹരായ എല്ലാവർക്കും ഇത് നൽകാനുള്ള സംവിധാനം ഉണ്ടാക്കണം.

7. പഞ്ചായത്ത് തലത്തിലോ ബ്ലോക്ക് തലത്തിലോ അഗതിമന്ദിരം സ്ഥാപിക്കണം.

8. യാചകരെ നിരോധിച്ചുകൊണ്ടുള്ള നിയമം ഫലവത്താക്കണം.

9. സ്ത്രീകൾക്കുനേരെയുള്ള അക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങൾ കർശനമാക്കണം. ബസ്സിലെ വനിതാ റിസർവേഷൻ സീറ്റ് 40 ശതമാനമാക്കി ഉയർത്തി വനിതകളുടെ യാത്രാസൗകര്യം കൂട്ടണം. സ്ത്രീകളെ ചൂഷണം ചെയ്യുന്ന രീതിയിലുള്ള പരസ്യങ്ങളും ടി വി, സിനിമ തുടങ്ങിയ മാധ്യമങ്ങളിലൂടെയുള്ള ചൂഷണവും നിർത്തലാക്കണം.

10. അടുക്കളത്തോട്ടം നിർമ്മാണത്തിനായി വിത്തുകളും മറ്റും കൃഷിഭവൻ മുഖേന നൽകുന്നതോടൊപ്പം ജലസൗകര്യംകൂടി ലഭിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യണം, ഓരോ വാർഡിലും ഓരോ മാവേലി സ്റ്റോറുകൾ സ്ഥാപിക്കണം.

11. കുറഞ്ഞ ചെലവിൽ കൂടുതൽ പ്രവർത്തനക്ഷമമായതും ഇന്ധനം കുറച്ചുപയോഗിക്കുന്നതുമായ സ്റ്റൗ വിതരണം ചെയ്യുക, ഗ്യാസ് കണക്ഷന് നേരിടേണ്ടിവരുന്ന കാലതാമസം ഓഴിവാക്കുക. പരിഷത്ത് അടുപ്പുകൾ പ്രോത്സാഹിപ്പിക്കുക, ഗോബർ ഗ്യാസ് പ്ലാൻറുകൾക്ക് ധനസസായം നൽകുക.

12. പഞ്ചായത്തിൽ ഒരു വനിതാ വായനശാലാ-ഗ്രന്ഥാലയം സ്ഥാപിക്കണം.

13. ചെമ്പക്കുത്ത് ആശുപത്രിയോടനുബന്ധിച്ച്

മാതൃശിശു സംരക്ഷണത്തിനായി ഒരു പ്രത്യേക വാർഡ് കൊണ്ടുവരണം. ചിൽഡ്രൻസ് പാർക്ക്, ലൈബ്രറി തുടങ്ങിയവ പഞ്ചായത്തിൽ നടപ്പിലാക്കുക. അംഗൻവാടി കേന്ദ്രീകരിച്ചുള്ള ബോധവല്ക്കരണ ക്ലാസുകൾ ഊർജസ്വലമാക്കുക.

14. കുടുംബ പ്രശ്നങ്ങൾ സുഗമമായി തീർക്കുന്നതിനായി കുടുംബകോടതി ഏർപ്പെടുത്തുക.

15. ഓരോ വർഡിലും ഓരോ വനിതാ സംഘടനകൾ രൂപീകരിക്കുക. ഇവരിൽ നിന്നും തെരഞ്ഞെടുത്ത ചെയർമാനും കൺവീനറും പഞ്ചായത്തിലെ വനിതാ മെമ്പർമാരും ഉൾപ്പെടുന്ന ഒരു സ്റ്റിയറിങ്ങ് കമ്മറ്റിക്കായിരിക്കണം ഈ സംഘടനകളുടെ നേതൃത്വം. പഞ്ചായത്ത് പ്രസിഡണ്ട് സ്റ്റിയറിങ്ങ് കമ്മിറ്റിയുടെ രക്ഷാധികാരിയായിരിക്കണം. അതാത് വാർഡ് മെമ്പർമാർ വാർഡ് കമ്മിറ്റികളുടെ രക്ഷാധികാരിയായിരിക്കണം. വനിതാ മെമ്പർമാർ സ്റ്റിയറിങ്ങ് കമ്മിറ്റിയിൽ വരുന്നതുകൊണ്ട് അവരുടെ വാർഡുകളിൽ നിന്നും യോഗ്യരായ പുരുഷന്മാരെ രക്ഷാധികാരികളായി നിയമിക്കാവുന്നതാണ്. വാർഡിലുണ്ടാകുന്ന മറ്റ് വനിതാ സംഘടനകളൊക്കെ ഈ വാർഡ് തലത്തിലുള്ള സംഘടനയുടെ കീഴിൽ റജിസ്റ്റർ ചെയ്യണം. റജിസ്ട്രേഷനായി ഒരു ഫീസ് വെക്കുകയും ചെയ്യാം. പഞ്ചായത്തിൽ നിന്ന് ഏതൊരു വനിതാ സംഘടനകൾക്കും നൽകുന്ന സാമ്പത്തിക സഹായങ്ങൾ സ്റ്റിയറിങ്ങ് കമ്മറ്റികളുടെയും വാർഡ്തല കമ്മിറ്റികളുടെയും അനുമതിയോടെയായിരിക്കണം നൽകേണ്ടത്.

സ്റ്റിയറിങ്ങ് കമ്മിറ്റിയുടെ കീഴിൽ വാർഡിൽ നിന്നും ഒന്നെന്ന ക്രമത്തിൽ വാർഡ്തല കമ്മിറ്റിയുടെ ശുപാർശക്കനുസരിച്ച് 12 നിർധനരായ പെൺകുട്ടികളെ വിദ്യാഭ്യാസം, വിവാഹം എന്നീ കാര്യങ്ങൾക്ക് വർഷംതോറും തെരഞ്ഞെടുത്ത് അവർക്ക് അതിനുവേണ്ട ധനസഹായങ്ങൾ നൽകേണ്ടതാണ്.

ഈ വാർഡ്തല സംഘടനകളിലൂടെ ആയിരിക്കണം പെൻഷനുകൾ, വായ്പകൾ, തൊഴിൽസംബന്ധമായ ബോധവല്ക്കരണം തുടങ്ങിയ കാര്യങ്ങൾ നടക്കേണ്ടത്. വിദ്യാഭ്യാസ, സാമ്പത്തിക, സാംസ്കാരിക, ശുചീകരണ, ആരോഗ്യമേഖലകളിൽ സ്ത്രീകളെ ബോധവല്ക്കരിക്കാൻ ഈ വനിതാ സംഘടനകൾക്ക് ആകും. ഇതിനായി എല്ലാവിധ സഹായങ്ങളും പഞ്ചായത്ത് നൽകേണ്ടതാണ്.

വർഷംതോറും നടന്നുവരാറുള്ള കേരളോത്സവം, പഞ്ചായത്ത്മേള തുടങ്ങിയവയിലുണ്ടാകുന്ന മത്സരങ്ങളിൽ ഓരോ വാർഡ് കമ്മിറ്റിയുടെയും പ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടതാണ്.



# സഹകരണം



ഭാരതത്തിന്റെ വികസനം ഗ്രാമങ്ങളിലാണെന്നും ഗ്രാമങ്ങളുടെ വികസനംവഴി മാത്രമേ ഭാരതത്തിന് വികസിക്കാൻ കഴിയുകയുള്ളുവെന്നും ഗാന്ധിജി പ്രസ്താവിച്ചിട്ടുണ്ട്. ഈ വസ്തുത സാക്ഷാത്കരിക്കുന്നതിനുവേണ്ടി ഗ്രാമീണജനതയെ ഉണർത്തുകയും ജനാധിപത്യ സംവിധാനം ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ആയതിലേക്ക് സഹകരണ പ്രസ്ഥാനം ശക്തമാക്കുകയും ചെയ്തെങ്കിൽ മാത്രമേ നമ്മുടെ രാഷ്ട്രപിതാവിന്റെ ഈ സ്വപ്നം നമുക്ക് യാഥാർത്ഥ്യമാക്കുവാൻ പറ്റുകയുള്ളൂ.

ഈ സത്യം മുന്നിൽ കണ്ടുകൊണ്ടാകട്ടെ, എടവണ്ണ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ഇനിയുള്ള പ്രവർത്തനങ്ങൾ.

## എടവണ്ണയുടെ സഹകരണ ചരിത്രം

ഏകദേശം അയ്യായിരത്തിൽപ്പരം കുടുംബങ്ങളിലായി മുപ്പത്താറായിരത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ അമ്പത് ശതമാനത്തോളം ജനങ്ങൾ സമൂഹത്തിന്റെ താഴെകിടയിലുള്ളവരും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുമാണ്. ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിയും വിഭവസമ്പത്തും കണക്കിലെടുക്കുമ്പോൾ സഹകരണ പ്രസ്ഥാനത്തിന് വികസിക്കുവാൻ ധാരാളം സാധ്യതകളുണ്ട്. എന്നാൽ ഇത് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ലാ എന്നതാണ് ദുഃഖകരമായ സത്യം. ആകെയുള്ള ജനസംഖ്യയിൽ പത്തുശതമാനത്തോളം ജനങ്ങൾ മാത്രമേ ഇന്ന് സഹകരണ പ്രസ്ഥാനവുമായി നേരിട്ട് ബന്ധപ്പെടുന്നുള്ളു.

1904 ൽ ഇന്ത്യയിൽ സഹകരണ പ്രസ്ഥാനം ഉടലെടുത്തെങ്കിലും എടവണ്ണ പഞ്ചായത്തിൽ 1923 ലാണ് ഇതിന് തുടക്കംകുറിക്കുവാൻ സാധിച്ചത്. 12-2-1923 ന് റജിസ്റ്റർ ചെയ്ത് 19-12-1923 ന് പ്രവർത്തനമാരംഭിച്ച ചാത്തല്ലൂർ വിവിധോദ്ദേശ ഐക്യനാണയ സംഘമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘം. അന്തരിച്ച ശ്രീ. ചേലാടൻ രാമൻനായർ ആയിരുന്നു ഈ സംഘത്തിന്റെ സെക്രട്ടറി. അംഗങ്ങൾക്ക് വായ്പ നൽകുക എന്നതു മാത്രമായിരുന്നു ഈ സംഘത്തിന്റെ പ്രവർത്തനം. ഓഹരി വില ഒരു രൂപയായിരുന്ന ഈ സംഘം പഴയ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ക്ലിപ്ത ബാധ്യതയുള്ള സംഘമായിരുന്നില്ല. വളരെ ചുരുങ്ങിയ കാലം മാത്രമേ ഈ സംഘത്തിന് കാര്യമായി പ്രവർത്തിക്കുവാൻ കഴിഞ്ഞുള്ളു. ഭരണ കെടുകാര്യസ്ഥതയും സഹകരണത്തെ സംബന്ധിച്ച ബോധക്കുറുവുംമൂലം ഈ സംഘം സമാപ്തീകരിക്കേണ്ടിവന്നു.

അറുപതുകളിൽ എടവണ്ണ സർവീസ് സഹകരണസംഘം മദ്രാസ് സഹകരണ ആക്ടിൻകീഴിൽ റജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി. സമാപ്തീകരിക്കപ്പെട്ട ചാത്തല്ലൂർ വിവിധോദ്ദേശ ഐക്യ നാണയസംഘത്തിന് അന്ന് നിലവിലുണ്ടായിരുന്ന ഓഹരികൾ ഈ സംഘത്തിൽ ലയിപ്പിക്കുകയാണുണ്ടായത്. പവ്വത്തിൽ ജോസഫ് കുര്യൻ എന്ന മാന്യദേഹമാണ് ഈ സംഘത്തിൻെറ പ്രഥമ പ്രസിഡണ്ട്. എന്നാൽ 1964 ൽ ഈ സംഘം ബാങ്കിങ്ങ് റഗുലേഷൻ ആക്ടിൻെറ പരിധിയിൽ വരികയും എടവണ്ണ സർവീസ് സഹകരണ ബാങ്കായി റജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തു.

ഇതിന് ശേഷം 1980-കളിലാണ് ഇന്ന് കാണുന്ന മറ്റ് വിവിധതരം സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപം കൊണ്ടിട്ടുള്ളത്.

കാർഷികവായ്പാ മേഖലയിൽ എടവണ്ണ സർവീസ് സഹകരണ ബാങ്ക്, കാർഷികേതര വായ്പാ മേഖലയിൽ എടവണ്ണ പഞ്ചായത്ത് പട്ടികജാതി-പട്ടികവർഗ സഹകരണസംഘം എന്നീ രണ്ട് ക്രഡിറ്റ് സംഘങ്ങളും ഉപഭോക്തൃ മേഖലയിൽ വളരെ നല്ലനിലയിൽ പ്രവർത്തിക്കുന്ന എടവണ്ണ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ, ക്ഷീര വ്യവസായമേഖലയിൽ ഒതായി ക്ഷീരോല്പാദക സഹകരണസംഘം, എടവണ്ണ ക്ഷീരോല്പാദക സഹകരണസംഘം എന്നീ മൂന്ന് നോൺ ക്രഡിറ്റ് സംഘങ്ങളുമാണ് ഈ പഞ്ചായത്തിൽ നിലവിലുള്ള സഹകരണസംഘങ്ങൾ. ഇവക്ക് പുറമെ പെരകമണ്ണ ജി എം യു പി എസ്, എടവണ്ണ ഗവർമെണ്ട് ഹൈസ്കൂൾ, എടവണ്ണ ഓറിയൻറൽ ഹൈസ്കൂൾ, തുവ്വക്കാട് ജി എം യു പി എസ് എന്നീ സ്കൂൾ സൊസൈറ്റികളും പ്രവർത്തിക്കുന്നു.

പത്തപ്പിരിയം, തുവ്വക്കാട്, ചളിപ്പാടം, ഒതായി മേഖലകൾ അടിസ്ഥാനമാക്കി നാല് പാടശേഖര സംഘങ്ങൾ നിലവിലുണ്ടെങ്കിലും ഇവ സഹകരണത്തിൻെറ പരിധിയിൽ വന്നിട്ടില്ല.

യശഃശ്ശരീരനായ ചേലാടൻ രാമൻനായർ, പി വി ഷൗക്കത്തലി സാഹിബ്, പി സീതിഹാജി, എം വി ശേഖരവാര്യർ തുടങ്ങിയ മാന്യ വ്യക്തികളും പവ്വത്തിൽ ജോസഫ് കുര്യൻ, സി കെ മുഹമ്മദ് എന്ന ബാപ്പുട്ടി, വി ഇ വീരാൻകുട്ടി, പി എ മുഹമ്മദ്, വി പി മരയ്ക്കാർ, പി കെ കുഞ്ഞഹമ്മദ്കുട്ടി ഹാജി, പി കെ മുഹമ്മദ് ബഷീർ, ടി പി മുഹമ്മദ്, പി കെ മുഹമ്മദ് അബ്ദുൾഖാദർ മാസ്റ്റർ, കെ എം എ റഹ്മാൻ, എ അബ്ദുള്ള, പി കെ ഗഫൂർ, കെ ഉമ്മർഹാജി തുടങ്ങിയവരും ഈ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിൻെറ പുരോഗതിക്ക് കാര്യമായ പങ്കുവഹിച്ചിട്ടുള്ളവരാണ്. പി വി അബ്ദുൾ ലത്തീഫ്, പി പി ദാമോദരൻ, മദാരി കരീം, സി പി മൂസ, വി പി മത്തായി മാസ്റ്റർ, കെ എം മുസ്തഫ, പി ടി അബ്ദുറഹിമാൻ, പി സി സുലൈമാൻ മദനി, പി കെ ഷംസുദ്ദീൻ, ടി അബ്ദുസലാം, പി കെ അലവിക്കുട്ടി, എ റഷീദ, യു വി കെ വൈദ്യർ, ഉമ്മർഹാജി, ടി കെ ഹുസൈൻ തുടങ്ങിയവരാണ് പഞ്ചായത്തിൽ ഇന്ന് രംഗത്തുള്ള പ്രമുഖ സഹകാരികൾ.

## നിലവിലുള്ള സംഘങ്ങൾ

1. എടവണ്ണ സർവീസ് സഹകരണ ബാങ്ക്:- കാർഷിക വായ്പാ മേഖലയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക വായ്പാ സഹകരണസംഘമാണ് എടവണ്ണ സർവീസ് സഹകരണ ബാങ്ക്. 'ബി' ക്ലാസ് പട്ടികയിൽപ്പെടുന്ന ഈ ബാങ്കിൻെറ അംഗീകൃതമൂലധനം 12 ലക്ഷം രൂപയും അടച്ചുതീർത്ത മൂലധനം 8.25 ലക്ഷം രൂപയും ആണ്. 30-6-96 ന് അവസാനിക്കുന്ന സഹകരണ വർഷത്തിൽ ഈ സംഘം 83 ലക്ഷം രൂപ നിക്ഷേപമായി സ്വീകരിക്കുകയും ഒരുകോടിയോളം രൂപ വായ്പയായി നൽകുകയും ചെയ്തിട്ടുണ്ട്.

1979 ൽ അന്നത്തെ സഹകരണ മന്ത്രിയായിരുന്ന ശ്രീ. ബേബി ജോൺ ഉദ്ഘാടനം ചെയ്ത സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഈ ബാങ്ക് ഇന്ന് കെട്ടിടത്തിൻെറ ബലക്ഷയംമൂലവും കുടുതൽ സൗകര്യപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ടിയും എടവണ്ണയുടെ ഹൃദയ ഭാഗത്തു തന്നെയുള്ള വാടക കെട്ടിടത്തിലേക്ക് മാറ്റുകയുണ്ടായി.

1970 കാലഘട്ടത്തിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ ഒരു ലക്ഷത്തി എൺപതിനായിരം രൂപ കുടിശ്ശിക ആയതിൻെറ പേരിൽ പ്രവർത്തനം വളരെ ശോചനീയമായ നിലയിലായിരുന്നു. എന്നാൽ 1976 ൽ മുൻ പ്രസിഡണ്ട് ശ്രീ. പി കെ കുഞ്ഞഹമ്മദ്കുട്ടി ഹാജിയുടെയും മർഹൂം പി സീതിഹാജിയുടെയും പരിശ്രമഫലമായി ജില്ലാ ബേങ്കിൽ നിന്നും കൂടുതൽ വായ്പകൾ തരപ്പെടുത്തിയും 1980 ൽ നിലവിൽ വന്ന സർകാരിൻെറ പലിശ ഇളവ് സ്കീം പ്രയോജനപ്പെടുത്തിയും ഈ ദുരവസ്ഥ തരണം ചെയ്യുകയും പിന്നീട് വന്ന ഭരണസമിതികളുടെ നേതൃത്വത്തിൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തുകവഴി ഈ ബാങ്ക് പുരോഗതിയിലേക്ക് കുതിക്കുകയും ഇന്നുള്ള നിലയിൽ എത്തുകയും ചെയ്തു.

## പരിമിതികൾ

അയ്യായിരത്തിൽപരം കുടുംബങ്ങളിലായി 36000 ത്തോളം ജനസംഖ്യയുള്ള പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയുള്ള ഈ ബാങ്കിന് ഏതാണ്ട് ആയിരം കുടുംബങ്ങളിലായി മൂവായിരത്തോളം അംഗങ്ങളെ മാത്രമേ മെമ്പർമാരാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. മെമ്പർമാർ പ്രധാനമായും ഒതായി, എടവണ്ണ, പത്തപ്പിരിയം എന്നീ വാർഡുകളിൽ നിന്നുള്ളവരാണ്. തുവ്വക്കാട്, പന്നിപ്പാറ, പാലപ്പറ്റ, ഏഴുകളരി തുടങ്ങിയ വാർഡുകളിൽ നിന്നും പ്രാതിനിധ്യം വളരെ പരിമിതമാണ്.

ബാങ്ക് നൽകുന്ന വായ്പകൾ അധികവും കാർഷിക അഭിവൃദ്ധിക്കുവേണ്ടിയുള്ളവയാണെങ്കിലും കാർഷികേതര വായ്പകളും കാര്യമായി നൽകിവരുന്നുണ്ട്. കാർഷിക വായ്പകൾ യഥാർഥ ആവശ്യങ്ങൾക്ക് ഉപയോഗിക്കാത്തതുകാരണം ഈ രംഗത്ത് വേണ്ടവിധം അഭിവൃദ്ധിയുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. തൻമൂലം വായ്പകൾ അധികവും പ്രത്യുല്പാദനപരമല്ലാതാവുന്നു.

ഈ പഞ്ചായത്തിൽ നിന്ന് വളരെ അധികം ആളുകൾ ഗൾഫ് മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. സർകാരിൻെറയും റിസർവ് ബാങ്കിൻെറയും നിയമപരമായ വിലക്കുകൾമൂലം എൻ ആർ ഇ പോലുള്ള നിക്ഷേപം സ്വീകരിക്കാൻ ഈ ബാങ്കിന് സാധിക്കുന്നില്ല. ഇത് തരണം

ചെയ്യാൻ കഴിഞ്ഞാൽ നിക്ഷേരംഗത്ത് ഒരു വൻ കുതിച്ചുകയറ്റം തന്നെ നടത്താൻ ബാങ്കിന് കഴിയുന്നതാണ്.

## പരിഹാര നിർദേശങ്ങൾ

1. വായ്പകളുടെ തിരിച്ചടവ് കൂടുതൽ കാര്യക്ഷമമാക്കുക. 2. വ്യാപകമായ മെമ്പർഷിപ്പ് കേമ്പയിനുകൾ സംഘടിപ്പിച്ച് പഞ്ചായത്തിലെ എല്ലാ ജനങ്ങളെയും ഈ സംഘത്തിന്റെ പ്രവർത്തനത്തിൽ ഭാഗഭാക്കാക്കുക. 3. ബാങ്ക് നൽകുന്ന വായ്പകൾ ശരിയായ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പ് വരുത്തുക. 4. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ലഘൂകരിച്ചുകൊണ്ട് പ്രാഥമിക സഹകരണ ബേങ്കുകളിൽ എൻ ആർ ഇ അക്കൗണ്ടുകൾ തുടങ്ങുന്നതിനുള്ള സംവിധാനമുണ്ടാക്കുക. 5. നിലവിലുള്ള ഓഹരിവില കാലോചിതമായി വർധിപ്പിക്കുക. 6. ഓഹരിയിനത്തിൽ ബാങ്കിന് സർകാരിൽ നിന്നും അമ്പതിനായിരം രൂപ ലഭിക്കാനുണ്ട്. മെമ്പർഷിപ്പ് കൂടുതൽ വ്യാപിപ്പിച്ചുകൊണ്ട് ഈ തുക ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക. 7. വീടുകളിൽ ഹുണ്ടികപ്പെട്ടി (ഹോം സെയ്ഫ് ഡെപ്പോസിറ്റ്) നൽകിക്കൊണ്ട് ചെറിയ ചെറിയ സമ്പാദ്യങ്ങൾ സ്വീകരിച്ച് നിക്ഷേപം വിപുലപ്പെടുത്തുകയും തദ്വാരാ ഈ പഞ്ചായത്തിലെ സാധാരണ ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുകയും ചെയ്യുക 8. ഡെപ്പോസിറ്റ് ലിങ്ക്ഡ് ഹൗസിങ്ങ് സ്കീം:- തൊഴിലെടുത്ത് ജീവിക്കുന്ന സ്ഥിര വരുമാനക്കാരായ ചെറുപ്പക്കാരിൽ നിന്നും ഒരു നിശ്ചിത തുക ആവർത്തന നിക്ഷേപമായി സ്വീകരിക്കുകയും ഒരു നിശ്ചിത കാലയളവിന് ശേഷം (അഞ്ചുവർഷമോ പത്തുവർഷമോ കഴിഞ്ഞ്) ഇവർക്ക് നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വീട് വെക്കുന്നതിന് മിതമായ പലിശനിരക്കിൽ വായ്പകൾ നൽകുകയും ചെയ്യുക. ഇതുവഴി ഈ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയുന്നതാണ്. 9. ജില്ലാ ബേങ്കിന്റെ വായ്പാ നയം ലഘൂകരിക്കുന്നതിനു വേണ്ടി സർകാരിൽ നിന്ന് നടപടിയുണ്ടാവുക.

സഹകരണ തത്വങ്ങൾക്കധിഷ്ഠിതമായി ചിട്ടയായും ക്രമമായുമുള്ള പ്രവർത്തനംവഴി ബാങ്കിനെ എടവണ്ണയിലെ ഒരു നാഴികക്കല്ലായി മാറ്റാൻ കഴിയുന്നതാണ്.

II എടവണ്ണ എംപ്ലോയിസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ:- 1983 ജൂലൈ 4 ന് രജിസ്റ്റർ ചെയ്ത് 8-ാം തീയതി ഉദ്ഘാടനം ചെയ്യുകയും 9-ാം തീയതി പതിനായിരത്തി അറുനൂറ് രൂപകൊണ്ട് വ്യാപാരം ആരംഭിക്കുകയും ചെയ്ത ഈ സ്ഥാപനം കഴിഞ്ഞ സഹകരണ വർഷത്തിൽ മുക്കാൽകോടിയോളം രൂപ വിറ്റുവരവുള്ള ഒരു സ്ഥാപനമാക്കി മാറ്റാൻ കഴിഞ്ഞു എന്നുള്ളത് എടവണ്ണ പഞ്ചായത്തിനെ സംബന്ധിച്ച് വളരെ അഭിമാനാർഹമാണ്. സ്വന്തം കൃത്യാന്തരബാഹുല്യങ്ങൾക്കിടയിലും പരമാവധി സമയം കണ്ടെത്തി കഠിനാദ്ധ്വാനം ചെയ്തുകൊണ്ട് യശഃശ്ശരീരനായ ശ്രീ. എം വി ശേഖരവാര്യർ ചീഫ് പ്രമോട്ടറായി ഈ സംഘം രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായി. അദ്ദേഹത്തെക്കൂടാതെ പി പി ദാമോദരൻ, കെ കുഞ്ഞിക്കണ്ണൻ, സി പി മൂസ, ടി പി വീരാൻകുട്ടി, ടി അബ്ബാസ്, എൻ സി ജബ്ബാർ, പി കെ അബ്ദുൾഖാദർ, കെ എം എ റഹ്മാൻ എന്നിവരാണ് പ്രാഥമിക ഭരണസമിതിയിലുണ്ടായിരുന്നത്.

പ്രാരംഭകാലങ്ങളിൽ ആവശ്യമായ പങ്കിന്റെ അപര്യാപ്തതയും പ്രവർത്തനത്തിന്റെ പരിചയക്കുറവുംമൂലം ഇതിന്റെ പ്രവർത്തനം മന്ദീഭവിച്ചിരുന്നുവെങ്കിലും ചിട്ടയായ പ്രവർത്തനവും കാര്യക്ഷമമായ മേൽനോട്ടവുംമൂലം ഈ പഞ്ചായത്തിലെ ലാഭത്തിൽ പ്രവർത്തിക്കുന്ന ഏക സഹകരണ സ്ഥാപനം എന്നു മാത്രമല്ല, കേരളത്തിലെ തന്നെ ഒന്നാംകിട കൺസ്യൂമർ സ്റ്റോറായി ഇതിനെ വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

30-6-96 ന് അവസാനിക്കുന്ന സഹകരണ വർഷത്തിൽ സ്റ്റോറിന്റെ അംഗീകൃത മൂലധനം രണ്ട്ലക്ഷത്തി എഴുപതിനായിരം രൂപയും അടച്ചുതീർത്ത മൂലധനം ഒരു ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി അഞ്ഞൂറ് രൂപയുമാണ്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ നിന്നും രണ്ട് ലക്ഷം രൂപ കേഷ് ക്രഡിറ്റ് ലോണും ഇന്ന് നിലവിലുണ്ട്. പിരിഞ്ഞുകിട്ടിയ മൂലധനത്തിൽ ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപ കേന്ദ്ര-സംസ്ഥാന സർകാരുകളുടെ ഓഹരി മൂലധന നിക്ഷേപമാണ്.

പ്രാരംഭത്തിൽ പത്തുറുപ്പികയുണ്ടായിരുന്ന 'എ' ക്ലാസ് ഓഹരിവില ഇന്ന് 25 രൂപയായി ഉയർത്തിയിട്ടുണ്ട്. 151 അംഗങ്ങളുമായി തുടങ്ങിയ സംഘത്തിൽ ഇന്ന് പഞ്ചായത്തിൽ മൊത്തംവരുന്ന അറുനൂറിലേറെ ഉദ്യോഗസ്ഥന്മാരിൽ മുന്നൂറ്റി അമ്പതിലേറെപേർ 'എ' ക്ലാസ് അംഗങ്ങളായി നിലവിലുണ്ട്. എടവണ്ണയിലുള്ള മെയിൻ സ്റ്റോർ കൂടാതെ പത്തപ്പിരിയം, കുണ്ടുതോട് എന്നിവിടങ്ങളിൽ രണ്ട് ബ്രാഞ്ചുകളും വിജയകരമായി പ്രവർത്തിക്കുന്നു.

എടവണ്ണ പഞ്ചായത്തിലെ സ്ഥിരം വരുമാനക്കാരായ ഉദ്യോഗസ്ഥന്മാരെയും സാധാരണ ജനങ്ങളെയും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുന്നതിനും ഗുണനിലവാരമുള്ള നിത്യോപയോഗ സാധനങ്ങൾ പൊതുജനങ്ങൾക്ക് മിതമായ വിലയിൽ ലഭ്യമാക്കുന്നതിനും എടവണ്ണയിലെ പൊതുമാർക്കറ്റിലെ വിലനിവാരം പിടിച്ചുനിർത്തുന്നതിനും സ്റ്റോറിന് കഴിയുന്നു.

## പരിമിതികൾ

1. അംഗങ്ങൾക്ക് കടമായി നൽകുന്ന സാധനങ്ങളുടെ വില അതാത് മാസങ്ങളിൽ തിരിച്ചടക്കുന്നത് തൃപ്തികരമല്ല. ഇത് ഫലപ്രദമായി നടപ്പിലായാൽ ജില്ലാ ബാങ്കിൽ നിന്നുള്ള കേഷ് ക്രഡിറ്റ് ലോൺ ഇല്ലാതാക്കാനും തന്മൂലം സ്റ്റോറിന് പലിശയിനത്തിൽ കൊടുക്കേണ്ടിവരുന്ന ഭീമമായ തുക ലാഭിക്കാൻ കഴിയുന്നതുമാണ്. 2. എടവണ്ണ പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയാണെങ്കിലും സ്റ്റോറിന്റെ പ്രവർത്തനങ്ങൾ മുഴുവൻ ഭാഗത്തേക്കും വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. 3. സംഘത്തിന് വാടകയിനത്തിൽ ഭീമമായ തുക ഒരോ വർഷവും ചെലവഴിക്കേണ്ടി വരുന്നു. ഇത് സംഘത്തെ പ്രതികൂലമായി ബാധിക്കുന്നു. 4. സാധനങ്ങൾ മൊത്തവ്യാപാര സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുമ്പോൾ ബില്ലുകളും കണക്കുകളും കൃത്യമായി കാണിക്കുകവഴി വില്പന നികുതിയിനത്തിൽ നല്ലൊരു തുക ചെലവഴിക്കേണ്ടിവരുന്നു. എന്നാൽ സ്വകാര്യ കച്ചവടക്കാർ ബില്ലും കൃത്യമായ സ്റ്റോക്കും ഇല്ലാതെ കച്ചവടം ചെയ്യുമ്പോൾ വില്പന നികുതി വെട്ടിപ്പ് നടത്തുന്നതുമൂലം പൊതുമാർക്കറ്റിൽ സ്വകാര്യ കച്ചവടക്കാരു

മായി കടുത്ത മത്സരത്തെ നേരിടേണ്ടിവരികയും സ്റ്റോറിന്റെ ആദായം നാമമാത്രമായിപോവുകയും ഈ രംഗത്ത് പിടിച്ചുനിൽക്കാൻ ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്നു. 5. നാൽപ്പതിനായിരം രൂപക്കുമേൽ അറ്റാദായമുള്ള സഹകരണ സ്ഥാപനങ്ങൾ ആദായനികുതിയിനത്തിലും നല്ലൊരു തുക നൽകേണ്ടിവരുന്നു. 6. ഒരു മാസത്തേക്ക് പ്രതീക്ഷിക്കുന്ന പർച്ചേയ്സ് തുക ഡെപ്പോസിറ്റായി കിട്ടി വെക്കേണ്ടിവരുന്നതിനാൽ ക്രഡിറ്റ് വ്യവസ്ഥ പൊതുജനങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.

### പരിഹാര നിർദേശങ്ങൾ

1. അംഗങ്ങളുടെ കടം തിരിച്ചടവ് തൃപ്തികരമാക്കുന്നതിന് ഭരണസമിതിയും ജീവനക്കാരും ഏകോപിച്ച് കൂട്ടായ പ്രവർത്തനം ഉണ്ടാവേണ്ടതാണ്. 2. സംഘത്തിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്ത് മുഴുവനും വ്യാപിപ്പിക്കുന്നതിന് ഒതായിയിൽ അടിയന്തരമായും ക്രമേണ പന്നിപ്പാറയിലും ഓരോ ബ്രാഞ്ചുകൾ തുടങ്ങുക. 3. ജനോപകാരപ്രദമായ കൺസ്യൂമർ സ്റ്റോറുകൾ പോലുള്ള സ്ഥാപനങ്ങൾക്ക് ചുരുങ്ങിയ വാടകയിൽ പ്രവർത്തിക്കുവാൻ കഴിയുംവിധം സൗകര്യമുള്ള സ്ഥലങ്ങളിൽ പഞ്ചായത്ത് വക കെട്ടിടങ്ങൾ നിർമ്മിച്ചു നൽകിയാൽ വാടകയിനത്തിൽ നഷ്ടമാകുന്ന ഭീമമായ തുക ഉപയോഗിച്ചുകൊണ്ട് പൊതുജനങ്ങൾക്ക് ഇന്നുള്ള വിലയിലും കുറെക്കൂടി കുറച്ച് സാധനങ്ങൾ ലഭ്യമാക്കുവാനും സാധിക്കുന്നതാണ്. 4. സർവീസ് മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സഹകരണസ്ഥാപനങ്ങളെ വിൽപന നികുതിയിൽ നിന്നും ആദായ നികുതിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്. 5. പൊതുജനങ്ങൾക്ക് സ്റ്റോറിലെ രണ്ട് 'എ' ക്ലാസ് അംഗങ്ങളുടെ ജാമ്യത്തിൽ സാധനങ്ങൾ കടമായി കൊടുക്കേണ്ടതാണ്. 6. സാധനങ്ങൾ വാങ്ങുമ്പോൾ നിശ്ചിത സംഖ്യ നിശ്ചയിച്ചുകൊണ്ട് കിഴിവുകൾ നൽകി വിൽപന കൂട്ടാവുന്നതാണ്. ട്രേഡ് ഡെപ്പോസിറ്റ് സ്വീകരിച്ചുകൊണ്ട് ആവശ്യക്കാർക്ക് സാധനങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കാവുന്നതാണ്. 7. കേടു വരാത്തതും നശിച്ചുപോകാത്തതുമായ അലൂമിയം, ഹാർഡ്വേയ്സ് തുടങ്ങിയവകൂടി വ്യാപാര ഇനങ്ങളിൽപെടുത്തി സ്ഥാപനത്തിന്റെ സ്ഥിരത ഉറപ്പ് വരുത്താവുന്നതാണ്.

III എടവണ്ണ പഞ്ചായത്ത് പട്ടികജാതി-പട്ടികവർഗ സർവീസ് സഹകരണസംഘം:-

ഏറെ പ്രതീക്ഷകളോടെ എടവണ്ണ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗക്കാരുടെ സർവതോന്മുഖമായ ഉന്നമനം ലക്ഷ്യമാക്കി 1985 ൽ ആരംഭിച്ച ഈ സംഘത്തിൽ മൊത്തം 359 അംഗങ്ങളുണ്ടെങ്കിലും 50 പേർക്കു പോലും സംഘത്തിന്റെ പ്രയോജനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല എന്നതു ഖേദകരമായ വസ്തുതയാണ്. സംഘത്തിന്റെ പിരിഞ്ഞുകിട്ടിയ മൂലധനം 4874 രൂപ 50 പൈസ മാത്രമാണ്. സർകാർ ഓഹരിയായി 25000 രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക മുഴുവൻ വായ്പയായി നൽകിയെങ്കിലും ഒരു പൈസപോലും തിരിച്ചടവുണ്ടായിട്ടില്ല. സർകാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചും ഇതിന്റെ ലക്ഷ്യത്തെ സംബന്ധിച്ചും വ്യക്തമായ ബോധമില്ലായ്മ സംഘത്തെ തളർത്തിയിട്ടുണ്ട്. ലക്ഷങ്ങൾ വിലയുള്ള ട്രാക്ടർ സബ്സിഡിയായി സംഘത്തിന് കിട്ടിയെങ്കിലും അതുപയോഗിച്ച് ഇതിലെ മെമ്പർമാർക്കോ സംഘത്തിനോ പ്രയോജനപ്രദമായി ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്ന് മാത്രമല്ല, ട്രാക്ടർ മണ്ണരിച്ച് കിടക്കാൻ തുടങ്ങിയിട്ട് നാളുകളേറെ ആവുകയും ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ ഇത്തരത്തിലുള്ള വിലപ്പെട്ട സ്വത്തുക്കൾ നശിച്ചുപോകാനിടയായാൽ അതിന്റെ ഉത്തരവാദിത്തം എഴുപത്തഞ്ചു ശതമാനം സെക്രട്ടരിക്കും ഇരുപത്തഞ്ചു ശതമാനം അതാത് കാലങ്ങളിലെ ഭരണസമിതി അംഗങ്ങൾക്കും ബധ്യതപ്പെടുത്തി ഈ നഷ്ടം അവരിൽ നിന്നും ഈടാക്കേണ്ടതാണ്.

സംഘം മെമ്പർമാർക്ക് കുട്ട, വട്ടി, പായ്, പനമ്പ് എന്നീ കുടിൽ വ്യവസായ സാമഗ്രികൾ നിർമ്മിക്കുന്നതിന് ലോൺ കൊടുക്കുകയും ഈ ലോൺ ഉദ്ദേശിച്ച കാര്യങ്ങൾക്ക് വിനിയോഗിക്കാതെ പാഴാക്കി കളയുകയും ചെയ്യുന്നതിനാൽ തിരിച്ചടവ് വരുന്നില്ല. ഈ തുക ഈടാക്കാൻ നിർവാഹവുമില്ല. ഭരണകെടുകാര്യസ്ഥതമൂലം തകരാറിലായ ഈ സംഘത്തെ പുനരുജ്ജീവിപ്പിച്ച് ഈ പഞ്ചായത്തിലെ എല്ലാ പട്ടികജാതി-പട്ടിവർഗക്കാർക്കും ഉപയോഗപ്രദമായ രീതിയിൽ മേൽപ്പറഞ്ഞ പരമ്പരാഗത കുടിൽ വ്യവസായങ്ങൾ തുടങ്ങാൻ കാശുകൊടുക്കുന്നതിന് പകരം സംഘം വഴി അസംസ്കൃത സാധനങ്ങൾ തന്നെ എത്തിച്ചുകൊടുക്കുകയും അവർ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ ന്യായവിലക്ക് സംഘം വാങ്ങി വിപണനം നടത്തുകയും ഇതിൽ നിന്നുണ്ടാകുന്ന ലാഭവിഹിതം മെമ്പർമാർക്ക് നൽകുകയും ചെയ്താൽ ഈ മേഖലയിൽ കാര്യമായ പുരോഗതി ഉണ്ടാക്കാവുന്നതാണ്.

അന്നന്നുണ്ടാകുന്ന നീക്കിയിരിപ്പ് കൃത്യമായി സഹകരണ ബാങ്കിലടക്കുകയും അടയ്ക്കുന്നുവെന്ന് ഭരണസമിതി ഉറപ്പ് വരുത്തുകയും വേണം. ഇക്കാര്യങ്ങളിൽ പട്ടികജാതി-പട്ടികവർഗങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ ബോധവല്ക്കരണം അനിവാര്യമാണ്.

IV ഒതായി ക്ഷീരോല്പാദക സഹകരണസംഘം:- 1980-85 കാലഘട്ടങ്ങളിൽ ആരംഭിച്ച ഈ സംഘത്തിന്റെ പ്രവർത്തനം വളരെ മോശമായ നിലയിലാണ്, ശ്രീ. പി എ മുഹമ്മദായിരുന്നു ചീഫ് പ്രമോട്ടർ. ടി അബ്ദുൾ സലാം, പി കെ അലവിക്കുട്ടി, കടുങ്ങാഞ്ചേരി ഉമ്മർ, പി കെ ഗഫൂർ എന്നിവരും സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് കാര്യമായ സംഭാവനകൾ നൽകിയവരാണ്. സർകാരിന്റെയും മിൽമയുടെയും നിബന്ധകൾ പാലിച്ച് പാലിന്റെ ഗുണനിലവാരം പരിശോധിച്ച് കറവക്കാർക്ക് മെച്ചപ്പെട്ട വിലയും കാലിത്തീറ്റ തുടങ്ങിയവയും എത്തിച്ചുകൊടുക്കുകയും ചെയ്താൽ പശുവളർത്തലിന് വളരെ അനുകൂലമായ സാഹചര്യമുള്ള ഈ പഞ്ചായത്തിലെ ഈ സംഘം നല്ല നിലയിലാക്കി എടുക്കാൻ കഴിയുന്നതാണ്.

V എടവണ്ണ ക്ഷീരോല്പാദക സഹകരണസംഘം:- 1984 ൽ രജിസ്റ്റർ ചെയ്ത ഈ സംഘം പ്രാരംഭ പൊതുയോഗം പോലും കൂടാതെ സമാപ്തീകരണത്തിന്റെ വക്കിലെത്തിയ ഒരു സംഘമാണ്.

### പൊതുനിർദേശങ്ങൾ

1. രാഷ്ട്രീയാതിപ്രസരംമൂലം സഹകരണ സംഘങ്ങ

ളുടെ പ്രവർത്തനത്തിൽ അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട സഹകരണ തത്വങ്ങൾപോലും ബലികഴിക്കപ്പെടുകയാണ്. തന്മൂലം സഹകരണ സംഘങ്ങളിൽ അംഗത്വം ലഭിക്കുക വളരെ ബുദ്ധിമുട്ടുള്ളതായി തീർന്നിരിക്കുന്നു. ആകയാൽ പഞ്ചായത്തിലെ അർഹരായ മുഴുവൻ ജനങ്ങളെയും ഈ പ്രസ്ഥാനത്തിൽ അണിനിരത്താൻ കഴിയുന്നില്ല.

നിലവിലുള്ള സാഹചര്യത്തിൽ സഹകരണസംഘങ്ങൾ രാഷ്ട്രീയ വിമുക്തമാക്കുക ബുദ്ധിമുട്ടുള്ള കാര്യമാകയാൽ ഭരണസമിതി അംഗങ്ങൾ എതിർ രാഷ്ട്രീയ കക്ഷികളിൽ പെട്ടവർക്ക് അംഗത്വം ലഭിക്കുന്നതിന് പകരം തങ്ങളുടെ നിലനിൽപ്പ് ഭദ്രമാക്കിക്കൊണ്ട് തന്നെ മറ്റുള്ളവർക്ക് അംഗത്വം നൽകിക്കൊണ്ട് മത്സരബുദ്ധിയോടുകൂടി സ്ഥാപനത്തിൻെറ ലക്ഷ്യവും താൽപര്യവും സംരക്ഷിക്കാൻ സന്മനസ്സ് കാണിച്ചാൽ പഞ്ചായത്തിലെ അർഹരായ എല്ലാ ആളുകളെയും സഹകരണ മേഖലയിൽ കൊണ്ടുവരാൻ കഴിയുന്നതാണ്. 2. ഈ പഞ്ചായത്തിലെ സംഘങ്ങളുടെ തകർച്ചക്ക് കാരണം മുഖ്യമായും ഭരണ കെടുകാര്യസ്ഥതയാണ്. അതിനൊരു പരിഹാരമായി ഈ പഞ്ചായത്തിലെ സഹകരണസംഘങ്ങൾ പഞ്ചായത്ത് ബോഡിൻെറ നിയന്ത്രണത്തിലുംബ മേൽനോട്ടത്തിലും വരുത്തിയാൽ ഇവയുടെ പ്രവർത്തനം വിലയിരുത്താനും പൊതുജനങ്ങളിൽ നിന്ന് പരാതികൾ സ്വീകരിച്ച് പരിഹാരം കാണാനും കഴിയുന്നതാണ്. ഇതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു സ്റ്റിയറിങ്ങ് കമ്മറ്റി രൂപീകരിക്കാവുന്നതാണ്.

12 വാർഡിൽ നിന്നുള്ള മെമ്പർമാരും ഓരോ വാർഡിൽ നിന്ന് മൂന്നുപേർ വീതവും (ഇതിൽ വനിതാ സംവരണ വാർഡുകൾ ഒഴികെയുള്ള വാർഡിൽ നിന്ന് ഓരോ വനിതകളാവണം) സംസ്ഥാന സഹകരണ വകുപ്പിൽ നിന്ന് രണ്ട് പ്രതിനിധികളും അടക്കം 50 പേർ അടങ്ങുന്ന ഒരു ജനറൽ കമ്മിറ്റിയിൽ നിന്നാവണം 15 പേർ അടങ്ങുന്ന സ്റ്റിയറിങ്ങ് കമ്മിറ്റിയെ തെരഞ്ഞെടുക്കേണ്ടത്. ഈ സ്റ്റിയറിങ്ങ് കമ്മറ്റിയിൽ നിന്ന് 5 മപർ അടങ്ങുന്ന ഒരു വിജിലൻസ് കമ്മറ്റി (ഇതിൽ ഒരു സഹകരണ വകുപ്പ് പ്രതിനിധി ഉണ്ടാവണം) യെയും തെരഞ്ഞെടുക്കേണ്ടതാണ്. ഈ അഞ്ചുപേരും പ്രത്യക്ഷമായി രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കാത്ത നിഷ്പക്ഷമതികളായിരിക്കണം. ഈ കമ്മിറ്റിക്ക് സംഘങ്ങളുടെ രേഖകൾ പരിശോധിക്കുന്നതിനും തകരാറുകൾ കാണുന്നപക്ഷം യുക്തമായ നടപടികൾക്ക് ശുപാർശ ചെയ്യാനുള്ള അധികാരം ഉണ്ടായിരിക്കേണ്ടതുമാണ്. ആയതിന് ആവശ്യമെങ്കിൽ നിലവിലുള്ള നിയമങ്ങൾ ഭേദഗതി വരുത്തുകയോ പുതിയ നിയമ നിർദേശങ്ങൾ ഉണ്ടാക്കുകയോ ചെയ്യേണ്ടതാണ്. 3. ഏതെങ്കിലും വിധത്തിൽ സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കപ്പെടുന്ന ഓരോ വ്യക്തിയെയും അവരുമായി ബന്ധപ്പെട്ട സഹകരണസംഘങ്ങളിൽ അംഗത്വം എടുപ്പിക്കേണ്ടതാണ്. 4. കൃഷിഭവൻ മുഖേന സബ്സിഡിയോടുകൂടി കർഷകർക്ക് നൽകുന്ന രാസവളങ്ങൾ ഇന്ന് സ്വകാര്യ വ്യക്തികൾ മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. തന്മൂലം ഇത്തരം വ്യക്തികൾ ലാഭമുണ്ടാക്കുകയും പലപ്പോഴും വളം വാങ്ങാതെ ആനുകൂല്യം ദുരുപയോഗം ചെയ്യുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത് സഹകരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയാൽ ഇത്തരത്തിലുള്ള ദുരുപയോഗം ഫലപ്രദമായി തടയാൻ കഴിയുന്നതാണ്. 5 സർക്കാർ സഹായത്തോടെ കർഷകർക്ക് നൽകുന്ന വളർത്തുമൃഗങ്ങളുടെ ഇൻഷുറൻസ് ഇന്ന് സ്വകാര്യ സ്ഥാപനങ്ങൾ വഴിയാണ് ചെയ്തുവരുന്നത്. ഇത് സഹകരണ ബേങ്കുകൾ വഴി നടത്തിയാൽ സഹകരണരംഗത്തെ പരിപോഷിപ്പിക്കുവാൻ കഴിയുന്നതാണ്. 6. പഞ്ചായത്ത് വക ഫണ്ടുകളുടെ വിനിയോഗം,സഹകരണ ബാങ്ക് അക്കൗണ്ട് വഴി നിർവഹിക്കേണ്ടതാണ്. 7. ചിട്ടി നടത്തുന്ന സഹകരണ സ്ഥാപനങ്ങൾക്ക് കെട്ടിവെക്കേണ്ട തുക ചുരുക്കിക്കൊണ്ട് ഫലപ്രദമായ രീതിയിൽ ചിട്ടി നടത്താനുള്ള വ്യവസ്ഥകൾ ഉദാരമാക്കുക.

### പുതിയ സംഘങ്ങൾക്കുള്ള സാധ്യതകൾ

1. എടവണ്ണ പഞ്ചായത്ത് കാർഷിക ഉല്പാദക-വിപണനസംഘം:- തൊണ്ണൂറ് ശതമാനത്തിൽ കൂടുതലും കാർഷികവൃത്തിയിൽ ജീവിക്കുന്ന ജനങ്ങളുള്ള ഈ പഞ്ചായത്തിൽ കാർഷിക വിളകൾ സുലഭമായി ലഭിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ കാർഷികോല്പാദനം വർധിപ്പിക്കുവാനും കർഷകർക്ക് കാർഷികപരമായ അറിവുകൾ ലഭ്യമാക്കുവാനും കാർഷിക ഉപകരണങ്ങൾ, വിത്ത്, വളം, കീടനാശിനികൾ മുതലായവ മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനും അവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സംഘം മുഖേന വിറ്റഴിച്ച് കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുവാനും കാർഷികരംഗത്ത് ഈ പഞ്ചായത്തിന് ഒരു പരിധിവരെ സ്വയം പര്യപ്തത നേടുവാനും ഈ സംഘത്തിൻെറ രൂപീകരണംവഴി സാധിക്കുന്നതാണ്. ഇതിൻെറ ഫലമായി കർഷകൻെറ പ്രതിശീർഷ വരുമാനം കൂട്ടാനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും കഴിയും.

റബ്ബർ ഒഴികെയുള്ള എല്ലാ കാർഷിക വിളകളും ഇവിടെ സ്വീകരിക്കേണ്ടതും പ്രാദേശികമായി വിൽപന കഴിഞ്ഞ് ബാക്കി വരുന്നത് സംസ്കരിച്ചോ അല്ലായെയോ യുക്തമായ കേന്ദ്രങ്ങളിൽ ഇടനിലക്കാരില്ലാതെ വിറ്റഴിച്ച് കർഷകർക്ക് ന്യായമായ വില ലഭ്യമാക്കാവുന്നതാണ്. സീസണൽ ക്രോപ്പായ കശുവണ്ടി മുതലായ സാധനങ്ങൾ അതാത് സീസണുകളിൽ പ്രാദേശികമായി കലക്ഷൻ ഡിപ്പോൾ തുറന്ന് സംഭവിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതുമാണ്.

2. എടവണ്ണ പഞ്ചായത്ത് റബ്ബർ ഉല്പദക വിപണന സംഘം:- എടവണ്ണ പഞ്ചായത്തിൻെറ വിസ്തൃതിയിൽ മുപ്പത്തഞ്ച് ശതമാനത്തോളം പ്രദേശത്ത് മുഖ്യമായും റബ്ബർ കൃഷി നടത്തിവരുന്നു. റബ്ബർ കർഷകന് സമയാസമയത്ത് സാങ്കേതിക ഉപദേശങ്ങൾ നൽകാനും റബ്ബർ കുരു, റബ്ബർ തൈ, ചില്ല്, ചിട്ട, കമ്പി, റബ്ബർകോട്ട്, വളം എന്നിവ ലഭ്യമാക്കാനും കർഷകൻ ഉല്പാദിപ്പിക്കുന്ന റബ്ബർ ന്യായമായ വില നൽകി സംഭരിച്ച് സമസ്ഥാന റബ്ബർ മാർക്കറ്റിങ്ങ് ഫെഡറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ വഴി വിപണനം നടത്താനും ഈ സംഘം മുഖേന സാധിക്കുന്നതാണ്. കാര്യക്ഷമമായി പ്രാവർത്തികമാക്കാൻ കഴിഞ്ഞാൽ ഇതിൻെറ കീഴിൽ റബ്ബർ ബാൻറ്, റബ്ബർ

നൂൽ, ബലൂൺ, വിരലുറ തുടങ്ങിയ റബ്ബർ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ചെറുകിട വ്യവസായ യൂനിറ്റ് നടത്താൻ കഴിയുന്നതാണ്.

3. ക്ഷീരോല്പാദക സഹകരണസംഘങ്ങൾ:– ഇവയുടെ രൂപീകരണത്തിനായി ഈ പഞ്ചായത്തിനെ നാല് മേഖലകളാക്കി തിരിക്കാവുന്നതാണ്. ഒതായി ക്ഷീരോല്പാദക സംഘം, എടവണ്ണ ക്ഷീരോല്പാദക സംഘം എന്നീ സംഘങ്ങൾ പുനരുജ്ജീവിപ്പിച്ചും പന്നിപ്പാറ, പത്തപ്പിരിയം എന്നീ സ്ഥലങ്ങൾ ആസ്ഥാനമാക്കി രണ്ട് പുതിയ സംഘങ്ങൾ രൂപീകരിച്ചും പഞ്ചായത്തിലെ ക്ഷീര വ്യവസായം പരിപോഷിപ്പിക്കാൻ കഴിയുന്നതാണ്.

A ഒതായി ക്ഷീരോല്പാദക സഹകരണസംഘം:– ഒതായി കേന്ദ്രമാക്കി ഒതായി, ചാത്തല്ലൂർ, മുണ്ടേങ്ങര (ഒതായി ഭാഗം) എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും സർക്കാരിന്റെയും മിൽമയുടെയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി സംഘം പ്രവർത്തന പരിധിയിൽ കൂടുതൽ സങ്കര വർഗ കന്നുകാലികളെ വളർത്തുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും പാൽവിതരണ രംഗത്ത് മിൽമയെ കൂടി ബന്ധിപ്പിച്ചുകൊണ്ടും സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമാക്കുക.

B എടവണ്ണ ക്ഷീരോല്പാദക സംഘം:– ഇങ്ങനെ ഒരു ക്ഷീരസംഘം 1984 ൽ റജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത സംഘത്തിന്റെ പ്രാഥമിക പൊതുയോഗംപോലും ചേരുകയുണ്ടായില്ല. ഇപ്പോൾ ഈ സംഘം ലിക്വിഡേഷന്റെ വക്കിലാണ്.

കൂടുതൽ പാൽ ഉല്പാദകരെ സംഘടിപ്പിച്ചുകൊണ്ട് എടവണ്ണ ആസ്ഥാനമാക്കി കുണ്ടുതോട്, എടവണ്ണ, ചെമ്പക്കുത്ത്, കല്ലിടുമ്പ്, മുണ്ടേങ്ങര (എടവണ്ണ ഭാഗം) എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംഘത്തെ പുനരുജ്ജീവിപ്പിക്കുക.

C പന്നിപ്പാറ ക്ഷീരോല്പാദക സംഘം:– പന്നിപ്പാറ ആസ്ഥാനമാക്കി പന്നിപ്പാറ, പാലപ്പറ്റ, വടശ്ശേരി, തുവ്വക്കാട് എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയൊരു ക്ഷീരോല്പാദക സംഘം രൂപീകരിക്കുക.

D പത്തപ്പിരിയം ക്ഷീരോല്പാദകസംഘം:– പത്തപ്പിരിയം കേന്ദ്രമാക്കി പത്തപ്പിരിയം, നല്ലാണി, ഐന്തൂർ, ഏഴുകളരി എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയൊരു ക്ഷീരോല്പാദകസംഘം രൂപീകരിക്കുക.

മേൽ സൂചിപ്പിച്ച ക്ഷീരോല്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിനായി മിൽമയുമായും ക്ഷീര വികസന വകുപ്പുമായും ബന്ധപ്പെട്ട് പാലിന്റെ ഗുണനിലവാരം, വിപണനം എന്നിവയുടെ സാധ്യതകൾ പരിശോധിച്ച് നടപ്പിലാക്കുന്നതിനുള്ള സംവിധാനം അത്യാവശ്യമാണ്.

പഞ്ചായത്തിൽ കൂടുതൽ ക്ഷീര സഹകരണസംഘങ്ങൾ രൂപീകരിക്കുക വഴി കൂടുതൽ തൊഴിൽ സാധ്യതകൾ ഉണ്ടാക്കുവാനും ഗുണനിലവാരമുള്ള പാൽ ജനങ്ങൾക്ക് ലഭ്യമാക്കുവാനും കൂടുതൽ കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുവഴി വൈദ്യുതി ക്ഷാമം നേരിടുന്ന ഈ കാലത്ത് വിളക്കുകൾ തെളിയിക്കാനും പാചകം ചെയ്യാനും ഉതകുന്ന രീതിയിൽ ഗോബർ ഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം നടത്തുവാനും കഴിയുന്നതാണ്. ജൈവവളത്തിന് ദൗർലഭ്യം നേരിടുന്ന ഈ കാലഘട്ടത്തിൽ ഗോബർ ഗ്യാസ് പ്ലാന്റുകളിൽ നിന്ന് പുറന്തള്ളുന്ന 'ചണ്ടി' നല്ല ഗുണനിലവാരമുള്ള വളമായതിനാൽ ഈ സംഘങ്ങൾ വഴി കന്നുകാലി കർഷകരിൽ നിന്നും വളം ശേഖരിച്ച് വിപണനം നടത്താവുന്നതുമാണ്. സർവോപരി ഇത്തരം കാര്യങ്ങളിൽ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് കാലി വളർത്തൽ, തീറ്റപ്പുൽ കൃഷി, മൃഗസംരക്ഷണം, വൈക്കോൽ സംപുഷ്ടീകരണം എന്നീ കാര്യങ്ങളിൽ ഈ നാട്ടിലെ കർഷകർക്ക് അറിവ് പകർന്നുകൊടുക്കാനും ഇത്തരം സംഘങ്ങൾക്ക് കഴിയുന്നതാണ്. കൂടാതെ ഈ നാല് യൂനിറ്റുകളുടെ കീഴിൽ മിൽമ ഉല്പന്നങ്ങൾ വിപണനം നടത്താൻ നാല് മിൽക്ക് ബൂത്തുകൾ തുടങ്ങാനും കഴിയുന്നതാണ്.

IV എടവണ്ണ പഞ്ചായത്ത് സഹകരണ ആർട്സ് കോളേജ്:– റഗുലർ കോളേജുകളിൽ പരിമിതമായ സീറ്റുകളുണ്ടായിരിക്കുകയും അതിലും എത്രയോ മടങ്ങ് വിദ്യാർഥികൾ എസ് എസ് എൽ സി, പ്രീഡിഗ്രി തുടങ്ങിയ പരീക്ഷകൾ ഓരോ വർഷവും പാസായി വരികയും ചെയ്യുന്നതുമൂലം അർഹതയുള്ള പലർക്കും ഉന്നത വിദ്യാഭ്യാസത്തിന് സാധ്യത നിഷേധിക്കപ്പെടുന്നു. ഈ ദുഃസ്ഥിതി ഒരുപരിധിവരെ തരണം ചെയ്യുന്നതിന് എടവണ്ണ മദ്രസ്സ കെട്ടിടത്തിൽ ഇന്ന് എംപ്ലോയീസ് കൾചറൽ ഓർഗനൈസേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന 'എക്കോ എജുക്കേഷണൽ കോംപ്ലക്സ്' ഒരു സഹകരണ ആർട്സ് കോളേജായി ഉയർത്തുക. തന്മൂലം തൊഴിലില്ലാത്ത ബിരിദധാരികൾക്ക് തൊഴിൽ നൽകാനും താണ വരുമാനക്കാരായ സാധാരണ ജനങ്ങളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുവാനും സാധിക്കുന്നതാണ്.

5. എടവണ്ണ പഞ്ചായത്ത് വനിതാ സഹകരണ സംഘം:– എടവണ്ണയിലെ തൊഴിൽരഹിതരായ വനിതകളുടെ ക്ഷേമം ലക്ഷ്യമാക്കി ഒരു വനിതാ സഹകരണസംഘം ആരംഭിക്കുക. ടൈലറിങ്ങ്, എംബ്രോയ്ഡറി, ഗാർമെന്റ് മെയ്ക്കിങ്ങ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, നോട്ട് ബുക്ക് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രങ്ങളുടെ നിർമ്മാണം എന്നിവ പരിശീലിപ്പിക്കുന്നതിനും ഇത്തരം സംഘങ്ങളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ അതാത് ഏജൻസി വഴിയോ പ്രാദേശികമായോ വിറ്റഴിച്ച് വനിതകളുടെ ക്ഷേമം ഉറപ്പ് വരുത്തുക. ഈ സംഘത്തിന്റെ കീഴിൽ നഴ്സറി സ്കൂൾ നടത്താൻ കഴിഞ്ഞാൽ കുഞ്ഞുങ്ങളുടെ മാനസിക വികാസത്തിനും വിദ്യാഭ്യാസത്തിനും താങ്ങാകാനും സാധിക്കുന്നതാണ്. ഈ സംഘത്തിന്റെ പ്രവർത്തനംമൂലം വനിതകളുടെ തൊഴിലില്ലാമയ്മക്ക് ഒരു പരിധിവരെ പരിഹാരം കാണുവാനും അവരെ സമൂഹത്തിന്റെ ഉന്നതശ്രേണിയിലേക്ക് ഉയർത്തിക്കൊണ്ടുവരാനും കഴിയുന്നതാണ്. ഖാദി ബോഡിൽ നിന്നും കരകൗശല വസ്തു നിർമ്മാണത്തിൽ പരിശീലനം സിദ്ധിച്ചിട്ടുള്ളവരും ടൈലറിങ്ങ് സംബന്ധമായ ജോലി ചെയ്യുന്നവരുമായ ധാരാളം യുവതികൾ ഈ പഞ്ചായത്തിലുണ്ട്.

6. എടവണ്ണ പഞ്ചായത്ത് സഹകരണ ഓയിൽ, ഫ്ളോർമിൽ:– നാളികേരളം സുലഭമായി കിട്ടുന്ന എടവണ്ണ പഞ്ചായത്തിൽ നാളികേര കർഷകന് ന്യായമായ

വിലനൽകി കർഷകരിൽ നിന്ന് നാളികേരമായോ കൊപ്ര യായോ സംഭരിച്ച് എണ്ണയാട്ടി വിപണനം ചെയ്താൽ നല്ലൊരളവ് ശുദ്ധമായ വെളിച്ചെണ്ണ നാട്ടിൽനിന്നു തന്നെ ലഭ്യമാക്കാൻ സാധിക്കുന്നതാണ്. കൂടാതെ മല്ലി, മുളക്, മഞ്ഞൾ, ചെറുപയർ തുടങ്ങിയ സാധനങ്ങൾ പൊടിക്കു ന്നതിന് ജനങ്ങൾ കാര്യമായി ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കുന്നുണ്ട്. എടവണ്ണ എക്കോ സ്റ്റോറിൽ ഇപ്പോൾ സ്വകാര്യ മില്ലിൽ നിന്ന് പൊടിക്കപ്പെടുന്ന ധാന്യ ങ്ങൾ ഈ മില്ലിൽ തന്നെ പൊടിക്കുകയും ചെയ്യാം. അതി നാൽ തന്നെ ഈ സംഘം രൂപീകരിക്കുകയാണെങ്കിൽ എടവണ്ണ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിൻെറ കീഴിൽ (അവരുടെ സ്വന്തമായി നിലവിലു ള്ള സ്ഥലത്ത്) തുടങ്ങുന്നതിന് ശുപാർശ ചെയ്യാവുന്നതാ ണ്. മാത്രമല്ല, സ്റ്റോറിൽ നിലവിൽ വിൽക്കുന്ന വെളി ച്ചെണ്ണ ഈ മിൽ വഴി തന്നെ ഉല്പാദിപ്പിക്കാവുന്നതുമാണ്.

7. എടവണ്ണ പഞ്ചായത്ത് സഹകരണ മെഡിക്കൽ സ്റ്റോർ:- പ്രൈവറ്റ് കച്ചവടക്കാരുടെ ചൂഷണത്തിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുന്നതിന് ഏറ്റവും കുറഞ്ഞ ടി പി എസ് ചുമത്തിക്കൊണ്ട് ന്യായമായ വില യിൽ മരുന്നുകൾ വില്പന നടത്തുവാൻ ഈ സംഘത്തി ൻെറ രൂപീകരണംവഴി സാധ്യമാവും. ഇതിൻെറ കീഴിൽ മെഡിക്കൽ ലേബ്, എക്സ്റേ, സ്കാനിങ്ങ് യൂനിറ്റുകൾ തുടങ്ങിയവയും ആരംഭിക്കാവുന്നതാണ്.

8. എടവണ്ണ സഹകരണ പ്രിൻറിങ്ങ് പ്രസ്:- തൊഴിലി ല്ലാത്ത യുവതി യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും പ്രിൻറിങ്ങ് രംഗത്ത് ഇന്ന് അനുഭവി ക്കുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കി കുറഞ്ഞ ചെലവിൽ പ്രിൻറിങ്ങ് സൗകര്യം ലഭ്യമാക്കുന്നതിനും ഒരു സഹക രണ പ്രിൻറിങ്ങ് പ്രസ് രൂപീകരിക്കാവുന്നതാണ്.

സഹകരണരംഗത്ത് മേൽപ്പറഞ്ഞ സംഘങ്ങൾ രൂപീ കരിക്കുകയും ഈ വിഷയങ്ങളിൽ ജനങ്ങൾക്ക് അവബോ ധം ലഭ്യമാക്കുകയുമാണെങ്കിൽ സഹകരണരംഗത്ത് ഈ പഞ്ചായത്തിൻെറ മുഖഛായ തന്നെ മാറ്റാൻ കഴിയുന്നതാണ്.





# പട്ടികജാതി-പട്ടികവർഗ ക്ഷേമം

എടവണ്ണ പഞ്ചായത്തിലെ 12 വാർഡുകളിലായി 43 പട്ടികജാതി കോളനികളും 3 പട്ടികവർഗ കോളനികളും കോളനികളിലല്ലാതെ താമസിക്കുന്ന ഏതാനും പട്ടികജാതി കുടുംബങ്ങളും ഉണ്ട്. മൊത്തം 4500-ലധികം അംഗങ്ങളാണ് ഈ വിഭാഗങ്ങളിൽ ഇപ്പോഴുള്ളത്.

പഞ്ചായത്തിലെ ഈ വിഭാഗങ്ങളിൽപെടുന്ന ഭൂരിഭാഗവും വിദ്യാഭ്യാസ - സാമൂഹ്യ - സാമ്പത്തിക മേഖലകളിൽ പിന്നോക്കമാണ്. പട്ടികജാതി വിഭാഗങ്ങളിൽ പെടുന്നവർ പരമ്പരാഗതമായി കർഷകതൊഴിലാളികളാണ്. കാർഷികമേഖലയുടെ തകർച്ചയും നെൽകൃഷിയുടെ കുറവും ഈ വിഭാഗത്തിൻെറ പരമ്പരാഗത തൊഴിലുകൾ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. പുതിയ തലമുറയിൽപെട്ടവർ നിർമ്മാണപ്രവർത്തനങ്ങളിലാണ് ഇപ്പോൾ കൂടുതലായി തൊഴിൽ തേടുന്നത്. ഔപചാരിക വിദ്യാഭ്യാസത്തിൻെറ കുറവും അമിതമായ മദ്യപാനസ്വഭാവവും ഇവരുടെ പിന്നോക്കാവസ്ഥക്ക് ആക്കംകൂട്ടുന്നു.

എന്നാൽ സാമൂഹ്യമേഖലയിൽ സ്ഥിതി മെച്ചപ്പെടുന്നുണ്ട്. എല്ലാ ജാതിമതസ്ഥരുടെയും എല്ലാതരം ചടങ്ങുകളിലും പൊതുപരിപാടികളിലും രാഷ്ട്രീയ - സാമുഹ്യ സംഘടനകളിലും ഇവർക്ക് പങ്കാളിത്തവും പരിഗണനയും ലഭിക്കുന്നുണ്ട്. മറ്റു മതവിഭാഗങ്ങളിൽനിന്നോ മറ്റു മുന്നോക്ക സമുദായങ്ങളിൽനിന്നോ ഉള്ള ജാതിപരമായ വിവേചനം ഇവർക്ക് നേരിടേണ്ടിവരുന്നില്ല എന്നത് എടുത്തുപറയേണ്ട കാര്യമാണ്. പട്ടികവർഗ വിഭാഗത്തിനിടയിലെ മിശ്രവിവാഹ ശീലം ഇവരുടെ സാമൂഹികമായ ഉയർച്ചക്ക് ഒരു കാരണമാണ്.

പട്ടികവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി സർക്കാർ നടപ്പാക്കിവരുന്നു പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും ഇവർക്ക് ലഭിക്കുന്ന സഹായങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താത്തതുകൊണ്ടും വേണ്ടത്ര പ്രയോജനം ഈ പദ്ധതികളിൽനിന്നും ലഭിച്ചിട്ടില്ല. കോളനികളിൽ നിന്നും വേറിട്ട് താമസിക്കുന്ന പട്ടികവിഭാഗങ്ങളിൽപെടുന്നവർക്ക് കാര്യമായ പരിഗണന ലഭിക്കാതെ പോകുന്നു.

പട്ടികവർഗ വിഭാഗത്തിനിടയിലെ ചില ഇടത്തട്ടുകാരുടെ പ്രവർത്തനം ഈ വിഭാഗത്തിൻെറ കാർഷികാദായങ്ങൾ തട്ടിയെടുക്കുന്നതിനും ഇവരുടെ ഭൂമി അന്യാധീനപ്പെടുന്നതിനും കാരണമായിത്തീരുന്നു. ഇത്തരം ആളുകളിൽനിന്നും ഇവരെ രക്ഷിക്കുന്നതിനും ഇവർക്ക് ഉന്നമനമുണ്ടാകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ പട്ടികജാതി കോളനികൾ

| ക്ര. ന. | വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെഎണ്ണം | ക്ര. ന. | വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെഎണ്ണം |
|---|---|---|---|---|---|---|---|
| 1. | 1 | ചളിമ്പറ്റ | 12 | 23. | 9 | പാണരുകുന്ന് | 12 |
| 2. | | തേക്കുംകുന്ന് | 10 | 24. | | പെരുങ്കുളം | 13 |
| 3. | | കാരാപറമ്പ് | 12 | 25. | | കുറുകരപൊയിൽ | 14 |
| 4. | | ആലക്കുന്ന് | 10 | 26. | | നെച്ചിപ്പൊയിൽ | 9 |
| 5. | 2 | തുമ്പട്ടിച്ചാൽ | 25 | 27. | 10 | പെരൂൽക്കുണ്ട് | 9 |
| 6. | | കൊടിഞ്ഞാറുപൊയിൽ | 12 | 28. | | കലന്തിയിൽ | 13 |
| 7. | 3 | ബ്രാണൊടി | 11 | 29. | | ചീനിയംപുറം | 11 |
| 8. | | കൊളപ്പാട് | 21 | 30. | | നൂനിയാറ്റിൽ | 7 |
| 9. | 4 | ചെരുമണ്ണ് | 8 | 31. | | പോത്തുവെട്ടി | 7 |
| 10. | | ചെരിയപറമ്പ് | 15 | 32. | | കട്ടച്ചിറക്കൽ | 5 |
| 11. | | കുരുന്നി | 14 | 33. | 11 | ഐന്തൂർ | 27 |
| 12. | | പുതുവായി | 20 | 34. | | ഏറാംകോട് | 12 |
| 13. | 5 | മൂഴിക്കൽ | 9 | 35. | | പൊന്നാംകുന്ന് | 21 |
| 14. | 6 | പൊതിലാട് | 13 | 36. | | നായാടിക്കുന്ന് | 13 |
| 15. | | പൊതുവൻകുന്ന് | 12 | 37. | | ഒറ്റപ്പോക്ക് | 13 |
| 16. | | കുപ്പറ്റക്കുന്ന് | 10 | 38. | 12 | വെള്ളാമ്പുറം | 30 |
| 17. | 7 | ചെവിടിക്കുഴി | 13 | 39. | | വലിയതൊടി | 33 |
| 18. | | പാലപ്പറ്റ | 22 | 40. | | എടപ്പലത്തുകുണ്ട് | 10 |
| 19. | | കൊങ്ങംപാറ | 17 | 41. | | പന്തലാട്ടുകുന്ന് | 18 |
| 20. | | ആര്യൻതൊടിക | 13 | 42. | | ചെരങ്ങാട്ടുപൊയിൽ | 7 |
| 21. | 8 | വടശ്ശേരി | 18 | 43. | | പൊറ്റക്കാട് | 13 |
| 22. | 9 | കീർത്തിയിൽ | 18 | | | | |

പട്ടികവർഗ്ഗ കോളനികൾ

| ക്ര. ന. | വാർഡ് നമ്പർ | കോളനികളുടെ പേര് | വീടുകളുടെഎണ്ണം |
|---|---|---|---|
| 1. | 1 | ചോലാർമല | 30 |
| 2. | | ഓടണ്ടപ്പാറ | 10 |
| 3. | 3 | വീമ്പുംകുഴി | 20 |

## വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്. എസ്. എൽ. സി. ക്ക്ശേഷം തുടർന്ന് പഠിക്കാൻ കുട്ടികൾ താൽപര്യം കാണിക്കുന്നില്ല. ഇക്കാര്യത്തിൽ രക്ഷിതാക്കളും ശ്രദ്ധിക്കുന്നില്ല. 1996-97 അദ്ധ്യയനവർഷത്തിൽ 899 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 1995-96 വർഷത്തിൽ 36 കുട്ടികൾ പഠനം നിർത്തി. ഉന്നതവിദ്യാഭ്യാസം ലഭിച്ചവർ വളരെ കുറവാണ്.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷികമേഖലയിൽ തൊഴിലെടുക്കുന്നവരാണ്. എന്നാൽ കൃഷിഭൂമി നികത്തുക, ദീർഘകാല വിളകൾ കൃഷിചെയ്യുക മുതലായ കാരണങ്ങളാൽ ഈ വിഭാഗത്തിന് തൊഴിൽ നഷ്ടപ്പെടുന്നു. കാർഷികമേഖലയിലെ കൂലിക്കുറവ്, കൃഷിയോടുള്ള താൽപര്യക്കുറവ് തുടങ്ങിയ കാരണങ്ങളാൽ മറ്റു തൊഴിൽമേഖലകളെ ആശ്രയിച്ചാണ് ഇപ്പോഴത്തെ തലമുറ ജീവിക്കുന്നത്. വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ യുവാക്കൾക്ക് മറ്റ് തൊഴിൽമേഖലകളിൽ പ്രധാന്യം നൽകുകയും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരിശീലനവും സഹായവും നൽകുകയും വേണം.

## പാർപ്പിടം

പട്ടികവിഭാഗ കുടുംബങ്ങളിൽ പാർപ്പിടപ്രശ്നം വളരെ രൂക്ഷമാണ്. ഒട്ടുമിക്കവരും ചെറ്റക്കുടിലുകളിലാണ് കഴിയുന്നത്. ഏതാനും ചില കുടുംബങ്ങൾക്ക് സർക്കാർ ഏജൻസികളുടെ സഹായം ലഭിച്ചെങ്കിലും തുകയുടെ അപര്യാപ്തതമൂലം നല്ലനിലയിൽ പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. സ്വന്തമായി സ്ഥലമില്ലാത്ത കുടുംബങ്ങൾ ധാരാളമുണ്ട്. വീടുവെക്കാൻ സ്ഥലവും ധനസഹായവും അനുവദി

ച്ചാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ.

## കുടിവെള്ളം

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്ന കോളനികളിൽ കുടിവെള്ളപ്രശ്നം പൊതുവെ രൂക്ഷമാണ്. മിനി ശുദ്ധജലപദ്ധതികൾ, കിണറുകൾ, പൊതുടാപ്പുകൾ എന്നിവ ഉചിതമായ രീതിയിൽ സ്ഥാപിച്ചുകൊണ്ടു കുടിവെള്ളം എത്തിക്കാൻ കഴിയും.

## പ്രശ്നങ്ങൾ

1) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂരിഭാഗവും സ്വന്തമായി വീടുകളില്ലാത്തവരാണ്.

2) മിക്ക കോളനികളിലും കുടിവെള്ളപ്രശ്നം രൂക്ഷമാണ്.

3) ഭൂരിഭാഗം വീടുകളിലും കക്കൂസ് സൗകര്യമില്ല.

4) വീടുവെക്കാൻ സ്വന്തമായി സ്ഥലമില്ലാത്തവർ നിരവധിയാണ്.

5) കോളനികൾ ഭൂരിഭാഗവും വൈദ്യുതികരിക്കാത്തവയാണ്.

6) തൊഴിൽരഹിതരായ പട്ടികജാതി - പട്ടികവർഗ വിഭാഗങ്ങളുടെ എണ്ണം വർദ്ധിക്കുകയാണ്.

7) വീട് നിർമ്മിക്കാൻ ലഭിക്കുന്ന ധനസഹായം പര്യാപ്തമല്ല.

8) പൊതുശ്മശാനമില്ല.

9) ആരോഗ്യ-ശുചിത്വരംഗം തൃപ്തികരമല്ല.

10) കോളനികളിലേക്ക് പൊതുവഴികളില്ല.

11) മണ്ണൊലിപ്പ് പ്രശ്നമുണ്ട്.

12) ഐ. ആർ. ഡി. പി. ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾ വേണ്ടവിധം പ്രയോജനപ്പെടുന്നില്ല.

13) ക്ഷേമപദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവില്ല.

14) ഈ വിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരത്തിൽ വേണ്ടത്ര പുരോഗതിയില്ല.

## സാധ്യതകൾ

പാർപ്പിടം: പഞ്ചായത്തിലെ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പാർപ്പിടപ്രശ്നം പരിഹരിക്കാൻ മുന്തിയ പരിഗണന നൽകേണ്ടതുണ്ട്. സർക്കാരിൻെറയും മറ്റു ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ ഒരു പരിപാടി തയ്യാറാക്കി നിലവിലുള്ള ചെറ്റക്കുടിലുകൾ നന്നാക്കുകയും സ്വന്തമായി സ്ഥലമില്ലാത്തവർക്ക് സ്ഥലവും വീടും നൽകാനാവശ്യമായ പദ്ധതികൾക്ക് രൂപംനൽകുകയും വേണം.

കോളനികളിലെ പല വീടുകളിലും കക്കൂസ് സൗകര്യമില്ല. മിക്ക കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല. ഓരോ വീടിനും ഓരോ കക്കൂസ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ബഹുജനപങ്കാളിത്തത്തോടെ ഒരു പദ്ധതി തയ്യാറാക്കേണ്ടതാണ്.

കോളനികളിൽ ഇനി ആവശ്യമുള്ള വീടുകളുടെയും കക്കൂസുകളുടെയും എണ്ണം താഴെ പട്ടകയിൽനിന്ന് ലഭിക്കുന്നതാണ്.

| വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | കക്കൂസുകളുടെ എണ്ണം | വാർഡ് നമ്പ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | കക്കൂസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | ആലക്കുന്ന് | 5 | 8 | 7 | ആര്യൻതൊടിക | 10 | 13 |
| | കാരാപറമ്പ് | 12 | 12 | 8 | വടശ്ശേരി | 12 | 15 |
| | തേക്കുംകുന്ന് | 7 | 10 | 9 | കീർത്തിയിൽ | 12 | 12 |
| | ചളിമ്പറ്റ | 13 | 20 | | പാണർകുന്ന് | 11 | 11 |
| | ചോലാർമല (ST) | 15 | 30 | | പെരുങ്കുളം | 7 | 12 |
| | ഓടണ്ടപ്പാറ (ST) | 8 | 8 | | കുറുകരപൊയിൽ | 5 | 10 |
| 2 | തുമ്പട്ടിച്ചാൽ | 20 | 20 | | നെച്ചിപ്പൊയിൽ | 6 | 9 |
| | കൊടിഞ്ഞാറുപൊയിൽ | 5 | 10 | 10 | കലന്തിയിൽ | 5 | 15 |
| 3 | വീമ്പുംകുഴി (ST) | 7 | 19 | | ചീനിയംപുറത്ത് | 8 | 8 |
| | ബ്രാണൊടി | 7 | 10 | | നൂനിയാറ്റിൽ | 1 | 5 |
| | കൊളപ്പാട് | 9 | 22 | | പോത്തുവെട്ടി | 7 | 7 |
| 4 | ചെരുമണ്ണ് | 4 | 9 | | കട്ടചിറക്കൽ | 3 | 5 |
| | ചെരിയപറമ്പ് | 6 | 12 | 11 | അയിന്തൂർ | 6 | 24 |
| | കുരുന്നി | 7 | 20 | | ഒറ്റപ്പോക്ക് | 8 | 24 |
| | പുതുവായി | 5 | 20 | | നായാടിക്കുന്ന് | 5 | 8 |
| 5 | മൂഴിക്കൽ | 5 | 10 | | ഏറാങ്കോട് | 8 | 15 |
| 6 | പൊതിലാട് | 10 | 20 | | പൊന്നാംകുന്ന് | 10 | 12 |
| | പൊതുവൻകുന്ന് | 10 | 22 | 12 | പൊറ്റക്കാട് | 4 | 9 |
| | കുപ്പറ്റക്കുന്ന് | 8 | 10 | | വെള്ളാംപുറം | 5 | 8 |
| 7 | ചെവിടിക്കുഴി | 11 | 17 | | വലിയതൊടി | 14 | 54 |
| | പാലപ്പറ്റ | 4 | 6 | | എടപ്പലത്ത്കുണ്ട് | 3 | 5 |
| | കൊങ്ങംപാറ | 12 | 13 | | ചെരങ്ങാട്ടുപൊയിൽ | 3 | 5 |

# കുടിവെള്ളം

മൂന്ന് പട്ടികവർഗ കോളനികളുൾപ്പെടെ മിക്ക കോളനികളിലും കുടിവെള്ളക്ഷാമമമുണ്ട്. മിനി ശുദ്ധജലപദ്ധതികൾ, കിണറുകൾ, പൊതുടാപ്പുകൾ എന്നിവ സ്ഥാപിക്കേണ്ട കോളനികളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

### മിനി ശുദ്ധജലപദ്ധതികൾ നടപ്പിലാക്കേണ്ട കോളനികൾ

വാർഡ് – 1:

1) ചോലാർമല പട്ടികവർഗ കോളനി.
2) ഓടണ്ടപ്പാറ പട്ടികവർഗ കോളനി.
3) കരിയാത്തൻകുന്ന് പട്ടികജാതി കോളനി.

വാർഡ് – 2:

1) തുമ്പട്ടിച്ചാൽ
2) കൊടിഞ്ഞാർപൊയിൽ

വാർഡ് – 4:

1) പുതുവായ് കോളനി
2) കുരുന്നി

വാർഡ് – 6:

1) പൊതുവൻകുന്ന്.

വാർഡ് – 7:

1) പാലപ്പറ്റ പട്ടികജാതി കോളനി (രണ്ട് ഭാഗം).
2) ചെവിടിക്കുഴി
3) ആര്യൻതൊടിക.

വാർഡ് – 8:

1) വടശ്ശേരി മുത്തളം

വാർഡ് – 9:

1) കീർത്തി – പാണരുകുന്ന് കോളനികൾ (സംയുക്തം).

### പൊതുടാപ്പുകൾ സ്ഥാപിക്കേണ്ട കോളനികൾ

വാർഡ് – 4:

1) ചെരുമണ്ണ്.

വാർഡ് – 6:

1) പൊതിലാട് കോളനി

വാർഡ് – 7:

1) കൊങ്ങംപാറ.

വാർഡ് – 10:

1) പോത്തുവെട്ടി കോളനി.

വാർഡ് – 11:

1) നായാടിക്കുന്ന്.
2) പൊന്നാംകുന്ന്.

വാർഡ് – 12:

1) പൊറ്റക്കാട് കോളനി.
2) വലിയതൊടി.
3) ഇടപ്പലത്തുകുണ്ട്.

### പൊതുകിണർ കുഴിക്കേണ്ട കോളനികൾ

വാർഡ് – 1:

1) കാരാപറമ്പ്.

വാർഡ് – 4:

1) ചെരിയപറമ്പ്.

വാർഡ് – 7:

1) ആര്യൻതൊടിക.

വാർഡ് – 9:

1) കുറുകരപൊയിൽ.

വാർഡ് – 10:

1) ചീനിയംപുറത്ത് കോളനി.

വാർഡ് – 11:

1) ഒറ്റപ്പോക്ക് (കിഴക്കുഭാഗം).
2) അയിന്തൂർ

വാർഡ് – 12:

1) വലിയതൊടി കോളനി.

# വൈദ്യുതി

പഞ്ചായത്തിലെ ഭൂരിപക്ഷം കോളനികളും വൈദ്യുതീകരിച്ചിട്ടില്ല. ഒന്നാം വാർഡിൽ (ചാത്തല്ലൂർ) രണ്ട് പട്ടികവർഗ കോളനികളുണ്ടെങ്കിലും ഈ വാർഡിൽ ഇതുവരെയും വൈദ്യുതി എത്തിയിട്ടില്ല. സ്വന്തമായി വയറിംഗ് ജോലികൾക്ക് വേണ്ട ചെലവുകൾ വഹിക്കാൻ കഴിയാത്തത് വൈദ്യുതീകരണത്തിന് തടസമാകുന്നുണ്ട്. വൈദ്യുതീകരിക്കാത്ത കോളനികൾ അടിയന്തരമായി വൈദ്യുതീകരിക്കേണ്ടതാണ്.

ഇതുവരെയും വൈദ്യുതി ലൈനുകൾ സ്ഥാപിച്ചിട്ടില്ലാത്ത കോളനികളുടെ പട്ടിക താഴെ കൊടുക്കുന്നു.

വാർഡ് – 1:

1) ആലക്കുന്ന്
2) കാരാപറമ്പ്
3) ചളിമ്പറ്റ.
4) തേക്കുംകുന്ന്.
5) ഓടണ്ടപ്പാറ (ST)
6) ചോലാർമല (ST)

വാർഡ് – 2:

1) തുമ്പട്ടിച്ചാൽ
2) കൊടിഞ്ഞാറുപൊയിൽ

വാർഡ് – 3:

1) ബ്രാണൊടി.

വാർഡ് – 4:

1) ചെരുമണ്ണ്
2) ചെരിയപറമ്പ്.
3) കുരുന്നി
4) പുതുവായി.

വാർഡ് 6:

1) പൊതിലാട്
2) പൊതുവൻകുന്ന്

വാർഡ് – 7:

1) ആര്യൻതൊടിക
2) ചെവിടിക്കുഴി
3) കൊങ്ങൻപാറ

വാർഡ് – 8:

1) വടശ്ശേരി

വാർഡ് – 9:

1) കീർത്തി

2) പാണരുകുന്ന്

3) പെരുങ്കുളം

വാർഡ് – 10:

1) കലന്തിയിൽ

2) ചിനിയംപുറത്ത്

3) നൂനിയാറ്റിൽ

4) പോത്തുവെട്ടി

വാർഡ് – 12:

1) വലിയതൊടി

## ആരോഗ്യം

കോളനികളിലെ ശുചിത്വമില്ലാത്ത അന്തരീക്ഷം, കക്കൂസ് സൗകര്യങ്ങളുടെ കുറവ്, ശുദ്ധജലത്തിനുള്ള ദൗർലഭ്യം, പോഷകാഹാരക്കുറവ് തുടങ്ങിയവ ഇവരുടെ ആരോഗ്യപ്രശ്നങ്ങൾ വർദ്ധിപ്പിക്കുന്നു. അമിതമായ മദ്യപാനം ഈ വിഭാഗത്തിലെ പലരുടെയും ആരോഗ്യസ്ഥിതിയെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഈ വിഭാഗത്തിന് അസുഖങ്ങൾ ബാധിച്ചാൽ മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നില്ല. സ്വകാര്യ ആശുപത്രികളിലെ ചെലവേറിയ ചികിത്സ ഇവർക്ക് താങ്ങാൻ കഴിയുന്നതല്ല. സർക്കാർ ആശുപത്രികളുടെ ശോചനീയാവസ്ഥ ഇവരുടെ ചികിത്സാസൗകര്യങ്ങളെ കാര്യമായി ബാധിക്കുന്നുണ്ട്.

ചാത്തല്ലൂരിലെ പ്രൈമറി ഹെൽത്ത് സെൻററർ, കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയാക്കിയാൽ പട്ടികവർഗ്ഗത്തിൽ പെട്ടവരുൾപ്പെടെ 12,000-ത്തിലധികം ആളുകൾക്ക് പ്രയോജനപ്പെടും.

## ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുകയും ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുകയും വേണം.

പട്ടികജാതി - പട്ടികവർഗ യുവതീയുവാക്കൾക്ക് സ്വയംതൊഴിലിനുള്ള പരിശീലനവും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള വായ്പകളും ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

- പട്ടികജാതി വികസന കോർപ്പറേഷൻെറ പ്രവർത്തനങ്ങൾ വിപുലീകരിക്കുക.
- പട്ടികജാതി - പട്ടികവർഗ്ഗ യുവാക്കൾക്ക് വിദഗ്ദ്ധ തൊഴിലുകളിൽ പരിശീലനം നൽകുക.
- കോളനികൾ തോറും ന്യൂസ്പേപ്പറുകൾ എത്തിക്കുക.
- ഗ്രാമപഞ്ചായത്തുകളിൽ ഒരു ഉദ്യോഗസ്ഥനും ഒന്നോ രണ്ടോ ഗ്രാമപഞ്ചായത്ത് മെമ്പർമാരും ഉൾപ്പെടുന്ന പട്ടികജാതി - പട്ടികവർഗ സെൽ സ്ഥാപിക്കുക.
- പട്ടികജാതി - പട്ടികവർഗ മേഖലകളിലെ ധനവിനിയോഗവും നിർമ്മാണപ്രവർത്തനങ്ങളും സെൽ പരിശോധിക്കുക.
- കുടിവെള്ളം, പാർപ്പിടം എന്നീ പ്രശ്നങ്ങൾക്ക് അടിയന്തരപ്രാധാന്യം നൽകുക.
- പട്ടികജാതി - പട്ടികവർഗ സഹകരണസംഘങ്ങൾ ആരംഭിക്കുക.
- വീട്, കക്കൂസ് എന്നിവക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.
- മുഴുവൻ കോളനികളിലും മണ്ണൊലിപ്പ് തടയുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുക.
- പട്ടികവർഗ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം ചാത്തല്ലൂരിൽ ഒരു ട്രൈബൽ ഹോസ്റ്റൽ സ്ഥാപിക്കുക.
- ഒന്നാം വാർഡിലെ ആലക്കുന്ന് കോളനി, നാലാം വാർഡിലെ ചെരിയപറമ്പ് കോളനി, ചെരുമണ്ണ് കോളനി, ഏഴാം വാർഡിലെ പാലപ്പറ്റ കോളനി, പത്താം വാർഡിലെ നൂനിയാറ്റിൽ കോളനി, 12-ാംവാർഡിലെ പന്തപ്പാട്ടുകുന്ന്, പൊറ്റക്കാട്, എടപ്പലത്തുകുന്ന് എന്നീ കോളനികളിലേക്ക് പൊതുവഴികൾ നിർമ്മിക്കുക.
- രണ്ടാം വാർഡിലെ കൊടിഞ്ഞാറുപൊയിൽ കോളനിയിൽ വയറിംഗ് കഴിഞ്ഞ് രേഖകൾ പഞ്ചായത്തിൽ സമർപ്പിച്ചവർക്ക് വൈദ്യുതി ഉടൻ ലഭ്യമാക്കുക.
- കൊളപ്പാട് കോളനിയിലെ പാടത്തിന് ഇരുവശവുമുള്ള വീടുകളെ ബന്ധിപ്പിച്ച് പാടംവഴി പൊതുവഴി നിർമ്മിക്കുക.
- പട്ടികജാതിക്കാരുടെ നഷ്ടപ്പെടുന്ന ശ്മശാനങ്ങൾ സംരക്ഷിക്കുക.
- സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവിഭാഗങ്ങൾക്ക് വീട് വെക്കാൻ സ്ഥലവും ധനസഹായവും അനുവദിക്കുക.
- പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് ഉള്ള ലംപ്സം ഗ്രാൻറ് വർദ്ധിപ്പിക്കുകയും പഠനോപകരണങ്ങളും പുസ്തകങ്ങളും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്യുക.



# വിഭവസമാഹരണം



ഐശ്വര്യപൂർണ്ണമായ ഒരു ഗ്രാമം കെട്ടിപ്പടുക്കണമെങ്കിൽ ആവശ്യമായ വിഭവസമാഹരണം അനായാസം നടത്താൻ സാധിച്ചിരിക്കണം. പ്രത്യുൽപാദനപരമായ വ്യാവസായിക മേഖലയും കാർഷികമേഖലയും കരുപിടിച്ചാൽ മാത്രമേ ഇതിന് സാധ്യമാകൂ. എന്നാൽ നമ്മുടെ ഗ്രാമം ഏറ്റവും വലിയ വെല്ലുവിളി നേരിടുന്നതോ ഈ രണ്ട് മേഖലയിലുമാണ്.

## വ്യവസായരംഗം

പുരാതനകാലത്ത് ഓട്‌വ്യവസായരംഗത്തും മരത്തടി വ്യവസായരംഗത്തും നമ്മുടെ ഗ്രാമം പേരെടുത്തിരുന്നു. ഒരുകാലത്ത് എടവണ്ണയുടെ സാമ്പത്തികരംഗം നിയന്ത്രിച്ചിരുന്നത് തന്നെ മരത്തടിവ്യവസായമായിരുന്നു. എന്നാൽ ഓട്‌വ്യവസായം വർഷങ്ങൾക്ക്മുമ്പുതന്നെ മൺമറയുകയും മരത്തടി വ്യവസായം നിശ്ചലമാവുകയും ചെയ്തു.

പിന്നീട് അടുത്തകാലത്ത് സ്വകാര്യമേഖലയിൽ കുണ്ടുതോട് ആരംഭിച്ച ഓട്ടുകമ്പനിയും എടവണ്ണയിലും ചെമ്പക്കുത്തും പ്രവർത്തിച്ചുവരുന്ന ഓരോ ഇഷ്ടിക കമ്പനികളും പഞ്ചായത്തിൻെറ പല ഭാഗങ്ങളിലുമായി നിലകൊള്ളുന്ന ഫർണിച്ചർ നിർമ്മാണ ശാലകളും ഒഴിശക മറ്റു വ്യവസായശാലകളൊന്നും ഈ പ്രദേശത്ത് ഇല്ല. ഈ രണ്ട് രംഗങ്ങളിലും കാര്യമായ മുന്നേറ്റം നടത്തിക്കൊണ്ട് വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തണം. ഈ മേഖലകളിലെ സംരംഭങ്ങൾക്ക് ബാങ്കുകൾ വായ്പകൾ നൽകാൻ തയ്യാറായാൽ തന്നെ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കാതെ ഈ രംഗത്ത് വിഭവസമാഹരണം സാധ്യമല്ല.

## കാർഷികരംഗം

നമ്മുടെ ഗ്രാമത്തിൽ കാർഷികരംഗം ഇന്ന് പാടേ മുരടിച്ചിരിക്കുന്നു. കൃഷിഭൂമികൾ നികത്തപ്പെടുന്നു. ഉൽപാദനക്ഷമത കുറയുന്നു. കർഷകർ തൊഴിലാളികളായി മാറുന്നു. ജൈവവളത്തിൻെറ അപര്യാപ്തതയും വർദ്ധിച്ച തോതിലുള്ള രാസവളപ്രയോഗവും ജലസേചനസൗകര്യമില്ലായ്മയും കാരണം കൃഷിഭൂമികളുടെ ഉൽപാദനശേഷി കുറഞ്ഞുവരുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ വിഭവസമാഹരണം ഈ രംഗത്ത് വർദ്ധിപ്പിക്കാൻ സാധ്യമല്ല.

വ്യാവസായിക-കാർഷിക രംഗങ്ങളിൽ ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ ഗുണഫലങ്ങൾ നേടാനാവും.

## സർക്കാർ ഗ്രാൻറുകൾ

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന നില തുടരുന്നു. ഒരുതരത്തിലുള്ള വിവേചനവും നിലനിർത്താതെ ഗ്രാൻറുകളുടെ അധികാരം പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം. ഗ്രാൻറുകൾ, സ്റ്റാമ്പ്ഡ്യൂട്ടി വിഹിതം, വാഹന നികുതി തുടങ്ങിയവ ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് പഞ്ചായത്തിലെത്തുന്നത്. ഇത് ഫണ്ടിൻെറ ദുരുപയോഗത്തിന് കാരണമാകുന്നു. ഗ്രാമത്തിലെ മൊത്ത ജനസംഖ്യ, ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ എണ്ണം, സ്ത്രീകൾ, പട്ടികജാതി - പട്ടികവർഗ്ഗക്കാർ എന്നിങ്ങനെ വേർതിരിച്ച് വേണം ഗ്രാൻറുകൾ വിതരണം ചെയ്യാൻ. ഗ്രാൻറുകളുടെ നീതിപൂർവ്വമായ വിതരണത്തിന് ഇതാവശ്യമാണ്.

## വിഭവസമാഹരണ മാർഗങ്ങൾ

- തൊഴിൽനികുതി
- കെട്ടിടനികുതി
- വിനോദനികുതി
- നികുതിയേതര വരുമാനം
- സംസ്ഥാന നികുതിവിഹിതം
- അൺടൈഡ് ഫണ്ട്
- ഗ്രാൻറുകൾ.

## തൊഴിൽനികുതി

പഞ്ചായത്തിലെ സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരിൽനിന്ന് മാത്രമേ തൊഴിൽനികുതി ലഭിക്കുന്നുള്ളൂ. ഇത് 1995-96 വർഷത്തിൽ 1,01,151 രൂപയാണ്. ഉദ്യോഗസ്ഥന്മാർക്ക് പുറമെ ഗ്രാമത്തിലെ ഫാക്ടറികൾ, വ്യവസായസ്ഥാപനങ്ങൾ, കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയവയിൽ ജോലിചെയ്യുന്നവർ, മോട്ടോർ തൊഴിലാളികൾ, ടാക്സി ജീവനക്കാർ, സ്വർണ്ണ പണിക്കാർ, മറ്റു സർക്കാർ അംഗീകൃത തൊഴിലാളികൾ തുടങ്ങി ഈ ഗ്രാമത്തിൽ തുടർച്ചയായി മൂന്ന് മാസമെങ്കിലും ജോലിചെയ്യുന്നവരിൽനിന്ന് തൊഴിൽക്കരം ഈടാക്കേണ്ടതാണ്. ഇത്തരം തൊഴിലാളികളെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീമിൻെറ കൊണ്ടുവരികയും അംഗത്വമുള്ളവരിൽനിന്ന് തൊഴിൽക്കരം ഈടാക്കുകയും ചെയ്യാം.

## കെട്ടിടനികുതി

1995-96 വർഷത്തിൽ ഗ്രാമത്തിലെ 8227 കെട്ടിടങ്ങൾക്ക് മൊത്തം 1,79,360.54 രൂപയാണ് നികുതി ചുമത്തിയത്. ചുമത്തിയതാകട്ടെ ശാസ്ത്രീയമായ രീതിയിലല്ല. ഒരു നിശ്ചിത ഫോറം അച്ചടിച്ച് ഒരു സമഗ്രമായ സാമൂഹ്യ-സാമ്പത്തിക സർവ്വെ നടത്തി ശാസ്ത്രീയമായ രീതിയിൽ നികുതി നിർണ്ണയം നടത്തിയാൽ കെട്ടിടനികുതിയിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

എ) പാർപ്പിടമാണെങ്കിൽ വീടിൻെറ വിസ്തീർണ്ണം, സ്വഭാവം, കുടുംബാംഗങ്ങളുടെ എണ്ണം, തൊഴിൽ, വരുമാനം എന്നിവയെ അടിസ്ഥാനപ്പെടുത്തി നികുതിനിർണ്ണയം നടത്തേണ്ടതാണ്.

ബി) വാടകക്കെട്ടിടമാണെങ്കിൽ ഉടമസ്ഥനോടും വാടകക്കാരനോടും പ്രത്യേകം വിവരങ്ങൾ ശേഖരിച്ച് വാടകക്ക് അനുസൃതമായി നികുതിനിർണ്ണയം നടത്തേണ്ടതാണ്.

## വിനോദനികുതി

വിനോദനികുതിയിനത്തിൽ 1995-96 വർഷത്തിൽ പഞ്ചായത്തിന് ലഭിച്ചത് 69,636.05 രൂപയാണ്. വിനോദനികുതി വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

1) എടവണ്ണയിൽ പ്രദർശനം നിലച്ചുപോയ സിനിമാ ടാക്കീസ് തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ ആരായേണ്ടതും യഥാരീതിയിലുള്ള വിനോദനികുതി പിരിച്ചെടുക്കേണ്ടതുമാണ്.

2) പെരകമണ്ണ വില്ലേജിൽ ഒതായി ഭാഗത്ത് ഒരു സിനിമാ ടാക്കീസ് ആരംഭിക്കാവുന്നതാണ്.

3) ഗ്രാമത്തിൽ ടിക്കറ്റ് വിൽപന നടത്തുന്ന നാടകം, ഗാനമേള, ടൂർണമെൻറുകൾ തുടങ്ങിയ എല്ലാ വിനോദങ്ങൾക്കും നികുതി പിരിക്കേണ്ടതാണ്.

4) മുണ്ടേങ്ങരയിലെ പഞ്ചായത്ത് വക മിനി സ്റ്റേഡിയം വിപുലീകരിച്ച് ടൂർണമെൻറുകളും മറ്റും നടത്തുന്നതിന് അനുവദിക്കാവുന്നതും നികുതി ഈടാക്കാവുന്നതുമാണ്.

5) ചാലിയാർ പുഴയിൽ എടവണ്ണ പാലത്തിന് സമീപം മൂന്ന് കിലോമീറ്ററോളം ദൈർഘ്യത്തിൽ വേനൽക്കാലത്തും വെള്ളം സുലഭമാണ്. വാഴക്കാട് ഭാഗത്ത് കവണക്കല്ലിലെ റഗുലേറ്റർ-കം-ബ്രിഡ്ജ് പണി പൂർത്തിയാക്കുന്നതോടെ പുഴയിലെ ജലനിരപ്പ് കുറേക്കൂടി ഉയരുന്നതാണ്. ഈ സൗകര്യം പരിഗണിച്ച് ഇവിടെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുകയും വിനോദസഞ്ചാരികൾക്ക് യാത്രചെയ്യാനായി ചെറിയ ബോട്ട് ഓടിക്കാൻ തൽപരരാവുന്നവർക്ക് ലൈസൻസ് നൽകുകയും ചെയ്താൽ കുറെ പേർക്ക് തൊഴിൽ ലഭിക്കുകയും പഞ്ചായത്തിന് ലൈസൻസ് ഫീസിന് പുറമെ വിനോദനികുതിയും ലഭിക്കുന്നതാണ്.

## നികുതിയേതര വരുമാനങ്ങൾ

### 1) ലൈസൻസ് ഫീസ്:

മൊത്തം 485 കടകളിൽനിന്നായി ലൈസൻസ് ഫീസ് ഇനത്തിൽ 1995-96 വർഷത്തിൽ 16,863 രൂപയാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. ഗ്രാമത്തിലെ മുഴുവൻ കച്ചവടക്കാരിൽനിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

ഗ്രാമത്തിലെ വളരെയധികം ആളുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സൈക്കിളുകൾക്ക് ലൈസൻസ് ഫീസ്

ഈടാക്കുക വഴി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

ഗ്രാമത്തിൽ മൈക്ക്സെറ്റ്, മേശ, കസേര, ചെമ്പ്പാത്രങ്ങൾ, ടാർപോളിൻ, പന്തൽ തുടങ്ങിയവ വാടകക്ക് നൽകുന്നവരിൽനിന്നും ലൈസൻസ് ഫീസ് ഈടാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

### 2) ചന്ത

എ) നാമമാത്രമായ രീതിയിൽ ആഴ്ചച്ചന്ത നടത്തുന്നതിനാൽ 1995-96 വർഷത്തിൽ 1000 രൂപ മാത്രമാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. എടവണ്ണയിലും ഒതായിയിലും വിപുലമായ രീതിയിൽ ആഴ്ചച്ചന്തകളാരംഭിക്കുകയാണെങ്കിൽ കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാനും പഞ്ചായത്തിന് വരുമാനം ഉണ്ടാക്കുവാനും സാധിക്കും.

ബി) എടവണ്ണ, ഒതായി അങ്ങാടികളിൽ മത്സ്യ - മാംസ വിൽപനക്ക് ആവശ്യമായ സ്റ്റാളുകൾ പഞ്ചായത്ത് നിർമ്മിച്ച് ദിവസചന്തക്ക് വേണ്ട സൗകര്യങ്ങൾ ചെയ്ത് അതുവഴി വരുമാനം ഉണ്ടാക്കാവുന്നതാണ്.

### 3) ലീസ് ഭൂമി

നമ്മുടെ പഞ്ചായത്തിൽ കൃഷിയോഗ്യമായ പുഴ പുറമ്പോക്കുകൾ ധാരാളമുണ്ട്. ഇവ അളന്ന് തിട്ടപ്പെടുത്തി ലീസിന് കൊടുത്ത് വരുമാനമുണ്ടാക്കാൻ കഴിയും.

### 4) ലാൻറ്സെസ്

റബ്ബർ, കശുഅണ്ടി, തെങ്ങ്, കമുക് തുടങ്ങി ഒരു ഹെക്ടറിൽ കൂടുതലുള്ള എല്ലാ തോട്ടവിളകൾക്കും ലാൻറ് സെസ് ഏർപ്പെടുത്തി വുരമാനമുണ്ടാക്കാവുന്നതാണ്.

### 5) ഖനന നികുതി

നമ്മുടെ പഞ്ചായത്തിലെ ക്വാറികളിൽനിന്ന് ശേഖരിച്ചുകൊണ്ടുപോകുന്ന കരിങ്കല്ല്, ചെങ്കല്ല് എന്നിവക്ക് പഞ്ചായത്ത് മുഖേന ഖനന നികുതി ഏർപ്പെടുത്തി വരുമാനം ഉണ്ടാക്കാവുന്നതാണ്.

### 6) വണ്ടിത്താവളങ്ങൾ

ബസ്സ്റ്റാൻറ് ലേലം വകയിൽ 1995-96 വർഷത്തിൽ (മൂന്ന് മാസം) 8669 രൂപ ലഭിക്കുകയുണ്ടായി. ഇപ്പോൾ റോഡരികിൽ പാർക്ക്ചെയ്തുവരുന്ന ടാക്സികൾ, ഓട്ടോറിക്ഷകൾ എന്നിവക്ക് പാർക്ക് ചെയ്യാനായി എടവണ്ണ, ഒതായി അങ്ങാടികളിൽ സ്ഥലം കണ്ടെത്തി ടാക്സി സ്റ്റാൻറുകൾ നിർമ്മിക്കുകയാണെങ്കിൽ പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

### 7) കമ്യൂണിറ്റി ഹാൾ

എടവണ്ണ അങ്ങാടിക്ക് സമീപമുള്ള പഞ്ചായത്ത് വക സ്ഥലത്തോ, പഞ്ചായത്ത് ഓഫീസിന് പിന്നിലുള്ള സ്ഥലത്തോ ഒരു കമ്യൂണിറ്റി ഹാൾ (അടുക്കളയുൾപ്പെടെ) നിർമ്മിക്കുകയാണെങ്കിൽ കല്യാണം, മീറ്റിങ്ങുകൾ തുടങ്ങിയ പരിപാടികൾക്ക് വാടകക്ക് നൽകി വരുമാനം ഉണ്ടാക്കാവുന്നതാണ്.

### 8) ജലസമ്പത്ത്

ചാലിയാറിൽ തോട്ട പൊട്ടിച്ചും വിഷം കലക്കിയും അശാസ്ത്രീയമായ രീതിയിൽ മത്സ്യം പിടിച്ചുവരുന്നുണ്ട്. അതുവഴി നമ്മുടെ പരമ്പരാഗതമായ മത്സ്യസമ്പത്ത് അനുദിനം നശിക്കുകയാണ്. അപകടകരമല്ലാത്ത വിധത്തിൽ മത്സ്യം പിടിക്കാനുള്ള അവകാശം പഞ്ചായത്ത് ലേലംചെയ്ത് നലകുകയാണെങ്കിൽ പഞ്ചായത്തിന് വരുമാനമുണ്ടാക്കാവുന്നതാണ്.

### 9) ശുദ്ധജലവിതരണം

ഗ്രാമത്തിലെ ശുദ്ധജലവിതരണവും നടത്തിപ്പും വാട്ടർ അതോറിറ്റിയിൽനിന്ന് വേർപെടുത്തി പഞ്ചായത്തിന് ഏൽപ്പിക്കുകയാണെങ്കിൽ ശുദ്ധജലവിതരണം കാര്യക്ഷമമാക്കാനും അതുവഴി വരുമാനം ഉണ്ടാക്കാനും കഴിയും.

### 10) ഭൂമി കൈമാറ്റം

ഗ്രാമത്തിൽ നടക്കുന്ന ഭൂമിയുടെയും മറ്റു വസ്തുക്കളുടെയും കൈമാറ്റങ്ങൾ പഞ്ചായത്തിൻെറ അനുമതിയോടെ നടപ്പാക്കുകയും വിൽപന വിലയുടെ രണ്ട് ശതമാനം വരുന്ന തുക പഞ്ചായത്തിന് ഈടാക്കാൻ നിയമമുണ്ടാക്കുകയും പ്രസ്തുത സംഖ്യ പഞ്ചായത്തിൽ അടച്ച രേഖയുടെ അടിസ്ഥാനത്തിൽ മാത്രം രജിസ്ട്രേഷൻ നടത്തുകയും ചെയ്താൽ പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

### 11) കടവ് ലേലം

പഞ്ചായത്തിലെ കൊളപ്പാട് - കുണ്ടുതോട്, ഒതായി - ആര്യൻതൊടിക തോണിക്കടവുകൾ ലേലംചെയ്യുകയും ലേലസംഖ്യ വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ ആരായുകയും ചെയ്യേണ്ടതാണ്.

### 12) ഷോപ്പിംഗ് കോംപ്ലക്സ്

ഷോപ്പിംഗ് കോപ്ലക്സിലെ മുറികൾ ലേലംചെയ്ത വകയിൽ 1995-96 വർഷത്തിൽ 11685 രൂപയാണ് ലഭിച്ചത്. എടവണ്ണ അങ്ങാടിക്ക് സമീപം പഞ്ചായത്ത് വക സ്ഥലത്ത് റോഡരികിൽ കടകൾ നിർമ്മിച്ച് ലേലംചെയ്ത് വാടകക്ക് നൽകി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

### 13) തൊഴിൽപരിശീലന കേന്ദ്രങ്ങൾ

നമ്മുടെ ഗ്രാമത്തിൽ കാർഷിക - വ്യവസായിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരിശീലനം നേടിയവരെ വാർത്തെടുക്കേണ്ടതിന് പഞ്ചായത്തിൻെറ കീഴിൽ വിവിധ തൊഴിലുകൾ പരിശീലിപ്പിക്കാൻ ആവശ്യമായ തൊഴിൽപരിശീലന കേന്ദ്രങ്ങൾ തുടങ്ങുകയും പഠിതാക്കളിൽനിന്ന് ഒരു നിശ്ചിത ഫീസ് ഈടാക്കുകയും ചെയ്യാവുന്നതാണ്.

### 14) സഹകരണസംഘങ്ങൾ

നമ്മുടെ ഗ്രാമത്തിൽ ലഭ്യമാകുന്ന ഉൽപന്നങ്ങൾ സംസ്കരിക്കാനുതകുന്ന രീതിയിലുള്ള വൻകിട - ചെറു

കിട വ്യവസായശാലകൾ, ക്ഷീരോൽപാദക സംഘങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, കൂട്ടുകൃഷി സംഘങ്ങൾ എന്നിവ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്. ആവശ്യമായ മൂലധനം പൊതുജനങ്ങളിൽനിന്നും സർക്കാരിൽനിന്നും ഓഹരിയിനത്തിൽ സമാഹരിക്കാവുന്നതാണ്. ഇത്തരം സഹകരണസംഘങ്ങളും ഗ്രാമത്തിൽ നിലവിലുള്ള സഹകരസംഘങ്ങളും പഞ്ചായത്തിൻെറ മേൽനോട്ടത്തിലാക്കേണ്ടതാണ്.

സംഘങ്ങളുടെ പരിധിയിൽ വരുന്നവരെ മുഴുവൻ പ്രസ്തുത സംഘങ്ങളിൽ അംഗങ്ങളാക്കി നിക്ഷേപം വർദ്ധിപ്പിക്കേണ്ടതാണ്.

സംഘങ്ങളുടെ ലാഭത്തിൻെറ 25% വരുന്ന തുക പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ നിയമമുണ്ടാക്കേണ്ടതാണ്.

### ബാങ്ക് ഫൈനാൻസിംഗ്

പഞ്ചായത്തിൽ ഉൽപാദനപരമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന തുക ഇവിടെ പ്രവർത്തിക്കുന്ന ബാങ്കുകൾ വഴി വായ്പയായി നൽകാൻ സൗകര്യമുണ്ടാക്കേണ്ടതാണ്.

### മനുഷ്യവിഭവശേഷി

പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ രാഷ്ട്രീയപാർടികൾ, സന്നദ്ധസംഘടനകൾ, സാമൂഹ്യ-സാമുദായിക സംഘടനകൾ എന്നിവയുമായി കൂട്ടായി ചർച്ചചെയ്ത് വർഷത്തിൽ 3000 ആളുകളുടെ സൗജന്യ തൊഴിൽദിനമെങ്കിലും സേവനമായി ഉറപ്പുവരുത്തേണ്ടതാണ്. ചെറിയ രീതിയിലുള്ള റിപ്പയർ ജോലികളും മറ്റും ജനപങ്കാളിത്തത്തോടെ നടത്തുകയും അതുവഴി സാമ്പത്തികചോർച്ച തടയാനും സാധിക്കുന്നതാണ്.

## സംസ്ഥാന നികുതിവിഹിതം

### 1) വാഹനനികുതി

വാഹനനികുതി ഇനത്തിൽ 1995-96 വർഷത്തിൽ പഞ്ചായത്തിന് യാതൊന്നും ലഭ്യമായിട്ടില്ല. വാഹനനികുതിയിൽനിന്ന് പഞ്ചായത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന വിഹിതം വർദ്ധിപ്പിക്കുകയും യഥാസമയം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 2) ബിൽഡിംഗ് സെസ്

പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് റവന്യൂവകുപ്പ് പിരിക്കുന്ന സെസ് ഗ്രാമപഞ്ചായത്തിന് നൽകാൻ സംവിധാനമുണ്ടാക്കേണ്ടതാണ്.

### 3) മണൽ

ചാലിയാറിൻെറ കരയിൽനിന്നും ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ മണൽ ലേലംചെയ്ത വിൽക്കാനുള്ള പരിപൂർണ്ണമായ അധികാരം റവന്യൂ വകുപ്പിൽനിന്ന് മാറ്റി ഗ്രാമപഞ്ചായത്തിന് ഏൽപ്പിക്കേണ്ടതാണ്. ഇങ്ങനെ ചെയ്യുമ്പോൾ പരിസ്ഥിതി പ്രശ്നങ്ങളുണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

### 4) വസ്തു കൈമാറ്റനികുതി

വസ്തു. കൈമാറ്റനികുതി ഇനത്തിൽ 1995-96 വർഷത്തിൽ 3,62,643 രൂപ നമ്മുടെ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ഈ നികുതി യഥാസമയം പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്.

### 5) ഉപാധിരഹിത ഫണ്ട്

ഉപാധിരഹിത ഫണ്ട് ഇനത്തിൽ 1995-96 വർഷത്തിൽ 3,76,900 രൂപ ലഭിച്ചിട്ടുണ്ട്. ഇത് കാലോചിതമായി വർദ്ധിപ്പിക്കേണ്ടതാണ്.

### 6) ഗ്രാൻറുകൾ

1995-96 വർഷത്തിൽ ജെ. ആർ. വൈ. ഇനത്തിൽ 4,05,921 രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ സ്പെഷൽ ഗ്രാൻറ് ഇനത്തിൽ തൻവർഷം യാതൊന്നും ലഭിച്ചിട്ടില്ല. സർക്കാരിൽനിന്നും ലഭിക്കുന്ന ഗ്രാൻറുകൾ വളരെയേറെ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്.

### 7) ധനകാര്യസ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ എടവണ്ണ സർവ്വീസ് സഹകരണ ബാങ്ക്, കനറാ ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് മലബാർ ഗ്രാമീണബാങ്ക് എന്നിവയുടെ ഓരോ ശാഖകളും പ്രവർത്തിക്കുന്നുണ്ട്. ഈ ബാങ്കുകൾ നിക്ഷേപങ്ങൾ സ്വീകരിക്കുകയും ഗ്രാമത്തിൽ വിവിധ തുറകളിലായി വായ്പകൾ നൽകുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ ഈ ബാങ്കുകൾ നിക്ഷേപത്തിന് അനുപാതമായി വായ്പകൾ നൽകിവരുന്നില്ല. നമ്മുടെ ഗ്രാമത്തിൽനിന്നും സ്വരൂപിക്കുന്ന നിക്ഷേപത്തിൻെറ 80 ശതമാനമെങ്കിലും ഇവിടെ വായ്പയായി നൽകേണ്ടതാണ്.

## ചെലവുകൾ

നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ഇതുവരെയും ചെലവഴിച്ചുവരുന്നത് പ്രത്യുൽപാദനപരമല്ലാത്ത രീതിയിലാണ്.

പൊതുമരാമത്ത് പ്രവൃത്തികൾക്ക് 32 ശതമാനവും ഭരണചെലവുകൾക്ക് 24 ശതമാനവും തെരുവുവിളക്ക് കത്തിക്കുന്നതിന് മൂന്ന് ശതമാനവും ജലവിതരണത്തിന് 0.4 ശതമാനവും മറ്റു വകകളിലായി 40 ശതമാനവും ചെലവഴിച്ചപ്പോൾ വിദ്യാഭ്യാസത്തിനും സാമൂഹ്യക്ഷേമത്തിനും യാതൊന്നുംതന്നെ ചെലവഴിച്ചതായി കാണുന്നില്ല. അതുപോലെ പ്രത്യുൽപാദന മേഖലയിലും ഒന്നും ചെലവഴിച്ചതായി കാണുന്നില്ല.

പൊതുമരാമത്ത് ഇനത്തിൽ ഭീമമായ തുക റോഡ് റിപ്പയർ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. റോഡ് റിപ്പയർ പ്രവൃത്തികളും സംരക്ഷണ ചുമതലയും ഏറ്റെടുക്കാൻ ബഹുജനങ്ങൾ മുന്നോട്ടുവരികയാണെങ്കിൽ പഞ്ചായത്തിൻെറ സാമ്പത്തികചോർച്ച ഒരു പരിധിവരെ തടയുന്നതിന് സാധിക്കും. ഈയിനത്തിൽ ചെലവാക്കുന്ന തുക ഉൽപാദനമേഖലയിൽ ഉപയോഗപ്പെടുത്താനും സാധിക്കുന്നതാണ്.

നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്തിൻെറ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവഹിക്കലാണ് നികുതി നൽകുന്നതിലൂടെ ചെയ്യുന്നതെന്ന് ബഹുജനങ്ങൾ മനസിലാക്കുകയും ചെയ്താൽ പഞ്ചായത്തിൻെറ വരുമാനം കൂട്ടാൻ കഴിയും.

പഞ്ചായത്തിൽ വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന വികസനസമിതികളും ഗ്രാമപഞ്ചായത്ത് അംഗങ്ങളും കൂട്ടായി പരിശ്രമിച്ചാൽ നമ്മുടെ ഗ്രാമപഞ്ചായത്തിനെ ഐശ്വര്യപൂർണ്ണമാക്കാൻ കഴിയുന്നതാണ്.

# ഉപസംഹാരം

വികസന പ്രക്രിയക്ക് ഒരു ഉപസംഹാര കുറിപ്പെഴുതി നമുക്ക് അവസാനിപ്പിക്കാനാവില്ല. വികസനമെന്നാൽ അനുസ്യൂതമായി നടക്കുന്ന ഒരു സാമൂഹ്യ പ്രക്രിയയാണ്. കാലത്തിൻെറ അപ്രതിരോധ്യമായ പ്രയാണത്തിൽ കൊഴിഞ്ഞുപോകേണ്ടതല്ല നമ്മുടെ വികസന സ്വപ്നങ്ങൾ. മഹാത്മജി സൂചിപ്പിച്ചതുപോലെ, "എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ ഭൂമിയിലുണ്ട്; എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലതാനും". ഇവിടെയാണ് ആസൂത്രണത്തിൻെറ പ്രസക്തി വർത്തമാനകാല യാഥാർഥ്യമായി നമ്മിലേക്ക് കടന്നുവരുന്നത്.

വർഷങ്ങളായി നമ്മുടെ മനസ്സിൽ രൂഢമായ വികലമായ വികസന സങ്കല്പങ്ങൾക്ക് നാം മാറ്റം വരുത്തേണ്ടിയിരിക്കുന്നു. അനുഗ്രഹീതമായ പ്രകൃതി വിഭവങ്ങളും സമൃദ്ധമായ മാനവശേഷിയും കോർത്തിണക്കിക്കൊണ്ട് നല്ലൊരു നാളെയിലേക്ക് ഇന്നു തന്നെ നാം നടന്നു നീങ്ങേണ്ടതുണ്ട്. നമുക്ക് കൈമോശം വന്നുകൊണ്ടിരിക്കുന്ന സാമൂഹ്യബോധത്തെ തൊട്ടുണർത്താനും നന്മയുടെ നീറുരവ വറ്റി മരുഭൂവല്ക്കരിക്കപ്പെട്ട മനസ്സുകളിൽ സ്നേഹത്തിൻെറ തെളിനീര് നിറയ്ക്കാനും നമുക്കാവട്ടെ...............

അധികാരത്തിൻെറ വേലിക്കെട്ടുകൾക്ക് പുറത്ത് പുറമ്പോക്കുകളിൽ നിർവികാരരായി, നിസ്സഹായരായി നിൽക്കുന്ന ജനങ്ങളെ തങ്ങളുടെ ഭാഗധേയം നിർവഹിക്കുന്നവരാക്കാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയട്ടെ............

**എം ഭാസ്കരൻ**
**പ്രസിഡണ്ട്**
**എടവണ്ണ ഗ്രാമപഞ്ചായത്ത്**

**നവംബർ 21, 1996**



## പഠന പര്യടനം







# അധികാരം ജനങ്ങൾക്ക്

- ☞ അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- ☞ 9–ാം പദ്ധതി ജനകീയ പദ്ധതി
- ☞ 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- ☞ വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ☞ ബഹുജന സഹകരണം അനിവാര്യം





എല്ലാവരുടേയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്.
എന്നാൽ ആരുടേയും ദുരയെ
തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലാതാനും

മഹാത്മാഗാന്ധി



അധികാരം ജനങ്ങളിലേക്ക്





# അനുബന്ധം

